11
ആഗസ്റ്റ് 2024
ഞായർ
1446 സഫർ 07
1199 കർക്കിടകം 27
പേജ് 14
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika



റോഹിൻഗ്യൻ അഭയാർത്ഥികൾക്കു നേരെ ഡ്രോൺ ആക്രമണം 2






## ഇന്ന് ദീപമണയും

### പതാകയുമായി ശ്രീജേഷ് സ്റ്റഡ് ഡി ഫ്രാൻസിൽ

**പാരീസിൽ നിന്നും കമാൽ വരദൂർ**

15 ദിവസം ലോകത്തെ വിസ്മയിപ്പിച്ച പാരീസ് മഹാനഗരം ആഗോള കായിക മാമാങ്കത്തോട് ഇന്ന് രാത്രി വിടചൊല്ലും. 206 രാജ്യങ്ങളിലെ കായിക താരങ്ങൾ കൂടുതൽ ഉയരവും ദൂരവും വേഗവും കണ്ടെത്തിയ മഹാദിനങ്ങൾ. വേദികൾ നിറഞ്ഞ മൽസര പ്രകമ്പനം. ചൈന തുടങ്ങിയ സ്വർണവേട്ട അത്‌ലറ്റിക്സ് മൽസരങ്ങളോടെ അമേരിക്ക ഏറ്റെടുത്ത കാഴ്ചയിൽ ഇന്ത്യക്ക് ഇത്തവണ കനകമില്ല. 117 കായിക താരങ്ങൾ ത്രിവർണ പതാകക്ക് കീഴിൽ അണിനിരന്നപ്പോൾ പുരുഷ ജാവലിനിൽ നിരജ് ചോപ്രയുടെ വെള്ളിയാണ് ഇന്ത്യയുടെ വലിയ നേട്ടം. മൂന്ന് വർഷം മുമ്പ് ടോക്കിയോയിൽ നീരജ് തന്നെ സമ്മാനിച്ച സ്വർണമായിരുന്നു ഇന്ത്യയുടെ ശക്തി.

പുരുഷ ഹോക്കി ടീം ഇവിടെയും വെങ്കല നേട്ടം ആവർത്തിച്ചു. ഷൂട്ടിംഗിൽ മനു ഭാക്കറും സംഘവുമാണ് കരുത്തരായത്. രാജ്യത്തിന് വെങ്കലം വീണ്ടും സമ്മാനിച്ച് രാജ്യാന്തര മൽസരരംഗം വിട്ട ഗോൾകീപ്പർ പി.ആർ ശ്രീജേഷാണ് സ്റ്റഡ് ഡി ഫ്രാൻസ് സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന ചടങ്ങിൽ ഇന്ത്യൻ പതാകയേന്തുന്നത്. കൂടെ മനു ഭാക്കറും.

രണ്ടര മണിക്കൂറാണ് സമാപന ചടങ്ങുകൾ. പതിവ് പോലെ ഫ്രഞ്ച് പാരമ്പര്യവും സംസ്കാരവും ലോകത്തിന് മുന്നിൽ ദൃശ്യാവ്യതമാവും. കായിക താരങ്ങളുടെ മാർച്ച്പാസ്റ്റും 45,000 വളണ്ടിയർമാർക്കുള്ള നന്ദി പ്രകാശനവും വനിതാമാരത്തോണിലെ വിജയികൾക്കുള്ള മെഡൽ ദാനവും 15 ദിവസമായി പ്രകാശിക്കുന്ന ഒളിംപിക് ദീപ പ്രകാശ സമാപനവും നടക്കും.

രാജ്യാന്തര ഒളിംപിക് കമ്മിറ്റിയുടെ തലവൻ തോമസ് ബാക് പാരീസ് ഗെയിംസ് സമാപിച്ചത് ഓദ്യോഗികമായി പ്രഖ്യാപിച്ചതിന്പിറകെ 2028 ലെ ഒളിംപിക്സിന് ആതിഥേയത്വം വഹിക്കുന്ന ലോസാഞ്ചലസ് നഗരത്തിന് രാജ്യാന്തര ഒളിംപിക് കമ്മിറ്റി പതാക കൈമാറും. ആരാണ് സമാപനത്തിലെ സ്റ്റാർ അട്രാക്ഷൻ എന്ന് ഇതുവരെ സംഘാടകർ വെളിപ്പെടുത്തിയിട്ടില്ല. സിനിമാതാരം ടോം ക്രൂയിസായിരിക്കാം മുഖ്യാതിഥി എന്നാണ് പറയപ്പെടുന്നത്. തോമസ് ജോളിയാണ് സമാപന ചടങ്ങുകളുടെ ഡയരക്ടർ.

## ദുരന്തമേഖല സന്ദർശിച്ച് പ്രധാനമന്ത്രി

# പ്രഖ്യാപനം കാത്ത് വയനാട്

**കെ.എസ്. മുസ്തഫ**
കൽപ്പറ്റ

മുണ്ടക്കൈ ഉരുൾപൊട്ടൽ പ്രദേശങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്ദർശനം നടത്തി. ദുരന്തമുണ്ടായ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലെ വ്യോമനിരീക്ഷണത്തോടെയായിരുന്നു വയനാട്ടിലെ സന്ദർശനത്തിന് തുടക്കം. തുടർന്ന് ഉച്ചക്ക് 12.15ഓടെ കൽപ്പറ്റ എസ് കെ എം ജെ ഗ്രൗണ്ടിൽ ഇറങ്ങി റോഡ് മാർഗം ചൂരൽമലയിലെത്തുകയായിരുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ, ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. കലക്ടർ ഡി ആർ മേഘശ്രീ, എ.ഡി.ജി.പി എം.ആർ അജിത്കുമാർ തുടങ്ങിയവരിൽ നിന്ന് ഉരുൾപൊട്ടലിന്റെ വിവരങ്ങൾ പ്രധാനമന്ത്രി ചോദിച്ചറിഞ്ഞു. തുടർന്ന് ദുരന്തത്തിൽ തകർന്ന വെള്ളാർമല സ്കൂൾ നിലനിന്ന സ്ഥലവും ബെയ്‌ലി പാലവും സന്ദർശിച്ചു. രക്ഷാ പ്രവർത്തനത്തിനെത്തിയ സൈനികരുമായും മോദി ആശയവിനിമയം നടത്തി.

പിന്നാലെ ദുരിതബാധിതർ കഴിയുന്ന മേപ്പാടി സെന്റ് ജോസഫ് സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിലും ദുരന്തത്തിൽ പരുക്കേറ്റവരെ പ്രവേശിപ്പിച്ച മേപ്പാടി വിംസ് ആശുപത്രിയിലും പ്രധാനമന്ത്രിയെത്തി.

വൈകിട്ട് നാലു മണിയോടെ കൽപ്പറ്റയിലെ കലക്ടറേറ്റിൽ തിരിച്ചെത്തിയ പ്രധാനമന്ത്രി അവലോകന യോഗത്തിൽ സംബന്ധിച്ചു. കലക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര പെട്രോളിയം സഹമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ കെ രാജൻ, എ കെ ശശീന്ദ്രൻ, പി എ മുഹമ്മദ് റിയാസ്, ഒ ആർ കേളു, ചീഫ് സെക്രട്ടറി ഡോ. വി വേണു, ഡിജി പി ഡോ. ശെയ്ഖ് ദർവേശ് സാഹെബ് തുടങ്ങിയവർ പങ്കെടുത്തു. 4.30ഓടെ കണ്ണൂരിലേക്ക് മടങ്ങി.

രാവിലെ 11.10ന് വ്യോമസേനയുടെ എയർ ഇന്ത്യ വൺ വിമാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ അദ്ദേഹത്തെ മുഖ്യമന്ത്രി പിണറായി വിജയൻ, ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. തുടർന്ന് വ്യോമസേനയുടെ പ്രത്യേക ഹെലികോപ്ടറിൽ വയനാട്ടിലേക്ക് തിരിക്കുകയായിരുന്നു.



ഉരുൾപൊട്ടൽ ദുരന്തമുണ്ടായ ചൂരൽമലയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശനം നടത്തുന്നു

നൂറുകണക്കിന് ആളുകളുടെ സ്വപ്നമാണ് വയനാട്ടിലെ ദുരന്തത്തിൽ തകർന്നതെന്നും രാജ്യം ദുരന്തബാധിതർക്കൊപ്പമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. പുനരധിവാസം നാടിന്റെ ഉത്തരവാദിത്വമാണ്. പണം ഒരു തടസ്സമാകില്ല .കേന്ദ്രത്തിന് ചെയ്യാൻ കഴിയുന്ന എല്ലാ സഹായവും ചെയ്യുമെന്നും അവലോകനയോഗത്തിന് ശേഷം അദ്ദേഹം ഉറപ്പ് നൽകി.

പ്രധാനമന്ത്രിയുടെ ഉറപ്പോടെ വലിയ പ്രതീക്ഷയിലാണ് വയനാട്. മുന്നൂറിലധികം പേർ മരണപ്പെടുകയും അഞ്ഞൂറോളം പേർക്ക് കിടപ്പാടം നഷ്ടപ്പെടുകയും കോടികളുടെ നാശനഷ്ടമുണ്ടാവുകയും ചെയ്ത ഉരുൾപൊട്ടൽ ദുരന്തത്തിലെ സമഗ്രപുനരധിവാസത്തിന് കോടികൾ വേണ്ടിവരും. പുനരധിവാസത്തിന് 2000 കോടി കേന്ദ്ര സഹായം തേടാൻ കഴിഞ്ഞ ദിവസം ചേർന്ന മന്ത്രിസഭാ ഉപസമിതി തീരുമാനിച്ചിരുന്നു. വയനാട് ഉരുൾപൊട്ടൽ വലിയ ആഘാതമാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും വിദഗ്ധ പഠനം ആവശ്യമാണെന്നും കഴിഞ്ഞ ദിവസം ജില്ല സന്ദർശിച്ച കേന്ദ്ര ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറിയും ഇന്റർ മിനിസ്റ്റീരിയൽ സെൻട്രൽ ടീം ലീഡറുമായ രാജീവ് കുമാറിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സംഘവും വിലയിരുത്തിയിരുന്നു. മൂന്ന് ഗ്രാമങ്ങൾ ഏതാണ്ട് പൂർണമായും തകർന്ന ദുരന്തത്തിൽ കരകയറാൻ കേന്ദ്രസർക്കാരിന്റെ വലിയ പിന്തുണയും സാമ്പത്തിക സഹായത്തിനും കാതോർത്ത് കഴിയുകയാണ് ജില്ല. പ്രഖ്യാപനം ഇന്നുതന്നെയുണ്ടാവുമെന്നും ദുരിതബാധിതർ പ്രതീക്ഷിക്കുന്നു.

## ഗസ്സയിൽ സ്കൂളിൽ ബോംബാക്രമണം

# 100 മരണം

ഗസ്സ: പത്തു മാസമായി ആക്രമണം തുടരുന്ന ഗസ്സയിൽ സൈനിക നീക്കത്തിൽ അയവുവരുത്താതെ ഇസ്രാഈൽ. ഗസ്സ സിറ്റിയിലെ സ്കൂളിൽ ഇസ്രാഈൽ ഇന്നലെ നടത്തിയ അതിക്രൂരമായ ബോംബാക്രമണത്തിൽ 100 പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. ഗസ്സ സിറ്റിയിലെ അൽ-സഹാബ ഏരിയയിൽ അഭയാർത്ഥി ക്യാമ്പായി പ്രവർത്തിച്ചുവരുന്ന അൽ തബയിൻ സ്കൂളിലാണ് ആക്രമണമുണ്ടായത്. സ്ഫോടനത്തിന്റെ ആഘാതത്തിൽ സ്കൂൾ കെട്ടിടം പൂർണമായും തകർന്നു. ഇതോടെ ആക്രമണം ആരംഭിച്ച ഇതുവരെ ഗസ്സയിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 39,790 ആയി ഉയർന്നു. 92,002 പേർക്കാണ് ഇതുവരെ പരിക്കേറ്റത്.

അഭയാർത്ഥികൾ സുബ്ഹി നമസ്കാരം നിർവഹിക്കുന്നതിനിടെയാണ് ആക്രമണമുണ്ടായത്. സ്കൂളിനു നേരെയുണ്ടായ ആക്രമണത്തിനു പിന്നാലെ പരിസരിത്ത് വൻ തീപിടിത്തമുണ്ടായി. കുടുങ്ങി കിടക്കുന്നവരെ സുരക്ഷിത കേന്ദ്രത്തിലെത്തിക്കുന്നതിന് രക്ഷാപ്രവർത്തനം തുടരുകയാണ്. എന്നാൽ ആക്രമണം നടന്ന അൽ തബയിൻ സ്കൂൾ ഹമാസ് കമാൻഡ് ആന്റ് കൺട്രോൾ സെന്ററായി പ്രവർത്തിക്കുന്ന സ്ഥാപനമാണെന്ന് ഇസ്രാഈൽ സൈന്യം ആരോപിച്ചു. നേരത്തെ, വ്യാഴാഴ്ച ഗസ്സ സിറ്റിയിലെ രണ്ട് സ്കൂളുകളിൽ ഇസ്രാഈൽ സേന നടത്തിയ ആക്രമണത്തിൽ 20-ഓളം പേരെ കൊലപ്പെടുത്തിയിരുന്നു. ആക്രമണങ്ങളിൽ കിടപ്പാടം നഷ്ടമായവർ പലരും ജയിലിൽ കഴിയുന്നതായും റിപ്പോർട്ടുകൾ പുറത്തുവരുന്നു. അഭയാർത്ഥി ക്യാമ്പുകൾ നിറഞ്ഞതിനാൽ താൽക്കാലിക ടെന്റടിച്ചാണ് പലരും കഴിയുന്നത്. എന്നാൽ ടെന്റുകൾക്കും സാഹചര്യമില്ലാത്തവർ ഗസ്സയിലെ ജയിലുകളിൽ അഭയം തേടിയതായാണ് വിവരം. ഖാൻ യൂനുസിലെ ആസ്ദാ ജയിലിലാണ് ഇത്തരത്തിൽ ആയിരങ്ങൾ കഴിയുന്നത്. കിഴക്കൻ ഖാൻ യൂനുസിൽ നിന്ന് 60000-70000 ആളുകളോട് അൽ മവാസിയിലേക്ക് മാറാൻ ഇസ്രാഈൽ സൈന്യം ഉത്തരവിട്ടു. അതിനിടെ, ആയുധങ്ങൾ വാങ്ങുന്നതിന് ഇസ്രാഈലിന് 3.5 ബില്യൺ ഡോളർ നൽകാൻ യു,എസ് സന്നദ്ധത അറിയിച്ചതായും റിപ്പോർട്ടുകൾ പുറത്തുവരുന്നു. കഴിഞ്ഞ രണ്ടു ദിവസത്തെ ആക്രമണങ്ങളിൽ ഹമാസ് സെക്യൂരിറ്റി ഫോഴ്സ് ജനറലിനെ വധിച്ചതായി ഇസ്രാഈൽ അവകാശപ്പെട്ടു.

വാലിദ് അൽ സൗസിയെയാണ് തെക്കൻ ഗസ്സയിൽ വെച്ച് കൊലപ്പെടുത്തിയതായി ഇസ്രാഈൽ അവകാശപ്പെടുന്നത്. വെള്ളിയാഴ്ച ഹമാസ് നേതാവായ സമീർ അൽ ഹജ്ജിനെ ലെബനനിലെ സിഡനിൽ വെച്ച് കൊലപ്പെടുത്തിയതായും ഇസ്രാഈൽ അവകാശപ്പെട്ടു.




ഗസ്സ സിറ്റിയിലെ അൽ-സഹാബ ഏരിയയിൽ അഭയാർത്ഥി ക്യാമ്പായി പ്രവർത്തിച്ചുവരുന്ന അൽ തബയിൻ സ്കൂളിൽ ഇസ്രാഈൽ നടത്തിയ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ട കുട്ടിയുടെ മാതാവ്

## പ്രക്ഷോഭകാരികൾ സുപ്രീം കോടതി വളഞ്ഞു

# ബംഗ്ലാദേശ് ചീഫ് ജസ്റ്റിസിനെ രാജിവെപ്പിച്ചു

ധാക്ക: ബംഗ്ലാദേശിൽ പ്രധാന മന്ത്രിക്കു പിന്നാലെ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഉബൈദുൽ ഹസനും തെറിച്ചു. വിദ്യാർത്ഥി പ്രതിഷേധക്കാരുടെ അന്ത്യശാസനത്തെ തുടർന്നാണ് ചീഫ് ജസ്റ്റിസ് രാജിവെച്ചത്. പ്രതിഷേധക്കാർ സുപ്രീം കോടതി വളയുകയും രാജിവെച്ചില്ലെങ്കിൽ സുപ്രീം കോടതി ജഡ്ജിമാരുടെയും ചീഫ് ജസ്റ്റിസിന്റെയും വസതികൾ ആക്രമിക്കുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് ചീഫ് ജസ്റ്റിസ് ഉബൈദുൽ ഹസൻ രാജിവെക്കാൻ തീരുമാനിച്ചത്.

സുപ്രീംകോടതിയിലേയും രാജ്യത്തുടനീളമുള്ള കീഴ്ക്കോടതികളിലെയും ജഡ്ജിമാരുടെ സുരക്ഷ കണക്കിലെടുത്താണ് സ്ഥാനമൊഴിയാൻ തീരുമാനിച്ചതെന്ന് ചീഫ്ജസ്റ്റിസ് മാധ്യമങ്ങളോട് പറഞ്ഞു. പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദിനുമായി കൂടിക്കാഴ്ച നടത്തിയ ശേഷമാണ് 65കാരനായ ഉബൈദുൽ ഹസൻ രാജി സമർപ്പിച്ചത്. രാജി ആവശ്യപ്പെട്ട് പ്രക്ഷോഭകർ സുപ്രീം കോടതിക്ക് മുന്നിൽ തടിച്ചുകൂടിയതിനെ തുടർന്ന് ഇന്നലെ ഉച്ചയ്ക്കാണ് ചീഫ് ജസ്റ്റിസ് രാജി പ്രഖ്യാപിച്ചത്. 1971ലെ ബംഗ്ലാദേശ് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരുടെ ബന്ധുക്കൾക്കുള്ള സംവരണം സുപ്രീം കോടതി പുനഃസ്ഥാപിച്ചതിൽ നിന്നാണ് ബംഗ്ലാദേശിലെ സംവരണ വിരുദ്ധ പ്രക്ഷോഭം ആരംഭിക്കുന്നത്. ആ തീരുമാനം കൈക്കൊണ്ട കോടതിയുടെ നേതൃത്വത്തിലിരിക്കുന്ന വ്യക്തിയെ



താഴെയിറക്കുക എന്നതാണ് പ്രക്ഷോഭകരുടെ ആവശ്യം. രാജി വയ്ക്കുന്നതിന് മുമ്പ് ചീഫ് ജസ്റ്റിസ് ഉബൈദുൽ ഹസൻ സുപ്രീംകോടതിയുടെ വ്യത്യസ്ത വിഭാഗങ്ങളുടെ സംയുക്ത യോഗം വിളിച്ചുചേർത്തിരുന്നു. ഈ നീക്കം ജുഡീഷ്യറിയെ ഉപയോഗിച്ചുള്ള അട്ടിമറി നീക്കമാണെന്നാരോപിച്ചാണ് പ്രതിഷേധക്കാർ കോടതി വളഞ്ഞത്. വിദ്യാർത്ഥികൾ കോടതി വളഞ്ഞതോടെ യോഗം റദ്ദാക്കിയ ചീഫ് ജസ്റ്റിസ് രാജിവെക്കാൻ സന്നദ്ധത അറിയിക്കുകയായിരുന്നു.

കഴിഞ്ഞ വർഷം അധികാരത്തിലെത്തിയ ഹസൻ ഷെയ്ഖ് ഹസീനയുടെ വിശ്വസ്തനായാണ് അറിയപ്പെടുന്നത്. ബംഗ്ലാദേശ് ബാങ്ക് ഗവർണർ അബ്ദുർ റഊഫ് താലൂക്ദാറും രാജി നൽകിയിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ രാജി സ്വീകരിച്ചിട്ടില്ല. ഷെയ്ഖ് ഹസീനയുടെ നേതൃത്വത്തിലുള്ള സർക്കാർ പ്രക്ഷോഭകർക്കെതിരെ നേരത്തെ എടുത്ത കേസുകളെല്ലാം നിലവിലെ ഇടക്കാല സർക്കാർ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രതിഷേധത്തിന്റെ ആദ്യഘട്ടത്തിൽ ഭരണകക്ഷിയായ അവാമി ലീഗും വിദ്യാർത്ഥികളും തമ്മിലുണ്ടായ സംഘർഷത്തിൽ ഇരുന്നൂറിലധികം ആളുകൾ മരിച്ചതിനു ശേഷമാണ് സുപ്രീം കോടതി സംവരണം പിൻവലിക്കാൻ തീരുമാനിച്ചത്. സുപ്രീം കോടതിയുടെ ആ ഇടപെടൽ ബംഗ്ലാദേശിൽ നിലനിന്ന സാഹചര്യം തണുപ്പിക്കാൻ സഹായകമായി. എന്നാൽ ചെറിയ ഇടവേളയ്ക്കുശേഷം വീണ്ടും സംഘർഷം പൊട്ടിപ്പുറപ്പെടുകയായിരുന്നു. പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് നിസഹകരണ പരിപാടിയുമായി പ്രക്ഷോഭകർ രംഗത്തെത്തുകയായിരുന്നു.

## വനിതാ ഡോക്ടറെ ലൈംഗികമായി അക്രമിച്ച് കൊലപ്പെടുത്തി

കൊൽക്കത്ത: ബംഗാളിലെ സർക്കാർ ആശുപത്രിയിലെ സെമിനാർ ഹാളിൽ പിജി വിദ്യാർഥിയായ വനിതാ ഡോക്ടറുടെ അർധനഗ്ന മൃതദേഹം കണ്ടെത്തി. ലൈംഗികമായി അതിക്രമിക്കപ്പെട്ട ശേഷം കൊലപ്പെടുത്തിയതാണെന്നാണ് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ആർജി കാർ മെഡിക്കൽ കോളജ് ആശുപത്രിയിലെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗത്തിലെ രണ്ടാം വർഷ വിദ്യാർഥിയാണ് കൊല്ലപ്പെട്ട ഇരുപത്തിയെട്ടുകാരി. ശരീരത്തിൽ ഒന്നിലധികം മുറിവുകളുണ്ട്.

മുഖത്തും വയറിലും ഇടതുകണങ്കാലിലും കഴുത്തിലും വലതു മോതിരവിരലിലും ചുണ്ടിലും മുറിവുകളുണ്ട്. സ്വകാര്യഭാഗങ്ങളിലും വായയിലും കണ്ണുകളിലും രക്തത്തിന്റെ പാടുകളുമുണ്ട്. കഴുത്തിലെ എല്ലൊടിഞ്ഞതിനാൽ ശ്വാസം മുട്ടി മരിക്കുകയായിരുന്നു. വെള്ളിയാഴ്ച പുലർച്ചെ 3നും 6നും ഇടയിലാണ് സംഭവം.

'എന്റെ മകളെ ബലാത്സംഗം ചെയ്യുകയും കൊലപ്പെടുത്തുകയും ചെയ്തു. അവൾ പോയി. ഞങ്ങൾക്ക് അവളെ തിരികെ കൊണ്ടുവരാൻ കഴിയില്ല. കുറഞ്ഞപക്ഷം നമുക്കെങ്കിലും നീതി ലഭിക്കണം. ഞങ്ങൾ അവളോട് അവസാനമായി സംസാരിച്ചത് വ്യാഴാഴ്ച രാത്രി 11 മണിക്കാണ്'- ഇരയുടെ പിതാവ് പറഞ്ഞു. സംഭവത്തിൽ ഒരാൾ അറസ്റ്റിലായിട്ടുണ്ട്. ആരോപണവിധേയനായ സഞ്ജയ് റോയാണ് അറസ്റ്റിലായത്. ഇയാളെ 14 ദിവസത്തെ പൊലീസ് കസ്റ്റഡിയിൽ വിട്ടു. അന്വേഷണത്തിനു പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയതായി മുതിർന്ന പൊലീസ് അറിയിച്ചു. സി.സി.ടി.വി ദൃശ്യങ്ങൾ അടക്കം ശേഖരിച്ചാണ് പൊലീസ് അന്വേഷണം പുരോഗമിക്കുന്നത്. മുഖ്യമന്ത്രി മമത ബാനർജി ഇരയുടെ മാതാപിതാക്കളെ വിളിച്ച് പക്ഷപാതരഹിതമായ അന്വേഷണം നടത്തുമെന്ന് ഉറപ്പുനൽകി.

## വീണ്ടും മഴ മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നുമുതൽ മഴ ശക്തമാകുമെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. തീവ്രമഴ കണക്കിലെടുത്ത് വിവിധ ജില്ലകളിൽ യെല്ലോ, ഓറഞ്ച് അലർട്ടുകൾ പ്രഖ്യാപിച്ചു. ബുധനാഴ്ച വരെ മഴ തുടരുമെന്നാണ് മുന്നറിയിപ്പ്. ഇന്ന് പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് അലർട്ടും വയനാട്, കോഴിക്കോട്, ഇടുക്കി ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു. നാളെ പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഓറഞ്ച് അലർട്ടും കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു. ചൊവ്വാഴ്ച പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് അലർട്ടും തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 11 ഞായർ
ഗൾഫ് ചന്ദ്രിക

## യൂട്യൂബ് മുൻ സിഇഒ അന്തരിച്ചു



വാഷിങ്ടൺ: യൂട്യൂബ് മുൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂസൻ വോജ്സ്കി അന്തരിച്ചു. 56 വയസായിരുന്നു. ഭർത്താവ് ഡെന്നിസ് ട്രോപ്പറാണ് അർബുദ ബാധയെത്തുടർന്ന് ചികിത്സയിലായിരുന്ന സൂസന്റെ മരണവാർത്ത പുറത്തുവിട്ടത്. 1999ൽ 16ാമത്തെ ജീവനക്കാരിയായി ഗൂഗിളിലാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. ഗൂഗിളിന്റെ കുതിപ്പിൽ ശ്രദ്ധേയമായി പങ്കുവഹിച്ച വ്യക്തിയായിരുന്നു അവർ. 25 വർഷം ഗൂഗിളിൽ സേവനമനുഷ്ഠിച്ച അവർ 2014ലാണ് യൂട്യൂബിന്റെ സിഇഒ ആയി നിയമിതയാവുന്നത്. ഒമ്പതു വർഷത്തെ സേവനത്തിനൊടുവിൽ 2023 ഫെബ്രുവരിയിലാണ് സൂസൻ യൂട്യൂബിൽ നിന്ന് രാജിവച്ചത്.



## കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.86 ₹
1 ഒമാനി റിയാൽ 218.32 ₹
1 സൗദി റിയാൽ 22.36 ₹
1 ഖത്തർ റിയാൽ 23.06 ₹
1 കുവൈത്ത് ദിനാർ 274.58 ₹
1 ബഹ്റൈൻ ദിനാർ 222.76 ₹



## സ്വർണവില

(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 294.50
22 കാരറ്റ് 272.75
21 കാരറ്റ് 264.00
18 കാരറ്റ് 226.25

# ഗൾഫ്/വിദേശ വാർത്തകൾ

## 'സ്നേഹസപർശം അബുദാബി' വയനാട്ടിൽ അഞ്ചു വീടുകൾ നിർമിച്ചു നൽകും

അബുദാബി: സാമൂഹിക സാംസ്കാരിക കൂട്ടായമ 'സ്നേഹസ്പർശം അബുദാബി' വയനാട് ദുരന്തത്തിൽ വീട് നഷ്ട്ടമായ അഞ്ചു പേർക്ക് വീട് നിർമിച്ചു നൽകും. അബുദാബിയിലെ മലയാളി പ്രവാസികളെ ഉൾപ്പെടുത്തി വയനാട് ദുരിതമനുഭവിക്കുന്നവർക്ക് സ്വാന്തനമേകുക എന്നതാണ് കൂട്ടായ്മയുടെ ലക്ഷ്യം. പദ്ധതി ഏകോപിപ്പിക്കുനത്തിനായി 21 അംഗ കോർ കമ്മിറ്റി രൂപീകരിച്ചു. അബുദാബിയിൽ നിന്നും 'സ്നേഹസ്പർശം' പ്രതിനിധികൾ ദുരന്തഭൂമി സന്ദർശിക്കുകയും അർഹതപ്പെട്ട അഞ്ച് കുടുംബങ്ങൾക്ക് ജില്ലാ ഭരണകൂടത്തിന്റെ അനുമതി പ്രകാരം വീട് വെച്ചുകൊടുക്കുഅറിയിക്കുകയും ചെയ്തിട്ടുണ്ട്.

## ജിഫ്രി മുത്തുകോയ തങ്ങൾ അബുദാബി 'റീഡ്' ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചു

അബൂദാബി: സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് സയ്യിദുൽ ഉലമാ സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങൾ 'റീഡ് കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട്' സന്ദർശിച്ചു. ഹാദിയ അബൂദാബി ചാപ്റ്ററിനു കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിൽ പത്തിലധികം രാജ്യങ്ങളിൽ നിന്നായി നൂറിലധികം വിദ്യാർഥികളാണ് പഠനം നടത്തുന്നത്. അക്കാദമിക്,പ്രഫഷണൽ,കോർപറേറ്റ് മേഖലകളിൽ വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ റീഡിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്നു. അബൂദാബി സുന്നി സെന്റർ പ്രസിഡന്റ് സയ്യിദ് അബ്ദുറഹ്മാൻ തങ്ങൾ, യു.എ.ഇ എസ്.കെ.എസ്.എസ്.എഫ് പ്രസിഡണ്ട് സയ്യിദ് ശുഐബ് തങ്ങൾ തുടങ്ങിയവർ ജിഫ്രി തങ്ങളെ അനുഗമിച്ചു. സ്വീകരണ പരിപാടിയിൽ 'റീഡ് കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട്' എക്സിക്യൂട്ടീവ് ഡയരക്ടർ അബ്ദുന്നാസിർ ഹുദവി പയ്യനാട്,സയ്യിദ് റഫീഖുദ്ദീൻ ഹുദവി,സയ്യിദ് ഷഹീൻ തങ്ങൾ,ഹാദിയ അബൂദാബി പ്രസിഡന്റ് അബ്ദുൽ ജബ്ബാർ ഹുദവി,ജനറൽ സെക്രട്ടറി സിദ്ദീഖ് ഹുദവി കാഞ്ഞങ്ങാട് തുടങ്ങിയവർ പങ്കെടുത്തു.



ഹാദിയക്കു കീഴിലുള്ള ഖിസൈസിലെ അൽഹിദായ ഇസ്ലാമിക് സെന്ററിൽ നടക്കുന്ന മതപഠന കോഴ്സിന്റെ പുതിയ ബാച്ച് ഉദ്ഘാടനം സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ നിർവഹിക്കുന്നു

## ഹാദിയ സിബിഇഎസ് ക്ലാസ് ഉദ്ഘാടനം പ്രൗഢം

ദുബൈ: ദാറുൽഹുദാ ഇസ്ലാമിക സർവകലാശാലയുടെ പൂർവ വിദ്യാർത്ഥി സംഘടന ഹാദിയക്കു കീഴിലുള്ള ഖിസൈസിലെ അൽഹിദായ ഇസ്ലാമിക് സെന്ററിൽ നടക്കുന്ന മതപഠന കോഴ്സിന്റെ പുതിയ ബാച്ച് ഉദ്ഘാടനം പ്രൗഢമായി. സർട്ടിഫിക്കറ്റ് ഇൻ ബെയ്സിക് ഇസ്ലാമിക് സ്റ്റഡീസ് (സിബിഇഎസ് ) കോഴ്സിന്റെ പത്താം ബാച്ചിലേക്കു പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പ്രതിവാര ക്ലാസുദ്ഘടാനം സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങൾ നിർവഹിച്ചു. വിശ്വാസിയുടെ ജീവിതം മാതൃകാപരമായിരിക്കണമെന്നും സമൂഹത്തിനും സമുദായത്തിനും ജീവിക്കുന്ന രാജ്യത്തിനും നന്മപകരുന്ന പ്രവർത്തനങ്ങളിൽ വ്യാപൃതരാകണമെന്നും തങ്ങൾ പറഞ്ഞു.

ഹുദവി പണ്ഡിതരുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും സമസ്തയുടെ പ്രവർത്തനങ്ങൾ ആഗോള തലത്തിൽ വ്യാപിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്ന ദാറുൽ ഹുദായുടെയും പൂർവ വിദ്യാർത്ഥി സംഘടന ഹാദിയയുടെയും പ്രവർത്തനങ്ങൾക്ക് കരുത്ത് പകരണമെന്നും തങ്ങൾ കൂട്ടിച്ചേർത്തു.ദുബൈ മതകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഹാദിയയുടെ അൽഹിദായ ഇസ്ലാമിക് സെന്ററിൽ ഇംഗ്ലീഷ് മാധ്യമമായി പ്രവർത്തിക്കുന്ന റീഡ് ഇസ്‌ലാമിക് സ്കൂൾ, വിവിധ ഹ്യസ്വകാല കോഴ്സുകൾ, മതപഠന ക്ലാസുകൾ എന്നിവയും നടന്നുവരുന്നു. ചടങ്ങിൽ ദുബൈ ഹാദിയ പ്രസിസന്റ് സയ്യിദ് ജുനൈദ് ഹുദവി അധ്യക്ഷനായി. ദുബൈ ഹാദിയ-അൽഹിദായ സെന്റർ ഭാരവാഹികൾ,സി.ബി.ഇ.എസ് ഡയരക്ടർ ബോർഡ് അംഗങ്ങൾ,ഹാദിയ അംഗങ്ങൾ, വിദ്യാർത്ഥി യൂണിയൻ ഭാരവാഹികൾ,പഠിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.



റീഡ് കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ച സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുകോയ തങ്ങൾക്ക് റഫീഖുദ്ദീൻ തങ്ങൾ ഉപഹാരം നൽകുന്നു

## കെഎംസിസി ഖത്തർ തളിപ്പറമ്പ മണ്ഡലം കമ്മറ്റി യൂത്ത് വിങ്



ചെയർമാൻ,കൺവീനർ

ദോഹ: കെഎംസിസി ഖത്തർ തളിപ്പറമ്പ മണ്ഡലം കമ്മറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി യൂത്ത് വിങ് രൂപീകരിച്ചു. മണ്ഡലം പരിധിയിൽ വരുന്ന മുൻസിപ്പാലിറ്റി,പഞ്ചായത്തുകളിൽപെട്ട എം.എസ്.എഫ്, യൂത്ത്ലീഗ് കമ്മിറ്റികളിൽ പ്രവർത്തിച്ചവരെ പരിഗണിച്ചാണ് യൂത്ത് വിങ്ങിനു രൂപം നൽകിയത്. രൂപീകരണ യോഗം ജില്ലാ പ്രസിഡന്റ് ഹനീഫ ഏഴാം മെയിൽ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് ഇബ്രാഹിം പുളുക്കൂൽ അധ്യക്ഷനായി. ജില്ലാ നിരീക്ഷകൻ ബഷീർ കാട്ടൂർ,മീഡിയ വിങ് ചെയർമാനും പയ്യന്നൂർ മണ്ഡലം പ്രസിഡന്റുമായ റാഷിദ് പുളിങ്ങോം,അബ്ദുൽ ബാരി ചപ്പാരപ്പടവ്,ഷംസീർ കെ.എം.പി കമ്പിൽ,സകരിയ കൊമ്മച്ചിമുക്കുന്ന്,ഹാരിസ് നെല്ലിക്കാപ്പാലം പ്രസംഗിച്ചു. ജനറൽ സെക്രട്ടറി യൂനുസ് ശാന്തിഗിരി സ്വാഗതവും ട്രഷറർ യൂസഫ് പന്നിയൂർ നന്ദിയും പറഞ്ഞു. സുബൈർ പാലത്തുങ്കര ചെയർമാനും, മുൻഷീർ പി.സി.പി ജനറൽ കൺവീനറായും,സുൽഫിക്കർ അലി അരിപ്പാമ്പ്ര,ഉമൈർ കെ.യൂ ഓണപ്പറമ്പ,മൻസൂർ ഡാൻഡി തളിപ്പറമ്പ,മുബഷിർ എളമ്പേരം പാറ,ജുനൈബ് യൂ.എം പരിയാരം,മുത്തലിബ് കൊടിപോയിൽ,യൂനുസ് കെ.യൂ ഓണപ്പറമ്പ,അബ്ദുൽ ലത്തീഫ് കെ.വി ചപ്പാരപ്പടവ്, സാലിം ടി.വി തിരുവട്ടൂർ,ഫായിസ് പോക്കുണ്ട് എന്നിവരെ മെമ്പർമാരായും തിരഞ്ഞെടുത്തു.

## മ്യാന്മറിൽ റോഹിൻഗ്യൻ അഭയാർത്ഥികൾക്കു നേരെ ഡ്രോൺ ആക്രമണം

# നൂറിലേറെ പേർ കൊല്ലപ്പെട്ടു

നായ്പിഡോ: മ്യാന്മറിൽ നിന്ന് പലായനം ചെയ്യുകയായിരുന്ന റോഹിൻഗ്യൻ അഭയാർത്ഥികൾക്കു നേരെയുണ്ടായ ഡ്രോൺ ആക്രമണത്തിൽ സ്ത്രീകളും കുട്ടികളുമുൾപ്പെടെ നൂറിലേറെ പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. തീരദേശ മ്യാന്മറിൽ നഗരമായ മൗണ്ഡാവിന് പുറത്ത്, ബംഗ്ലാദേശിലേക്ക് കടക്കാനായി അതിർത്തിയിൽ കാത്തു നിന്നവർക്കു നേരെയാണ് ആക്രമണമുണ്ടായത്. മൃതദേഹങ്ങൾ പലയിടങ്ങളിലായി ചെളിയിൽ പൂണ്ട് കിടക്കുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. മ്യാന്മറിലെ സായുധ വിഭാഗമായ അരാകാനാണ് ആക്രമണത്തിനു പിന്നിലെന്നാണ് പ്രാഥമിക നിഗമനം.



മ്യാന്മറിൽ താൽക്കാലിക ടെന്റുകളിൽ കഴിയുന്ന അഭയാർത്ഥികൾ (ഫയൽ)

## പറഞ്ഞതിൽ ഉറച്ചു നിൽക്കുന്നു; മോഹൻലാലിനെതിരെ പരാതി നൽകും: 'ചെകുത്താൻ'അജു

പത്തനംതിട്ട: മോഹൻലാലിനെ കുറിച്ച് പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിൽക്കുകയാണെന്നും അദ്ദേഹം വയനാട്ടിലെ ദുരന്തമേഖലയിൽ പോയത് ശരിയായില്ലെന്നും യുട്യൂബർ അജു അലക്സ് (ചെകുത്താൻ). മോഹൻലാലിനെതിരെ സൈന്യത്തിന് പരാതി നൽകുമെന്നും ജാമ്യത്തിലിറങ്ങിയശേഷം അജു അലക്സ് പറഞ്ഞു. ദുരന്തമുഖത്ത് പരിശീലനം കിട്ടിയ ആളുകളുടെ സാന്നിധ്യമാണ് വേണ്ടത്. മോഹൻലാൽ വന്നതു കൊണ്ട് മിലിട്ടറിയുടെ വിലപ്പെട്ട സമയമാണ് പോയത്. പൊലീസ് പറഞ്ഞിട്ടാണ് വീഡിയോ നീക്കം ചെയ്തതെന്നും അജു അലക്സ് പറഞ്ഞു. ഒരു മിലിട്ടറി ഉദ്യോഗസ്ഥനാണ് വന്നിരുന്നതെങ്കിൽ അത്രയധികം ആളുകൾ അവിടെ എത്തില്ലായിരുന്നു. ചെകുത്താൻ പേജുകളിൽ അടക്കം ഇനിയും അഭിപ്രായങ്ങൾ തുറന്നു പറയും. കേരളത്തിൽ ഒരുപാട് പേർക്ക് മോഹൻലാൽ വയനാട്ടിൽ പോയതിനെക്കുറിച്ച് ഇതേ അഭിപ്രായമുണ്ടെന്നും അജു അലക്സ് അവകാശപ്പെട്ടു താൻ ഉപയോഗിച്ച വാക്കുകൾ ശരിയായിരുന്നില്ല. ഉപയോഗിച്ച വാക്കുകൾ ശരിയായില്ലെങ്കിലും പറഞ്ഞ കാര്യങ്ങളിൽ ഉറച്ചു നിൽക്കുകയാണെന്നും അജു അലക്സ് പറഞ്ഞു.



ഇസ്രാഈലിന്റെ സ്റ്റേ ടീമെൻ തടവറ

### ഇസ്രാഈൽ തടങ്കലിൽ നടക്കുന്നത് ബലാത്സംഗം ഉൾപ്പെടെ ക്രൂരതകൾ

## 'എന്റെ കൺമുന്നിൽ മക്കളെ അവർ അതിദാരുണമായി കൊലപ്പെടുത്തി'

### വെളിപ്പെടുത്തലുമായി മോചിപ്പിക്കപ്പെട്ട യുവാവ്

ഗസ്സ: ഇസ്രാഈലിന്റെ സ്റ്റേ ടീമെൻ തടങ്കലിൽ നടക്കുന്നത് ബലാത്സംഗം ഉൾപ്പെടെ കൊടും ക്രൂരതകളെന്ന് റിപ്പോർട്ട്. സ്റ്റേ ടീമെൻ തടങ്കലിൽ നിന്ന് മോചിതരായ ഫലസ്തീനികളാണ് ഇക്കാര്യം പറഞ്ഞത്. ആയിരക്കണക്കിന് ഫലസ്തീനികളെ കുറ്റം ചുമത്താതെ തടവിലാക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന തടവറയാണ് സ്റ്റേ ടീമെൻ.

എട്ടു മാസത്തോളം ഈ തടവറയിൽ കഴിഞ്ഞ 36 കാരൻ ഇബ്രാഹിം സലീമാണ് യാതനകൾ തുറന്നടിച്ചത്. വൈദ്യുതാഘാതമേൽപ്പിക്കൽ, അടിക്കടിയുള്ള മർദനം തുടങ്ങി താൻ അനുഭവിച്ച യാതനകൾ അദ്ദേഹം മിഡിൽ ഈസ്റ്റ് ഐയുമായി പങ്കുവെച്ചു. ഭൂരിഭാഗം തടവുകാർക്കു നേരെയും ലൈംഗികാതിക്രമം നടക്കാറുണ്ട്. എന്നാൽ പലരും ബലാത്സംഗത്തിന് ഇരയായെന്ന് തുറന്നുപറയാറില്ല. പലപ്പോഴും സ്ത്രീ സൈനികരും ബലാത്സംഗത്തിനിരയാക്കിയിട്ടുണ്ടെന്ന് ഇബ്രാഹിം പറയുന്നു. ഗസ്സയിൽ ഇസ്രാഈൽ ആക്രമണം രൂക്ഷമായതിനു പിന്നാലെ കഴിഞ്ഞ വർഷം ഡിസംബറിലാണ് ഇബ്രാഹിം തടവിലാക്കപ്പെട്ടത്.

'ഗസ്സയിലെ ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്ന മക്കൾക്കൊപ്പമായിരുന്ന എന്നെ സൈന്യം പിടിച്ചുകെട്ടി. കുഞ്ഞുങ്ങളെ തന്റെ മുന്നിൽ വെച്ച് അതിദാരുണമായി കൊലപ്പെടുത്തി. ശേഷം മാതാവും സഹോദരിയും വേശ്യയാണെന്ന് പറയാൻ നിർബന്ധിച്ചു. പറയാത്തവരെ അതിക്രൂരമായി മർദിച്ചു. തടവിലാക്കപ്പെട്ട സ്ഥലത്ത് അതിഭീകരമായ ആക്രമണമാണ് സൈന്യത്തിന്റെ ഭാഗത്തു നിന്നുണ്ടായത്. മണിക്കൂറുകളോളം ഒറ്റക്കാലിൽ നിർത്തിക്കും. ഞാൻ ഇസ്രാഈലി ആണെന്ന് പറയാൻ ആവശ്യപ്പെട്ടു. അനുസരിക്കാത്തവരെ ക്രൂരമായി ആക്രമിച്ചു. എന്റെ നെഞ്ചിൽ കസേര കൊണ്ട് അടിച്ചു. ഗസ്സയിലെ ജനങ്ങളുടെ തല ഉപയോഗിച്ച് ഫുട്ബോൾ കളിക്കുമെന്നും ഗസ്സയെ ഫുട്ബോൾ മൈതാനമാക്കി മാറ്റുമെന്നും അവർ പറഞ്ഞു. കുഞ്ഞുങ്ങളെ നിഷ്കരുണം കൊലപ്പെടുത്തിയതിനെതിരെ ശബ്ദിച്ചപ്പോൾ എന്നെ അവർ വൈദ്യുതാഘാതമേൽപ്പിച്ചു. എന്റെ മൂന്നും അഞ്ചും വയസ്സുള്ള കുഞ്ഞുങ്ങളെ അവർ കൊലപ്പെടുത്താൻ അവർ പട്ടാളക്കാരായിരുന്നോ എന്ന് ഞാൻ ചോദിച്ചു. അതിന് വൈദ്യുതാഘാതമേൽപ്പിക്കുകയാണ് അവർ ചെയ്തത്. അന്ന് ഞാൻ മരിച്ചെന്ന് കരുതിയതാണ്,' ഇബ്രാഹിം സലിം പറഞ്ഞു.

## വഖഫ് ഫണ്ട് തിരുമറി നടത്തിയെന്ന് ആരോപണം

# മുസ്‌ലിം ലീഗ് നേതാവിനെതിരായ കേസ് ഹൈക്കോടതി റദ്ദാക്കി

കൊച്ചി: ഒന്നരക്കോടി രൂപ ഫണ്ട് തിരുമറി നടത്തി എന്ന കേസിൽ മുസ്‌ലിം ലീഗ് നേതാവിനെതിരായ കേസ് റദ്ദാക്കി ഹൈക്കോടതി. 2010-15 കാലയളവിൽ പുറത്തിൽ മിറാക്കത്തുൽ ഇസ്‌ലാം ജമാഅത്ത് കമ്മിറ്റിയുടെ സെക്രട്ടറിയിരിക്കെ ഹർജിക്കാരൻ ജമാഅത്തിന്റെ കണക്കുകളിൽ കൃത്രിമം നടത്തിയെന്നും, ജമാഅത്തിന് ഒന്നരക്കോടി രൂപ നഷ്ടമുണ്ടാക്കിയെന്നും, ആയത് കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്ന ഹർജിക്കാരനിന്നും തിരിച്ചുപിടിക്കണം എന്നും ഹർജിക്കാരനെതിരെ ക്രിമിനൽ കേസ് എടുക്കണമെന്നും ആവശ്യപ്പെട്ട് 2023 മാർച്ചിൽ സംസ്ഥാന വഖഫ് ബോർഡ് ഉത്തരവ് ഇറക്കിയിരിന്നു.

ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് മുസ്‌ലിം ലീഗ് കണ്ണൂർ ജില്ലാ വൈസ് പ്രസിഡന്റും, നിലവിൽ ജമാഅത്ത് പ്രസിഡന്റുമായ കെ.പി ത്വാഹിർ അഡ്വ. ജോർജ് പൂന്തോട്ടം, അഡ്വ. പി.ഇ സജൽ, എസ്കബീർ എന്നിവർ മുഖേന നൽകിയ ഹർജി അനുവദിച്ചാണ് ജസ്റ്റിസ് അമിത് റാവൽ, ജസ്റ്റിസ് എസ് ഈശ്വരൻ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

ഫണ്ട് തിരിമറി ആരോപിച്ച് ഹർജിക്കാരന് ശേഷം തിരഞ്ഞെടുക്കപ്പെട്ട ജമാഅത്ത് കമ്മിറ്റി സർക്കാരിൽ പരാതി നൽകുകയും ചക്കരക്കൽ പോലീസ് കേസെടുത്ത് അറസ്റ്റ് ചെയ്തിരുന്നു. 2010-15 കാലയളവിലെ കണക്കുകൾ 2017ൽ സംസ്ഥാന വഖഫ് ബോർഡിന്റെ എംപാനൽ ഓഡിറ്റേഴ്സ് ഓഡിറ്റ് ചെയ്യുകയും ഓഡിറ്റ് റിപ്പോർട്ട് 2018ൽ ബോർഡ് അംഗീകരിക്കുകയും ഉത്തരവിറക്കുകയും ചെയ്തിരിന്നു. പുതിയ ജമാഅത്ത് കമ്മിറ്റിയുടെ പരാതി പ്രകാരം ചക്കരക്കല്ല് സബ്ഇൻസ്പെക്ടർ 2018 ഒക്ടോബറിൽ വഖഫ് ബോർഡ് സിഇഒക്ക് കേസെടുക്കാൻ ആവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കാൻ കത്ത് നൽകുകയും അത് ബോർഡ് തള്ളുകയും ചെയ്തതാണ്.

എന്നാൽ, പരാതിക്കാർ സംസ്ഥാന പൊലീസ് മേധാവിയെ സമീപിക്കുകയും തുടർന്ന് ഗവൺമെന്റ് വീണ്ടും ഓഡിറ്റ് ചെയ്യുന്നതിനായി ഉത്തരവിറക്കി 2019 ജൂലൈയിൽ സർക്കാരിന്റെ ഓഡിറ്റ് പൂർത്തിയാക്കുകയും 2023 മാർച്ച് 15ന് അംഗീകരിച്ച് ഉത്തരവ് ഇറക്കുകയും ചെയ്തു. ഇതേ തുടർന്ന് വഖഫ് ബോർഡ് സി.ഇ.ഒ റിപ്പോർട്ട് അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാനും ഒന്നരക്കോടി രൂപ കെ പി താഹിൽ നിന്ന് തിരിച്ചു പിടിക്കാനും ക്രിമിനൽ കേസ് എടുക്കാനും നിർദ്ദേശിച്ചു.ഇതിനെതിരെ ബോർഡിന്റെ തന്നെ 2 അംഗങ്ങൾ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ നിലവിലെ വഖഫ് നിയമത്തിലെ വകുപ്പ് 47,48 പ്രകാരം ഒരിക്കൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും അത് വഖഫ് ബോർഡ് അംഗീകരിക്കുകയും ചെയ്താൽ പിന്നെ സംസ്ഥാന സർക്കാരിനോ പോലീസിനോ വീണ്ടും ഓഡിറ്റ് ചെയ്യാൻ നിർദ്ദേശിക്കാൻ അനുവാദമില്ല. ഈ നിയമം മറികടന്നാണ് സംസ്ഥാന നിന്നും ഒന്നരക്കോടി രൂപ ഈടാക്കാനും ക്രിമിനൽ കേസ് എടുക്കാനും ഉത്തരവിട്ടത്. കാലാകാലങ്ങളിൽ മാറി വരുന്ന ജമാഅത്ത് കമ്മിറ്റികൾ തങ്ങളുടെ എതിരാളികൾക്ക് എതിരെ വൈരാഗ്യം തീർക്കുന്നതിനായി പരാതികൾ നൽകുന്നതായും അത്തരത്തിൽ ലഭിക്കുന്ന പരാതികൾ ദുരുപയോഗം ചെയ്യുന്നതായി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിലയിരുത്തി.

2017ൽ വഖഫ് ബോർഡിന്റെ ഓഡിറ്റ് അംഗീകരിച്ച ശേഷം അതിൽ കുഴപ്പങ്ങളോ കുറ്റങ്ങളോ ഉണ്ടോ എന്ന് 2017 ന് ശേഷം ആറു വർഷം ബോർഡ് യാതൊരുവിധ അന്വേഷണമോ കത്ത് ഇടപാടുകളോ നടത്തിയിട്ടില്ല എന്നും പുതിയ കമ്മിറ്റിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ റീ ഓഡിറ്റ് ചെയ്യാനിട്ട ഉത്തരവ് ഹർജിക്കാരനെതിരെ ക്രിമിനൽ നിയമപ്രകാരമുള്ള നടപടികൾ എടുക്കുന്നതിനായി കേസ് രൂപപ്പെടുത്തി എടുത്തതായും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കുന്നു.

റീ ഓഡിറ്റ് ചെയ്യണമെന്നുള്ള സർക്കാർ ഉത്തരവും ഒന്നരക്കോടി രൂപ തിരിച്ചു പിടിക്കാനുമുള്ള വഖഫ് ബോർഡ് ഉത്തരവുമടക്കം സർക്കാരിന്റെയും വഖഫ് ബോർഡിന്റെയും ആറോളം ഉത്തരവുകൾ റദ്ദാക്കി കൊണ്ടാണ് ഹൈക്കോടതിയുടെ വിധി ന്യായം.

### വിദ്വേഷം പരത്തുന്നു വെനസ്വേലയിൽ എക്സിന് വിലക്ക്

കരാക്കസ്: ജനങ്ങൾക്കിടയിൽ വിദ്വേഷം പരത്തുന്നുവെന്നാരോപിച്ച് മൈക്രോ ബ്ലോഗിങ് സൈറ്റായ എക്സിന് വിലക്കേർപ്പെടുത്തി വെനസ്വേല സർക്കാർ. പത്തു ദിവസത്തേക്ക് നിരോധിച്ചതായി പ്രസിഡന്റ് നിക്കോളാസ് മഡുറോ പറഞ്ഞു. ജൂലൈ 28ന് നടന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിനെ ചൊല്ലി നിക്കോളാസ് മഡുറോയും എക്സ് ഉടമ ഇലോൺ മസ്കും തമ്മിലുണ്ടായ വാഗ്വാദത്തിനു പിന്നാലെയാണ് നടപടി.

## കോഴിക്കോട്-ഗൂഡല്ലൂർ സർവീസ് ഇന്നു മുതൽ ആരംഭിക്കും

മുക്കം (കോഴിക്കോട്): മലയാളികൾ ഏറെയുള്ള ഗൂഡല്ലൂരിൽ നിന്നു കോഴിക്കോട്ടേക്ക് നേരിട്ടുള്ള സർവീസ് യാഥാർത്ഥ്യമാകുന്നു. കെ.എസ്.ആർ.ടി.സി കോഴിക്കോട്-ഗൂഡല്ലൂർ സർവീസ് ഇന്ന് ആരംഭിക്കും. രാവിലെ 10 ന് നിലമ്പൂർ ഡിപ്പോയിൽ പി.വി അൻവർ എം.എൽ.എ ഫ്ളാഗ് ഓഫ് ചെയ്യും. ടൗൺ ടു ടൗൺ (ടി.ടി) സർവീസായി അരീക്കോട്, മാവൂർ, മെഡി. കോളജ് വഴി യാണ് ഓടുക. കിഴക്കൻ മലയോര, ഗ്രമീണ മേഖലകളിൽനിന്നും കോഴിക്കോട് നഗരം, ഗവ. മെഡിക്കൽ കോളജ്, വിവിധ സ്വകാര്യ ആശുപത്രികൾ, ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേക്കുള്ള യാത്ര ഇതോടെ സുഗമമാവും. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ആഭ്യന്തര വിനോദ സഞ്ചാരികൾക്ക് ഇത് ഏറെ ഗുണം ചെയ്യും.

പുലർച്ചെ 4.50 ന് ഗൂഡല്ലൂരിൽനിന്ന് ആരംഭിക്കുന്ന സർവീസ് അരിക്കോട്, എടവണ്ണപ്പാറ, എളമരം പാലം, മാവൂർ വഴി 8.20 ന് മെഡി. കോളജിലും 8.45 ന് കോഴിക്കോടും എത്തിച്ചേരും. വൈകുന്നേരം 5.05 ന് കോഴിക്കോട്നിന്ന് മടക്ക യാത്ര ആരംഭിക്കും. 5.25 ന് മെഡിക്കൽ കോളജ്, രാത്രി 9.10 ന് ഗൂഡല്ലൂരിൽ എത്തിച്ചേരും. ഇടവേളയിൽ രാവിലെ 10ന് കോഴിക്കോട്നിന്ന് നിലമ്പൂരിലേക്കും ഉച്ചക്ക് 2.30 ന് തിരിച്ച് കോഴിക്കോട്ടേക്കും സർവീസ് നടത്തും. ഈ സർവീസുകളെല്ലാം മാവൂർ, കൂളിമാട്, ചെറുവാടി, അരീക്കോട് വഴിയായിരിക്കും.



## ദുരഭിമാനക്കൊല അക്രമമല്ലെന്ന്

സേലം: ദുരഭിമാനക്കൊലയെ ന്യായീകരിച്ച് തമിഴ് നടനും സംവിധായകനുമായ രഞ്ജിത്. ജാതീയ ദുരഭിമാനക്കൊല അക്രമമല്ലെന്നാണ് പുതിയ സിനിമയുടെ പ്രമോഷനുമായി ബന്ധപ്പെട്ട് രഞ്ജിത് മാധ്യമങ്ങളോടു സംസാരിക്കവേ പറഞ്ഞത്. കുട്ടികളോടു മാതാപിതാക്കൾക്കുള്ള കരുതലാണ് അതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മക്കൾ പോകുന്നതിന്റെ വേദന മാതാപിതാക്കൾക്കു മാത്രമേ അറിയൂ. കുട്ടികൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്ന മാതാപിതാക്കൾ ദേഷ്യം പ്രകടിപ്പിക്കും. അത് അക്രമമല്ല. അവരോടുള്ള കരുതൽ മാത്രമാണെന്ന് രഞ്ജിത് ന്യായീകരിച്ചു.



## രാജിയുടെ കാരണം

ജയ്പുർ: 45 വർഷമായി സേവിച്ച ജനങ്ങൾ തന്നെ കേൾക്കാത്തതിനാലാണ് താൻ മന്ത്രിസഭയിൽ നിന്ന് രാജിവെച്ചതെന്ന് രാജസ്ഥാനിലെ ബിജെപി നേതാവ് കിരോഡി ലാൽ മീണ. ലോക ഗോത്രവർഗ ദിനത്തോട് അനുബന്ധിച്ച് ദൗസയിൽ കഴിഞ്ഞ ദിവസം നടന്ന പരിപാടിയിലായിരുന്നു കിരോഡി ലാൽ രാജിവച്ചതിനു പിന്നിലെ കാരണം വ്യക്തമാക്കിയത്. ലോക്സഭാ തിരഞ്ഞെടുപ്പിൽ കിഴക്കൻ രാജസ്ഥാനിലെ ഏഴ് ലോക്സഭാ സീറ്റുകളിൽ ഏതെങ്കിലുമൊന്ന് പാർട്ടി പരാജയപ്പെട്ടാൽ മന്ത്രി സ്ഥാനം രാജിവെക്കുമെന്ന് കിരോഡി ലാൽ പറഞ്ഞിരുന്നു. ഫലത്തിനു പിന്നാലെ വാക്കു പാലിച്ച് മന്ത്രി സ്ഥാനം രാജിവെക്കുകയായിരുന്നു.

# ഇന്ത്യ വാർത്തകൾ

### ചുരുക്കത്തിൽ

## അനധികൃത നുഴഞ്ഞുകയറ്റം അതിർത്തിയിൽ തടഞ്ഞ് ബിഎസ്എഫ്

കൊൽക്കത്ത: ബംഗ്ലാദേശ് ആഭ്യന്തരസംഘർഷത്തിനിടെ ഇന്ത്യയിലേക്ക് അനധികൃതമായി നുഴഞ്ഞുകയറാനുള്ള ശ്രമം പരാജയപ്പെടുത്തി അതിർത്തി സംരക്ഷണ സേന (ബിഎസ്എഫ്). ആയിരത്തോളം വരുന്ന ബംഗ്ലാദേശ് അഭയാർഥികൾ ബംഗാളിലെ കൂച്ച് ജില്ലയിലെ അതിർത്തിയിലൂടെ ഇന്ത്യയിലേക്ക് കടക്കാൻ നടത്തിയ ശ്രമമാണ് ബിഎസ്എഫിന്റെ ഗുവാഹട്ടി വിഭാഗം തകർത്തത്.

അഭയാർഥി പ്രവാഹം ശ്രദ്ധയിൽപ്പെട്ടതോടെ ഉടൻ ബംഗ്ലാദേശ് അതിർത്തി സേനയുമായി (ബിജിബി) ബന്ധപ്പെട്ട ബിഎസ്എഫ് അഭയാർഥികളെ തിരികെക്കൊണ്ടുപോകാൻ ആവശ്യപ്പെട്ടു. ഇതിനിടെ ബംഗ്ലാദേശിലെ ലാൽമോനിർഹട് ജില്ലയിലൂടെ ഇന്ത്യൻ അതിർത്തിയുടെ 400 മീറ്റർ അകലെ വരെ കൂട്ടമായെത്തി. ശ്രമം പരാജയപ്പെട്ടതോടെ ഇന്ത്യയിൽ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ട് ജനക്കൂട്ടം മുദ്രാവാക്യം മുഴക്കി.

അഭയാർഥികൾ അതിർത്തിയിൽ കൂട്ടമായെത്തിയെങ്കിലും ആർക്കും ഇന്ത്യയിലേക്ക് കടക്കാനായിട്ടില്ലെന്നും അതിർത്തി പൂർണമായും അടച്ചിട്ടുണ്ടെന്നും മുതിർന്ന ബിഎസ്എഫ് ഉദ്യോഗസ്ഥൻ പറഞ്ഞു. ബിഎസ്എഫിന്റെ അടിയന്തര ഇടപെടലാണ് പ്രശ്നം വഷളാകാതെ പരിഹരിച്ചതെന്ന് അധികൃതർ പറഞ്ഞു. അതേസമയം ഇപ്പോഴും അതിർത്തിയിലേക്ക് അഭയാർഥികളെത്തുന്നുണ്ടെന്ന് പ്രദേശവാസികളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

## ഗുജറാത്തിൽ ചാന്ദിപുര വൈറസ് വ്യാപനം

ന്യൂഡൽഹി: ഗുജറാത്തിൽ ചാന്ദിപുര വൈറസ് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ഇരുപതു വർഷത്തിനിടയിലുണ്ടായ ഏറ്റവും വലിയ വ്യാപനമാണ് ഇതെന്ന് വിദഗ്ധർ പറയുന്നു. മരിച്ചവരിലേറെയും കുട്ടികളും കൗമാരക്കാരുമാണ്.

ചൊവ്വാഴ്ച വരെയുള്ള കണക്കുകൾ പ്രകാരം 59 കുട്ടികളെയാണ് ചാന്ദിപുര വൈറസ് ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇതിൽ 19 കുട്ടികൾ മരണപ്പെട്ടുവെന്നും ഇവരെല്ലാം ഗുജറാത്ത് സ്വദേശികളാണെന്നും ആരോഗ്യവകുപ്പ് വ്യക്തമാക്കി. കഴിഞ്ഞമാസം മുപ്പത്തിയെട്ട് കുട്ടികളാണ് രോഗം ബാധിച്ച് മരിച്ചത്. പതിനഞ്ചു വയസ്സിന് താഴെയുള്ള കുട്ടികളാണ് രോഗബാധിതരിൽ ഏറെയും. മരണനിരക്ക് കൂടുതലായതിനാൽ തന്നെ ആരോഗ്യവകുപ്പ് ജാഗ്രതാ നിർദേശവും പുറപ്പെടുവിച്ചിട്ടുണ്ട്.

## ഗുഡ് മോർണിങ് ഒഴിവാക്കാൻ ഹരിയാന; ഇനി 'ജയ് ഹിന്ദ്' മതി

ചണ്ഡിഗഢ്: എല്ലാ ദിവസവും രാവിലെ ആശംസിക്കുന്ന 'ഗുഡ് മോണിങ്' ഒഴിവാക്കാൻ ഹരിയാന വിദ്യാഭ്യാസ വകുപ്പ്. സ്കൂളുകളിൽ ഇനി ഗുഡ് മോണിങ്ങിനു പകരം ജയ് ഹിന്ദ് എന്ന് ആശംസിച്ചാൽ മതിയെന്നാണ് ഹരിയാന ഡയറക്ടറേറ്റ് ഓഫ് സ്കൂൾ എജ്യുക്കേഷൻ നിർദേശം നൽകിയത്.

കുട്ടികൾക്കിടയിൽ ദേശസ്നേഹവും രാജ്യത്തെക്കുറിച്ചുള്ള അഭിമാനവും വളർത്തുകയാണ് ലക്ഷ്യമെന്നും ജില്ലാ വിദ്യാഭ്യാസ ഓഫിസർമാർ, പ്രിൻസിപ്പൽമാർ ഹെഡ്മാസ്റ്റർമാർ എന്നിവർക്ക് അയച്ച മാർഗനിർദേശത്തിൽ പറയുന്നു. സ്വാതന്ത്ര്യ ദിനത്തിൽ ദേശീയപതാക ഉയർത്തുന്നതിനു മുൻപ് ജയ് ഹിന്ദ് എന്നാണ് ഉപയോഗിക്കേണ്ടതെന്നും നിർദേശത്തിൽ പറയുന്നു.




കൊൽക്കത്തയിലെ ആർജി കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ട്രെയിനി ഡോക്ടറെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ ജൂനിയർ ഡോക്ടർമാരുടെ പ്രതിഷേധം

### ഡോക്ടർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവം

## പ്രതികളെ തൂക്കിലേറ്റണമെന്ന് മമത

കൊൽക്കത്ത: കൊൽക്കത്തയിലെ ആർ.ജി കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ പി.ജി ട്രെയിനി ഡോക്ടർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ അന്വേഷണം ഊർജ്ജിതമാക്കാൻ നിർദേശം നൽകിയതായും പ്രതികളായവരെ തൂക്കിലേറ്റണമെന്നും പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി.



കേസ് അതിവേഗ കോടതി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടതായും പ്രതികൾക്ക് കടുത്ത ശിക്ഷ ലഭിക്കുമെന്നും മമത പറഞ്ഞു. ദൗർഭാഗ്യകരമായ സംഭവമാണ് നടന്നത്. ഇരയുടെ കുടുംബവുമായി സംസാരിക്കുകയും ഉചിതമായ നടപടി സ്വീകരിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. തങ്ങൾക്ക് ഉത്തരവാദിത്തമുള്ള പോലെ, ആശുപത്രി സൂപ്രണ്ടിനും ഉത്തരവാദിത്തമുണ്ട്. ഏതെങ്കിലും ഭാഗത്ത് അനാസ്ഥയുണ്ടായിട്ടുണ്ടെങ്കിൽ അന്വേഷിക്കും. തങ്ങളിൽ വിശ്വാസമില്ലെങ്കിൽ അന്വേഷണത്തിന് മറ്റ് ഏജൻസികളെ സമീപിക്കുന്നതിൽ വിരോധമില്ലെന്നും സമഗ്രമായ അന്വേഷണം ഉറപ്പുവരുത്തിയിട്ടുണ്ടെന്നും മമത വ്യക്തമാക്കി.

വ്യാഴാഴ്ച രാത്രിയിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന വനിതാ ഡോക്ടറെ വെള്ളിയാഴ്ച പുലർച്ചയോടെയാണ് മരിച്ചനിലയിൽ കണ്ടെത്തിയത്. ചെസ്റ്റ് മെഡിസിൻ വിഭാഗത്തിലെ രണ്ടാംവർഷ വിദ്യാർഥിനിയാണ് കൊല്ലപ്പെട്ടത്. അർധനഗ്നമായ നിലയിലായിരുന്നു മൃതദേഹം കണ്ടത്. മെഡിക്കൽ കോളജിലെ ഡോക്ടർമാർ പണിമുടക്കിലാണ്.

പെൺകുട്ടിയുടെ സ്വകാര്യഭാഗങ്ങളിൽ രക്തസ്രാവവും ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിൽ മുറിവുകളും ഉണ്ടെന്ന് നാല് പേജുള്ള പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറയുന്നു. സംഭവത്തിൽ ഒരാൾ പിടിയിലായിട്ടുണ്ട്. ആശുപത്രിയിൽ ഉണ്ടായിരുന്ന സിവിൽ പൊലീസ് വളന്റിയറായ സഞ്ജയ് റോയിയേയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. കോടതി ഇയാളെ പതിനാല് ദിവസത്തേക്ക് പൊലീസ് കസ്റ്റഡിയിൽ വിട്ടു.

### എസ്.സി എസ്.ടി ഉപസംവരണത്തിനെതിരെ ഖാർഗെ

# സുപ്രീംകോടതി വിധി മറികടക്കാൻ കേന്ദ്ര സർക്കാർ നിയമം കൊണ്ടുവരണമായിരുന്നു

ന്യൂഡൽഹി: എസ്.സി., എസ്.ടി. വിഭാഗങ്ങളിലെ സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവരെ (ക്രീമിലെയർ) വേർതിരിച്ച് സംവരണാനുകൂല്യത്തിൽ നിന്ന് ഒഴിവാക്കണമെന്ന സുപ്രീം കോടതി വിധിയെ അപലപിച്ച് കോൺഗ്രസ് അധ്യക്ഷനും രാജ്യസഭാംഗവുമായ മല്ലികാർജുൻ ഖാർഗെ. വിഷയത്തിലെ സുപ്രീം കോടതി വിധിയെ മറികടക്കാൻ പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽത്തന്നെ കേന്ദ്രസർക്കാർ നിയമം കൊണ്ടുവരേണ്ടിയിരുന്നെന്ന് അദ്ദേഹം പറഞ്ഞു.



ഈ മാസം ആദ്യമാണ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ അധ്യക്ഷതയിലുള്ള ഏഴംഗ ബെഞ്ച് വിഷയത്തിൽ വിധി പ്രസ്താവിച്ചത്. എസ്.സി. പട്ടികയിൽ ഉൾപ്പെട്ട വിഭാഗങ്ങളെ വീണ്ടും ഉപവിഭാഗങ്ങളായി തിരിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അനുമതി നൽകുന്നതായിരുന്നു വിധി. എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കുള്ളിലെ ക്രീമിലെയറിനെ തിരിച്ചറിയാനും സംവരണ ആനുകൂല്യത്തിൽ നിന്ന് ഒഴിവാക്കാനും സംസ്ഥാന സർക്കാരുകൾ നയരൂപവത്കരണം നടത്തണമെന്നായിരുന്നു സുപ്രീം കോടതി ജസ്റ്റിസ് ബി.ആർ. ഗവായി ചൂണ്ടിക്കാട്ടിയത്.

വിധിക്കെതിരേ രൂക്ഷവിമർശനം ഉന്നയിച്ച ഖാർഗെ, ക്രീമിലെയർ കൊണ്ടുവരുന്നതിലൂടെ ആർക്ക് നേട്ടമുണ്ടാക്കാനാണ് ആഗ്രഹിക്കുന്നതെന്നും ആരാഞ്ഞു. തൊട്ടുകൂടായ്മ നിലനിൽക്കുന്നിടത്തോളം കാലം സംവരണം ഉണ്ടായേ മതിയാകൂവെന്നും അത് ഉണ്ടാകുമെന്നും ഖാർഗെ പറഞ്ഞു. അതിനായി ഞങ്ങൾ പോരാടും. ബി.ജെ.പി. സംവരണം അവസാനിപ്പിക്കാൻ ശ്രമിക്കുകയാണെന്നും അദ്ദേഹം ആരോപിച്ചു. പൊതുമേഖലയിലെ തൊഴിലുകൾ സർക്കാർ സ്വകാര്യവത്കരിച്ചു. നിരവധി തൊഴിലവസരങ്ങളുണ്ട്. എന്നാൽ, അവർ റിക്രൂട്ട്മെന്റ് നടത്തുന്നില്ലെന്നും ഖാർഗെ കൂട്ടിച്ചേർത്തു.

എസ്.സി., എസ്.ടി. വിഭാഗങ്ങളിൽപ്പെട്ടവർക്ക് ജോലി ലഭിക്കുന്നില്ല. ഉന്നതസ്ഥാനങ്ങളിൽ എസ്.സി. വിഭാഗത്തിൽ നിന്ന് ആരുമില്ല. എസ്.സി., എസ്.ടി. വിഭാഗങ്ങളിൽനിന്നുള്ളവരെ ക്രീമിലെയറിൽ ഉൾപ്പെടുത്തി അടിച്ചമർത്താനാണ് ശ്രമിക്കുന്നതെന്നും ഖാർഗെ പറഞ്ഞു. കോടതിയുടെ തീരുമാനം അദ്ഭുതപ്പെടുത്തിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### എതിർപ്പുമായി ബി.ജെ.പിയുടെ എസ്.സി, എസ്.ടി എം.പിമാരും

ന്യൂഡൽഹി: പട്ടിക ജാതി, പട്ടിക വർഗ സംവരണത്തിൽ ഉപസംവരണം ഏർപ്പെടുത്തിയ സുപ്രിംകോടതി വിധി മറികടക്കാനായി പുതിയ ഭേദഗതി കൊണ്ടുവരാൻ ബി.ജെ.പിക്കുള്ളിൽ സമർദ്ദമെന്ന് റിപ്പോർട്ട്. പട്ടിക ജാതി, പട്ടിക വർഗത്തിൽപെട്ട ബി.ജെ.പി എം.പിമാർ ഈ ആവശ്യം ഉയർത്തി പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഒ.ബി.സി വിഭാഗത്തിൽ ക്രിമിലയർ ഏർപ്പെടുത്തിയത് പോലെ ദലിത് സംവരണത്തിലും ഇതേ മാതൃക പാടില്ലെന്നായിരുന്നു ഇവരുടെ പ്രധാന ആവശ്യം. എസ്.സി, എസ്.ടി സംവരണത്തെ കുറിച്ച് പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭ വിശദമായി ചർച്ച ചെയ്തിരുന്നു. എന്നാൽ നിയമഭേതഗതിക്കായുള്ള സന്നദ്ധത സർക്കാർ പ്രകടിപ്പിച്ചിരുന്നില്ല.

# അദാനിക്കു ശേഷം അടുത്തതാര്?

### ഇന്ത്യയെ കുറിച്ചുള്ള വലിയ വെളിപ്പെടുത്തൽ ഉടനെന്ന് ഹിൻഡൻബർഗ്

ന്യൂഡൽഹി: ഇന്ത്യയുമായി ബന്ധപ്പെട്ട് വൻവെളിപ്പെടുത്തൽ നടത്തുമെന്ന പ്രഖ്യാപനവുമായി യു.എസ്. നിക്ഷേപ ഗവേഷണ സ്ഥാപനവും ഷോർട്ട് സെല്ലറുമായ ഹിൻഡൻബർഗ് റിസർച്ച്. ഇന്ത്യയുമായി ബന്ധപ്പെട്ട് വൻ വെളിപ്പെടുത്തൽ ഉടനുണ്ടാകുമെന്ന് എക്സ് പ്ലാറ്റ്ഫോമിലൂടെ സൂചന നൽകിയിരിക്കുകയാണ് ഹിൻഡൻബർഗ്. ഒറ്റവരി കുറിപ്പാണ് പങ്കുവച്ചിരിക്കുന്നത്.




2023 ജനുവരിയിൽ അദാനി എന്റർപ്രൈസസിനെതിരെ രൂക്ഷ വിമർശനവുമായി ഹിൻഡൻബർഗ് രംഗത്തെത്തിയിരുന്നു. ഇതോടെ അദാനി ഗ്രൂപ്പിന്റെ ഓഹരികൾ വൻതോതിൽ മൂല്യത്തകർച്ച നേരിട്ടു. അദാനി ഗ്രൂപ്പിന്റെ കമ്പനി അക്കൗണ്ടിങ്ങിലും കോർപ്പറേറ്റ് ഭരണ സംവിധാനത്തിലും ഗുരുതര പ്രശ്നങ്ങളുണ്ടെന്നായിരുന്നു ഹിൻഡെൻബർഗിന്റെ ആരോപണം. അദാനി എന്റർപ്രൈസസിന് എട്ടു വർഷത്തിനിടെ അഞ്ച് ചീഫ് ഫിനാൻഷ്യൽ ഓഫീസർമാർ വന്നത് അക്കൗണ്ടിങ്ങിലെ പ്രശ്നങ്ങളുടെ സൂചനയാണ്. വിപണിയിൽ വലിയ രീതിയിൽ കൃത്രിമം നടക്കുന്നു. ഗ്രൂപ്പിലെ ലിസ്റ്റു ചെയ്ത ഏഴു കമ്പനികളുടെ മൂല്യം ഊതിപ്പെരുപ്പിച്ചതാണെന്നും റിപ്പോർട്ടിൽ പറയുന്നു.

മൗറീഷ്യസ്, യു.എ.ഇ., കരീബിയൻ രാജ്യങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് അദാനി കുടുംബത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരുകൂട്ടം ഷെൽ കമ്പനികൾ വഴിയാണ് വിപണിയിൽ കൃത്രിമം നടത്തുന്നതെന്നായിരുന്നു ആരോപണം. 129 പേജുള്ള റിപ്പോർട്ട് തങ്ങളുടെ രണ്ടു വർഷത്തെ അന്വേഷണത്തിലൂടെ തയ്യാറാക്കിയതാണെന്നും ഹിൻഡെൻബർഗ് അവകാശപ്പെട്ടു. സംഭവത്തിൽ ഇരുകമ്പനികളും തമ്മിൽ വലിയ വാദപ്രതിവാദങ്ങളും നടന്നു. കേന്ദ്ര സർക്കാരിനെതിരേയുള്ള ആയുധമായി പ്രതിപക്ഷവും റിപ്പോർട്ടിനെ ഉയർത്തിക്കാണിച്ചിരുന്നു. ഇതിനുപിന്നാലെയാണ് അടുത്ത സുപ്രധാന റിപ്പോർട്ട് പുറത്തുവിടുമെന്ന് ഹിൻഡൻബർഗ് അറിയിച്ചിരിക്കുന്നത്. അതേസമയം പുതിയ റിപ്പോർട്ട് അദാനി ഗ്രൂപ്പിനെ കുറിച്ചു തന്നെയാണോ എന്ന കാര്യത്തിൽ വ്യക്തതയില്ല.

## ജമ്മുകശ്മീരിൽ രണ്ട് സൈനികർക്ക് വീരമൃത്യു

ശ്രീനഗർ: ജമ്മു കശ്മീരിലെ അനന്ത്നാഗ് ജില്ലയിൽ ഭീകരവാദികളുമായുള്ള ഏറ്റുമുട്ടലിൽ രണ്ട് സൈനികർക്ക് വീരമൃത്യു. അഹ്ലാൻ ഗഡോളിൽ ഇന്നലെ ഉച്ചയ്ക്കു ശേഷമായിരുന്നു ഏറ്റുമുട്ടലെന്ന് പൊലീസ് അറിയിച്ചു. കോക്കർനാഗ് സബ് ഡിവിഷനിലെ വനമേഖലയിൽ സൈനികർക്കു നേരെ ഭീകരവാദികൾ വെടിയുതിർക്കുകയായിരുന്നു.

ഭീകരവാദികൾ വിദേശരാജ്യത്തുനിന്നുള്ളവരാണ് എന്നാണ് പ്രാഥമിക നിഗമനം. ഇവരെ കണ്ടെത്താനുള്ള നടപടിയിൽ സൈന്യത്തിന്റെ സ്പെഷൽ ഫോഴ്സും പാരാട്രൂപ്പേഴ്സും പങ്കാളികളാകുന്നുണ്ട്. കഴിഞ്ഞ ഒരു കൊല്ലത്തിനിടെ കോക്കർനാഗിൽ നടക്കുന്ന രണ്ടാമത്തെ വലിയ ഏറ്റുമുട്ടലാണ് ഇന്നത്തേത്. 2023 സെപ്റ്റംബറിൽ ഭീകരവാദികളുമായി നടന്ന ഏറ്റുമുട്ടലിൽ ഒരു കമാൻഡിങ് ഓഫീസർ, ഒരു മേജർ, ഒരു ഡി.എസ്.പി. ഉൾപ്പെടെയുള്ളവർ രക്തസാക്ഷിത്വം വരിച്ചിരുന്നു.

## കേന്ദ്ര സർക്കാർ എഴുതിത്തള്ളിയത് 43 കമ്പനികളുടെ 3.53 ലക്ഷം കോടിയുടെ കടമെന്ന് സഞ്ജയ് സിങ് എം.പി

ന്യൂഡൽഹി: വിവിധ കമ്പനികളുടെ 3.53 ലക്ഷം കോടി രൂപയുടെ കടങ്ങൾ സർക്കാർ എഴുതിത്തള്ളിയതായി ആം ആദ്മി പാർട്ടിയുടെ എം.പി സഞ്ജയ് സിങ്.

വിലക്കയറ്റത്തിൽ നിന്ന് ആശ്വാസം നൽകണമെന്ന് സാധാരണക്കാർ ആവശ്യപ്പെടുമ്പോൾ പണമില്ലെന്ന് പറയുന്ന സർക്കാർ വിവിധ കമ്പനികളുടെ 3.53 ലക്ഷം കോടി രൂപയുടെ കടങ്ങൾ എഴുതിത്തള്ളിയെന്ന് അദ്ദേഹം പറഞ്ഞു.

'വിലക്കയറ്റത്തിൽ നിന്ന് ആശ്വാസം നൽകണമെന്ന് സാധാരണക്കാർ ആവശ്യപ്പെടുമ്പോൾ സർക്കാർ പണമില്ലെന്ന് പറയുന്നു. എന്നാൽ 43 കമ്പനികളുടെയായി 3.53 ലക്ഷം കോടി രൂപയുടെ കടങ്ങളാണ് സർക്കാർ എഴുതി തള്ളിയിരിക്കുന്നത്'- എന്ന് അദ്ദേഹം പറഞ്ഞു.

രാജ്യത്തുള്ള വഴിയോര കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ എഴുതിത്തള്ളിയ കടങ്ങൾ ഉപയോഗിക്കാമായിരുന്നെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

'രാജ്യത്തുള്ള വഴിയോര കച്ചവടക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ എഴുതി തള്ളിയ കടങ്ങൾ മാത്രം മതിയായിരുന്നു. അഗ്നിപഥ് പദ്ധതി റദ്ദാക്കാനും ഇന്ത്യൻ ആർമിയിൽ റിക്രൂട്ട്മെന്റിനായി പഴയ പദ്ധതി നടപ്പിലാക്കാനും ആ പണം മതിയായിരുന്നു,' അദ്ദേഹം പറഞ്ഞു.

## റഷ്യൻ സേനയുടെ ഭാഗമായ ഇന്ത്യക്കാരെ തിരിച്ചയക്കാൻ നടപടി തുടങ്ങി

### നഷ്ടപരിഹാരം നൽകുമെന്ന് റഷ്യൻ എംബസി

ന്യൂഡൽഹി: റഷ്യയിൽ സൈനിക സേവനത്തിനായി ചേർന്ന ഇന്ത്യൻ പൗരന്മാരെ തിരിച്ചയക്കാൻ നടപടി തുടങ്ങിയതായി ന്യൂഡൽഹിയിലെ റഷ്യൻ എംബസി അറിയിച്ചു. തിരിച്ചയക്കുന്നവർക്ക് അർഹമായ നഷ്ടപരിഹാരം നൽകും. ഏപ്രിൽ മുതൽ ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്ന് ആളുകളെ സൈന്യത്തിൽ എടുക്കുന്നത് അവസാനിപ്പിച്ചിട്ടുണ്ടെന്നും എംബസി പ്രസ്താവനയിൽ അറിയിച്ചു.

റഷ്യൻ സർക്കാർ ഇന്ത്യൻ പൗരന്മാരെ സൈനിക സേവനത്തിനായി റിക്രൂട്ട് ചെയ്യാൻ വഞ്ചനാപരമായ പരസ്യങ്ങളോ തട്ടിപ്പോ നടത്തിയിട്ടില്ലെന്ന് റഷ്യൻ എംബസി വ്യക്തമാക്കി. യുദ്ധത്തിൽ ഇന്ത്യൻ പൗരന്മാർ മരിച്ചതിൽ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു.

റഷ്യൻ സൈന്യത്തിന്റെ ഭാഗമായ 69 ഇന്ത്യൻ പൗരൻമാരുടെ തിരിച്ചുവരവിനായി കേന്ദ്ര സർക്കാർ കാത്തിരിക്കുകയാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ വെള്ളിയാഴ്ച ലോക്സഭയിൽ അറിയിച്ചിരുന്നു. പലരെയും തെറ്റായ മാർഗങ്ങളിലൂടെയാണ് സൈന്യത്തിലേക്ക് റിക്രൂട്ട് ചെയ്തതെന്നും അസദുദ്ദീൻ ഉവൈസി എം.പിയുടെ ചോദ്യത്തിനുള്ള മറുപടിയിൽ അദ്ദേഹം പറഞ്ഞു.

റഷ്യൻ സൈന്യത്തിന്റെ ഭാഗമായിരുന്ന മലയാളികളടക്കമുള്ളവർ നേരത്തേ തിരിച്ചെത്തിയിരുന്നു. കൂടാതെ എട്ട് ഇന്ത്യക്കാർ യുക്രെയ്നെതിരായ യുദ്ധത്തിൽ കൊല്ലപ്പെടുകയും ചെയ്തു.

## പ്രതിപക്ഷം ഒന്നിച്ചാൽ കെജ്‌രിവാൾ 24 മണിക്കൂറിനകം പുറത്തുവരും: സിസോദിയ

ന്യൂഡൽഹി: അരവിന്ദ് കെജ്‌രിവാളിന്റെ പ്രവർത്തനങ്ങളെ അപകീർത്തിപ്പെടുത്താനുള്ള ഗൂഢാലോചനകൾ നടക്കുന്നുണ്ടെന്ന് ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയ. ജയിൽ മോചിതനായതിന് പിന്നാലെ ശനിയാഴ്ച ആം ആദ്മി പാർട്ടിയുടെ ഡൽഹിയിലെ ആസ്ഥാനത്ത് പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സ്വേച്ഛാധിപത്യത്തിനെതിരേ പ്രതിപക്ഷ നേതാക്കൾ ഒത്തുചേരുകയാണെങ്കിൽ കെജ്‌രിവാൾ 24 മണിക്കൂറിനകം ജയിലിന് പുറത്തെത്തുമെന്നും സിസോദിയ പറഞ്ഞു. ഡൽഹി മദ്യനയക്കേസിൽ 17 മാസത്തെ ജയിൽ വാസത്തിനു ശേഷം വെള്ളിയാഴ്ചയാണ് സിസോദിയ ജയിൽ മോചിതനായത്. ജനങ്ങൾ രാജ്യത്തെ സ്വേച്ഛാധിപത്യത്തിനെതിരേ പോരാടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഭരണഘടനയേക്കാൾ ശക്തരല്ല ഈ ആൾക്കാരെന്നും ബി.ജെ.പിയെ ലക്ഷ്യമാക്കി സിസോദിയ പറഞ്ഞു. നേതാക്കളെ ജയിലിൽ അടയ്ക്കുക മാത്രമല്ല, പൗരന്മാരെ ദ്രോഹിക്കുകയും ചെയ്യുന്ന സ്വേച്ഛാധിപത്യത്തിനെതിരേ ഓരോ വ്യക്തിയും പോരാടണം. നമ്മൾ രഥത്തിന്റെ കുതിരകൾ മാത്രമാണ്. നമ്മുടെ യഥാർത്ഥ സാരഥി ജയിലിലാണ്. അദ്ദേഹം ഉടൻ പുറത്തുവരും, സിസോദിയ പറഞ്ഞു.

### സിസോദിയക്ക് മന്ത്രിസഭയിലേക്ക് സാധ്യത



മനീഷ് സിസോദിയ ഭാര്യയോടൊപ്പം

ന്യൂഡൽഹി: ഡൽഹി മദ്യനയക്കേസിൽ 17 മാസത്തിനു ശേഷം സുപ്രീം കോടതി ജാമ്യം അനുവദിച്ച മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയ, ഉടൻ തന്നെ അരവിന്ദ് കേജ്‌രിവാൾ മന്ത്രിസഭയിൽ ഉൾപ്പെട്ടേക്കും. മുഖ്യമന്ത്രിയുൾപ്പെടെ ഡൽഹിയിൽ പരമാവധി ഏഴു മന്ത്രിമാരെ മന്ത്രിസഭയിൽ ഉൾപ്പെടുത്താം. ഭരണഘടന അനുസരിച്ച്, ഡൽഹി മന്ത്രിസഭയുടെ വലുപ്പം നിയമസഭയിലെ അംഗങ്ങളുടെ 10 ശതമാനത്തിൽ കവിയാൻ പാടില്ല. ഡൽഹി നിയമസഭയിൽ 70 അംഗങ്ങളാണുള്ളത്. ജയിലിൽ കഴിയുന്ന മുഖ്യമന്ത്രി അരവിന്ദ് കേജ്‌രിവാളുമായി ആലോചിച്ച് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാനാണ് മനീഷ് സിസോദിയയുടെ നീക്കം.

## 9 സ്ത്രീകളെ കൊലപ്പെടുത്തിയ സീരിയൽ കില്ലർ അറസ്റ്റിൽ

ബറേലി: കഴിഞ്ഞ 14 മാസത്തിനിടെ യുപിയിലെ ബറേലി ജില്ലയിൽ മധ്യവയസ്കരായ സ്ത്രീകളെ കൊലപ്പെടുത്തിയ കേസിലെ പ്രതിയെ പൊലീസ് അറസ്റ്റ് ചെയ്തു. ഒൻപത് സ്ത്രീകളെ കൊലപ്പെടുത്തിയെന്ന് പ്രതി കുൽദീപ് കുമാർ(35) സമ്മതിച്ചതായി ഉദ്യോഗസ്ഥർ പറഞ്ഞു.

കഴിഞ്ഞ വർഷം മുതൽ ഷാഹിഷീഷ്ഗഢ് മേഖലയിൽ ഒമ്പത് സ്ത്രീകൾ കൊല്ലപ്പെട്ടിരുന്നു. ഇവരെ കഴുത്തു ഞെരിച്ചാണ് കൊലപ്പെടുത്തിയത്. കുൽദീപ് തന്നെയാണ് ഈ കൊലപാതകവും നടത്തിയതെന്ന് പൊലീസ് പറയുന്നു. കുൽദീപിന് മാനസികാസ്വാസ്ഥ്യമുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. കുൽദീപിന്റെ കുട്ടിക്കാലത്ത് സ്വന്തം അമ്മ ജീവിച്ചിരിക്കുമ്പോൾ തന്നെ പിതാവ് വേറെ വിവാഹം കഴിച്ചു. കൂടാതെ പിതാവ് കുൽദീപിന്റെ അമ്മയോട് വളരെ മോശമായിട്ടാണ് പെരുമാറിയിരുന്നത്. അതുകൊണ്ട് തന്നെ കുൽദീപിന്റെ ബാല്യകാലം ദുഷ്കരമായിരുന്നുവെന്ന് ടൈംസ് നൗ റിപ്പോർട്ടിൽ പറയുന്നു. കുട്ടിക്കാലത്തുണ്ടായ ദുരനുഭവങ്ങൾ കുൽദീപിന്റെ മാനസികനിലയെ ബാധിച്ചിരുന്നു. ഇതിനെതുടർന്ന് കുൽദീപിന്റെ വിവാഹശേഷം സ്വന്തം ഭാര്യയോടും പ്രതി ക്രൂരമായിട്ടാണ് പെരുമാറിയിരുന്നത്. സ്ത്രീകളോട് തനിക്ക് വെറുപ്പാണെന്നും ഒറ്റക്ക് കണ്ടാൽ കൊലപ്പെടുത്തുമെന്നും ചോദ്യം ചെയ്യലിൽ കുൽദീപ് പറഞ്ഞു. ഇയാൾ ലക്ഷ്യം വച്ച സ്ത്രീയെ പിന്തുടരുന്നത് ആരുടെയെങ്കിലും ശ്രദ്ധയിൽ പെട്ടാൽ അവരെ വെറുതെ വിടുമായിരുന്നു. പിന്നീട് പിന്തുടർന്ന് കൊലപ്പെടുത്തുന്നതാണ് കുൽദീപിന്റെ രീതി. ഇങ്ങനെ കൊലപ്പെടുത്തുന്ന സ്ത്രീകൾക്ക് കുൽദീപുമായി ഒരു ബന്ധവുമുണ്ടായിരിക്കില്ല. 22 പേരടങ്ങുന്ന ടീമിന്റെ നേതൃത്വത്തിൽ 'ഓപ്പറേഷൻ തലാഷി'ലൂടെയാണ് കുൽദീപിനെ പിടികൂടിയത്. രേഖാചിത്രങ്ങളുടെ സഹായത്തോടെയാണ് പ്രതിയെ പിടികൂടാനായത്. 1,500 സിസിടിവി റെക്കോർഡിംഗുകൾ പരിശോധിക്കുകയും 600 പുതിയ ക്യാമറകൾ സ്ഥാപിക്കുകയും മൊബൈൽ ഡാറ്റ വിശകലനം ചെയ്യുകയും ചെയ്തു.

# നിരീക്ഷണം

വിശ്വാസികളായ എന്റെ ദാസൻമാരോട് താങ്കൾ പറയുക: അവർ നമസ്കാരം മുറപോലെ നിർവഹിക്കുകയും, നാം അവർക്കു നൽകിയ ധനത്തിൽ നിന്ന്, യാതൊരു ക്രയവിക്രയവും ചങ്ങാത്തവും നടക്കാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി രഹസ്യമായും പരസ്യമായും അവർ (നല്ല വഴിയിൽ) ചിലവഴിക്കുകയും ചെയ്തുകൊള്ളട്ടെ.

( വിശുദ്ധ ഖുർആൻ: 14: 31 )

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക
1446 സഫർ 06 • 1199 കർക്കിടകം 26



## കോഴിക്കാൽ തിരയുന്ന സാമാജികൻ

പ്രതി ഹാരം

കേരളത്തിന്റെ മുഖ്യമന്ത്രി അതായത് കമ്മ്യൂണിസ്റ്റുകാർ മൾട്ടിപ്പിൾ ചങ്കുണ്ടെന്ന് വിശ്വസിക്കുന്ന സാക്ഷാൽ പിണറായി വിജയൻ ഇടക്കിടെ പറയുന്ന വാക്കാണ് കുത്തിത്തിരിപ്പ് എന്നത്. ഈ വാക്ക് അദ്ദേഹത്തിന്റെ തന്നെ അണികളേയും നേതാക്കളേയും കണ്ടാണ് മുഖ്യൻ ഉപയോഗിക്കാൻ തുടങ്ങിയതെന്ന് ഇപ്പോൾ ഏറെക്കുറെ ഉറപ്പായിരിക്കുകയാണ്. രാജ്യം തന്നെ കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നായ വയനാട്ടിലെ മണ്ണിടിച്ചിൽ ദുരന്തത്തിന് ശേഷം പല സി.പി.എം നേതാക്കളും എം.എൽ.എയും ഏതാണ്ട് ഈ പണിയാണ് ഇപ്പോൾ എടുക്കുന്നത്. അല്ലേലും ചിലർ വെള്ളിവെളിച്ചത്തിലേക്ക് വരാൻ വേണ്ടി ഈ പറയുന്ന കുത്തിത്തിരിപ്പ് നടത്തുകയാണ് പതിവ്. അതിപ്പോൾ പി.ജെ ആർമിക്കു വേണ്ടി പ്രവർത്തിക്കുന്ന കേസില്ലാ വക്കീലായാലും കോന്നിയിലെ എം.എൽ.എ ആയാലും ഇക്കാര്യത്തിൽ നല്ല ഐക്യമാണ്. കുത്തിത്തിരിപ്പ് എന്ന വാക്ക് മനുഷ്യരൂപം പൂണ്ടാൽ ഏതാണ്ട് ഇവരെപ്പോലിരിക്കുമെന്നാണ് ഇപ്പോൾ നാട്ടാരൊക്കെ പറയുന്നത്. തങ്ങൾ നടത്തുന്നതൊഴിച്ച് രക്ഷാപ്രവർത്തനങ്ങളും ദുരിതാശ്വാസവും എല്ലാം ബിരിയാണിയിൽ കോഴിക്കാല് തിരയുന്നതാക്കുന്ന ഒരു തരം മാനസിക വൈകൃതം, അഥവാ പബ്ലിസിറ്റി മാനിയ ബാധിച്ചതാണ് ഇരുവർക്കും.
ഭരണത്തിലിരിക്കുന്നവരെ സുഖിപ്പിച്ച് കാര്യങ്ങൾ നേടുക എന്നത് കാലങ്ങളായി കേട്ടുകേൾവിയുള്ള സഖാക്കളുടെ പുണ്യപുരാതനമായ ബിസിനസ്സ് മാതൃകയാണ്. അതിനായി ഏത് അറ്റം വരെയും പോകുക എന്നതാണ് മേൽപറഞ്ഞ രണ്ട് കഥാപാത്രങ്ങളും ദുരന്തമുഖത്ത് പോലും ചെയ്യുന്നത്. വയനാട്ടിലെ മുണ്ടക്കൈ ദുരന്തത്തിൽ രക്ഷാ പ്രവർത്തനം നടത്തിയവരിൽ എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും രാഷ്ട്രീയമില്ലാത്തവരുമെല്ലാം ഉണ്ടായിരുന്നു. ഒരുമെയ്യായി സഹജീവികളുടെ രക്ഷക്കായി പ്രവർത്തിച്ചവരെ അഭിനന്ദിക്കേണ്ടതുമാണ്. എന്നാൽ വയനാട് ദുരന്തത്തിന് പിന്നാലെ അവിടേക്ക് ദുരിതാശ്വാസ സാമഗ്രികൾ എത്തിത്തുടങ്ങി. അവിടെ ചെമ്പും പാത്രങ്ങങ്ങളും വിഭവങ്ങളുമൊക്കെ കണ്ടപ്പോൾ എം.എൽ.എ ഒരു നിമിഷം സീതത്തോട് ലോക്കൽ സെക്രട്ടറി നിലവാരത്തിലേക്ക് കണ്ട ചെമ്പെല്ലാം ചെമ്പടാ, ഇത് ചെമ്പടാ.... എന്ന് തോന്നിയത്. പിന്നെ ഒന്നും നോക്കിയില്ല. എം.എൽ.എ എന്ന നിലയിൽ നാലാൾ അറിയാത്ത സ്ഥിതിക്ക് മുഖ്യന്റെ ഭാഷയിലെ കുത്തിത്തിരിപ്പ് വഴി ഒരു ഫ്രീ പബ്ലിസിറ്റിക്കായി തന്നാലായത്. ഒന്നും നോക്കിയില്ല 'ജീവൻ തേടിപ്പോയവർ ഇന്നും അവിടുണ്ട്, ബിരിയാണിയിൽ കോഴിക്കാല് തേടിപ്പോയവർ മലയിറങ്ങി' എന്നൊരു പോസ്റ്റങ്ങ് വെച്ചു കാച്ചി. താങ്കൾ സീതത്തോട് ലോക്കൽ സെക്രട്ടറി അല്ല കോന്നിയുടെ എംഎൽഎ ആണ് എന്ന കാര്യം സോഷ്യൽ മീഡിയ കൈകാര്യം ചെയ്യുന്ന വിവരക്കേടിനോട് പറഞ്ഞു കൊടുക്കണം, ഒരു എം.എൽ.എ നിലവാരമെങ്കിലും കാണിക്കണം, തുടങ്ങി പോസ്റ്റിന് പിന്നിൽ കമന്റുകൾ നിറഞ്ഞപ്പോഴാണ് സി.പി.എം നേതാക്കൾക്ക് പോലും ഇങ്ങനൊരാളുണ്ടെന്നത് മനസിലായത്.
സാധ്യമായതെല്ലാം ചെയ്തു സൈന്യം വരെ അഭിമാനത്തോടെ മലയിറങ്ങിയ സ്ഥിതിക്ക് കുത്തിത്തിരിപ്പ് നടത്താനുള്ള എം.എൽ.എയെ പോലെയുള്ളവർ അവിടേക്ക് പ്രസ്താവനയുമായി കയറി എന്നതാണ് യാഥാർത്ഥ്യം. ജൂലൈ 30ന് വയനാട് ദുരന്തം നടന്ന നിമിഷം മുതൽ രാഷ്ട്രീയം മറന്ന് എല്ലാവരും ഒരുമിച്ച് നിൽക്കുകയാണ്. സർക്കാരിനെ വിമർശിക്കേണ്ട പല വിഷയങ്ങൾ ഉണ്ടായിട്ടും അതിൽ നിന്നൊക്കെ മാറി പ്രതിപക്ഷവും ഭരണപക്ഷവും ചേർന്ന പ്രവർത്തനമാണ് വയനാട് നടന്നത്. യുവജന സംഘടനകൾ എല്ലാവരും അവർക്ക് സാധിക്കുന്ന രീതിയിൽ രക്ഷാപ്രവർത്തനത്തിനും റിലീഫ് പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. മുസ്‌ലിം യൂത്ത്‌ലീഗിന്റെ വൈറ്റ് ഗാർഡിന്റെ കാന്റീൻ പൂട്ടിയ വിഷയം പോലും രാഷ്ട്രീയ യുദ്ധത്തിലേക്ക് പോകാതെ യൂത്ത് ലീഗ് പക്വതയോടെ കാര്യങ്ങളെ കൈകാര്യം ചെയ്തപ്പോഴാണ് ഇത്തരത്തിൽ നിരുത്തരവാദപരവും രാഷ്ട്രീയ അശ്ലീലവും നിറഞ്ഞ വിലകുറഞ്ഞ പോസ്റ്റുമായി ഒരു നിയമസഭാ സാമാജികൻ രംഗത്തു വന്നത്. ദുരന്തം നടന്നിട്ട് ആ വഴിക്ക് തിരിഞ്ഞ് നോക്കാതെ സേഫ് സോണിലിരുന്നു പോസ്റ്റിടുന്നവനൊക്കെയാണ് രക്ഷാ പ്രവർത്തകർക്കെതിരെ ഉറഞ്ഞ് തുള്ളാനിറങ്ങി ആളാവാൻ നോക്കിയത്. സൈന്യം പോലും അവരാൽ ചെയ്യാവുന്ന എല്ലാം ചെയ്ത് മുണ്ടക്കൈയിൽ നിന്ന് മല ഇറങ്ങി. ജനീഷ് കുമാർ വിമർശിച്ച യുവജനസംഘടന പ്രവർത്തകർ ഇപ്പോഴും അവിടെ തുടരുകയാണ്. അപ്പോഴാണ് എംഎൽഎ കുത്തിരുതിരിപ്പിന്റെ നൂതന ആശയങ്ങളുമായി എത്തിയത്. കോഴിക്കാലെന്നൊക്കെ എം.എൽ.എ പരിഹസിച്ച് പുച്ഛിച്ചവർ ആയിരക്കണക്കിന് ജനങ്ങൾക്കും, ദുരിതാശ്വാസ പ്രവർത്തകർക്കും, ഉദ്യോഗസ്ഥർക്കും ദിവസങ്ങളോളം ഉറങ്ങാതെ കൃത്യ സമയത്ത് ഭക്ഷണം എത്തിച്ചു നൽകിയവരാണെന്ന് പാർട്ടിയിലെ വിഭാഗീയത കാരണം മാത്രം എംഎൽ.എയായി ദുരന്തവും രക്ഷാ പ്രവർത്തനവും കൈരളിയിൽ മാത്രം കണ്ടവർക്ക് മനസിലാവണമെന്നില്ല. ദുരന്തം കഴിഞ്ഞ് എല്ലാവരും പുനരധിവാസത്തെ കുറിച്ച് ചർച്ച ചെയ്യുന്ന സമയത്ത് ലോക ദുരന്തമാവാതിരിക്കാനെങ്കിലും എം.എൽ.എയെ വിടാതെ നോക്കേണ്ട ചുമതല ചുവന്ന പാർട്ടിക്കും ഉണ്ട്.
പഴയ ഡി.വൈ.എഫ്.ഐക്കാരന്റെ നിലവാരത്തിൽ എം.എൽ.എ പോകുമ്പോൾ നിയമസഭാ സാമാജികനാണെന്ന് അദ്ദേഹം തന്നെ മറന്നുകാണണം. ആർ.എസ്.എസ് സൈദ്ധാന്തികനെന്ന് അവകാശപ്പെടുന്ന ടി.ജി. മോഹൻദാസും വയനാട്ടിലെ രക്ഷാപ്രവർത്തകരെ പരസ്യമായി അപമാനിച്ചിരുന്നു. ജെനീഷ് കുമാർ ഇദ്ദേഹത്തെയാവണം മാതൃകയാക്കിയത്. അല്ലേലും പല കാര്യത്തിലും ഈയിടെയായി മോദി പക്ഷ നേതാക്കളുമായാണല്ലോ സി.പി.എം മുതലാളിമാർക്ക് ബന്ധം. എം.എൽ.എ ഒരുവഴിക്ക് കോഴിക്കാലു നോക്കി നടക്കുമ്പോൾ പി.ജെ ആർമിക്കായി പടവെട്ടുന്ന കേസില്ലാ വക്കീൽ സംഘടനകളും പാർട്ടികളും ദുരിതാശ്വാസം നടത്തരുതെന്നും പറഞ്ഞ് കോടതി കേറി നോക്കി. പബ്ലിസിറ്റിയാണല്ലോ സാറേ മെയിൻ. പക്ഷേ സംഗതി ബൂമറാങ്ങായി.

# ദുരന്തങ്ങളിലെ രാഷ്ട്രീയവും രാഷ്ട്രീയത്തിലെ ദുരന്തങ്ങളും



സുഫ്‌യാൻ അബ്ദുസ്സലാം

കാരുണ്യത്തിന്റെ ഈണം പകർന്ന് ഉള്ളും പുറവും ഒരുപോലെ നന്മ കരകവിഞ്ഞൊഴുകേണ്ട നിമിഷങ്ങളിലൂടെയാണ് കേരളം കടന്നുപോവുന്നത്. ഉള്ളും ഉരുളും തകർന്ന്, കണ്ണും കരളും നഷ്ടപ്പെട്ട്, വയനാട് സഹായങ്ങൾക്കായി നിലവിളിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിയുടെ മുഴുവൻ ഭംഗിയും ആവാഹിച്ചെടുത്ത് ലോകത്തെ മുഴുവൻ തന്നിലേക്ക് ആകർഷിച്ച വയനാട് ഒരു 'ഭയ'നാടായി ഹൃദയം പൊട്ടി കരഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ചക്കാണ് ലോകം സാക്ഷിയായിക്കൊണ്ടിരിക്കുന്നത്. അഭിപ്രായവ്യത്യാസങ്ങൾ അവസാനിപ്പിച്ച് വയനാട്ടിലെ ജനങ്ങൾക്ക് ആത്മവിശ്വാസം പകർന്നുകൊടുക്കാനും അവരുടെ കൂടെ ചേർന്നുനിൽക്കാനും പഴയ വയനാടിനെ പുനരുദ്ധരിക്കാനുമുള്ള ശ്രമങ്ങൾക്കാണ് കേരളം കൈകോർക്കേണ്ടത്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ, ജില്ലാ ഭരണകൂടം, സേനകൾ, ഉദ്യോഗസ്ഥ സമൂഹം, വിവിധ രാഷ്ട്രീയ കക്ഷികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി വിദ്യാർത്ഥികളും സ്ത്രീകളും സാധാരണക്കാരും അടങ്ങുന്ന മുഴുവൻ വിഭവ സമാഹരണ ശക്തികളും ആത്മാർത്ഥമായി ഒന്നിച്ച് പ്രവർത്തിക്കുക എന്ന സാഹചര്യമാണ് വയനാട്ടിൽ ഇപ്പോഴുള്ളത്. ഈ സാഹചര്യത്തിലും ദുരന്തങ്ങളിൽ രാഷ്ട്രീയം കാണാൻ ശ്രമിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. സർക്കാരുകൾ മാത്രമല്ല സാധ്യമാവുന്ന മുഴുവൻ മനുഷ്യ ശേഷിയും ഏകോപിച്ച് പ്രവർത്തിച്ചാൽ പോലും നിവാരണം നടത്താൻ സാധ്യമല്ലാത്ത കനത്ത ആഘാതമാണ് ഉണ്ടായിട്ടുള്ളത്. അതുകൊണ്ടുതന്നെ പരസ്പരമുള്ള കുറ്റപ്പെടുത്തലുകളും ഒഴിഞ്ഞുമാറലുകളും അർത്ഥശൂന്യമാണ്.




വയനാട്ടിലെ ദുരന്തത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ മടിക്കുന്നിടത്ത് നിന്ന് അതിന്റെ രാഷ്ട്രീയം ആരംഭിക്കുന്നു. രാജ്യത്തിന്റെ മുഴുവൻ ശ്രദ്ധയും സഹായവും ലഭ്യമാവുന്ന തരത്തിലുള്ള ഒരു പ്രഖ്യാപനത്തിൽ നിന്നും കേന്ദ്രസർക്കാറിനെ തടയുന്നത് രാഷ്ട്രീയ താൽപര്യം മാത്രമാണ്. അതിതീവ്ര ദുരന്തം മൂലം ഇല്ലാതായ ഒരു നാടിനെ പുനർജ്ജീവിപ്പിക്കുന്നതിന് കേവലം ആ പ്രദേശത്തെ ജനങ്ങളോ ഭരണകൂടമോ വിചാരിച്ചാൽ സാധിക്കില്ല. 2005 ലെ ദുരന്ത നിവാരണ ആക്റ്റിൽ (Disaster Management Act) ദേശീയ ദുരന്തം (National Calamtiy) എന്ന ഒരിനം ഇല്ല എന്നാണ് കേന്ദ്രത്തിന്റെ വാദം. ഇത്തരം സാങ്കേതികതകൾ ഉയർത്തിപ്പിടിക്കുന്നതിന് പകരം വായനാട്ടിലുണ്ടായ അതിതീവ്ര ദുരന്തത്തെ ഒരു ദേശീയ പ്രശ്നമായി ഏറ്റെടുക്കുകയാണ് കേന്ദ്രം ചെയ്യേണ്ടത്. 'ദേശീയ ദുരന്തം' എന്ന പ്രയോഗം ആക്റ്റിൽ ഇല്ലെങ്കിലും ' അതി തീവ്ര സ്വഭാവത്തിലുള്ള ദുരന്തം' (Calamtiy of a Severe Nature) എന്ന് പ്രത്യേകം പരാമർശിക്കുന്നുണ്ട്. ദുരന്തത്തിന്റെ തീവ്രതയും വ്യാപ്തിയും നിഗമനങ്ങൾക്കുമപ്പുറം വർധിക്കുകയും അഭൂതപൂർവമായ അവസ്ഥയിലാവുകയും സംസ്ഥാന സർക്കാറിന് സ്വന്തമായി നേരിടാൻ സാധിക്കാത്ത വിധം നിയന്ത്രണാതീതമാവുകയും ചെയ്യുമ്പോൾ കേന്ദ്ര സർക്കാറിന്റെ ഒരു ഇന്റർ മിനിസ്റ്റീരിയൽ സെൻട്രൽ ടീമിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ അതിനെ അതിതീവ്ര സ്വഭാവത്തിലുള്ള ദുരന്തമായി പ്രഖ്യാപിക്കുകയും ദേശീയ ദുരന്ത പ്രതികരണ നിധിയിൽ (എൻ.ഡി.ആർ.എഫ്) നിന്നുള്ള സഹായം എത്തിക്കണമെന്നുമാണ് ആക്റ്റ് പറയുന്നത്. ദേശീയ ദുരന്തം എന്ന പ്രയോഗമില്ല എന്ന സാങ്കേതികതകളിൽ കടിച്ചു തൂങ്ങാതെ വയനാട്ടിലെ ദുരന്തത്തെ കുറിച്ചുള്ള മന്ത്രിതല പഠനങ്ങൾ നടത്തി ഉടനടി പാക്കേജ് പ്രഖ്യാപിക്കാനുള്ള ഉത്തരവാദിത്വവും ധാർമ്മികതയുമാണ് കേന്ദ്രസർക്കാർ കാണിക്കേണ്ടത്.
വയനാട് ദുരന്തമുണ്ടായ ദിവസം തന്നെ കേരളത്തിൽ നിന്നുള്ള എം.പിമാർ വിഷയം പാർലമെന്റിൽ ഉന്നയിച്ചപ്പോൾ ആഭ്യന്തരമന്ത്രി അമിത്ഷാ വളരെ നിരുത്തരവാദപരവും തെറ്റിദ്ധാരണാജനകവുമായ മറുപടിയാണ് നൽകിയത്. ദുരന്തവേളകളിൽ പാടില്ലാത്ത രാഷ്ട്രീയമാണ് അദ്ദേഹത്തിൽ നിന്നുണ്ടായത്. ദുരന്ത സാധ്യതയെ കുറിച്ച് ജൂലൈ 18, 23, 24, 25, 26 തിയതികളിലെല്ലാം കേരളത്തിന് മുന്നറിയിപ്പ് നൽകിയിരുന്നുവെന്നും അതിന്മേൽ കേരളം നടപടി സ്വീകരിക്കാത്തത് കൊണ്ടാണ് ദുരന്തമുണ്ടായത് എന്നുമായിരുന്നു ഷായുടെ പ്രസ്താവന. എന്നാൽ ഇതേകുറിച്ച് അന്വേഷിച്ച ഇന്ത്യയിലെ പ്രമുഖ മാധ്യമങ്ങൾ ആഭ്യന്തരമന്ത്രിയുടെ പ്രസ്താവന പൊള്ളയാണെന്ന് കണ്ടെത്തുകയുണ്ടായി. ഇന്ത്യൻ കാലാവസ്ഥ വകുപ്പ് (ഐ.എം.ഡി) നൽകിയ കാലാവസ്ഥ പ്രവചനങ്ങളിൽ കേരളത്തിന്റെ തീരപ്രദേശങ്ങളെക്കുറിച്ചും ചില ഒറ്റപ്പെട്ട സ്ഥലങ്ങളെക്കുറിച്ചും നടത്തിയ സൂചനകളെയാണ് ആഭ്യന്തരമന്ത്രി പെരുപ്പിച്ച് കാട്ടിയിരിക്കുന്നത് എന്നാണ് മാധ്യമങ്ങൾ കണ്ടെത്തിയത്. ഇതേതുടർന്ന് 'ദ ഹിന്ദു'വിന്റെ അന്വേഷണം ഉയർത്തിപ്പിടിച്ച് കോൺഗ്രസ് നേതാവ് ജയറാം രമേശ് ആഭ്യന്തരമന്ത്രിക്കെതിരെ പാർലമെന്റിൽ അവകാശലംഘനം ഉന്നയിക്കുകയും ചെയ്തിരിക്കുന്നു.

> 2017 മുതൽ ഉത്തരാഖണ്ഡ് സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത് ബി.ജെ.പിയാണ്. 2020 ലെ കാട്ടുതീ, 2021 ലെ പ്രളയം, 2022 ലെ ഹിമപാതം എന്നിവയിലൂടെ അന്ന് ഉത്തരാഖണ്ഡിൽ മുന്നൂറോളം ആളുകൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. 2022 ൽ ഗുജറാത്തിലും ഇതുപോലെയുണ്ടായിട്ടുണ്ട്. ഇതെല്ലം സംഭവിക്കുന്നതിന് മുമ്പും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഉത്തരാഖണ്ഡ് ദുരന്തങ്ങളിൽ പാക്കേജ് പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാറിന് ഒട്ടും വൈമനസ്യം ഉണ്ടായിരുന്നില്ല. ആഭ്യന്തരമന്ത്രിയുടെ പ്രത്യയശാസ്ത്രത്തോടും രാഷ്ട്രീയത്തോടും വയനാട് യോജിക്കുന്നില്ല എന്ന ഒറ്റക്കാരണം കൊണ്ട് അവിടങ്ങളിൽ മൃതിയടയുകയും കാണാതാവുകയും ചെയ്ത പരശ്ശതം മനുഷ്യരോട് ക്രൂരത കാണിക്കുന്നത് മൃഗങ്ങളെപ്പോലും ലജ്ജിപ്പിക്കുന്നതാണ്.

2017 മുതൽ ഉത്തരാഖണ്ഡ് സംസ്ഥാനം ഭരിച്ചുകൊണ്ടിരിക്കുന്നത് ബി.ജെ.പിയാണ്. 2020 ലെ കാട്ടുതീ, 2021 ലെ പ്രളയം, 2022 ലെ ഹിമപാതം എന്നിവയിലൂടെ അന്ന് ഉത്തരാഖണ്ഡിൽ മുന്നൂറോളം ആളുകൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. 2022 ൽ ഗുജറാത്തിലും ഇതുപോലെയുണ്ടായിട്ടുണ്ട്. ഇതെല്ലം സംഭവിക്കുന്നതിന് മുമ്പും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഉത്തരാഖണ്ഡ് ദുരന്തങ്ങളിൽ പാക്കേജ് പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാറിന് ഒട്ടും വൈമനസ്യം ഉണ്ടായിരുന്നില്ല. ആഭ്യന്തരമന്ത്രിയുടെ പ്രത്യയശാസ്ത്രത്തോടും രാഷ്ട്രീയത്തോടും വയനാട് യോജിക്കുന്നില്ല എന്ന ഒറ്റക്കാരണം കൊണ്ട് അവിടങ്ങളിൽ മൃതിയടയുകയും കാണാതാവുകയും ചെയ്ത പരശ്ശതം മനുഷ്യരോട് ക്രൂരത കാണിക്കുന്നത് മൃഗങ്ങളെപ്പോലും ലജ്ജിപ്പിക്കുന്നതാണ്.
സർക്കാറുകൾ വിമർശിക്കപ്പെടുക സ്വാഭാവികമാണ്. വിമർശനങ്ങളിൽ ശരിയുണ്ടെങ്കിൽ അതിനെ അംഗീകരിക്കാൻ മടി കാണിക്കേണ്ടതില്ല. ഗുജറാത്ത് മുതൽ കേരളം വരെ നീളുന്ന പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ ഒട്ടേറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്ന ചില വസ്തുതകളുണ്ട്. വസ്തുതകൾക്ക് മേൽ ഒരു സർക്കാറും കണ്ണടച്ചിട്ട് കാര്യമില്ല. വിദഗ്ധർ നൽകുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും പ്രതിപക്ഷ ശബ്ദമായി കാണരുത്. മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനത്തിൽ മാധ്യമപ്രവർത്തകർ ചോദിച്ച ഒരു ചോദ്യം ഗാഡ്ഗിൽ റിപ്പോർട്ടുമായി ബന്ധപ്പെട്ടായിരുന്നു. അതിന് അദ്ദേഹം പരിഹാസരൂപേണയാണ് മറുപടി നൽകിയത്. ഗാഡ്ഗിൽ എല്ലാ കാലത്തും ചിലരിങ്ങനെ ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യമാണെന്നും കാലാവസ്ഥാ വ്യതിയാനം ഒരു ആഗോള പ്രശ്നമാണെന്നും അതിലിപ്പോ നമുക്കെന്ത് ചെയ്യാൻ സാധിക്കും തുടങ്ങി വളരെ ലാഘവത്തോടെയുള്ള മറുപടിയാണ് അദ്ദേഹം നൽകിയത്. പശ്ചിമഘട്ടത്തിന്റെ ഭാഗമായി കേരളത്തിലുള്ള വയനാട്, ഇടുക്കി തുടങ്ങിയ അതിലോല പ്രദേശങ്ങളിലെ കർഷകർ അടക്കമുള്ളവരുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുള്ള നടപടികൾ അനിവാര്യമാണെന്നാണ് വയനാട് ദുരന്തം ബോധ്യപ്പെടുത്തുന്നത് എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് ഗാഡ്ഗിൽ റിപ്പോർട്ടിൽ പരമാവധി ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുമെന്ന മറുപടിയായിരുന്നു കേരളം മുഖ്യമന്ത്രിയിൽ നിന്ന് പ്രതീക്ഷിച്ചിരുന്നത്.
ദുരന്തമുഖങ്ങളിൽ സഹായമെത്തിക്കുന്നവരുടെ രാഷ്ട്രീയ കാഴ്ചപ്പാടുകളോ അവരുടെ മതാഭിമുഖ്യങ്ങളോ പരിശോധിച്ച് വിവേചനം കൽപിക്കുന്ന നിലപാട് പക്വതയുള്ള ഭരണ നേതൃത്വത്തിനോ ഉദ്യോഗസ്ഥ സമൂഹത്തിനോ ഉണ്ടാവാൻ പാടുള്ളതല്ല. പരമാവധി മനുഷ്യവിഭവശേഷിയെ ഏകോപിപ്പിച്ച് സേവനപ്രവർത്തനങ്ങൾ വ്യാപിക്കുന്നതിനായിരിക്കണം സർക്കാർ പരിശ്രമിക്കേണ്ടത്. മുണ്ടക്കൈയിലും ചൂരൽമലയിലുമെല്ലാം അക്ഷീണം പ്രവർത്തിച്ച ഒട്ടനവധി സേവനപ്രവർത്തകരുണ്ട്. കേന്ദ്ര സേനാംഗങ്ങൾക്കും പൊലീസിനും നാട്ടുകാർക്കും ദുരന്തങ്ങളിൽ ഇരയായവർക്കും ഭക്ഷണം എത്തിക്കുക എന്നത് കഠിനാധ്വാനമാണ്. എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ദിവസങ്ങളോളം ഭക്ഷണം പാകം ചെയ്ത് പ്രദേശത്തെ എല്ലാവർക്കും എത്തിച്ചുകൊടുത്ത യൂത്ത് ലീഗ് വൈറ്റ്ഗാർഡിന്റെ സന്നദ്ധപ്രവർത്തകരുടെ സേവനം ഒരു ചർച്ചയുമില്ലാതെ ഒറ്റയടിക്ക് നിർത്തിവെച്ചതിന്റെ പിന്നിൽ പ്രവർത്തിച്ചത് ദുരന്തമുഖങ്ങളിൽ ഒരിക്കലും പാടില്ലാത്ത രാഷ്ട്രീയ കുടിലതയാണ് എന്ന കാര്യത്തിൽ തർക്കമില്ല. സംസ്ഥാന സർക്കാറിന്റെ ദുരന്താനന്തര നടപടികൾക്ക് പ്രതിപക്ഷ നേതാവും ഉപനേതാവും എല്ലാ പ്രതിപക്ഷ കക്ഷികളും മത സാംസ്കാരിക സമൂഹങ്ങളും പിന്തുണ പ്രഖ്യാപിച്ചത് കേരളത്തിന്റെ രാഷ്ട്രീയ ഔന്നത്യബോധത്തിന്റെ ഭാഗമായി കാണേണ്ടതുണ്ട്.
ജനങ്ങളുടെ നന്മ ലക്ഷ്യം വെച്ചുകൊണ്ടാണ് രാഷ്ട്രീയം പ്രവർത്തിക്കേണ്ടത്. രാഷ്ട്രീയ കക്ഷികളും അതിന്റെ നേതാക്കളും അങ്ങനെയാണ് ചിന്തിക്കേണ്ടത്. ഒരു സർക്കാറിന്റെ ഏറ്റവും മുഖ്യമായ അജണ്ടയാവേണ്ടത് സ്വന്തം ജനങ്ങളുടെ സുരക്ഷയായിരിക്കണം. ഭാവിയിൽ വരാനിരിക്കുന്ന ദുരന്തങ്ങളെ മുന്നിൽ കണ്ടുകൊണ്ടുള്ള നടപടികളാണ് കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങളിൽ നിന്നും ജനം ഉറ്റുനോക്കുന്നത്. വയനാടും കേരളത്തിലെ മറ്റു പ്രകൃതിലോല പ്രദേശങ്ങളും അത്യാസന്നമായ നിലയിൽ കിടക്കുമ്പോഴല്ല പരസ്പരമുള്ള പഴി പറച്ചിലുകളും രാഷ്ട്രീയ വിമർശനങ്ങളും നടത്തേണ്ടത്. കേരളത്തിന് ഒരു കാര്യം മാത്രമേ ഓർമ്മപ്പെടുത്താനുള്ളൂ. ദുരന്തങ്ങളെ രാഷ്ട്രീവത്കരിക്കരുത്. രാഷ്ട്രീയം ഒരു ദുരന്തമായിത്തീരുകയും ചെയ്യരുത്.

chandrikapostbox@gmail.com

## പോസ്റ്റ് ബോക്സ്

### പ്രധാനമന്ത്രി സഹായധനം പ്രഖ്യാപിക്കണം

സമീപ ഭാവിയിൽ ഇന്ത്യ കണ്ടിട്ടില്ലാത്ത ഏറ്റവും വലിയ ദുരന്തത്തിന് സാക്ഷിയായ വയനാട്ടിൽ പ്രധാനമന്ത്രി സന്ദർശിക്കാൻ തയാറായത് സ്വാഗതാർഹമായ കാര്യമാണ്. ഉറ്റവരും ഉടയവരും നഷ്ടപ്പെടുകയും താമസിക്കുന്ന വീട് ഉൾപ്പെടെയുള്ള എല്ലാ സമ്പാദ്യവും ഇല്ലാതാവുകയും ചെയ്ത് കടുത്ത മാനസിക ആഘാതത്തിൽ കഴിയുന്നവർ വളരെ പ്രതീക്ഷയോടെയായിരുന്നു പ്രധാനമന്ത്രിയുടെ സന്ദർശനത്തെ കണ്ടിരുന്നത്. പക്ഷേ കേരളത്തോടൊപ്പം ഉണ്ടാകുമെന്ന ഒരു ചെറിയ ആശ്വാസവാക്ക് അല്ലാതെ താൽക്കാലിക സഹായധനം എങ്കിലും പ്രഖ്യാപിക്കാത്തത് ദുരന്തത്തിന് വിധേയരായ വയനാട്ടിലെ പാവങ്ങൾക്ക് കണ്ണീർ മഴയാണ് സമ്മാനിച്ചത്.
2018 ൽ കേരളത്തിൽ പ്രളയം ഉണ്ടായപ്പോൾ പ്രധാനമന്ത്രി ഹെലികോപ്റ്ററിൽ മുഖ്യമന്ത്രിക്കും പ്രതിപക്ഷ നേതാവിനുമൊപ്പം ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. ഹെലികോപ്റ്ററിൽ നിന്ന് ഇറങ്ങി ഡൽഹിയിലേക്കുള്ള ഫ്ളൈറ്റ് കയറുന്നതിന് മുമ്പ് അദ്ദേഹം സഹായ ദനം പ്രഖ്യാപിച്ചിരുന്നു.
ഇത്രത്തോളം ഭയാനകമായ ഒരു ദുരന്തം ആയിരുന്നില്ല അന്ന് സംഭവിച്ചിരുന്നത്. സമാനതകളില്ലാത്ത ദുരന്തവും അതിനു വിധേയരായവർ നേരിട്ടത് വിവരണാതീതമായ നഷ്ടവുമാണ് പ്രധാനമന്ത്രിക്ക് മുൻപിൽ അനാവരണം ചെയ്യപ്പെട്ടത്. കേരളത്തോടൊപ്പം ഉണ്ടാകും എന്ന പ്രധാനമന്ത്രിയുടെ വാക്കിനെ കേരളം മുഖവിലക്കെടുക്കുകയാണ്. തീർച്ചയായും വയനാട്ടിലെ ജനങ്ങളെ പുനരധിവസിപ്പിക്കാനുള്ള പാക്കേജ് കേന്ദ്ര മന്ത്രിസഭ ഉടൻ തന്നെ പ്രഖ്യാപിക്കണം.

അലി കട്ടയാട്ട്

### ദുരന്തമുഖത്തെ ഓഫ് റോഡ് വാഹനങ്ങൾ...

വയനാട് ദുരന്തത്തിന്റെ രക്ഷാപ്രവർത്തനത്തിൽ ഓഫ്റോഡ് വാഹനങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഉരുൾപൊട്ടലിന്റെ ആഘാതം മൂലം കുണ്ടും കുഴിയും പാറക്കൂട്ടങ്ങളും ചളിക്കെട്ടുകളുമായ പ്രതലത്തിലൂടെ സഞ്ചരിക്കാൻ കഴിയാത്ത സാധാരണ വാഹനങ്ങളെ മാറ്റിനിർത്തിക്കൊണ്ട് മുൻനിരയിലേക്ക് എത്തുകയാണ് ഓഫ് റോഡ് വാഹനങ്ങൾ. വാഹനങ്ങളുടെ മോഡിഫിക്കേഷന് പിഴയിട്ടു കൊണ്ട് ആഘോഷിച്ച ദിനങ്ങളിൽ നിന്ന് വിദൂരമല്ലാതെ തന്നെ അവരയുടെ ആവശ്യകതയെ ലോകം നേരിൽ കാണുകയാണ്. പിഴ ഈടാക്കിയവരും അതിനെ പിന്താങ്ങിയവരും ഇന്ന് ഓഫ് റോഡ് വാഹനങ്ങളുടെ മഹിമ പറഞ്ഞുകൊണ്ടിരിക്കുകയാണ്. മോഡിഫിക്കേഷൻ ഒരു കലയാണ്. അത്തരം വാഹനങ്ങൾ കൊണ്ട് ഓഫ് റോഡിലൂടെ റൈഡ് നടത്തലും ഒരു സാഹസിക കലയാണ്. ഒറ്റ ദിവസം കൊണ്ട് ആർജിച്ചെടുക്കാൻ കഴിയുന്നതല്ല അത്. ആവശ്യകത ബോധ്യമെങ്കിൽ നിയമപരമായി അവർക്ക് പിന്തുണ നൽകൽ അനിയോജ്യമാണ്.

ആബിദ് എടവരാട്

### ജീവന് വില കൽപ്പിക്കുക

കർണാടകയിലെ ഷിരൂരിൽ നടന്ന സംഭവം വളരെ ഗൗരവപ്പെട്ടതാണെന്നും തിരച്ചിൽ തുടരണമെന്നും കർണാടക ഹൈക്കോടതി നിർണായക ഉത്തരവ് പുറപ്പെടുവിച്ചത് പ്രതീക്ഷ നൽകുന്നതാണ്.
മണ്ണിടിച്ചിലിൽ കാണാതായ കണ്ണാടിക്കൽ സ്വദേശി അർജുൻ കണാമറയത്തായിട്ട് ദിവസങ്ങൾ ഏറെയായി. പുനർത്തിരച്ചിൽ സാധ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് മകനെ കാത്തിരിക്കുന്ന അമ്മയുടെ നൊമ്പരങ്ങൾക്ക് വിലകൽപ്പിക്കേണ്ടതുണ്ട്. അതുപോലെ തന്നെ വയനാട് നടന്ന ദുരന്തം മുന്നറിയിപ്പായി കണ്ട് വേണ്ട മുൻകരുതലുകൾ ഇനിയെങ്കിലും സർക്കാർ സ്വീകരിക്കണം. മാപ്പിങ് നടത്തി പരിഹാരനടപടികൾ ആവിഷ്കരിക്കുകയും പാറപൊട്ടിച്ചും മലയിടിച്ചുമുള്ള വൻകിട വികസന പദ്ധതികൾ മാറ്റിനിർത്തി സർക്കാറും സന്നദ്ധ സംഘടനകളും അനുയോജ്യമായ പുനരധിവാസം നടപ്പിലാക്കണം. വർഷങ്ങൾ പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിൽ അപകടം വല്ലതും പിണഞ്ഞാൽ കുറഞ്ഞത് നാൽപ്പത് ലക്ഷം ജനങ്ങളെങ്കിലും ഇല്ലാതാവും. പെരിയാർ തീരത്ത് താമസിക്കുന്ന പതിനായിരക്കണക്കിന് ജനങ്ങളുടെ ജീവന് ഒരു വിലയുമില്ലേ. കനേഡിയൻ സാങ്കേതികവിദ്യ ഉപയോഗിച്ചുണ്ടാക്കിയ ഇടുക്കി ഡാമിന് മുല്ലപെരിയാർ തകർന്നാൽ ഉണ്ടാകുന്ന ശക്തമായ ഒഴുക്ക് അതിജീവിക്കാൻ സാധ്യമാണോ എന്ന് പറയാനാവില്ല. ഭൂവിസ്തൃതി കുറവും ജനസാന്ദ്രത കൂടുതലുമുള്ള സംസ്ഥാനമായ കേരളത്തിൽ കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതം കൂടുതലായി ബാധിക്കും. അതിനാൽ തന്നെ പരിസ്ഥിതി ദുർബലമേഖലയിൽ ഇനിയും ദുരന്തം ഉണ്ടാവാതിരിക്കാൻ കേരളത്തിന്റെ ഭൂപരിസ്ഥിതിക്ക് അനുയോജ്യമായ വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

ഷാമിൽ എഴുത്തുംതൊടി

### അവുക്കാദർ കുട്ടി നഹ



കേരളത്തിന്റെ മുൻ ഉപമുഖ്യമന്ത്രിയും ഒരുവ്യാഴവട്ടത്തിലേറെ കാലം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും പ്രഗത്ഭ നിയമസഭാ സാമാജികനും മൂന്നുപതിറ്റാണ്ട് തുടർച്ചയായി തിരൂങ്ങാടിയുടെ എം എൽ എ യുമായിരുന്ന സമുന്നത മുസ്‌ലിം ലീഗ് നേതാവ് കെ അവുക്കാദർക്കുട്ടി നഹ വിടപറഞ്ഞിട്ട് ഇന്ന് 36 വർഷം

RNI 3018/1957 Vol No. 91. Issue No.210 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



ഗസ്സ വെടിനിർത്തൽ ചർച്ചകൾക്കായി യു.എസ്, ഖത്തർ, ഈജിപ്ത് രാജ്യങ്ങളുടെ സംയുക്ത ആഹ്വാനത്തിന് അനുകൂല പ്രതികരണമാണ് ലഭിക്കുന്നത്. ഇസ്രാഈൽ പ്രതിനിധി സംഘത്തെ അയക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഹമാസും അനുകൂലമായാണ് പ്രതികരിക്കുന്നത്. ഹമാസ് സംഘത്തെ പങ്കെടുപ്പിക്കാൻ എല്ലാ ശ്രമങ്ങളും നടത്തുമെന്ന് ഖത്തർ ഉറപ്പു നൽകിയിട്ടുണ്ട്.

**–ജോൺ കിർബി**
(വൈറ്റ് ഹൗസ് സുരക്ഷാ വക്താവ്)

## മത്സ്യബന്ധനത്തിന് വിലക്ക്



തിരുവനന്തപുരം: തെക്കൻ കേരള ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് മുതൽ ബുധനാഴ്ച വരെ തെക്കൻ കേരള ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്രകാലാവസ്ഥ വകുപ്പ് അറിയിച്ചു.

# കേരള വാർത്തകൾ

## ഗുണ്ടാ നേതാവിനെ വെട്ടിക്കൊന്നു



തിരുവനന്തപുരം: ശ്രീകാര്യത്ത് മൂന്നംഗ സംഘം വെട്ടിപരുക്കേൽപ്പിച്ച ഗുണ്ടാ നേതാവ് മരിച്ചു. വട്ടപ്പാറ കുറ്റിയാണി സ്വദേശി വെട്ടുകത്തി ജോയിയാണ് (42) മരിച്ചത്. വെട്ടേറ്റ് മൂന്നു മണിക്കൂറോളം റോഡിൽ രക്തത്തിൽ കുളിച്ചു കിടന്ന ജോയിയെ പൊലീസ് എത്തിയാണ് ആശുപത്രിയിൽ എത്തിച്ചത്. വെള്ളിയാഴ്ച രാത്രി എട്ടരയോടെ പൗഡിക്കോണം സൊസൈറ്റി ജങ്ക്ഷനിൽ ആയിരുന്നു സംഭവം. മൂന്നംഗ സംഘം കാറിലെത്തിയാണ് വെട്ടുകത്തിയും വടിവാളും ഉപയോഗിച്ച് ജോയിയെ വെട്ടിയത്. ഇയാളുടെ ഓട്ടോറിക്ഷയും അടിച്ചുതകർത്തു. പൊലീസ് കാപ്പ ചുമത്തി അറസ്റ്റ് ചെയ്തിരുന്ന ജോയി മൂന്നു ദിവസം മുൻപാണ് ജയിലിൽ നിന്നിറങ്ങിയത്. പൗഡിക്കോണം വിഷ്ണു നഗറിലായിരുന്നു ജോയി താമസിച്ചിരുന്നത്. രണ്ടു കാലിലും ഗുരുതര പരുക്കേറ്റ ജോയിയെ തിരുവനന്തപുരം മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചെങ്കിലും പുലർച്ചെ രണ്ട് മണിയോടെ മരണം സ്ഥിരീകരിച്ചു. ഗുണ്ടാ കുടിപ്പകയാകാം കൊലപാതകത്തിനു പിന്നിലെന്നാണ് പൊലീസ് പറഞ്ഞു. പ്രതികളെ കണ്ടെത്താനായിട്ടില്ല. പ്രതികൾ വന്ന കാറിന്റെ സി.സി ടിവി ദൃശ്യങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം ആരംഭിച്ചു.

## പയ്യന്നൂർ പാലക്കോട് കടപ്പുറത്ത് വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു



പയ്യന്നൂർ: രാമന്തളി പാലക്കോട് അഴിമുഖത്ത് മണൽത്തിട്ടയിൽ തട്ടി ഫൈബർ വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു. പാലക്കോട് സ്വദേശി കുഞ്ഞിക്കലന്തന്റ കത്ത് നാസർ(53)ആണ് മരിച്ചത്. കൂടെയുണ്ടായിരുന്ന രണ്ടു പേർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു. ഇന്നലെ രാവിലെ 6.30ഓടെയാണ് അപകടം. പുറംകടലിൽ നിന്ന് മത്സ്യം പിടിക്കുന്ന ബോട്ടിൽ നിന്ന് മത്സ്യം ഹാർബറിലെത്തിക്കാനായി ചെറിയ ഫൈബർ വള്ളത്തിൽ പാലക്കോട് സ്വദേശി കളായ നാസറും എസ് വി അജ്മലും ഒഡീഷ സ്വദേശിയും ചേർന്ന് പോകുന്നതിനിടെയാണ് നിരവധി അപകടങ്ങൾക്ക് സാക്ഷ്യം വഹിച്ച പാലക്കോട് അഴിമുഖത്തെ മൺതിട്ടയിൽ ഇടിച്ച് വള്ളം മറിഞ്ഞത്. അപകടത്തിൽപ്പെട്ട നാസറിനെ നാട്ടുകാർ ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. വിദേശത്ത് ജോലി ചെയ്തിരുന്ന നാസർ നാട്ടിൽ തിരിച്ചെത്തിയ ശേഷം മത്സ്യബന്ധന ജോലി ചെയ്തുവരികയായിരുന്നു. പാലക്കോട്ടെ നഫീസയുടെയും പരേതനായ മുഹമ്മദിന്റെയും മകനാണ്. ഭാര്യ: മൻസൂറ. മകൾ: മസ്ന. മരുമകൻ: വാജിദ്(ദുബൈ). സഹോദരങ്ങൾ: അബ്ദുല്ല, ബഷീർ, ഇസ്മായിൽ, ഫൗസിയ.
പാലക്കോട് അഴിമുഖത്ത് ഇതിന് മുമ്പും നിരവധി അപകടങ്ങളിൽ ഏറെ പേർക്ക് ജീവൻ നഷ്ടപ്പെടുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. അപകട വിവരമറിഞ്ഞ് കടലിൽപോയിരുന്ന മത്സ്യത്തൊഴിലാളികൾ തിരിച്ചുവന്നു. നാസറിന്റെ വിയോഗത്തിൽ അനുശോചിച്ച് പാലക്കോട് ഹാർബറിൽ ഹർത്താൽ ആചരിച്ചു.വിവരമറിഞ്ഞ് മുസ്ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി കെ.ടി സഹദുല്ല മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിയിരുന്നു.

## വള്ളം മറിഞ്ഞു കാണാതായ മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി



തിരുവനന്തപുരം: മത്സ്യബന്ധനത്തിനിടെ തുമ്പയിൽ വള്ളം മറിഞ്ഞു കാണാതായ മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി. തുമ്പ സ്വദേശി സെബാസ്റ്റ്യൻ ആൽബിയുടെ മൃതദേഹം രാജീവ് ഗാന്ധി നഗറിനു സമീപം കരയ്ക്കടിയുകയായിരുന്നു. ബുധനാഴ്ചയാണ് സെബാസ്റ്റ്യനെ കാണാതാവുന്നത്.
സെബാസ്റ്റ്യനായി കഴിഞ്ഞ മൂന്ന് ദിവസമായി തിരച്ചിൽ നടത്തിവരികയായിരുന്നു. മത്സ്യത്തൊഴിലാളികളുടെയും കോസ്റ്റ് ഗാർഡിന്റെയും മറൈൻ എൻഫോഴ്സ്മെന്റിന്റെയും തീരദേശ പൊലീസിന്റെയും നേതൃത്വത്തിലായിരുന്നു തിരച്ചിൽ. ഇതിനിടെയാണ് മൃതദേഹം ഇന്നലെ രാവിലെയോടെ തീരത്ത് അടിഞ്ഞത്. തുമ്പ രാജീവ് ഗാന്ധി നഗറിനു സമീപം കരയ്ക്കടിഞ്ഞ മൃതദേഹം മോർച്ചറിയിലേക്ക് മാറ്റി.
ബുധനാഴ്ച രാവിലെ എട്ടു മണിയോടെ മത്സ്യബന്ധനത്തിനായി പുറപ്പെടുമ്പോഴായിരുന്നു അപകടം ഉണ്ടാകുന്നത്. ശക്തമായ തിരയടിയിൽ വള്ളം മറിയുകയായിരുന്നു. വള്ളത്തിൽ ഉണ്ടായിരുന്ന അഞ്ചുപേരിൽ നാലുപേർ നീന്തിക്കയറിയെങ്കിലും സെബാസ്റ്റ്യൻ തിരച്ചുഴിയിൽപ്പെട്ട് കാണാതാവുകയായിരുന്നു.

## റബർ വില 250 കടന്ന് സർവകാല റിക്കാർഡിൽ

കോട്ടയം: റബർ വില 250 രൂപ കടന്ന് സർവകാല റിക്കാർഡിലേക്ക്. വെള്ളിയാഴ്ച ആഭ്യന്തര മാർക്കറ്റിൽ ആർഎസ്എസ് നാലിനു കിലോയ്ക്ക് 255 രൂപ നിരക്കിൽ വ്യാപാരം നടന്നു. കഴിഞ്ഞ ജൂൺ പത്തിനാണ് റബർ വില 200 രൂപ കടന്നത്. വെള്ളി, ശനി ദിവസങ്ങളിൽ കോട്ടയം, കൊച്ചി മാർക്കറ്റിൽ റബർ ബോർഡ് വില 247 രൂപയായിരുന്നു.
അഗർത്തല മാർക്കറ്റ് വില 237 രൂ പയായി ഉയർന്നു. ഇതിന് മുൻപ് ഏറ്റവും ഉയർന്ന വിലയായ 243 രൂപ രേഖപ്പെടുത്തിയത് 2011 ഏപ്രിൽ അഞ്ചിനാണ്. അന്ന് രാജ്യാന്തര വില 292.97 രൂപയായിരുന്നു.
2016 ഫെബ്രുവരിയിൽ 91 രൂപയായി കുറഞ്ഞതാണ് 13 വർഷത്തിനിടയിലെ എറ്റവും താഴ്ന്ന വില. അതേസമയം, രാജ്യാന്തര വിലയിൽ ഇപ്പോൾ വലിയ വർധന പ്രകടമാകുന്നില്ല. കഴിഞ്ഞ ദിവസം ആർഎസ്എസ് നാലിനു 204.63 രൂപയായിരുന്ന വില 203.94 രൂപ യായി കുറഞ്ഞു. ആഭ്യന്തര മാർക്കറ്റിൽ റബർ വരവ് കുറഞ്ഞതോടെ കമ്പനികൾ വിപണിയിൽ നിന്ന് പരമാവധി ചരക്ക് ശേഖരിക്കുകയാണ്. ലാറ്റക്സ് വില 245 രൂപയിൽ എത്തിയിട്ടുണ്ട്. വിദേശത്തും ആഭ്യന്തര വിപണിയിലും റബറിന് കടുത്ത ക്ഷാമം തുടരുന്ന സാഹചര്യത്തിൽ റബർ ബോർഡും റിക്കാർഡ് വില പ്രഖ്യാപനം നടത്തി. നാലു രൂപയുടെ വർധനയാണ് റബർ ബോർഡ് രേഖപ്പെടുത്തിയത്. മഴ വീണ്ടും ശക്തിപ്പെടുമെന്നാണ് കാലാവസ്ഥാപ്രവചനം. വെള്ളിയാഴ്ച മുൻനിര ചെരിപ്പുനിർമാണ കമ്പനി കോട്ടയം മാർക്കറ്റിൽ 255 രൂപയ്ക്ക് ഷീറ്റ് വാങ്ങാൻ തയാറായി. ഒരു ടയർ കമ്പനി 253 രൂപയ്ക്ക് ഷീറ്റ് വാങ്ങി. ഈ സാഹചര്യത്തിൽ വില ഉയരാണ് സാധ്യത. ലാറ്റക്സ് വിലയിൽ ദിവസേന വ്യതിയാനമുണ്ടെങ്കിലും 135-140 രൂപ നിരക്കിൽ വിലയുണ്ട്. നന്നായി ഉണങ്ങിയ ഒട്ടുപാലിന് ഇന്നലെ ക്രംബ് ഫാക്ടറികൾ 170 വരെ വില നൽകി. ടയർ കമ്പനികളിൽനിന്നു ലഭിക്കുന്ന ഓർഡറിന്റെ തോതിൽ ക്രംബ് നൽകാൻ ക്രംബ് ഫാക്ടറികൾക്ക് സാധിക്കുന്നില്ല. ഒട്ടുപാൽ ക്ഷാമം പരിഹരിക്കാൻ ഏതാനും ക്രംബ് ഫാക്ടറികൾ കപ്പ് ലംബ് (ചണ്ടിപ്പാൽ) സംഭരിച്ച് സംസ്കരിക്കുന്നുണ്ട്.
അതേസമയം ഏതാനും ടയർ കമ്പനികൾ രണ്ടു ദിവസമായി മാർക്കറ്റ് വിട്ടുവിട്ടുനിൽക്കുന്ന സാഹചര്യവുമുണ്ട്. വിദേശത്ത് ക്രംബ് വില 160 രൂപയിൽ താഴെയാണെന്നിരിക്കെ തീരുവ അടച്ച് ഇറക്കുമതി നടത്താനുള്ള നീക്കം തുടരുകയാണ്.സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ രണ്ടു ലക്ഷം ടൺ ക്രംബ് തായ്‌ലാൻഡ്, ഇന്തോനേഷ്യ, വിയറ്റ്നാം എന്നിവടങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാൻ നീക്കം നടത്തുന്നു. ഇത്തരത്തിൽ ചരക്കുമായി കപ്പലുകൾ എത്തിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്.
അതേസമയം കേരളത്തിൽ മഴ ഒക്ടോബർ വരെ ശക്തമായി തുടർന്നാൽ ഇക്കൊല്ലം റബർ ഉത്പാദനം മുൻവർഷത്തെക്കാൾ കുറയും. ജൂണിലും ജൂലൈയിലും പതിനായിരം ടണ്ണിൽ താഴെയാണ് കേരളത്തിലെ റബർ ഉത്പാദനം. ടാപ്പിംഗ് നടത്തുന്ന 45 ശതമാനം തോട്ടങ്ങളിലും ലാറ്റക്സ് വിൽക്കുന്ന സാഹചര്യവുമുണ്ട്.

## ഭാരതീയം മാധ്യമ പുരസ്കാരം സിദ്ദീഖ് ഫൈസി വാളക്കുളത്തിന്



*സിദ്ധീഖ് ഫൈസി*

തിരുവനന്തപുരം: ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയും ആധുനിക ഇന്ത്യയുടെ ശിൽപിയുമായ ജവഹർലാൽ നെഹ്റുവിന്റെ സ്മരണാർത്ഥം പ്രവർത്തിക്കുന്ന ജവഹർലാൽ നെഹ്റു കൾച്ചറൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കലാ സാംസ്കാരികമാധ്യമ ജീവകാരുണ്യ മേഖലകളിൽ മികവാർന്ന പ്രവർത്തനങ്ങൾ നടത്തി വ്യക്തിമുദ്ര പതിപ്പിച്ച് പ്രാവീണ്യം നേടിയ പ്രതിഭകൾക്കുള്ള ഭാരതീയം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ദൃശ്യ മാധ്യമ രംഗത്തെ പ്രവർത്തനത്തിനുള്ള പുരസ്കാരം ദർശന ടി വി സി ഇ ഒ സിദ്ധീഖ് ഫൈസി വാളകുളത്തിന് ലഭിച്ചു. മികച്ച വാർത്ത അവതാരകൻ.ഹാഷ്മി താജ് ഇബ്രാഹീം, സീനിയർ ന്യൂസ് എഡിറ്റർ, 24 മികച്ച വാർത്ത അവതാരിക സേതു ലക്ഷ്മി എൽ.ജെ ചീഫ് സബ് എഡിറ്റർ, ന്യൂസ് മലയാളം 24X7 മികച്ച ദൃശ്യമാധ്യമ പ്രവർത്തകനുള്ള പുരസക്കാരം പി.വി കുട്ടൻ ന്യൂസ് എഡിറ്റർ കൈരളി ടിവി മികച്ച വിഷ്വൽ സ്റ്റോറി റിപ്പോർട്ടർ ബി.എൽ.അരുൺ സീനിയർ കറസ്പോണ്ടൻറ് മനോരമ ന്യൂസ് മികച്ച ഇന്റർവ്യൂവർ, ദീപക് ധർമ്മടം അസി.എക്സിക്യുട്ടീവ് എഡിറ്റർ 24, മികച്ച റിപ്പോർട്ടർ അരുൺ അമൃതനാഥ്, റിപ്പോർട്ടർ, മാതൃഭൂമി ന്യൂസ് മികച്ച വനിതാ റിപ്പോർട്ടർ സാനിയോ വി.എസ്.ചീഫ് റിപ്പോർട്ടർ,റിപ്പോർട്ടർ ടിവി മികച്ച ക്യാമറാമാൻ രാഹുൽ ചന്ദ്രൻ.ജെ സീനിയർ ക്യാമറാമാൻ,ജനം ടി വി മികച്ച കറണ്ട് അഫേഴ്സ് റിപ്പോർട്ടർ ഷബീർ ഒമർ ചീഫ് ബ്രോഡ്കാസ്റ്റിങ് ജേണലിസ്റ്റ്, മീഡിയാവൺ ടിവി മികച്ചഅന്വേഷണാത്മക റിപ്പോർട്ടർ വി.എസ് അനുരാഗ് സീനിയർ റിപ്പോർട്ടർ ന്യൂസ് മലയാളം 24 X 7 സ്പെഷ്യൽ റിപ്പോർട്ടിങ് വർഷ ഗിരീഷ്, റിപ്പോർട്ടർ അമൃത ടിവി മുതിർന്ന മാധ്യമ പ്രവർത്തകൻ പി.എം ഹുസൈൻ ജിഫ്രി തങ്ങൾ ചെയർമാനും എസ്.അനുജ, നിത്യ ടി.എസ്, ദുനുംസ് പേഴുംമൂട്, അജിത്ത് വട്ടപ്പാറ തുടങ്ങിയവർ അംഗങ്ങളുമായിട്ടുള്ള ജൂറി കമ്മിറ്റിയാണ് പുരസ്ക്കാര ജേതാക്കളെ തിരഞ്ഞെടുത്തത്. സ്വാതന്ത്ര്യദിനത്തിൽ ആഗസ്റ്റ്15ന് രാവിലെ 10 മണിക്ക് കോഴിക്കോട് കൈരളി ശ്രീ തിയേറ്റർ സമുച്ചയത്തിലെ വേദി ഓഡിറ്റോറിയത്തിൽ സംഘാടക സമിതി ചെയർമാൻ ജഗത് മയൻ ചന്ദ്രപുരിയുടെ അധ്യക്ഷതയിൽ മന്ത്രി എ കെ ശശീന്ദ്രൻ പുരസ്കാരങ്ങൾ വിതരണം ചെയ്യുമെന്ന് പ്രസിഡന്റ് പൂവച്ചൽ സുധീർ അറിയിച്ചു.



*കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ ദക്ഷിണ മഹല്ല് സംഗമ സ്വാഗത സംഘം യോഗം സംസ്ഥാന പ്രസിഡന്റ് കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി ഉദ്ഘാടനം ചെയ്യുന്നു.*

## സംയുക്ത പാർലമെന്ററി കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തണം: ജമാഅത്ത് ഫെഡറേഷൻ

കൊല്ലം: വഖഫ് ഭേദഗതി നിയമം ചർച്ചചെയ്യുന്ന സംയുക്ത പാർലമെന്ററി സമിതിയിൽ കേരളത്തിന്റെ പ്രതിനിധിയെ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന് കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി യോഗം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. സ്ഥാപനങ്ങളും വസ്തുവകകളും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്ന കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങൾക്ക് പോലും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന കേരളത്തിന്റെ പ്രതിനിധി 31 അംഗങ്ങളുള്ള പാർലമെന്റിൽ സമിതിയിൽ ഉൾപ്പെട്ടില്ല എന്നുള്ളത് ആശ്ചര്യപ്പെടുത്തുന്നുവെന്ന് യോഗം ഉദ്ഘാടനം ചെയ്ത കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി പറഞ്ഞു. വഖഫിന്റെ മതപരമായ വീക്ഷണവും ന്യൂനപക്ഷ സമൂഹത്തിന്റെ ഇക്കാര്യത്തിലുള്ള ആശങ്കകളും പാർലമെന്ററി സമിതി ഗൗരവമായി പരിഗണിക്കുമെന്ന് വിശ്വസിക്കുന്നതായും അദ്ദേഹം പറഞ്ഞു. ജില്ലാ പ്രസിഡന്റ് കുളത്തൂപ്പുഴ സലീം അധ്യക്ഷനായി. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. കെ.പി മുഹമ്മദ്, പ്രഫ. മുഹമ്മദ് കുഞ്ഞ്, മാർക്ക് അബ്ദുൽ സലാം, അഡ്വ. കുറ്റിയിൽ ഷാനവാസ്, കണ്ണനല്ലൂർ നിസാമുദ്ദീൻ, അഡ്വ. റിയാസ് സമദ്, എം.എം ജലീൽ പുനലൂർ, കണ്ണനല്ലൂർ നിസാമുദ്ദീൻ, അഡ്വ. റിയാസ് സമദ്, എ.എ വാഹിദ്, കുഴിവേലി നാസർ, മൈലക്കാട് ഷാ, നാസർ കടപ്പാക്കട, ഉമറുദ്ദീൻ കരുവ, എ.ഇ സുൽഫിക്കർ, കോട്ടൂർ നൗഷാദ്, കെ.ഇ ഷാജഹാൻ, കെ. താജുദ്ദീൻ, ഷഹാലുദ്ദീൻ കിഴക്കേടം, അബ്ദുൽ ഹമീദ് പ്രസംഗിച്ചു.

## ജെ.പി.സിയിൽ നീതിപൂർവമായ സമീപനമുണ്ടാവണം

കോഴിക്കോട്: വഖഫ് ഭേദഗതി ബിൽ സംയുക്ത പാർലമെന്റ് സമിതിയിൽനിന്ന് സത്യസന്ധവും നീതിപൂർവവുമായ സമീപനമുണ്ടാവണമെന്ന് സമസ്ത കേരള ഇസ്‌ലാം മതവിദ്യാഭ്യാസബോർഡ് നിർവാഹകസമിതി യോഗം ആവശ്യപ്പെട്ടു. നിലവിലുള്ള വഖഫ് നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര സർക്കാർ നീക്കത്തിനെതിരേ പാർലമെന്റിൽ ശബ്ദമുയർത്തിയ ജനപ്രതിനിധികളെ യോഗം അഭിനന്ദിച്ചു.
ക്യാമ്പസിൽ ഹിജാബും തൊപ്പിയും ധരിക്കുന്നതിന് വിലക്കേർപ്പെടുത്തിയ മുംബൈയിലെ സ്വകാര്യ കോളജായ എൻ. ജി ആചാര്യ ആന്റ് ഡി. കെ മറാത്തയെ രൂക്ഷമായി വിമർശിച്ചു. ഹിജാബ് നിരോധനം സ്റ്റേ ചെയ്ത സുപ്രീംകോടതി വിധിയെ സ്വാഗതം ചെയ്തു. വയനാട് ദുരന്ത സഹായ പദ്ധതി സമിതി ഭാരവാഹികൾ. സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ (ചെയർ.), എം.ടി അബ്ദുല്ല മുസ് ലിയാർ (ജനറൽ കൺ.), പി.കെ മൂസക്കുട്ടി അസ്റത്ത്, കെ.ടി ഹംസ മുസ് ലിയാർ, കെ. ഉമർ ഫൈസി മുക്കം (വൈസ് ചെയർ.), എം.സി മായിൻ ഹാജി (കൺവീനർ). കൂടിയാലോചിച്ച് പദ്ധതി പ്രഖ്യാപിക്കാനും ഈ മാസം 19 ന് മേപ്പാടിയിൽ യോഗം ചേരാനും തീരുമാനിച്ചു.പ്രസിഡന്റ് പി.കെ മൂസക്കുട്ടി അധ്യക്ഷനായി. ജനറൽ സെക്രട്ടറി എം.ടി അബ്ദുല്ല മുസ്‌ലിയാർ സ്വാഗതം പറഞ്ഞു. കെ.ടി ഹംസ മുസ്‌ലിയാർ, കെ. ഉമർ ഫൈസി മുക്കം, പി.കെ ഹംസക്കുട്ടി മുസ്‌ലിയാർ ആദൃശേരി, വാക്കോട് മൊയ്തീൻകുട്ടി മുസ്‌ലിയാർ, ഡോ. എൻ.എ.എം അബ്ദുൽ ഖാദിർ, എം.സി മായിൻഹാജി, കെ.എം അബ്ദുല്ല മാസ്റ്റർ കൊട്ടപ്പുറം, അബ്ദുൽ ഹമീദ് ഫൈസി അമ്പലക്കടവ്, അബ്ദുസമദ് പൂക്കോട്ടൂർ, ഇ. മൊയ്തീൻഫൈസി പുത്തനഴി, ഇസ്മയിൽ കുഞ്ഞു ഹാജി മാന്നാർ, എസ്. സഈദ് മുസ് ലിയാർ വിഴിഞ്ഞം, കൊടക് അബ്ദുറഹിമാൻ മുസ്‌ലിയാർ ചർച്ചയിൽ പങ്കെടുത്തു. ജനറൽ മാനേജർ കെ.മോയിൻകുട്ടി മാസ്റ്റർ നന്ദി പറഞ്ഞു.

## കെ.എ.എസുകാർക്ക് സർവീസ് സംഘടന

### കൺഫേഡ് ഐ.എ.എസ് പട്ടിക തയാറാക്കുമ്പോൾ സംവരണം വേണമെന്നാവശ്യം

തിരുവനന്തപുരം: സംസ്ഥാന സിവിൽ സർവീസായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (കെ.എ.എസ്) ഉദ്യോഗസ്ഥർക്ക് ഐഎഎസുകാരുടെ മാതൃകയിലുള്ള സംഘടനയ്ക്ക് സർക്കാർ അംഗീകാരം. കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസേഴ്സ് അസോസിയേഷൻ (കെ.എ.എസ്.ഒ.എ) എന്ന സംഘടനയ്ക്ക് സർക്കാർ അംഗീകാരം നൽകി. അടുത്തിടെ സംസ്ഥാന സർക്കാർ രൂപീകരിച്ച കെഎഎസ് ഉദ്യോഗസ്ഥരുടെ ഏക സംഘടനയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫിസേഴ്സ് അസോസിയേഷൻ. നിലവിൽ മൂന്നു സ്ട്രീമുകളിലായി 105 ഉദ്യോഗസ്ഥരാണുള്ളത്. കൺഫേഡ് ഐഎഎസ് പട്ടിക തയാറാക്കുമ്പോൾ കെഎഎസുകാർക്ക് പ്രത്യേക സംവരണം വേണമെന്ന ആവശ്യം സംഘടനയ്ക്കുണ്ട്. സംഘടനയക്ക് അംഗീകാരമായതോടെ ഓഫിസും അനുവദിക്കേണ്ടതുണ്ട്. സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി സെക്രട്ടറിക്കും പ്രസിഡന്റിനും തലസ്ഥാനത്തെ ഓഫിസുകളിൽ നിയമനം നൽകേണ്ടതുണ്ട്. സംഘടനയ്ക്ക് അംഗീകാരം നൽകണമെന്ന് അഭ്യർഥിച്ച് സെക്രട്ടറി നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അംഗീകാരം നൽകിയത്. സംഘടനയുടെ നിയമാവലിയിൽ ഭേദഗതി വരുത്താൻ സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതാണെന്നും വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെന്റ്, ഭാരവാഹികളുടെ പട്ടിക തുടങ്ങിയ വിവരങ്ങൾ വകുപ്പു മേധാവി വഴി യഥാസമയം സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും നിർദേശത്തിൽ ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ 314ാമത് അംഗീകൃത സർവീസ് സംഘടനയായാണ് കെഎഎസ്ഒഐയ്ക്ക് അംഗീകാരം നൽകിയത്. ഓൾ ഇന്ത്യാ സർവീസിലെ കേരള കേഡർ ഉദ്യോഗസ്ഥർക്ക് ഐഎഎസ്, ഐപിഎസ് അസോസിയേഷനുകൾ അടക്കമുള്ള സംഘടനകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.



*പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങുന്ന ടി.കെ മഹമൂദിന് അബുദാബി പിജെഡിസി കൂട്ടായ്മ നൽകിയ യാത്രയയപ്പിൽ മൊമെന്റോ സമ്മാനിക്കുന്നു*

## പിജെഡിസി കൂട്ടായ്മ യാത്രയയപ്പ് നൽകി

അബുദാബി: നാൽപത്തേഴ് വർഷത്തെ പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങുന്ന കണ്ണൂർ പുതിയങ്ങാടി സ്വദേശി ടി.കെ മഹമൂദിന് അബുദാബി പിജെഡിസി കൂട്ടായ്മ യാത്രയയപ്പ് നൽകി. 1977ൽ ഗൾഫിലെത്തിയ തനിക്ക് മലയാളി കൂട്ടായ്മകളും അതിന്റെ പ്രവത്തകരുമാണ് ഊർജം പകർന്നതെന്ന് മഹ്മൂദ് പറഞ്ഞു. ചടങ്ങിൽ പിജെ ഡിസി കൂട്ടായ്മയുടെ മൊമെന്റോ അദ്ദേഹം ഏറ്റുവാങ്ങി. പ്രവർത്തകർ പൊന്നാടയുംഅണയിച്ചു യാത്രയയപ്പ് നൽകി. അഷ്റഫ് ഹസൈനാർ, ബി സി അബൂബക്കർ,ലായിൻ ഹാരിസ്,സീവായി ഗഫൂർ,ഒ.പി അഷ്റഫ്,സകീർ,സി.എച് ജലീൽ,ഷഫീഖ് മാക്കി പ്രസംഗിച്ചു. ചടങ്ങിൽ മണ്ടൂർ ഇബ്രാഹിം നന്ദി പറഞ്ഞു.

## അസീസ് കൂട്ടായ്മ കേരള സംസ്ഥാന സംഗമം സെപ്തം. 29ന് കോഴിക്കോട്

മലപ്പുറം: അസീസ് എന്ന പേർ ഉള്ളവരെ ഒരുമിച്ച് ചേർത്ത് അസീസ് കൂട്ടായ്മ രൂപീകരിച്ചു. സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, അവശത അനുഭവിക്കുന്നവരെ സഹായിക്കുക, സാമ്പത്തിക ബുദ്ധിമുട്ടുള്ള അസീസുമാരെ സഹായിക്കുക എന്നിവയാണ് ലക്ഷ്യം. ഭാരവാഹികൾ മുഖ്യരക്ഷാധികാരി കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി (കൊല്ലം), പ്രസിഡന്റ് സി.പി.എ അസീസ് മാസ്റ്റർ കോഴിക്കോട്, ജനറൽ സെക്രട്ടറി അസീസ് പഞ്ചിളി കോട്ടക്കൽ, ട്രഷറർ അസീസ് കൊളക്കാടൻ പെരിന്തൽമണ്ണ, ഓർഗനൈസിങ് ജനറൽ സെക്രട്ടറി അസീസ് പട്ടിക്കാട്, വൈസ് പ്രസിഡന്റുമാർ അസീസ് കുവൈത്ത് തൃശൂർ, എൻ. അസീസ് മാസ്റ്റർ മണ്ണാർക്കാട് പാലക്കാട്, ജോയിൻ സെക്രട്ടറിമാർ അബ്ദുൽ അസീസ് ഉപ്പള കാസർകോട്, സി.എ. അബ്ദുൽ അസീസ് ആലുവ എറണാകുളം എന്നിവരാണ് ഭാരവാഹികൾ. വാട്സ്ആപ്പ് ഓൺലൈൻ യോഗം ചേർന്നു. യോഗത്തിൽ സി.പി.എ അസീസ് മാസ്റ്റർ അധ്യക്ഷനായി. അസീസ് പഞ്ചിളി, അസീസ് കൊളക്കാടൻ, അസീസ് പട്ടിക്കാട്, അസീസ് കുവൈത്ത് തൃശൂർ, അസീസ് മാസ്റ്റർ മണ്ണാർക്കാട്, അസീസ് ഉപ്പള കാസർകോട്, സി.എ അസീസ് ആലുവ എറണാകുളം പ്രസംഗിച്ചു. പ്രഥമ സംസ്ഥാന സംഗമം സെപ്തംബർ 29ന് കോഴിക്കോട് നടത്താൻ തീരുമാനിച്ചു.

## ജില്ലാതല തദ്ദേശ അദാലത്ത്: പുതുക്കിയ തീയതികൾ

തിരുവനന്തപുരം: തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷിന്റെ നേതൃത്വത്തിൽ നടത്തുന്ന ജില്ലാതല തദ്ദേശ അദാലത്തിന്റെ തീയതികൾ പുതുക്കി നിശ്ചയിച്ചു. 16ന് എറണാകുളം, 17ന് കൊച്ചി കോർപ്പറേഷൻ, 19 ന് പാലക്കാട്, 21ന് തിരുവനന്തപുരം, 22ന് ആലപ്പുഴ, 23ന് കൊല്ലം, 24ന് കോട്ടയം, 29ന് തിരുവനന്തപുരം കോർപ്പറേഷൻ, 30ന് ഇടുക്കി, സെപ്തംബർ 2ന് കണ്ണൂർ, 3ന് കാസർഗോഡ്, 5ന് മലപ്പുറം, 6 ന് കോഴിക്കോട്, 7ന് കോഴിക്കോട് കോർപ്പറേഷൻ, 9ന് തൃശൂർ, പത്തിന് പത്തനംതിട്ട എന്നിങ്ങനെയാണ് അദാലത്തുകൾ നടത്തുക.

## വഖഫ് ബോർഡ്: പുതിയ നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്തിരിയണം



*മലപ്പുറത്ത് നടക്കുന്ന വിസ്ഡം ഇസ്‌ലാമിക് ഓർനൈസേഷൻ ദ്വിദിന പ്രബോധക സംഗമം സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുൽ ലത്തീഫ് മദനി ദ്വിദിന പ്രബോധക സംഗമം ഉദ്ഘാടനം ചെയ്യുന്നു*

മലപ്പുറം: ഇസ്‌ലാമിക ശരീഅത്ത് അനുസരിച്ച് ഇന്ത്യൻ ഭരണഘടനാ തത്വങ്ങൾക്ക് വിധേയമായി പതിറ്റാണ്ടുകളായി നിൽക്കുന്ന വഖഫ് ബോർഡിന്റെ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി ബോർഡിന്റെ മേൽ പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവരാനുള്ള കേന്ദ്രസർക്കാർ നീക്കം അപലപനീയമെന്ന് മലപ്പുറത്ത് നടക്കുന്ന വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ദ്വിദിന പ്രബോധക സംഗമം അഭിപ്രായപ്പെട്ടു. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ദൈവപ്രീതി കാംക്ഷിച്ചു കൊണ്ടാണ് വിശ്വാസികൾ വഖഫ് ചെയ്യുന്നത്. ഇത് കൈകാര്യം ചെയ്യേണ്ടതും ഇത്തരം ലക്ഷ്യങ്ങളെ മാനിക്കുന്നവരാവുക എന്നത് അതിപ്രധാനമാണ്. വഖഫ് ബോർഡിനെ നോക്കുകുത്തിയാക്കി ഇന്ത്യയിൽ ഏക കണ്ഠമായി നിലനിൽക്കുന്ന വഖഫ് ബോർഡിനെ വിഭാഗീയതയിലേക്ക് നയിക്കാനും, ഇന്ത്യയിൽ രണ്ട് തരത്തിലുള്ള വഖഫ് സംവിധാനങ്ങൾ ഉണ്ടാക്കാനുമാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. നിലവിലെ വഖഫ് ബോർഡും അത് നിർവഹിച്ച് കൊണ്ടിരിക്കുന്ന സാമൂഹ്യദൗത്യത്തിൽ നിന്നും ഗുണകരമായ എന്ത് മാറ്റമാണ് ഈ നീക്കത്തിലൂടെ കേന്ദ്രം ലക്ഷ്യമാക്കുന്നത് എന്നത് വിശദീകരിക്കപ്പെടണമെന്നും സംഗമം ആവശ്യപ്പെട്ടു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുൽ ലത്തീഫ് മദനി ദ്വിദിന പ്രബോധക സംഗമം ഉദ്ഘാടനം ചെയ്തു. ലജ്നത്തുൽ ബുഹൂഥ് ഇസ്‌ലാമിയ്യ ചെയർമാൻ കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ അധ്യക്ഷനായി. ജന. കൺവീനർ ഷമീർ മദീനി, ഷബീബ് സ്വലാഹി, സാദിഖ് മദീനി, ഹംസ ഷാക്കിർ, മുഹമ്മദ് അലി ബാവി, ഫൈസൽ മൗലവി എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. മലപ്പുറം പാണക്കാട് ജാമിഅഃ അൽഹിന്ദ് ലേഡീസ് കാമ്പസിൽ നടക്കുന്ന ദ്വിദിന സംസ്ഥാന പ്രബോധക ക്യാമ്പ് ഇന്ന് അവസാനിക്കും.

## ഉർദു ദേശീയ സെമിനാർ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

കോഴിക്കോട്: 'ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഉർദു ഭാഷയുടെ പങ്ക് ' എന്ന വിഷയത്തിൽ കേരള ഉർദുടീച്ചേഴ്സ് അസോസിയേഷൻ ആഗസ്റ്റ് 15 ന് കോഴിക്കോട് കെ.പി കേശവമേനോൻഹാളിൽ സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിൽ പങ്കെടുക്കുന്നതിനുള്ള ഓൺലൈൻ രജിസ്ടേഷൻ ഉദ്ഘാടനം കെ.യു.ടി എ സംസ്ഥാന പ്രസിഡണ്ട് ഡോ. കെ.പി ഷംസുദ്ധീൻ തിരൂർക്കാട് നിർവ്വഹിച്ചു. സെമിനാർ കോഴിക്കോട് മേയർ ഡോ. ബീനഫിലിപ്പ് ഉദ്ഘാടനം ചെയ്യും. സാഹിത്യ നഗരം പുരസ്കാരം നേടിയ കോഴിക്കോടിനുള്ള ഉപഹാരം സാഹിത്യകാരനും സെമിനാറിലെ മുഖ്യ പ്രഭാഷകനുമായ കെ.പി രാമനുണ്ണി സമർപ്പിക്കും. ഓൺലൈൻ രജിസ്ട്രേഷൻ ഉദ്ഘാനചടങ്ങിൽ സംസ്ഥാന ജനറൽസെക്രട്ടറി സലാം മലയമ്മ അധ്യക്ഷത വഹിച്ചു.സംസ്ഥാന ട്രഷറർ ടി.എ റഷീദ് പന്തല്ലൂർ, സി.വി.കെ റിയാസ്, റഫീഖ് മായനാട്, അബ്ദുൽ റഷീദ് തളിപ്പറമ്പ്, യു.കെ നാസർ സംബന്ധിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 11 ഞായർ
ഗൾഫ് ചന്ദ്രിക

## എം.ഡി.എം.എ വിൽപന :യുവാവ് പിടിയിൽ



അഖിൽ ആനന്ദ്

കുറ്റിപ്പുറം: എം.ഡി.എം.എ വിൽപന നടത്തിയ യുവാവ് കുറ്റിപ്പുറത്ത് പൊലീസ് പിടിയിൽ. പെരുമ്പടപ്പ് മാരാമുട്ടം തൃക്കണ്ണാശ്ശേരി വീട്ടിൽ അഖിൽ ആനന്ദ് (27) ആണ് പിടിയിലായത്. അയങ്കലം മൂവാങ്കരയിൽ വാടക ക്വാർട്ടേഴ്സിൽ താമസിച്ചു വരികയാണ്. കുറ്റിപ്പുറം മിനി പമ്പയ്ക്ക് സമീപം വിൽപ്പനക്ക് ശ്രമിക്കുന്നതിനിടെയാണ് പൊലീസ് പ്രതിയെ അറസ്റ്റ് ചെയ്തത്. മൂന്ന് ഗ്രാം എം.ഡി.എം.എ പ്രതിയിൽ നിന്നും പൊലീസ് പിടിച്ചെടുത്തു. ഇയാളുടെ ശരീരത്തിൽ ഒളിപ്പിച്ച നിലയിലായിരുന്നു പിടികൂടിയ ലഹരി വസ്തു. ഇയാൾ കുറെ നാളുകളായി പൊലീസിന്റെ നിരീക്ഷണത്തിലായിരുന്നു. ജില്ലാ പൊലീസ് മേധാവി എസ് ശശിധരൻ, തിരൂർ ഡി.വൈ.എസ്.പി കെ.എം ബിജു, എന്നിവരുടെ നേതൃത്വത്തിൽ ഡാൻസാഫ് അംഗങ്ങളും കുറ്റിപ്പുറം പൊലീസും നടത്തിയ സംയുക്ത നീക്കത്തിനൊടുവിലാണ് പ്രതി പിടിയലായത്. പ്രതിക്കെതിരെ എൻ.ഡി.പി.എസ് നിയമപ്രകാരമാണ് കേസെടുത്തിട്ടുള്ളത്. 10 വർഷം വരെ കഠിനതടവിനുള്ള വകുപ്പാണിത്. പ്രതിക്ക് എം.ഡി.എം.എ എത്തിച്ചു കൊടുക്കുന്ന വ്യക്തികൾക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കുമെന്ന് കുറ്റിപ്പുറം പൊലീസ് പറഞ്ഞു. കുറ്റിപ്പുറം പൊലീസ് ഇൻസ്പെക്ടർ പി.എം ഷമീർ, എസ്.ഐ അയ്യപ്പൻ, ഡാൻസാഫ് എ.എസ്.ഐമാരായ ജയപ്രകാശ്, രാജേഷ്, കുറ്റിപ്പുറം പൊലീസ് സ്റ്റേഷനിലെ സിപിഒമാരായ ഷെറിൻ ജോൺ, പ്രദീപ്, ആന്റണി, സുധീഷ്,ഫൈസൽ എന്നിവർ ചേർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്ത്. കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

## ഓണം ഖാദി മേള: ജില്ലാതല ഉദ്ഘാടനം 12 ന്

മലപ്പുറം: ഓണം ഖാദി മേളയുടെ ജില്ലാതല ഉദ്ഘാടനം 12 ന് കോട്ടപ്പടി മുനിസിപ്പൽ ബസ്സ്റ്റാന്റ് പരിസരത്ത് പി. ഉബൈദുല്ല എം.എൽ.എ നിർവഹിക്കും. നഗരസഭാ ചെയർമാൻ മുജീബ് കാടേരി സമ്മാന കൂപ്പൺ വിതരണോദ്ഘാടനം നിർവഹിക്കും.

## കേരള വാർത്തകൾ

# സൂപ്പർ ലീഗ് കേരള: മഞ്ചേരിയിലേക്ക് കൂടുതൽ മത്സരങ്ങൾ വന്നേക്കും

### 30ന് മലപ്പുറത്ത് ഗ്രാന്റ് ഇവന്റ്

ഷഹബാസ് വെള്ളില
മലപ്പുറം

ഐ.എസ്.എല്ലിനെ വരെ മറികടക്കാൻ സാധ്യതയുള്ള ഫുട്ബോൾ ലീഗ് എന്ന ഇതിനകം തന്നെ ചർച്ചയായ സൂപ്പർ ലീഗ് കേരളയിലെ മലപ്പുറം ഫുട്ബോൾ ക്ലബ്ബിന്റെ ഹോം സ്റ്റേഡിയമായ മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ കൂടുതൽ മത്സരങ്ങൾ നടന്നേക്കും. ആറു ടീമുകൾ മാറ്റുരക്കുന്ന ലീഗിൽ ഹോം എവേ രീതിയിലായിരുന്നു മത്സരങ്ങൾ തീരുമാനിച്ചിരുന്നത്.
എന്നാൽ കൊച്ചി, പയ്യനാട് എന്നീ രണ്ടു സ്റ്റേഡിയങ്ങളിലായി മുഴുവൻ മത്സരങ്ങളും നടത്താനുള്ള ആലോചനകളും നടക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഔദ്യോഗിക വിശദീകരണങ്ങൾ ഒന്നും തന്നെ ഇല്ലെങ്കിലും ചർച്ചകൾ പുരോഗമിക്കുന്നുണ്ടെന്നാണ് അറിയാൻ കഴിയുന്നത്. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ മലപ്പുറത്തുകാർക്ക് കൂടുതൽ സൂപ്പർ ലീഗ് മത്സരങ്ങൾ കാണാനാകും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ ഏത് ക്ലബ്ബിന്റെ മത്സരങ്ങൾക്കും വലിയ ജനക്കൂട്ടമെത്തുമെന്ന കാര്യത്തിൽ സംഘാടകർക്കും സംശയമില്ല. ഇതുകൊണ്ടു തന്നെ രണ്ടു സ്റ്റേഡിയങ്ങളിൽ മാത്രം മത്സരങ്ങൾ നടന്നാൽ കൂടുതൽ സ്വീകാര്യത ലഭിക്കുമെന്ന അഭിപ്രായക്കാരുമുണ്ട്.
ആറു വേദികൾ എന്നത് നാല് വേദികൾ ആകാനും സാധ്യതയുണ്ട്. ഇതുമായി ബന്ധപ്പെട്ട് സൂപ്പർ ലീഗ് അതികൃതർ കഴിഞ്ഞ ദിവസം മഞ്ചേരി സ്റ്റേഡിയം സന്ദർശിച്ചിരുന്നു. കണ്ണൂർ, കോഴിക്കോട്, മലപ്പുറം ടീമുകൾ മഞ്ചേരിയിലും, തിരുവനന്തപുരം, കൊച്ചി, തൃശൂർ ടീമുകൾ കൊച്ചിയിലും കളിക്കുമെന്നാണ് വാർത്തകൾ വരുന്നത്. ടീമുകൾ കളിക്കാരെ റാഞ്ചുന്ന തിരിക്കിലാണ്. മലപ്പുറത്തിന്റെ സ്വന്തം ടീമായ മലപ്പുറം ഫുട്ബോൾ ക്ലബ്ബ് ഔദ്യോഗികമായി അഞ്ചു താരങ്ങളെയാണ് ടീമിലെത്തിച്ചിരിക്കുന്നത്.
മുൻ ഇന്ത്യൻ താരം അനസ് എടത്തൊടിക, ബ്രസീൽ താരം സെർജിയോ ബാർബോസ എന്നിവരടങ്ങുന്നതാണ് ഈ നിര. ലീഗിൽ പങ്കെടുക്കുന്ന മിക്ക ടീമുകളുടെയും പരിശീലനം ചെറിയ രീതിയിൽ തുടങ്ങിയിട്ടുണ്ട്. മലപ്പുറം എഫ്സി കാലിക്കറ്റ് സർവകലാശാല ഗ്രൗണ്ടിലാണ് പരിശീലനം നടത്തുന്നത്. വരും ദിവസങ്ങളിൽ വിദേശ കളിക്കാരടക്കം കൂടുതൽ താരങ്ങൾ ടീമിനൊപ്പം ചേരും. ഈ മാസം 31ന് ആരംഭിക്കേണ്ടിയിരുന്ന ടൂർണമെന്റ് സെപ്തംബർ ഏഴിന് നീട്ടിയിട്ടുണ്ട്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് മത്സരങ്ങൾ പുനക്രമീകരിച്ചത്.

# തിരൂരിലെ ആർ.എം.എസ് കേന്ദ്രം നഷ്ടപ്പെടില്ല: ഡോ. സമദാനി

### 40% ഭാഗം പൊളിച്ചില്ലെങ്കിൽ സ്റ്റേഷൻ നവീകരണത്തിന്റെ നിർമാണ പ്രവർത്തനത്തെ ബാധിക്കും

തിരൂർ: അമൃത് ഭാരത് വികസന പദ്ധതിയുടെ ഭാഗമായി തിരൂർ റെയിൽവേ സ്റ്റേഷനിൽ നടക്കുന്ന നിർമാണ പ്രവർത്തനങ്ങൾക്കായി തിരൂർ റെയിൽവേ സ്റ്റേഷനിലെ ആർ.എം.എസ് കേന്ദ്രത്തിന്റെ 40% മാത്രമേ പൊളിച്ചു മാറ്റുകയുള്ളൂവെന്നും കേന്ദ്രം തിരൂരിന് നഷ്ടമാവില്ലെന്നും ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി അറിയിച്ചു. ഇന്നലെ തിരൂർ റെയിൽവേ സ്റ്റേഷനിലെ ആർ.എം.എസ് കേന്ദ്രം റെയിൽവേ പൊളിച്ച് മാറ്റുന്നുവെന്ന രീതിയിൽ പ്രചരിച്ച വാർത്തയെത്തുടർന്നാണ് സമദാനി ഡൽഹിയിൽ നിന്നും ഇന്നലെ പത്രക്കുറിപ്പിലൂടെ പ്രതികരിച്ചത്.
തിരൂർ റെയിൽവെ സ്റ്റേഷനിൽ അമൃത ഭാരത് വികസന പദ്ധതിയുടെ ഭാഗമായുള്ള നിർമാണ പ്രവർത്തനത്തിനിടയിൽ ആർ.എം.എസ് കേന്ദ്രം അവിടെ നിന്ന് മാറ്റുമോ എന്ന ആശങ്ക പരിഹരിക്കാനായി അതിലിടപെടുകയും റെയിൽവെയുടെയും ആർ.എം.എസിന്റെയും അധികൃതർ തമ്മിലുള്ള ചർച്ചക്ക് വഴിയൊരുക്കി അവിടെവെച്ച് രണ്ട് ഡിപ്പാർട്ട്മെന്റുകളും തമ്മിൽ യോജിച്ച തീരുമാനത്തിലെത്തുകയും ചെയ്തിരുന്നു. ഇന്ന് രാവിലെ കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിക്കുന്നതിനെത്തുടർന്ന് ഈ വിഷയത്തിലുണ്ടായ ആശങ്ക നീക്കാനായി വീണ്ടും റെയിൽവേ അധികൃതരുമായും ആർ.എം. എസിലെ ഉദ്യോഗസ്ഥരുമായും ബന്ധപ്പെട്ടു. പാലക്കാട് റെയിൽവേ ഡി.ആർ.എമ്മുമായും കോഴിക്കോട് നിന്നുള്ള ആർ.എം. എസിന്റെ ഉന്നത ഉദ്യോഗസ്ഥരുമായും ഡൽഹിയിൽ നിന്ന് ഫോണിൽ ബന്ധപ്പെട്ട് വിശദമായി സംസാരിച്ചു.
പാലക്കാട്ടെ യോഗത്തിലുണ്ടായ തീരുമാനം അതേപടി നിലനിർത്തിക്കൊണ്ടാണ് നവീകരണവും അനുബന്ധ പ്രവർത്തനവും മുന്നോട്ട് പോവുന്നതെന്നും കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിക്കുന്നതെന്നും ഡി.ആർ.എം പറഞ്ഞു.
ആർ.എം.എസ് കേന്ദ്രം തിരൂർ റെയിൽവേ സ്റ്റേഷനിൽ പ്രവർത്തിക്കുന്നതിൽ ഒരു തടസ്സവുമുണ്ടാവുകയില്ല. ചർച്ചയിൽ തീരുമാനിച്ച പോലെ കെട്ടിടത്തിന്റെ ഒരു ഭാഗം മാത്രമാണിപ്പോൾ പൊളിക്കുന്നതെന്നും അതാകട്ടെ സ്റ്റേഷൻ നവീകരണത്തിന്റെ ഭാഗമായുള്ള എകസലേറ്റർ നിർമിക്കാനാവശ്യമായ ഭാഗമാണെന്നും അദ്ദേഹം അറിയിച്ചു.
കെട്ടിടത്തിന്റെ 40% മാത്രമേ പൊളിക്കുകയുള്ളൂവെന്നും 60% ഭാഗത്ത് ഇനിയും ആർ.എം.എസിന് പ്രവർത്തിക്കാമെന്നും ഈ 40% ഇപ്പോൾ പൊളിച്ചില്ലെങ്കിൽ അത് സ്റ്റേഷൻ നവീകരണത്തിന്റെ നിർമാണ പ്രവർത്തനത്തെ ബാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ബാക്കിയുള്ള സ്ഥലത്ത് ആർ.എം. എസ് പ്രവർത്തിക്കുന്നതിനുള്ള എല്ലാ സൗകര്യവും റെയിൽവേ ചെയ്ത് കൊടുക്കുമെന്നും അദ്ദേഹം അറിയിച്ചു. ഇത് സംബന്ധമായി ആർ.എം. എസ് ഓഫീസർമാരുമായി കാര്യങ്ങൾ നേരിട്ട് ഒന്നുകൂടി സംസാരിക്കാനും അസൗകര്യങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കാനും റെയിൽവേ അധികൃതർ തിരൂരിൽ വരുന്നത് നല്ലതാണെന്ന് നിർദേശിച്ചു. അൽപം കഴിഞ്ഞ് അതിനായി റെയിൽവേയുടെ ഒരു ഉദ്യോഗസ്ഥ സംഘത്തെ തിരൂരിലേക്കയക്കുന്നുണ്ടെന്ന് ഡി.ആർ.എം അറിയിക്കുകയും ചെയ്തു. തിരൂർ റെയിൽവേ സ്റ്റേഷനിലെ ആർ.എം.എസ് കേന്ദ്രം അവിടെത്തന്നെ പ്രവർത്തിക്കുമെന്ന് അദ്ദേഹം ഉറപ്പിച്ച് പറയുകയും ചെയ്തു. അമൃത ഭാരത് വികസന പദ്ധതി തിരൂർ റെയിൽവേ സ്റ്റേഷന്റെ പുരോഗതിക്കും ജനങ്ങളുടെ യാത്രാസൗകര്യങ്ങൾക്കും അനിവാര്യമായതാണ്. അത് വേഗത്തിൽ നടക്കുകയും ഉടൻ പൂർത്തിയാവുകയും ചെയ്യണം. അതോടൊപ്പം പാരമ്പര്യത്തിന്റെ ഭാഗവും ഇപ്പോഴും ജില്ലയിലാകെയും ജനങ്ങൾക്ക് ഒഴിച്ച് കൂടാനാവാത്തതുമായ ആർ.എം.എസിന്റെ കേന്ദ്രം അവിടെത്തന്നെ തുടർന്ന് പ്രവർത്തിക്കുകയും ചെയ്യണം. ഇതാണ് ജനങ്ങളാഗ്രഹിക്കുന്നതും. റെയിൽവേയും ആർ. എം.എസും ഉദ്ദേശിക്കുന്നതും അത് തന്നെയാണെന്നാണ് മനസിലായിട്ടുള്ളത്. രണ്ട് ഡിപ്പാർട്ട്മെന്റുകളും ചേർന്നെടുത്തിട്ടുള്ള തീരുമാനവും അ പ്രകാരമാണ്. അതങ്ങനെത്തന്നെ മുന്നോട്ട് പോവട്ടെ. സമദാനി പത്രക്കുറിപ്പിലൂടെ വ്യക്തമാക്കി.

### ആശങ്കകൾക്ക് പരിഹാരമായി

തിരൂർ: അമൃത ഭാരത പദ്ധതി പ്രകാരം തിരൂർ റെയിൽവേ സ്റ്റേഷനിൽ നടക്കുന്ന നവീകരണ പ്രവർത്തിയുടെ ഭാഗമായി കെട്ടിടം പൊളിക്കുന്ന നടപടി ആർ.എം.എസ് ആസ്ഥാനത്തെ ബാധിക്കുന്നത് സംബന്ധിച്ച ആശങ്കക്ക് പരിഹാരമായി. ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി യുടെ നിർദേശപ്രകാരം പാലക്കാട് നിന്നെത്തിയ റെയിൽവേ അസിസ്റ്റന്റ് ഡി.എൻ.എൽ എഞ്ചിനീയർ അളകര സ്വാമിയുടെ നേതൃത്വലുള്ള ആറംഗ റെയിൽവേ ഉദ്യോഗസ്ഥ സംഘവും കോഴിക്കോട് നിന്നെത്തിയ ആർ.എം.എസ് എസ്.ആർ.എം ശീജാ പ്രഭാകരന്റെ നേതൃത്വത്തിലുള്ള മറ്റു ആർ.എം.എസ് ഉദ്യോഗസ്ഥരും തിരൂരിലെത്തി നടത്തിയ ചർച്ചയിൽ ആശങ്കകൾ തൃപ്തികരമായ രീതിയിൽ പരിഹാരമായി. മുൻ തീരുമാനം നിലനിർത്തി കൊണ്ട് റെയിൽവേക്ക് എസ്കലേറ്റർ നിർമിക്കാനുള്ള കെട്ടിട ഭാഗം മാത്രമാണ് പൊളിക്കുന്നത്. ബാക്കി ഭാഗമത്രയും ആർ.എം.എസിന്റെ പ്രവർത്തനങ്ങൾക്കായി റെയിൽവേ നിലനിർത്തുകയാണ്. രണ്ട് മാസത്തിനകം റെയിൽവേ സ്റ്റേഷനിൽ തന്നെയുള്ള സ്ഥിരം കെട്ടിട സംവിധാനത്തിൽ ആർ.എം.എസ് ആസ്ഥാനത്തിന് സൗകര്യമൊരുക്കും. അതുവരെ ഇപ്പോഴുള്ള സ്ഥലത്ത് ആർ.എം.എസിന് വല്ല അസൗകര്യവുമുണ്ടെങ്കിൽ അതും റെയിൽവേ പരിഹരിച്ച് കൊടുക്കുമെന്നും ചർച്ചയിൽ തീരുമാനമായി. ആർ.എം.എസിന് റെയിൽവേ സ്റ്റേഷനിൽ തന്നെ പ്രവർത്തിക്കാൻ സാഹചര്യമൊരുക്കിയതിലും സ്റ്റേഷൻ നവീകരണത്തോടെ പുതിയ കെട്ടിടത്തിൽ സൗകര്യമുള്ള സ്ഥലം ലഭ്യമാവുന്നതിലും ആർ.എം.എസ് അധികൃതർ സംതൃപ്തിയും നന്ദിയും അറിയിച്ചു.

## മുസ്‌ലിം ലീഗ് നേതൃ സംഗമങ്ങൾ

# തദ്ദേശ സ്ഥാപനങ്ങൾക്ക് വെട്ടിക്കുറച്ച ഫണ്ട് അധികവിഹിതമായി അനുവദിക്കണം



പെരിന്തൽമണ്ണ നിയോജക മണ്ഡലം മുസ്‌ലിം ലീഗ് നേതൃസംഗമം ജില്ലാ ജനറൽ സെക്രട്ടറി പി. അബ്ദുൽ ഹമീദ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു



തിരൂർ നിയോജക മണ്ഡലം മുസ്‌ലിം ലീഗ് നേതൃസംഗമം സംസ്ഥാന സെക്രട്ടറി അബ്ദുറഹ്മാൻ രണ്ടത്താണി ഉദ്ഘാടനം ചെയ്യുന്നു

മലപ്പുറം: സംസ്ഥാന സർക്കാർ കെട്ടിട നിർമാണത്തിനുള്ള വർധിപ്പിച്ച പെർമിറ്റ് ഫീസ് കുറക്കുക വഴി തദ്ദേശസ്വയം സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വരുമാനം വേണ്ടെന്നുവെച്ച് സ്വന്തം നില ഭദ്രമാക്കാനാണ് ശ്രമിച്ചതെന്ന് മുസ്‌ലിം ലീഗ് നേതൃയോഗങ്ങൾ ആരോപിച്ചു. സംസ്ഥാന സർക്കാറിന് അധിക വരുമാനത്തിന് അവസരം ലഭിക്കുന്ന ഒരു വസ്തുവിന്റെയും വർധിപ്പിച്ച വില കുറക്കാൻ സർക്കാർ തയ്യാറായിട്ടില്ല എന്നുള്ളത് അങ്ങേയറ്റം ഖേദകരമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് സംസ്ഥാന സർക്കാർ തട്ടിയെടുത്ത ഫണ്ടുകൾ പൂർണമായും അധിക വിഹിതമായി നടപ്പ് സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്ന് നേതൃയോഗങ്ങൾ ആവശ്യപ്പെട്ടു. പെരിന്തൽമണ്ണ, തിരൂർ തവനൂർ നിയോജക മണ്ഡലങ്ങളുടെ നേതൃയോഗങ്ങളാണ് ഇന്ന് നടന്നത്. മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി അബ്ദുറഹിമാൻ രണ്ടത്താണി നേതൃയോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ ജനറൽ സെക്രട്ടറി പി. അബ്ദുൽ ഹമീദ് എം.എൽ.എ, പി. സൈതലവി മാസ്റ്റർ, ഉമ്മർ അറക്കൽ, കെ.എം അബ്ദുൽ ഗഫൂർ, ഇബ്രാഹീം മുത്തൂർ, അൻവർ മുള്ളമ്പാറ, നൗഷാദ് മണ്ണിശ്ശേരി, ഉസ്മാൻ താമരത്ത്, കെ.ടി അഷറഫ്, അഡ്വ. ഹാരിഫ്, എം അബ്ദുല്ലക്കുട്ടി, എ.കെ നാസർ, കുഞ്ഞിമരക്കാർ, അഡ്വ. എസ്. അബ്ദുസ്സലാം, ഹൈദരലി വട്ടംകുളം പ്രസംഗിച്ചു.

# മുസ്‌ലിം യൂത്ത് ലീഗ് സാമൂഹിക പഠന കേന്ദ്രത്തിന് തുടക്കം



മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ കമ്മിറ്റിയുടെ സാമൂഹിക പഠന കേന്ദ്രത്തിന്റെ ഉദ്ഘാടനം മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പി.എം സാദിഖലി നിർവഹിക്കുന്നു

മലപ്പുറം: ചിന്തകളുടെയും അന്വേഷണങ്ങളുടെയും പുതു ലോകം തുറന്ന് മുസ്‌ലിം യൂത്ത് ലീഗ് മലപ്പുറം ജില്ലാ കമ്മിറ്റിയുടെ സാമൂഹിക പഠന കേന്ദ്രത്തിന് തുടക്കമായി. മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി പി.എം സാദിഖലി പഠനകേന്ദ്രത്തിന്റെയും ഇതിന് കീഴിൽ നടക്കുന്ന ഡിപ്ലോമ കോഴ്സിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസിഡണ്ട് ശരീഫ് കുറ്റൂർ അധ്യക്ഷനായി.
മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി അൻവർ മുള്ളമ്പാറ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ് ആമുഖ പ്രഭാഷണം നടത്തി. ഡയറക്ടർ ശരീഫ് സാഗർ കോഴ്സ് സംബന്ധിച്ചുള്ള വിശദീകരണം നടത്തി. ട്രഷറർ ബാവ വിസപ്പടി, കോ-ഓഡിനേറ്റർ എൻ.കെ ഹഫ്സൽ റഹ്മാൻ, ഭാരവാഹികളായ കുരിക്കൾ മുനീർ, ടി പി ഹാരിസ്, ശരീഫ് വടക്കയിൽ, യൂസുഫ് വല്ലാഞ്ചിറ, നിസാജ് എടപ്പറ്റ, സാമൂഹിക പഠന കേന്ദ്രം അംഗങ്ങളായ ഡോ.സൈനുൽ ആബിദ്, ഡോ.നൗഷാദ് തൂമ്പത്ത് എന്നിവർ സംസാരിച്ചു. നൈജീരിയ നൈൽ യൂണിവേഴ്സിറ്റി അസിസ്റ്റൻറ് പ്രൊഫസർ ഡോ.സലീൽ ചെമ്പയിൽ ക്ലാസിന് നേതൃത്വം നൽകി.
ആറ് മാസത്തെ ഡിപ്ലോമ കോഴ്സിൽ ചേരാൻ തൽപര്യമുള്ളവരിൽ നിന്ന് അപേക്ഷ സ്വീകരിച്ച് പ്രവേശന പരീക്ഷയും മുഖാമുഖവും നടത്തിയാണ് പഠിതാക്കളെ തെരഞ്ഞെടുത്തത്. ആദ്യമായിട്ടാണ് ഒരു യുവജന സംഘടന രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ വിഷയങ്ങളിൽ പഠനവും ഗവേഷണവും ലക്ഷ്യമിട്ടു കൊണ്ടുള്ള ഒരു ഡിപ്ലോമ കോഴ്സിന് തുടക്കം കുറിക്കുന്നത്. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ശ്രദ്ധേയരായ എഴുത്തുകാരുടേതായി പുറത്തിറങ്ങിയ ഇരുപതോളം പുസ്തകങ്ങളാണ് കോഴ്സിന് വേണ്ടി റഫർ ചെയ്യുന്നത്.
കൂടാതെ ഭാഷാ സമര സ്മാരകത്തിൽ പ്രവർത്തിക്കുന്ന സീതി സാഹിബ് ലൈബ്രേറിയുടെ സേവനവും ഇതിനായ് ഉപയോഗപ്പെടുത്തും. വ്യത്യസ്ത മേഖലകളിലുള്ള നിരവധി പേർ പഠിതാക്കളായി തെരഞ്ഞെടുക്കപ്പെട്ടവരിലുണ്ട്. ജില്ലക്ക് പുറത്തുള്ളവരും കോഴ്സിന്റെ ഭാഗമായിട്ടുണ്ട്. മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ ആസ്ഥാനമായ ഭാഷാ സമര സ്മാരകത്തിൽ പ്രവർത്തിക്കുന്ന സീതി സാഹിബ് ലൈബ്രറിയും ഗവേഷണ കേന്ദ്രവും കൂടുതൽ സജീവമാക്കുക എന്നതും സാമൂഹിക പഠന കേന്ദ്രത്തിന്റെ ലക്ഷ്യമാണ്. മറ്റു കോഴ്സുകളും പഠന കേന്ദ്രത്തിന് കീഴിൽ ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങളും നടന്ന് വരികയാണ്.

# പൊന്നാനി തുറമുഖ വികസനത്തിന് പദ്ധതിരേഖ സമർപ്പിച്ചു

മലപ്പുറം: സാഗരമാലിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനി തുറമുഖത്തിന് വിവിധോദ്ദേശ്യ ബെർത്ത് നിർമിക്കാൻ ഇരുപത് കോടിയുടെ ഭാഗിക സഹായത്തിനായി കേരള മാരിടൈം ബോർഡ് കേന്ദ്ര ഷിപ്പിങ് തുറമുഖ മന്ത്രാലയത്തിന് പദ്ധതിരേഖ സമർപ്പിച്ചതായി കേന്ദ്ര തുറമുഖ, ഷിപ്പിങ് മന്ത്രി സർബാനന്ദ സോനോവാൾ ഡോ. എം.പി. അബ്ദുസ്സമദ് സമദാനിയെ അറിയിച്ചു. ചരിത്രപരവും വാണിജ്യപരവുമായ പ്രാധാന്യമുള്ള പൊന്നാനി തുറമുഖത്തിന്റെ വികസനം ആവശ്യപ്പെട്ടുകൊണ്ട് ലോക്സഭയിലെ ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ടൂറിസം, സാമ്പത്തിക വളർച്ച എന്നിവ കണക്കിലെടുത്ത് പൊന്നാനി തുറമുഖത്തെ പി.പി.പി മോഡലിൽ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് കേരള സർക്കാർ അറിയിച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിലെ ഉൾപ്പെടെയുള്ള വിവിധ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് കപ്പൽ സർവീസ് ആരംഭിക്കാൻ കേരള സർക്കാർ സ്വകാര്യ ഏജൻസികളിൽ നിന്ന് താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

## എം.ഡി.എം.എയുമായി യുവാവ് പിടിയിലായി



വളാഞ്ചേരി : മൂന്നു ഗ്രാം എം.ഡി.എം.എയുമായി യുവാവ് വളാഞ്ചേരി പൊലീസിന്റെ പിടിയിലായി. ഇരുമ്പിളിയം കൊന്തപള്ളിയാലിൽ ഉബൈദി (31)നെയാണ് വളാഞ്ചേരി എസ്.എച്ച്.ഒ ബഷീർ ചിറക്കലും സംഘവും അറസ്റ്റ് ചെയ്തത്. രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ വൈക്കത്തൂരിലെ സ്വകാര്യ ആശുപത്രി പരിസരത്തു നിന്നാണ് ഇയാൾ വലയിലായത്. എസ്ഐമാരായ സുധീർ, ജയപ്രകാശ്, എസ് ഐ രാജേഷ്, എസ്.സി.പി.ഒ മാരായ ഗിരീഷ്, സനൽ, ശൈലേഷ്, ഉദയൻ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. പ്രതിയെ കോടതിയിൽ ഹാജരാക്കി.

# കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു




1.75 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ വടക്കേമണ്ണ തെക്കൻ കടവിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റാബിയ ചോലക്കൽ നിക്ഷേപിക്കുന്നു

മലപ്പുറം: കേരള ഫിഷറീസ് വകുപ്പും കോഡൂർ പഞ്ചായത്തും സംയുക്തമായി ഉൾനാടൻ ജല ആവാസ വ്യവസ്ഥയിൽ സംയോജിത മത്സ്യ വിഭവത്തിനായി 1.75 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ വടക്കേമണ്ണ തെക്കൻ കടവിൽ നിക്ഷേപിച്ചു. മത്സ്യസമ്പത്ത് കുറഞ്ഞു കൊണ്ടിരിക്കുന്ന ഈ കാലത്ത് തനത് മത്സ്യങ്ങളുടെ വീണ്ടെടുപ്പിനായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
കേരള സർക്കാർ തദ്ദേശ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും പോഷക സുരക്ഷ ഉറപ്പു വരുത്തി ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുകയും ചെയ്യുക എന്നത് ഈ പദ്ധതിയെ ലക്ഷ്യംവെക്കുന്നു. പുഴകളും തോടുകളും സമുദ്രവും കുളങ്ങളും മലിനമാക്കുകയും ഇതുമൂലം മത്സ്യങ്ങൾ നശിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും അതുവഴി മത്സ്യത്തിന്റെ ഗണ്യമായ വർധനവിന് സാധ്യമാവുന്നതിന് വേണ്ടിയാണ് ഇത്.
ചടങ്ങ് കോഡൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റാബിയ ചോലക്കൽ വടക്കേമണ്ണ രണ്ടാം വാർഡിൽ തെക്കൻ കടവിലേക്ക് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ കെ.എൻ ഷാനവാസ് അധ്യക്ഷനായി. ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ശിഹാബ് അരീക്കത്ത്, വാർഡ് മെമ്പർ കെ.ടി റബീബ്, ഫിഷറീസ് പ്രമോട്ടർ വി. ഷംസീർ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ രാഹുൽ .ആർ, പ്രൊജക്ട് കോഓർഡിനേറ്റർ ഷഹിൻഷ, കോഓർഡിനേറ്റർ ബെൻസി, കിളിയമണ്ണിൽ റഷീദ്, ഹാരിസ് പത്തായപുരക്കൽ, പി. അലവിക്കുട്ടി ഹാജി പങ്കെടുത്തു.

## വയനാട്; റയക്ക് സൈക്കിൾ വാങ്ങിച്ചു നൽകി



മമ്പുറം: രാജ്യത്തെ നടുക്കിയ വയനാട്ടിലെ ദുരിത ബാധിതരുടെ കണ്ണീരൊപ്പാൻ സൈക്കിൾ വാങ്ങാൻ സ്വരൂപിച്ച പണം നൽകി ശ്രദ്ധേയമായ ഇരുമ്പ് ചോല അരീതലയിലെ മാനംകുളങ്ങര ഫാത്തിമ റയക്ക് ഇരുമ്പു ചോല പതിനഞ്ചാം വാർഡ് മുസ്‌ലിം ലീഗ് കമ്മിറ്റി സൈക്കിൾ വാങ്ങിച്ച് നൽകി. ദുരന്തത്തിന്റെ വാർത്തകൾ കാണുമ്പോൾ മനസ് വേദനിച്ച കുട്ടി സൂക്ഷിച്ച് വെച്ച മുഴുവൻ കാശും ഒരു മടിയും കൂടാതെ സ്വമനസ്സാലെ ദുരന്തത്തിൽ അകപ്പെട്ടവരെ സഹായിക്കുന്നതിലേക്ക് നൽകുകയായിരുന്നു. ഇത് കേട്ടപ്പോൾ തന്നെ മുസ്‌ലിം ലീഗ് കമ്മിറ്റി സൈക്കിൾ വാങ്ങിച്ച് നൽകാൻ തീരുമാനിച്ചിരുന്നു. ഇരുമ്പുചോല സ്കൂളിലെ നഴ്സറിയിലാണ് പഠിക്കുന്നത്. കഴിഞ്ഞ ദിവസം റയയുടെ വീട്ടിലെത്തി സൈക്കിൾ കൈമാറി. തെങ്ങിലാൻ ഹുസൈൻ ഹാജി, കാവുങ്ങൽ ലിയാഖത്തലി, വാർഡ് മെമ്പർ ഒ.സി മൈമൂനത്ത്, സൈഫുദ്ദീൻ തയ്യിൽ,ഫാറൂഖ് ചോലക്കൻ, ഒ.സി അഷ്റഫ്, ഒ.സി മൊയ്തീൻ,ആഷിഖലി കാവുങ്ങൽ, അബൂബക്കർ മാനംകുളങ്ങര, ഫൈസൽ കാവുങ്ങൽ പങ്കെടുത്തു.



ദുരന്തമുഖത്തെ ആത്മസമർപ്പണം: വയനാട് പുഞ്ചിരിമട്ടത്തെ ദുരന്തമുഖത്ത് നിന്ന് മൃതദേഹങ്ങൾ തിരയുന്നതിനിടക്ക് വൈറ്റ് ഗാർഡ് സംസ്ഥാന കോഓർഡിനേറ്റർ ഫൈസൽ ബാഫഖി തങ്ങളുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നു.

## ക്വിറ്റ് ഇന്ത്യാ ദിനം

മമ്പുറം: കൊളപ്പുറം ടൗൺ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്വിറ്റ് ഇന്ത്യാ ദിനം ആചരിച്ചു. ഉബൈദ് വെട്ടിയാടൻ അധ്യക്ഷനായി. ഹംസ തെങ്ങിലാൻ, മൊയ്ദീൻകുട്ടി മാട്ടറ, പി.കെ ഹസ്സൻ, കെ.കെ അബുബക്കർ, ബഷീർ പുള്ളിശ്ശേരി, ഷഫീഖ് കരിയാടൻ പ്രസംഗിച്ചു. വി. റഷീദ്, കെ.ടി അഷ്റഫ്, പി. സൈതലവി, വേലായുധൻ, ചന്ദ്രൻ നേതൃത്വം നൽകി.

## വഖഫ് ഭേദഗതി ബിൽ ; കേന്ദ്ര സർക്കാർ പിന്തിരിയണം: എസ്.വൈ.എസ്

മലപ്പുറം: 2013 ലെ വഖഫ് നിയമത്തിൽ, വഖഫ് സ്വത്തുക്കളെ അന്യാധീനമാക്കുകയും വഴി തിരിച്ച് വിടുകയും ഇസ്‌ലാമിക വിശ്വാസികളല്ലാത്തവർക്ക് അധികാര വിനിയോഗത്തിന് അവസരമൊരുക്കുകയും ഭരണഘടനാദത്തമായ ന്യൂനപക്ഷ മുസ്‌ലിംകളുടെ അവകാശം കവർന്നെടുക്കുകയും ചെയ്യുന്ന, കേന്ദ്ര ഗവൺമെന്റ് കൊണ്ടു വരുന്ന ഭേദഗതികളിൽ നിന്ന് പിന്തിരിയണമെന്ന് എസ്.വൈ.എസ് ഈസ്റ്റ് ജില്ലാ കമ്മിറ്റി പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. കുത്സിത താൽപര്യങ്ങളും നിന്ദ്യമായ വർഗീയ നിലപാടുകളുമായി ഇനിയും മുന്നോട്ട് പോകാനാണ് ഉദ്യമമെങ്കിൽ മതേതര കാഴ്ചപ്പാടുകാരെ ചേർത്ത് പിടിച്ച് ശക്തമായ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകേണ്ടി വരുമെന്ന് പ്രമേയത്തിലൂടെ കേന്ദ്ര സർക്കാറിന് മുന്നറിയിപ്പ് നൽകി. ജില്ലാ സെക്രട്ടറി ഹസൻ സഖാഫി പൂക്കോട്ടൂർ അനുവാദകനായ പ്രമേയം സംസ്ഥാന സെക്രട്ടറി ഹംസ റഹ്മാനി കൊണ്ടിപറമ്പ് അവതരിപ്പിച്ചു.



വഖ്ഫ് ഭേദഗതി ബിൽ സമുദായത്തിനെതിര് എന്ന വിഷയത്തിൽ എസ്.വൈ.എസ് സംസ്ഥാന സെക്രട്ടറി അബ്ദുസ്സമദ് പൂക്കോട്ടൂർ പ്രഭാഷണം നടത്തുന്നു

കേരള വാർത്തകൾ

# മുണ്ടക്കൈ ദുരന്തം; ചാലിയാറിൽ ഇന്നലെയും തിരച്ചിൽ

എടക്കര: മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ അകപ്പെട്ടവർക്കായി ഇന്നലെയും ചാലിയാർ പുഴയിൽ തിരച്ചിൽ നടത്തി. എം.എസ്.പി, അഗ്നിരക്ഷാ സേന എന്നിവരുടെ നേതൃത്വത്തിലാണ് തിരച്ചിൽ നടത്തിയത്. ചാലിയാറിന്റെ നീർപുഴ മുക്കം മുതൽ അമ്പിക്കാംപൊട്ടി വരയുള്ള ഭാഗങ്ങളിലായിരുന്നു തിരച്ചിൽ. എന്നാൽ ഇന്നലെ മൃതദേഹങ്ങളോ, ശരീരഭാഗങ്ങളോ കണ്ടെത്താനായില്ല. വെള്ളിയാഴ്ചയും ഒന്നും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ചാലിയാറിന്റെ തീരങ്ങളിൽ ദുർഗന്ധം വമിക്കുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് തിരച്ചിൽ നടക്കുന്നത്. ഈ ഭാഗങ്ങളിൽ മണ്ണ് മാറ്റി പരിശോധന നടത്തുന്നുണ്ട്.

കഴിഞ്ഞ പന്ത്രണ്ട് ദിവസമായി ചാലിയാർ പുഴയിൽ വിവിധസേനകളുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളും, പ്രവർത്തകരും, നാട്ടുകാരും ജനപ്രതിനിധികളും തിരച്ചിൽ നടത്തിവരികയാണ്. മുണ്ടക്കൈ ദുരന്തത്തിൽ ചാലിയാർ പുഴയിലൂടെ ഒഴുകിയെത്തിയ 78 മൃതദേഹങ്ങളും 166 ശരീര ഭഗങ്ങളുമാണ് ഇതുവരെ നടന്ന തിരച്ചിലിൽ കണ്ടെത്താനായത്. ഇതിൽ 40 പുരുഷന്മാരും, 31 സ്ത്രീകളും, 3 ആൺകുട്ടികളും, നാല് പെൺകുട്ടികളും ഉൾപ്പെടുന്നു. കൂടുതൽ മൃതദേഹങ്ങൾ ചാലിയാറിന്റെ തീരങ്ങളിൽ അടിഞ്ഞ മൺതിട്ടകളിലുണ്ടാകാൻ സാധ്യത കൂടുതലാണെന്ന് വിലയിരുത്തപ്പെടുന്നു. ജില്ലാ കലക്ടറുടെ നിർദേശപ്രകാരം വരുംദിവസങ്ങളിലും പൊലീസിന്റെയും അഗ്നിരക്ഷാ സേനയുടെയും നേതൃത്വത്തിൽ തിരച്ചിൽ നടത്തും. വാർഡ് മെമ്പർമാർ നൽകുന്ന നിർദേശ പ്രകാരമായിരിക്കും തിരച്ചിലിനുള്ള സ്ഥലങ്ങൾ തീരുമാനിക്കുന്നത്.

# മമ്പുറത്ത് കടലുണ്ടി പുഴയോരം ഇടിയുന്നു; പഴയ പാലം ഭീഷണിയിൽ

മമ്പുറം: കടലുണ്ടിപ്പുഴയിലെ വെള്ളത്തിന്റെ ശക്തമായ കുത്തൊഴുക്കിൽ മമ്പുറത്ത് കരയിടിച്ചിലും മണ്ണൊലിപ്പും വ്യാപകം, ഇതോടെ വർഷങ്ങൾക്ക് മുമ്പ് എ.ആർ.നഗർ - തിരൂരങ്ങാടി പഞ്ചായത്തുകളെ ബന്ധിപ്പിച്ച് കടലുണ്ടിപ്പുഴക്ക് കുറുകെ നിർമിച്ച മമ്പുറം മഖാമിന് സമീപം പഴയ പാലത്തിന്റെ അടിയിൽ കരഭാഗത്ത് നിന്നും മണ്ണിടിഞ്ഞ് പോവുന്നതിനാൽ പാലവും ഭീഷണിയിലാണ്. പാലത്തിനോട് ചേർന്നുള്ള മഹല്ല് ഖബർസ്ഥാന ഭാഗവും മറ്റിടങ്ങളിലും ഇടിച്ചിൽ വ്യാപകമാണ്. ഇടിച്ചിൽ തടയണമെങ്കിൽ സുരക്ഷാ ഭിത്തി കെട്ടണമെന്നാവശ്യം ശക്തമായിരിക്കുകയാണ്.

മുൻ വർഷങ്ങളിൽ ഇടിഞ്ഞ ഏതാനും ഭാഗങ്ങൾ കാട് മൂടിക്കിടക്കുകയാണ്. ദിനേന ഇടിഞ്ഞ് സ്ഥലം ഇല്ലാതാവുന്നത്. നൂറ്റാണ്ടുകൾക്ക് മുമ്പേ മറവ് ചെയ്ത് വരുന്ന മഖാമിന് സമീപമുള്ള ഖബർസ്ഥാനിന്റെ പുഴയോട് ചേർന്നുള്ള തെക്ക് ഭാഗം വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. പ്രളയവും മണ്ണിടിച്ചിലും കാരണം ഖബർസ്ഥാനിന്റെ തെക്ക് ഭാഗത്ത് വലിയ തോതിൽ സ്ഥലം നഷ്ടപ്പെട്ട അവസ്ഥയാണ്. ഇവിടെ പുഴയോരം ഭിത്തികെട്ടി സംരക്ഷിക്കുന്ന പക്ഷം അറുപത് മീറ്റർ നീളവും എട്ട് മീറ്റർ വീതിയിലും ഖബർസ്ഥാനിന്റെ നഷ്ടപ്പെട്ട ഭാഗം തിരിച്ചു ലഭിക്കുകയും ചെയ്യും.

പുഴക്കരയിടിച്ചിൽ തടയാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മമ്പുറം മഹല്ല് ഇഹ്സാസുൽ ഇസ്‌ലാം സംഘം കമ്മിറ്റി ഭാരവാഹികൾ പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടിക്ക് നിവേദനം നൽകി. ഇവിടത്തെ വിഷയം ഉന്നയിച്ച് ഇടിച്ചിൽ തടയാൻ അടിയന്തര നടപടി വേണമെന്നാവശ്യപ്പെട്ട് മമ്പുറം പത്തൊമ്പതാം വാർഡ് മുസ്‌ലിം ലീഗ് കമ്മിറ്റിയും നിവേദനം നൽകി. പി.കെ ഇബ്രാഹീം ഹാജി, എ.കെ മൊയ്തീൻ കുട്ടി, എം. ഇബ്രാഹീം ഹാജി, പി.ടി അഹമ്മദ് ഹാജി, കെ.എം അബ്ദു ഹാജി, ചാലിൽ സിദ്ദീഖ്, യാസർ ഒള്ളക്കൻ, എ.പി ലത്തീഫ് ഹാജി, കെ.പി ഹംസ, കാട്ടീരി അബ്ദുറഹിമാൻ, പി.വി ഫാരിസ്, ടി. റസാഖ്, ടി. കബീർ പങ്കെടുത്തു.



മമ്പുറം മഖാമിന് സമീപത്തുള്ള പുഴക്കരയിടിച്ചിൽ തടയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടിക്ക് മഹല്ല് ഭാരവാഹികൾ നിവേദനം നൽകുന്നു

## ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒഴിവ്

മങ്കട: മങ്കട ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഫുഡ് പ്രൊഡക്ഷൻ ലാബിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ക്ലീനറെ നിയമിക്കുന്നു. സമാനതസ്തികയിൽ ജോലി പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും. 16 ന് വൈകീട്ട് നാലു മണിക്കുള്ളിൽ ഇ മെയിൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ ഓഫീസിൽ ലഭിക്കും. ഫോൺ: 04933 -295733.

## വയനാട് ദുരന്ത മുഖത്ത് സേവനം; വൈറ്റ് ഗാർഡുകളെ ആദരിച്ചു



വയനാട് ദുരന്തമേഖലയിൽ സേവനം ചെയ്ത വൈറ്റ് ഗാർഡ് അംഗങ്ങളെ ആദരിക്കുന്ന ചടങ്ങ് പി.കെ ബഷീർ എം. എൽ.എ ഉദ്ഘാടനം ചെയ്യുന്നു

നിലമ്പൂർ: വയനാട്ടിലെ മുണ്ടക്കൈ ചൂരൽമലയിൽ ഉണ്ടായ ഉരുൾപൊട്ടൽ ദുരന്ത മുഖത്ത് സേവന സന്നദ്ധരായ മുസ്‌ലിം യൂത്ത് ലീഗിന്റെ വൈറ്റ് ഗാർഡ് അംഗങ്ങളെ ജിദ്ദ കെ.എം.സി.സി നിലമ്പൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ സഹായത്തോടെ മുസ്‌ലിം യൂത്ത് ലീഗ് നിലമ്പൂർ നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ആദരിച്ചു. വൈറ്റ് ഗാർഡ് അംഗങ്ങൾക്ക് ഭക്ഷ്യ കിറ്റും കൈമാറി. പരിപാടി പി.കെ ബഷീർ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ദുരന്തം നടന്നത് മുതൽ തന്നെ നിലമ്പൂർ ഹോസ്പിറ്റലിലും ചാലിയാർ പുഴയുടെ തീരങ്ങൾ കേന്ദ്രീകരിച്ച് വൈറ്റ് ഗാർഡ് യൂത്ത് ലീഗ് പ്രവർത്തകർ ദിവസങ്ങളോളം യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെ സ്വന്തം ജോലിയും കുടുംബവും നോക്കാതെ ദുരന്തമുഖത്ത് ഉണ്ടായിരുന്നു. പുഴയോരങ്ങളിൽ നിന്നും മൃതശരീരങ്ങൾ കണ്ടെത്തുന്നതിനും അവ ഹോസ്പിറ്റലിൽ എത്തിക്കുന്നതിന് വേണ്ട എല്ലാറ്റിനും നൂറോളം വൈറ്റ് ഗാർഡ് പ്രവർത്തകർ പ്രവർത്തിച്ചിരുന്നു.

ഇവരെയാണ് ഇന്നലെ നിലമ്പൂർ സി.എച്ച് സെന്റർ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ആദരിച്ചത്. മുസ്‌ലിം യൂത്ത് ലീഗ് നിയോജക മണ്ഡലം പ്രസിഡന്റ് പി.കെ ജംഷീദ് അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം, മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് ശരീഫ് കുറ്റൂർ, ജനറൽ സെക്രട്ടറി മുസ്തഫ അബ്ദുൽ ലത്തീഫ്, മുസ്‌ലിം ലീഗ് നിയോജക മണ്ഡലം പ്രസിഡന്റ് സി.എച്ച് ഇക്ബാൽ, ജനറൽ സെക്രട്ടറി മച്ചിങ്ങൽ കുഞ്ഞു, എസ്.ടി.യു സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ടി കുഞ്ഞാൻ നിലമ്പൂർ സി.എച്ച് സെന്റർ ചെയർമാൻ പി.വി അലി മുബാറക്ക്, മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ സെക്രട്ടറി നിസാജ് എടപ്പറ്റ, മുസ്‌ലിം ലീഗ് നിയോജക മണ്ഡലം വൈസ് പ്രസിഡന്റ് കൊമ്പൻ ഷംസു, സെക്രട്ടറി റഷീദ് വരിക്കോടൻ സൗദി കെ.എം.സി.സി ജില്ലാ പ്രസിഡന്റ് ഇസ്മായിൽ മുണ്ടുപറമ്പ്, ഗ്ലോബൽ കെ.എം.സി.സി ജനറൽ സെക്രട്ടറി കെ.ടി ജുനൈസ്, ജിദ്ദ കെ.എം.സി.സി നിലമ്പൂർ നിയോജക മണ്ഡലം വൈസ് ചെയർമാൻ കെ.ടി ഉമ്മർ, മുസ്‌ലിം യൂത്ത് ലീഗ് നിയോജക മണ്ഡലം ജനറൽ സെക്രട്ടറി കെ.പി ലുഖ്മാൻ, റാഫി വഴിക്കടവ് യാസർ അറഫാത്ത്, അഫ്സൽ മുണ്ടശേരി, ശിഹാബ് പൊറ്റമൽ പ്രസംഗിച്ചു കെ.പി റമീസ്, ഇർഷാദ് കക്കോടൻ, ബക്കർ ചീമാടൻ, സിറാജ് തോണിക്കര, ജാഫർ ചേരിയാടൻ, പി.കെ അജ്മൽ, മിദ്‌ലാജ് ചെമ്പൻ, മൻസൂർ കൈതവാളപ്പൻ, അജ്മൽ അണക്കായ്, അഫ്ളൽ കരുളായ്, ശുഐബ് മുത്തു, ഫവാസ് ചുള്ളിയോട്, അഷ്റഫ് ഐക്കാരൻ, നൗഷാദ് പാത്തിപ്പാറ നേതൃത്വം നൽകി.

## അംഗീകരിക്കാനാവുക സ്വമേധയാലുള്ള സാലറി പിരിവ് മാത്രം

മലപ്പുറം: വയനാടിന്റെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി അധ്യാപകരുടെയും ജീവനക്കാരുടെയും അഞ്ച് ദിവസത്തെ സാലറി പിരിവ് സ്വമേധയാ മാത്രമേ ഈടാക്കാൻ അനുവദിക്കുകയുള്ളൂവെന്നും നിർബന്ധിത പിരിവ് അനുവദിക്കുകയില്ലെന്നും ജില്ലാ കെ.എസ്.ടി.യു യോഗം തീരുമാനിച്ചു. വയനാട് നടന്നത് മഹാദുരന്തമാണ്.

ഇത് ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം. വയനാടിനെ എല്ലാവരും ചേർത്ത് പിടിക്കേണ്ട സമയമാണിത്. അതിന് അധ്യാപകർക്കും ജീവനക്കാർക്കും മടിയില്ല. ദുരന്തത്തിന് ശേഷം സംസ്ഥാനത്തെ വിവിധ രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും വയനാട് പുനരധിവാസ പാക്കേജിൽ വളരെ നേരത്തെതന്നെ അധ്യാപകരും ജീവനക്കാരും പങ്കാളികളായിട്ടുണ്ട്.

മാത്രവുമല്ല സ്വന്തം നിലക്കും അധ്യാപകരും ജീവനക്കാരും ഈ ദൗത്യത്തിൽ പങ്കാളികളായിട്ടുണ്ട്. ഈ പുനരധിവാസ പ്രവർത്തനങ്ങൾ സംഘടനകളും വ്യക്തികളും രാഷ്ട്രീയ പാർട്ടികളും നേരത്തെ പ്രഖ്യാപിച്ചതാണ്.

അത് കൊണ്ട് തന്നെ സർക്കാർ ഈ പ്രവർത്തനങ്ങൾ ഏകോപിക്കുകയാണ് വേണ്ടത്. ഇതിൽ അധ്യാപകർക്കും ജീവനക്കാർക്കും തന്റേതായ സംഭാവനകൾ നൽകാൻ അവസരമൊരുക്കുകയാണ് വേണ്ടത്. അധ്യാപകരുടെയും ജീവനക്കാരുടെയും ശമ്പളത്തിൽ നിന്നും നിർബന്ധ പിരിവല്ല വേണ്ടത്. താത്പര്യ പൂർവ്വം ഇതിൽ കഴിയുന്ന സംഭാവനകൾ നൽകാൻ സർക്കാർ പ്രോത്സാഹിപ്പിക്കണം.

അതിനായി അധ്യാപകർക്കും ജീവനക്കാർക്കും നൽകാനുള്ള ശമ്പള കുടിശിക, ഡി.എ കുടിശിക, സറണ്ടർ എന്നിവയെല്ലാം നൽകി അതിൽ നിന്നും സംഭാവന നൽകാനുള്ള അവസരമാണ് സർക്കാർ ഒരുക്കേണ്ടതെന്ന് യോഗം അഭിപ്രായപ്പെട്ടു. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ പൊതുവിദ്യാഭ്യാസ തകർച്ചക്കുതകുന്ന പരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ അനുവദിക്കുകയില്ല. അധ്യാപക സംഘടനകളുമായി ചർച്ച ചെയ്തു മാത്രമേ പരിഷ്കാരങ്ങൾ നടപ്പിലാക്കാവൂ എന്നും യോഗം സർക്കാറിനോടാവശ്യപ്പെട്ടു.

യോഗം സംസ്ഥാന സെക്രട്ടറി കെ.ടി അമാനുല്ല ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എൻ.പി മുഹമ്മദലി അധ്യക്ഷനായി. ജില്ലാ ജനറൽ സെക്രട്ടറി കോട്ട വീരാൻ കുട്ടി, ജില്ലാ ഭാരവാഹികളായ കെ.എം ഹനീഫ, സഫ്ത്തറലി വാളൻ, ജലീൽ വൈരങ്കോട്, പി ഷാജഹാൻ, ഏ.കെ നാസർ, കെ.ടി. ശിഹാബുദ്ദീൻ, പി. മുഹമ്മദ് ഷമീം, ഇ.പി.എ ലത്തീഫ്, ജാഫർ വെള്ളേക്കാട്ട്, കെ മുസ്തഫ, ബഷീർ തൊട്ടിയൻ, പി അബൂബക്കർ, എ.വി ഇസ്ഹാഖ്, ടി.എച്ച് ഷാനവാസ് പ്രസംഗിച്ചു.

## ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് ആശ്വാസ ധനസഹായം

തിരുവനന്തപുരം: വയനാട് മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് ഉരുൾപൊട്ടലിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് മറ്റൊരു വാസസ്ഥലത്തേക്ക് മാറുന്നതിന് സർക്കാർ അടിയന്തര സഹായം നൽകും. ജീവനോപാധി നഷ്ടപ്പെട്ട കുടുംബത്തിലെ പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് 300 രൂപ വീതം ദിവസവും നൽകും. ഇപ്രകാരം ഒരു കുടുംബത്തിലെ രണ്ട് വ്യക്തികൾക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. കിടപ്പുരോഗികളോ ആശുപത്രിയിൽ ദീർഘനാൾ ചികിത്സയിൽ കഴിയുന്ന രോഗികളോ ഉള്ള കുടുംബങ്ങൾക്ക് ഈ ആനുകൂല്യം കുടുംബത്തിൽ മൂന്ന് പേർക്ക് എന്ന നിലയിൽ നൽകും. 30 ദിവസത്തേക്കാണ് തുക നൽകുന്നത്.

ഇപ്പോൾ ക്യാമ്പിൽ കഴിയുന്ന ഓരോ കുടുംബത്തിനും അടിയന്തര ധനസഹായമായി 10,000 രൂപ വീതം അനുവദിക്കും. മുണ്ടക്കൈ, ചൂരൽമല പ്രദേശത്തെ ദുരന്തത്തെ തുടർന്ന് ക്യാമ്പുകളിൽ കഴിയുന്നവർക്ക് മറ്റൊരു വാസസ്ഥലത്തേക്ക് തിരിച്ചു പോകുമ്പോൾ സർക്കാർ ഉടമസ്ഥതയിലോ മറ്റു പൊതു ഉടമസ്ഥതയിലോ മാറാൻ കഴിയും വിധമുള്ള താമസ സൗകര്യം ഒരുക്കാനാകുമോ എന്നതിൽ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കളക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് വാടക നിശ്ചയിച്ച് അനുവദിക്കും.

## മാപ്പിളകലാ പഠന കോഴ്സുകളിൽ പ്രവേശനം

മലപ്പുറം: കൊണ്ടോട്ടി മഹാകവി മോയിൻകുട്ടിവൈദ്യർ മാപ്പിളകലാ അക്കാദമിയുടെ സ്കൂൾ ഓഫ് മാപ്പിള ആർട്സിനു കീഴിൽ പാർട്ടൈം ഡിപ്ലോമ കോഴ്സുകൾ സെപ്റ്റംബറിൽ തുടങ്ങും. മാപ്പിളപ്പാട്ടിന് രണ്ടുവർഷത്തെയും ഒപ്പന, കോൽക്കളി, ദഫ്മുട്ട്, അറബന മുട്ട്, തുടങ്ങിയ കലകൾക്ക് ഒരു വർഷത്തേക്കുമുള്ള പാർട്ടൈം ഡിപ്ലോമ കോഴ്സുകളാണ് ആരംഭിക്കുന്നത്. 10 നും 25 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അവസാന തിയ്യതി: ആഗസ്റ്റ് 31. വിവരങ്ങൾ അക്കാദമി ഓഫീസുമായി നേരിട്ടോ(0483 2711432/ 7902 711432) അക്കാദമി വെബ്സൈറ്റ് മുഖേനയോ ലഭിക്കും.

# തൃപ്പനച്ചി ഉറൂസ് ഇന്ന് സമാപിക്കും; ഒരുലക്ഷം പേർക്ക് അന്നദാനം

മഞ്ചേരി: തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാരുടെ പതിമൂന്നാമത് ഉറൂസ് മുബാറക് പരിപാടികൾക്ക് ഇന്ന് കൊടിയിറങ്ങും. കൊടിമരത്തിങ്ങലിൽ ആത്മീയവിരുന്നൊരുക്കിയ സംഗമം ആയിരങ്ങൾ ഒത്തുചേരുന്ന പ്രാർഥനാ മജ്‌ലിസോടെയാണ് സമാപിക്കുക. കഴിഞ്ഞ ആറു ദിനരാത്രങ്ങളിലായി നടന്ന സിയാറത്ത്, ഓത്തിടൽ, മജ്‌ലിസുന്നൂർ, സ്വലാത്ത് മജ്‌ലിസ്, മതപ്രഭാഷണം, ജലാലിയ്യ റാതീബ്, സംഗമങ്ങളിൽ വിശ്വാസികൾ ഒഴുകിയെത്തിയിരുന്നു. ഇന്ന് ഒരു ലക്ഷം പേർക്കുള്ള അന്നദാന വിതരണത്തിന് ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടക സമിതി അറിയിച്ചു. 600 വളണ്ടിയർമാരാണ് ഇതിന് നേതൃത്വം നൽകുന്നത്. രാവിലെ ഒമ്പതിന് തുടങ്ങുന്ന അന്നദാനം വൈകീട്ട് മൂന്നോടെ അവസാനിക്കും. രാവിലെ എട്ടിന് നടക്കുന്ന കൂട്ട സിയാറത്തിന് സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ നേതൃത്വം നൽകും. സമാപന സംഗമം തങ്ങൾ ഉദ്ഘാടനം ചെയ്യും. പാണക്കാട് സയ്യിദ് മുനവറലി ശിഹാബ് തങ്ങൾ അധ്യക്ഷനാകും. അന്നദാന വിതരണ ഉദ്ഘാടനവും തങ്ങൾ നിർവഹിക്കും. സമസ്ത ജനറൽ സെക്രട്ടറി പ്രഫ.കെ ആലിക്കുട്ടി മുസ്‌ലിയാർ മുഖ്യപ്രഭാഷണവും അബ്ദുസ്സമദ് പൂക്കോട്ടൂർ അനുസ്മരണ പ്രഭാഷണവും നടത്തും. പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി, ഇ.ടി മുഹമ്മദ് ബഷീർ എം.പി എന്നിവർ മുഖ്യാതിഥികളാകും. ഒ.പി കുഞ്ഞാപ്പു ഹാജി, സയ്യിദ് ബാപ്പു തങ്ങൾ ജമലുല്ലൈലി കുന്നുംപുറം, എം.എൽ.എമാരായ അഡ്വ. യു.എ ലത്തീഫ്, ടി.വി ഇബ്രാഹീം, നിർമാൺ മുഹമ്മദലി പ്രസംഗിക്കും. ഇന്നലെ നടന്ന മത പ്രഭാഷണം സയ്യിദ് അബ്ദുന്നാസർ ഹയ്യ് ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. മുസ്തഫ ഹുദവി ആക്കോട് പ്രഭാഷണം നടത്തി. എം.ടി അബ്ദുല്ല മുസ്‌ലിയാർ അധ്യക്ഷനായി. പി ഉബൈദുല്ല എം.എൽ.എ, യൂസഫ് ഫൈസി മേൽമുറി, അബ്ദുറഹിമാൻ ദാരിമി ആലിപ്പറമ്പ്, സയ്യിദ് ബാപ്പു തങ്ങൾ ജമലുല്ലൈലി കുന്നുംപുറം ഒളവണ്ണ അബൂബക്കർ ദാരിമി, ഒ.പി കുഞ്ഞാപ്പു ഹാജി, ആർ.വി കുട്ടിഹസൻ ദാരിമി, അബ്ദുല്ല ദാരിമി വളമംഗലം, അബ്ദുസലാം ബാഖവി ഒഴുകൂർ, ടി.കെ കുഞ്ഞാപ്പു കാഞ്ഞിരം, കോമുക്കുട്ടി വാളപ്ര, ചെമ്പൻ അഹമ്മദ് ഹാജി, കെ. അബ്ദുല്ല ഹാജി കാവനൂർ, സി.കെ മുഹമ്മദ് മോങ്ങം, അബൂബക്കർ കെ കാഞ്ഞിരം, ടി.പി സൈനുദ്ദീൻ ഹാജി, മൻസൂർ, കുഞ്ഞിപ്പു പുല്ലാര, അലവിക്കുട്ടി ഹാജി ടി.കെ പ്രസംഗിച്ചു.



തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ 13-ാം ഉറൂസ് മുബാറക്കിനോടനുബന്ധിച്ച് ഇന്നലെ നടന്ന പ്രഭാഷണ സദസ് സയ്യിദ് നാസർ ഹയ്യ് ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു



പാലപ്പുറ കുറ്റിക്കാട്ടിൽ നേർച്ചക്ക് കോട്ടക്കൽ ആര്യവൈദ്യശാല കൈലാസ മന്ദിരത്തിൽ നിന്നും ചെമ്പ് പാത്രങ്ങൾ ഏറ്റ് വാങ്ങുന്ന കമ്മിറ്റി അംഗങ്ങൾ

## പാലപ്പുറ കുറ്റിക്കാട്ടിൽ നേർച്ചച്ചോർ വേവുന്നത് ഇത്തവണയും ആര്യ വൈദ്യശാലയുടെ സ്നേഹ ചെമ്പിൽ

കോട്ടക്കൽ: പ്രസിദ്ധമായ കോട്ടക്കൽ പാലപ്പുറ കുറ്റിക്കാട്ടിൽ ആണ്ടുനേർച്ചയുടെ അന്നദാനം ആയിരങ്ങൾക്ക് നൽകുമ്പോൾ നേർച്ചച്ചോർ ഇത്തവണയും വേവുന്നത് കോട്ടക്കൽ ആര്യവൈദ്യശാലയുടെ സ്നേഹ ചെമ്പുകളിൽ. ആറ് പതിറ്റാണ്ടിലേറെയായി പാലപ്പുറ കുറ്റിക്കാട്ടിൽ നേർച്ചയും ആര്യവൈദ്യശാലയും തമ്മിലുള്ള ഈ കലർപ്പില്ലാത്ത സ്നേഹ ബന്ധത്തിന്റെ കഥ തുടങ്ങിയിട്ട്. വൈദ്യശാലയുടെ പാത്രങ്ങൾ ആകെ പുറത്തേക്ക് നൽകുന്നതും ഇതിന് വേണ്ടി മാത്രമാണ്.ആര്യവൈദ്യശാല ആദ്യത്തെ മാനേജിങ് ട്രസ്റ്റിയായിരുന്ന പി.മാധവവാരിയർ അക്കാലത്ത് ഇത്തരം പാത്രങ്ങൾ വാടകക്ക് നൽകുന്ന ആളുകൾ ഇല്ലാത്ത സമയത്താണ് കൈലാസ മന്ദിരത്തിൽ നിന്നും ചെമ്പ് പാത്രങ്ങൾ സൗജന്യമായി നേർച്ചക്ക് കൊണ്ട് പോകാൻ തുടങ്ങിയത്. തുടർന്നിങ്ങോട്ട് എല്ലാ ആണ്ട് നേർച്ചക്കും ആചാരം പോലെ തുടർന്ന് പോവുകയാണ് ഈ സ്നേഹ ബന്ധം. പാത്രങ്ങൾ നൽകാൻ പള്ളി കമ്മിറ്റി ഭാരവാഹികൾ ട്രസ്റ്റിക്ക് കത്ത് നൽകുകയും തുടർന്ന് കൈലാസ മന്ദിരത്തിൽ നിന്നും ആവശ്യമായ പാത്രങ്ങൾ അദ്ദേഹത്തിന്റെ അനുമതിയിൽ കമ്മിറ്റി ഭാരവാഹികൾ ഏറ്റ് വാങ്ങുകയും ചെയ്യും. അന്നദാനം കഴിഞ്ഞ് രാത്രിയോടെ പാത്രങ്ങൾ തിരിച്ചെത്തിക്കും. കൈലാസ മന്ദിരത്തിൽ നിന്നും പള്ളി കമ്മിറ്റിക്ക് വേണ്ടി മേലേതിൽ അഹമ്മദ് കോയ ഹാജി, ശരീഫ് കോട്ടക്കൽ, മുഹമ്മദാലി, ഷാഹുൽ ഹമീദ്,നാസർ ബാവ തുടങ്ങിയവർ ഏറ്റുവാങ്ങി.

## രാഷ്ട്രരക്ഷാ സംഗമം വിജയിപ്പിക്കും

കൊണ്ടോട്ടി: ആഗസ്റ്റ് 15ന് വൈകുന്നേരം 4 മണിക്ക് കൊണ്ടോട്ടിയിൽ നടക്കുന്ന എസ്.വൈ.എസ് രാഷ്ട്രരക്ഷാ സംഗമം വിജയിപ്പിക്കാൻ കൊണ്ടോട്ടി മേഖല മദ്രസ മാനേജ്മെന്റ് അസോസിയേഷൻ തീരുമാനിച്ചു. യോഗം എസ്.വൈ.എസ് മലപ്പുറം ഈസ്റ്റ് ജില്ലാ ട്രഷറർ അബ്ദുൽ ഖാദർ ഫൈസി കുന്നുംപുറം ഉദ്ഘാടനം ചെയ്തു. ജംഇയ്യത്തുൽ മുഅല്ലിമീൻ കൊണ്ടോട്ടി മേഖലാ സെക്രട്ടറി ഖാജാ ഹുസൈൻ നിസാമി അധ്യക്ഷനായി. എസ്.വൈ.എസ് ഈസ്റ്റ് ജില്ലാ ജനറൽ സെക്രട്ടറി സലീം എടക്കര, മദ്രസ മാനേജ്മെന്റ് അസോസിയേഷൻ മേഖലാ സെക്രട്ടറി സി.ടി മുഹമ്മദ്, സ്വാഗതസംഘം ചെയർമാൻ കോപിലാൻ അബു ഹാജി, ജനറൽ കൺവീനർ കെ.കെ മുനീർ മാസ്റ്റർ, നാസർ ദാരിമി മുണ്ടക്കുളം പ്രസംഗിച്ചു.

# പൊലീസ് നടപടി കാടത്തം

മലപ്പുറം: കഴിഞ്ഞ ഒരു വർഷമായി മലപ്പുറം കലക്ടറേറ്റിന് മുമ്പിൽ നടന്നുവരുന്ന മദ്യനിരോധന സമിതിയുടെ സമരപ്പന്തൽ കഴിഞ്ഞ ദിവസം കാലവർഷത്തിൽ കേടുപാടുകൾ സംഭവിച്ചിരുന്നു. ആ പന്തൽ പുന:സൃഷ്ടിക്കാനുള്ള മദ്യനിരോധസമിതി പ്രവർത്തകരുടെ ശ്രമത്തെ യാതൊരു കാരണവുമില്ലാതെ ജില്ലാ ഭരണകൂടവും പൊലീസും തടഞ്ഞിരിക്കുകയാണ്. ഈ നടപടി തികഞ്ഞ ജനാധിപത്യവിരുദ്ധവും കാടത്തവുമാണ്. ഘട്ടം ഘട്ടമായി മദ്യനിരോധനം നടപ്പാക്കുമെന്ന് പറഞ്ഞ് അധികാരത്തിലേറിയ ഒരു സർക്കാർ കേരളം ഭരിച്ചു കൊണ്ടിരിക്കുമ്പോൾ ഇത്തരം ജനാധിപത്യ വിരുദ്ധത ഒരു കാരണവശാലും അനുവദിക്കാൻ സാധിക്കുകയില്ല.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും കെടുതിയിൽ നിന്നും വരും തലമുറയെ എങ്കിലും രക്ഷിക്കാനുള്ള ഇതുപോലെയുള്ള പരിശ്രമങ്ങളെ ഉരുക്കുമുഷ്ഠി കൊണ്ട് നേരിടാനാണ് ജില്ലാ ഭരണകൂടത്തിന്റെയും, പൊലീസിന്റെയും തീരുമാനമെങ്കിൽ മലപ്പുറം മുനിസിപ്പൽ മുസ്‌ലിം ലീഗ് കമ്മിറ്റി മദ്യനിരോധന സമിതിയുടെ സമരത്തിന് പ്രത്യക്ഷ പിന്തുണയുമായി മുന്നോട്ടു വരുമെന്ന് മുനിസിപ്പൽ മുസ്‌ലിം ലീഗ് ജന സെക്രട്ടറി പി.കെ ബാവ അറിയിച്ചു.

## കഞ്ചാവ് പിടികൂടി

വേങ്ങര: കണ്ണമംഗലം കിളിനക്കോട് തടത്തിപാറയിൽ അതിഥി തൊഴിലാളികളുടെ താമസ കേന്ദ്രത്തിൽ വേങ്ങര പൊലീസ് നടത്തിയ മിന്നൽപരിശോധനയിൽ അഞ്ച് കിലോ കഞ്ചാവും 200 പാക്കറ്റ് നിരോധിത പുകയില ഉത്പന്നങ്ങളും പിടികൂടി. ജില്ലാ പൊലീസ് മേധാവിക്ക് കിട്ടിയ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരിശോധന. 2 ദിവസം മുമ്പ് കിളിനക്കോട് എത്തിയ ഒഡീഷ സ്വദേശി മഹേദേവ മാഞ്ചി (29), ബീഹാർ സ്വദേശി നൗഷാദ് അൻസാരി (25) എന്നിവരിൽ നിന്നാണ് കഞ്ചാവ് പിടികൂടിയത്.

പരിശോധനക്കിടെ ഇവരുടെ സുഹൃത്തുക്കളായ ഒഡീഷ സ്വദേശികളായ രഘുനാഥ് പൂജാരി (21), മനാജർ പൂജാരി (24) എന്നിവരിൽ നിന്നും 200 പാക്കറ്റ് നിരോധിത പുകയില ഉത്പന്നങ്ങളും പിടികൂടുകയായിരുന്നു. ലഹരിക്കെതിരെ ജില്ലയിൽ ശക്തമായ പരിശോധ തുടരുമെന്ന് ജില്ലാ പൊലീസ് മേധാവി അറിയിച്ചു. പരിശോധനക്ക് വേങ്ങര എസ്.എച്ച്.ഒ ആർ. രാജേന്ദ്രൻ നായർ, എസ്.ഐ സുരേഷ് കണ്ടംകുളത്തി, സി.പി.ഒമാരായ വി. ഹരിദാസൻ, മുഹമ്മദ് ഫാസിൽ, സ്മിത, ഡാൻസഫ് ടീം അംഗങ്ങളായ സഞ്ജീവ്, സുബ്രഹ്മണ്യൻ, രതീഷ് പരിശോധനയിൽ പങ്കെടുത്തു.

### യൂത്ത് കോൺഗ്രസ് നേതാക്കൾക്കെതിരായ

# പൊലീസ് നടപടിക്കെതിരെ പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: ദേശീയപാതയിൽ കായംകുളത്ത് ഉയരപ്പാത നിർമിക്കണമെന്ന ജനകീയ ആവശ്യം ഉന്നയിച്ച് സമരം ചെയ്ത യൂത്ത് കോൺഗ്രസ് നേതാക്കളുടെ വീട് ആക്രമിച്ച പൊലീസ് നടപടി അംഗീകരിക്കാനാകില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. പുലർച്ചെ രണ്ടു മണിക്കാണ് യൂത്ത് കോൺഗ്രസ് നേതാക്കളുടെ വീടുകളിൽ ഗുണ്ടാ-കൊട്ടേഷൻ സംഘങ്ങളെ പോലെ പൊലീസ് അതിക്രമിച്ച് കയറിയത്. കായംകുളം നോർത്ത് മണ്ഡലം പ്രസിഡന്റ് റിയാസ് മുണ്ടകത്തിൽ, ഹാഷിം സേട്ട് ഉൾപ്പെടെയുള്ള നേതാക്കളുടെ വീടുകളിലാണ് പൊലീസ് സംഘം എത്തിയത്.



സിവിൽ വേഷത്തിലെത്തിയ പൊലീസുകാർ വീടിന്റെ വാതിൽ ചവിട്ടിത്തുറന്ന് ഹാഷിം സേട്ടിനെ അറസ്റ്റു ചെയ്ത ശേഷം പൊലീസ് വാഹനത്തിൽ ഒരു മണിക്കൂറോളം നഗരം ചുറ്റി മർദിച്ചു. ജനകീയ ആവശ്യത്തിന് വേണ്ടി സമരം ചെയ്ത യൂത്ത് കോൺഗ്രസ് പ്രവർത്തകരെ സമരപ്പന്തലിലെത്തി മർദ്ദിച്ചതിനു പിന്നാലെ പൊലീസിനെ ആക്രമിച്ചെന്ന കള്ളക്കേസ് ചുമത്തിയാണ് വീട് കയറിയുള്ള ആക്രമണവും അറസ്റ്റും.

ജനാധിപത്യ രാജ്യത്ത് സമരം ചെയ്യാൻ എല്ലാവർക്കും അവകാശമുണ്ട്. രാഷ്ട്രീയ സമരങ്ങളെ ഉരുക്ക് മുഷ്ടി കൊണ്ട് നേരിടാമെന്ന് പൊലീസിലെ ക്രിമിനലുകൾ ഇനിയും കരുതരുത്. പൊലീസിനെ നിയന്ത്രിക്കുന്ന ആഭ്യന്തരവകുപ്പും വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിയും നോക്കുകുത്തികളായി മാറിയതാണ് പൊലീസിലെ ക്രിമിനലുകൾക്ക് തലപൊക്കാൻ അവസരം നൽകുന്നത്. ഏത് സി.പി.എം നേതാവിന്റെ നിർദ്ദേശ പ്രകാരമാണ് ഈ ഗുണ്ടാപ്പണി ചെയ്തതെന്ന് പൊലീസും വ്യക്തമാക്കണം. സി.പി.എം നേതാക്കളുടെ ഗുണ്ടാസംഘമായി കേരളത്തിലെ പൊലീസ് അധഃപതിക്കരുത്.

ക്രിമിനലുകളായ പൊലീസുകാരെ നിലയ്ക്ക് നിർത്താൻ സംസ്ഥാന പൊലീസ് മേധാവി തയാറാകണം. എക്കാലവും ഭരണകൂടത്തിന്റെ സംരക്ഷണയിൽ കഴിയാമെന്ന് ക്രിമിനലുകളായ പൊലീസുകാരും കരുതരുത്. കായംകുളത്തെ അക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച പൊലീസ് ക്രിമിനലുകൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കണം. മുഖ്യമന്ത്രി ആഹ്വാനം ചെയ്ത രക്ഷാപ്രവർത്തനം തുടരാനാണ് പൊലീസിലെ ക്രിമിനലുകളും തീരുമാനിച്ചിരിക്കുന്നതെങ്കിൽ ഗുരുതര പ്രത്യാഘാതം നേരിടേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു.

# സമയം നീട്ടി നൽകി; വിനേഷിന്റ മെഡലിനായി കാത്തിരിപ്പ്



പാരിസ്: 100 ഗ്രാം ഭാരം കൂടിയതിന്റെ പേരിൽ ഒളിംപിക്സ് ഗുസ്തി മത്സരത്തിൽ നിന്ന് ഒഴിവാക്കിയതിനെതിരെ ഗുസ്തി താരം വിനേഷ് ഫോഗട്ട് നൽകിയ അപ്പീലിൽ ഇന്നലെയും വിധി പറഞ്ഞില്ല. വിധി ഇന്നുണ്ടായേക്കും. വനിതാ ഗുസ്തിയുടെ ഫൈനലിനു മുൻപു അയോഗ്യയാക്കപ്പെട്ടതിനെതിരെ വിനേഷ് ഫോഗട്ട് രാജ്യാന്തര കായിക കോടതിയിൽ നൽകിയ അപ്പീലിൽ വാദം പൂർത്തിയായിരുന്നു. വെള്ളി മെഡൽ അനുവദിക്കണമെന്നായിരുന്നു വിനേഷിന്റെ ആവശ്യം. മൂന്നു മണിക്കൂറോളം നീണ്ട വാദപ്രതിവാദത്തിൽ, എല്ലാ കക്ഷികളുടെയും വാദങ്ങൾ ആർബിട്രേറ്റർ അന്നാബെൽ ബെന്നെറ്റ് കേട്ടു. ആദ്യം സ്വന്തം വാദങ്ങൾ വിശദമായി രേഖാമൂലം സമർപ്പിച്ച കക്ഷികൾ, പിന്നീട് ആർബിട്രേറ്ററിനു മുന്നിൽ നേരിട്ടും വാദമുഖങ്ങൾ നിരത്തി. ഫൈനലിന് ഇറങ്ങേണ്ട ദിവസം രാവിലെ നടത്തിയ ഭാരപരിശോധനയിൽ 100 ഗ്രാം കൂടിപ്പോയെന്നു ചൂണ്ടിക്കാട്ടിയാണ് അധികൃതർ വിനേഷ് ഫോഗട്ടിനെ അയോഗ്യയാക്കിയത്. ഇതിനെതിരെയാണ് താരം അപ്പീൽ നൽകിയത്. ഗുസ്തി മത്സരങ്ങൾ നടക്കുന്ന വേദിയിൽനിന്ന് താരങ്ങൾ താമസിക്കുന്ന ഒളിംപിക് വില്ലേജിലേക്കുള്ള ദൂരം, മത്സരങ്ങൾക്കിടയിലുള്ള തീരെ ചെറിയ ഇടവേളകളും ഭാരപരിശോധനയിൽ പരാജയപ്പെടാനുള്ള കാരണമായി വിനേഷ് എടുത്തുകാട്ടി. ഇന്ന് ഒളിംപിക്സ് സമാപിക്കാനിരിക്കെ, അതിനു മുന്നോടിയായി വിധി പറയുമെന്നു കോടതി അറിയിച്ചിരുന്നു. ആദ്യ ദിവസം തുടർച്ചയായി മൂന്ന് എതിരാളികളെ തോൽപ്പിച്ച് ഫൈനലിലെത്തിയ വിനേഷ് ഫോഗട്ട്, തനിക്ക് സംയുക്ത വെള്ളിമെഡലിന് അവകാശം നൽകണമെന്നാണ് ആവശ്യപ്പെട്ടത്.

ഗൾഫ് ചന്ദ്രിക
സ്പോർട്സ്

*ന്യായമായാണ് വിനേഷ് ഫൈനലിലേക്ക് യോഗ്യത നേടിയത്. അവർക്ക് അർഹമായ മെഡൽ തട്ടിയെടുക്കുകയായിരുന്നു. ഉത്തേജക ഉപയോഗം പോലുള്ള മോശം പ്രവൃത്തികളുടെ പേരിലാണ് ഈ അയോഗ്യതയെങ്കിൽ അത് മനസിലാക്കാം. എന്നാൽ ഇത് അങ്ങനെയല്ല. വിനേഷിന് അർഹിക്കുന്ന അംഗീകാരം ലഭിക്കുമെന്നാണ് പ്രതീക്ഷ. വിനേഷ് വെള്ളി മെഡൽ അർഹിക്കുന്നു. അവർക്ക് മെഡൽ നൽകണം.*

**– സച്ചിൻ ടെണ്ടുൽക്കർ**





**BREAKING** പാരീസ് ഒളിംപിക്സ് സമാപന ചടങ്ങുകൾ രാത്രി 12.30

# കഠിനമീ പാത

### സെമിക്കു മുമ്പ് 10 മണിക്കൂറിൽ കുറച്ചത് 4.6 കിലോഗ്രാം



പാരീസ്: 57 കിലോ ഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെങ്കല മെഡൽ നേടി രാജ്യത്തിന്റെ അഭിമാനമായി മാറിയ അമൻ സെഹ്റാവത്ത് ഇതിനായി ഒഴുക്കേണ്ടി വന്ന വിയർപ്പ് ചില്ലറയല്ല. ഒളിംപിക് മെഡൽ നേടുന്ന ഇന്ത്യയുടെ ഏറ്റവും പ്രായം കുറഞ്ഞ താരമെന്ന റെക്കോർഡ് അമൻ സ്വന്തമാക്കുമ്പോൾ വെങ്കല മെഡൽ പോരാട്ടത്തിനായി അമൻ ഇറങ്ങും മുമ്പ് നടത്തിയ കഠിന പരിശീലന മുറയുടെ വാർത്തകളാണ് ഇപ്പോൾ പുറത്ത് വരുന്നത്.

ഗുസ്തിയിൽ സെമി ഫൈനലിന് ശേഷം വെങ്കല മെഡൽ പോരാട്ടത്തിന് ഇറങ്ങും മുമ്പ് ശരീരഭാരം 4.6 കിലോ ഗ്രാം കുറയ്ക്കേണ്ടി വന്നതായാണ് അമൻ സെഹ്റാവത പറയുന്നത്. അടുത്ത 2 ഒളിംപിക്സിലും മെഡൽ നേടാൻ ശ്രമിക്കുമെന്നും അമൻ പാരീസിൽ പറഞ്ഞു. 100 ഗ്രാം അധിക ശരീരഭാരം കാരണം വനിതാ ഗുസ്തി ഫൈനലിന് മുമ്പ് വിനേഷ് ഫോഗട്ട് അയോഗ്യയാക്കപ്പെട്ട പശ്ചാത്തലത്തിലാണ് അമൻ താൻ 10 മണിക്കൂർ കൊണ്ട് 4.6 കിലോ ഗ്രാം കുറച്ച കാര്യം വെളിപ്പെടുത്തിയത്. ജപ്പാനീസ് താരം റൈ ഹിഗൂച്ചിക്കെതിരായ സെമി പോരാട്ടം അമൻ തോൽക്കുന്നത് വ്യാഴാഴ്ച വൈകിട്ട് 6.30യോടെയാണ്. അതിനുശേഷം അമന്റെ ശരീരഭാരം നോക്കിയപ്പോൾ അനുവദനീയമായതിലും 4 കിലോ കടുതലായിരുന്നു. സെമി തോറ്റെങ്കിലും വെങ്കല മെഡൽ പോരാട്ടത്തിൽ മത്സരിക്കേണ്ടതിനാൽ ഇന്ത്യൻ സംഘത്തിന് മുന്നിൽ സമയം കളയാനില്ലായിരുന്നു. വിനേഷ് ഫോഗട്ടിന്റെ നിർഭാഗ്യം ആവർത്തിക്കരുതെന്ന വാശിയിൽ അമന്റെ പരിശീലക സംഘത്തിലുള്ള ജഗ്മന്ദർ സിംഗും വിരേന്ദർ ദഹിയയും കഠിനാധ്വാനം ചെയ്തു.

ഒട്ടും സമയം കളയാനില്ലായിരുന്നു. ഒന്നര മണിക്കൂർ മാറ്റ് സെഷനോടെയാണ് കഠിന വ്യായാമം തുടങ്ങിയത്. അതു കഴിഞ്ഞ് ഒരു മണിക്കൂർ ഹോട്ട് ബാത്ത്. രാത്രി 12.30 ഓടെ ജിമ്മിലെത്തി. ട്രെഡ് മില്ലിൽ ഒരു മണിക്കൂർ നിർത്താതെയുള്ള ഓട്ടം. അതു കഴിഞ്ഞ് അര മണിക്കൂർ വിശ്രമത്തിനു ശേഷം അഞ്ച് മിനിട്ട് വീതമുള്ള സൗന ബാത്ത് സെഷൻ. എന്നാൽ കഠിനമായ വ്യായാമങ്ങളെല്ലാം കഴിഞ്ഞിട്ടും ഭാരം നോക്കിയപ്പോൾ അമന് 900 ഗ്രാം അധികഭാരമുണ്ടായിരുന്നു.

പിന്നീട് മസാജിംഗ് സെഷനു ശേഷം ചെറിയ ജോംഗിഗും 5-15 മിനിറ്റ് ദൈർഘ്യമുള്ള ഓട്ടവും. അതു കഴിഞ്ഞ് പുലർച്ചെ 4.30ന് ശരീരഭാരം നോക്കുമ്പോൾ അമൻ 56.9 കിലോ ഗ്രാമിലെത്തി. അനുവദനീയമായതിനെക്കാൾ 100 ഗ്രാം കുറവ്. അതോടെയാണ് പരിശീകർക്കും അമനും ശ്വാസം നേരെ വീണത്. ഈ പരിശീലനത്തിനിടെ അമൻ ആകെ കുടിച്ചത് നാരങ്ങ പിഴഞ്ഞ ചെറുചൂടു വെള്ളവും തേനും കുറച്ച് കാപ്പിയും മാത്രം. അതിനു ശേഷം അമൻ ഉറങ്ങിയില്ല. പിന്നീടുള്ള സമയം മുഴുവൻ ഗുസ്തി വീഡിയോകൾ കണ്ടിരുന്നു.

ഓരോ മണിക്കൂറിലും അമന്റെ ശരീരഭാരം പരിശീലകർ പരിശോധിക്കുന്നുണ്ടായിരുന്നു. മത്സരം അവസാനിക്കും വരെ പരിശീലകരും അമനൊപ്പം കണ്ണടക്കാതെ കൂട്ടിരുന്നപ്പോൾ പാരിസിൽ ഇന്ത്യക്ക് കിട്ടിയതൊരു വെങ്കല മെഡലായിരുന്നു. പ്യൂർട്ടോറിക്കോയുടെ ഡാരിയൻ ക്രൂസിനെ മലർത്തിയടിച്ചാണ് അമൻ പാരീസിലെ ഇന്ത്യയുടെ ആദ്യ ഗുസ്തി മെഡൽ സ്വന്തമാക്കിയത്.

# റീതിക പൊരുതി വീണു



പാരീസ്: പാരീസ് ഒളിംപിക്സ് ഗുസ്തിയിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷകൾക്കു തിരിച്ചടി. ഇന്ത്യൻ താരം മത്സരിക്കുന്ന അവസാന ഇനമായ വനിതാ ഫ്രീസ്റ്റൈൽ 76 കിലോ ഗ്രാം ഗുസ്തിയിൽ റീതിക ഹൂഡ ക്വാർട്ടറിൽ തോറ്റുപുറത്തായി. ക്വാർട്ടറിൽ കിർഗിസ്ഥാൻ താരം അയ്പേറി മെഡെറ്റ് കിസിയോട് വാശിയേറിയ പോരാട്ടത്തിനൊടുവിലാണ് റീതിക കീഴടങ്ങിയത്. കിർഗിസ്ഥാൻ താരം ഫൈനലിൽ കടന്നാൽ റീതികയ്ക്ക് ഇനി റെപ്പഷാജ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. ലോക ഒന്നാം നമ്പർ താരമാണ് അയ്പേറി മെഡെറ്റ് കിസി. ആവേശകരമായ പ്രീക്വാർട്ടർ പോരാട്ടത്തിൽ ഹംഗറിയുടെ എട്ടാം സീഡും രണ്ടു തവണ യൂറോപ്യൻ ചാംപ്യനുമായ ബെർ ഡെത്തിനെയാണ് റീതിക തോൽപ്പിച്ചത്. 12-2 എന്ന സ്കോറിലാണ് റീതികയുടെ വിജയം. ഗോൾഫ് വനിതാ വ്യക്തിഗത വിഭാഗത്തിൽ അദിതി അശോകും ദിക്ഷ ദാഗറും പുറത്തായി. ഇതോടെ പാരീസ് ഒളിംപിക്സിൽ ഇന്ത്യ സ്വർണ മെഡലില്ലാതെ മടങ്ങേണ്ടി വരും. നീരജ് ചോപ്ര ജാവലിൻ ത്രോയിൽ നേടിയ വെള്ളി മെഡലും ഷൂട്ടിങ്ങിൽ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിലും സരബ്ജിത് സിങ്ങും മനു ഭാകറും 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് വിഭാഗത്തിൽ നേടിയ വെങ്കലവും 50 മീറ്റർ റൈഫിളിൽ സ്വപ്നിൽ കുശാൽ നേടിയ വെങ്കലവും ഹോക്കി ടീം നേടിയ വെങ്കലവും 57 കിലോഗ്രാം വിഭാഗം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ അമൻസെഹ്റാവത് നേടിയ വെങ്കലവുമടക്കം ഒരു വെള്ളിയും അഞ്ചു വെങ്കലവുമടക്കം ആറു മെഡലാണ് പാരീസിൽ ഇന്ത്യയുടെ നേട്ടം.

### ഒരു വെള്ളിയും അഞ്ചു വെങ്കലവുമായി ഇന്ത്യ 69-ാം സ്ഥാനത്ത്

# ലണ്ടൻ ക്ഷമിക്കുക, പാരീസാണ് ടോപ്പ്



LOVE U PARIS 18

**കമാൽ വരദൂർ**



തിരക്കേറിയ പാരീസ് മെട്രോ

ഒളിംപിക്സ് സമാപിക്കുകയാണ്. ഇന്ന് കൊടി താഴും. ഇന്നലെ ഇന്ത്യക്ക് കാര്യമായ മൽസരങ്ങളുണ്ടായിരുന്നില്ല. അതിനാൽ നഗരത്തെ അറിയാൻ ഒരു വിശാല യാത്ര നടത്തി. കൂട്ടിന് പ്രിയ സുഹൃത്തുക്കളായ ഷരീഷ് ചിറക്കലും പാരീസിൽ അധ്യാപകനായ ഡോ. സാലിം കൊട്ടൂകരയും. പാരീസ് നഗരത്തിലെ ട്രെയിൻ സംവിധാനത്തിന് കൈയ്യടിക്കാതെ തരമില്ല. ഭൂമിക്കടിയിലൂടെ പലവിധ ട്രെയിനുകൾ പറക്കുകയാണ്. യൂറോപ്പ് എന്ന വൻകരയിലെ വിവിധ രാജ്യങ്ങളെ ബന്ധിപ്പിക്കുന്ന രാജ്യാന്തര ട്രെയിനുകൾ മുതൽ പാരീസ് നഗര പ്രാന്തങ്ങളെ സംയോജിപ്പിക്കുന്ന മെട്രോ ട്രെയിനുകൾ വരെ. വിശാലമായി കുതിക്കുന്ന ട്രെയിനുകളെ ആർ.ഇ.ആർ (Réseau Express Régional ) എന്ന് വിളിക്കും. സിംഗിൾ ഡെക്കർ, ഡബിൾ ഡെക്കർ എന്നിങ്ങനെ ട്രെയിനുകൾ പലവിധം. 2012 ലെ ലണ്ടൻ ഒളിംപിക്സ് റിപ്പോർട്ട് ചെയ്യാനായി ബ്രിട്ടിഷ് ആസ്ഥാനത്ത് എത്തിയപ്പോൾ ആ നഗരത്തിലെ 100 വർഷം പഴക്കമുള്ള മെട്രോ (അവിടെ ട്യൂബ് എന്നാണ് വിളിക്കാറ് ) കണ്ട് അന്തംവിട്ടിരുന്നെങ്കിൽ ഇത് അതുക്കും മേലെയാണ്. 1900 മുതൽ ഈ മഹാനഗരത്തിൽ മെട്രോ സർവിസുണ്ട്.

നിലവിൽ പതിനാല് ലൈനുകൾ. ഒളിംപിക്സ് ഒരുക്കത്തിൽ ഒരു പുതിയ ലൈൻ വന്നു. രണ്ട് ലൈനുകൾ നിർമാണത്തിലും. പുലർച്ചെ ആരംഭിക്കുന്ന മെട്രോ സർവീസ് അർധരാത്രി വരെയുണ്ട്. മെട്രോ കാർഡില്ലാത്ത ഫ്രഞ്ചുകാരുണ്ടാവില്ല. എല്ലാവരും അത് പഴ്സിലും ടാഗിലുമെല്ലാമായി സൂക്ഷിക്കുന്നു. നഗരങ്ങളെ ബന്ധിപ്പിച്ചുള്ള മെട്രോ വിന്യാസമാണ് അപാരം. ഓരോ അഞ്ച് മിനുട്ടിലും അവ കുതിച്ചെത്തും. 14 ലൈനുകളെയും ബന്ധപ്പെടുത്തുന്ന ജംഗ്ഷനുകൾ നിരവധി. പാരീസ് നഗരത്തിൽ നിന്നും രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലേക്ക് പോവാൻ ആർ.ഇ.ആർ ട്രെയിനുകളുണ്ട്. മെട്രോ ട്രെയിനുകളേക്കാൾ വേഗത്തിലാണ് ആർ.ഇ.ആർ ട്രെയിനുകളുടെ കുതിപ്പ്. എയർപോർട്ട്, ഡിസ്നി ലാൻഡ് തുടങ്ങി നഗരത്തിൽ നിന്നും അൽപ്പമകലെയുള്ള സ്ഥലങ്ങളിലേക്ക് അനുയോജ്യം ആർ.ഇ.ആർ സംവിധാനമാണ്. എ,ബി,സി,ഡി,ഇ എന്നിങ്ങനെ അഞ്ച് ലൈനുകളിലായി 250 സ്റ്റേഷനുകൾ. എല്ലാ സ്റ്റേഷനുകളും ചരിത്ര നിർമിതികൾ പോലെയാണ് ഫ്രഞ്ച് വാസ്തുശിൽപ്പകലയുടെ മികവ് സ്റ്റേഷനുകളിൽ പ്രകടം. സ്റ്റേഷനുകളുടെ പേരുകളിൽ രാജ്യത്തെ പൗര പ്രമുഖർ മുതൽ അമേരിക്കയുടെ മുൻ പ്രസിഡണ്ട് ഫ്രാങ്ക്ളിൻ റൂസ് വെൽറ്റിന്റേത് വരെയുണ്ട്. ദീർഘകാലം രാജഭരണത്തിലായതിനാൽ ആദ്യകാല രാജാക്കന്മാർ മുതൽ നെപ്പോളിയൻ ഉൾപ്പെടെയുള്ളവരുടെ പേരുകളും സ്റ്റേഷനുകൾക്കുണ്ട്. രാജ്യാന്തര യാത്രകൾക്ക് ടി.ജി.വി ട്രെയിനുകളുണ്ട്. (Train à Grande Vitesse) പാരീസിൽ നിന്നും ജർമനിയിലെ ഫ്രാങ്ക്ഫർട്ടിലെത്താൻ മൂന്നരമണിക്കൂർ മതി. ഒമ്പത് മണിക്കൂർ കൊണ്ട് ലണ്ടനിലെത്താം. മണിക്കൂറിൽ 350 കിലോമീറ്റർ വേഗതയിലാണ് ഈ ട്രെയിനുകളുടെ കുതിപ്പ്. ടി.ജി.വി ട്രെയിനുകളുടെ അകത്തളം ദീർഘദൂര യാത്രകൾക്ക് അനുയോജ്യമാണ്. ഇത്ര വിശാലമായി ഈ ഗതാഗത സംവിധാനത്തെ പരിചയപ്പെടുത്താൻ കാരണം സുഗമമായ യാത്ര ഉറപ്പ് വരുത്താൻ ഭരണകൂടം ഒരുക്കുന്ന സംവിധാനങ്ങളിലെ അത്യാധുനിക സാങ്കേതികതയെ അറിയാനാണ്. 100 ശതമാനം ഹൈടെക്കാണ് ഫ്രഞ്ചുകാർ. അത് പിന്തുടരാൻ കഴിയാത്തവരായി ഇവിടെ ആരുമില്ല. 70 കഴിഞ്ഞവർ പോലും ബുള്ളറ്റ് ട്രെയിനുകളിൽ യാത്ര ചെയ്യുന്നത് കാണുന്നതിൽ പുതുമ തോന്നിയിട്ടില്ല. പക്ഷേ ടിക്കറ്റെടുക്കാനും യാത്ര എളുപ്പമാക്കാനും സ്വന്തം മൊബൈൽ ഫോണിലെ ആപ്പുകളെ അവർ പ്രയോജനപ്പെടുത്തുന്നത് കാണുമ്പോൾ 70 കഴിഞ്ഞാൽ എല്ലാം അവസാനിച്ചു എന്ന് കരുതി ആശുപത്രികളെ ആശ്രയിക്കുന്ന, അഥവാ വൃദ്ധസദനങ്ങളെ പുൽകുന്ന നമ്മുടെ ഇന്ത്യൻ ബോധം എത്ര പിറകിലാണ്. നിങ്ങൾ പാരീസിൽ ഏതെങ്കിലും ഭാഗത്ത് കുരുങ്ങിയോ..? ഉടൻ ഗുഗിൾ മാപ്പ് ബ്രൗസ് ചെയ്യുക. നിങ്ങൾക്ക് എത്തേണ്ട സ്ഥലം ടൈപ്പ് ചെയ്യുക. കൃത്യമായി നിങ്ങൾക്ക് ഗൂഗിൾ മൂന്ന് വഴി പറഞ്ഞ് തരും. ട്രെയിൻ മാർഗമാണെങ്കിൽ അടുത്ത സ്റ്റേഷൻ,ലക്ഷ്യസ്ഥാനത്തേക്കുള്ള സമയം. രണ്ട് അടുത്ത ബസ് സ്റ്റേഷൻ,ലക്ഷ്യത്തിലേക്കുള്ള ദൂരം. മൂന്ന് നിങ്ങൾ നടക്കാനാണ് ആഗ്രഹിക്കുന്നതെങ്കിൽ ആ വഴിയും ഉദ്ദേശസമയവും പറഞ്ഞ് തരും. ഒരു കാര്യം മാത്രം സൂക്ഷിക്കണംപോക്കറ്റടിക്കാരുണ്ട്.

റുമേനിയയിൽ നിന്നും വരുന്ന ചെറുപ്പക്കാരും ചെറുപ്പകാരികളും. ഒറ്റനോട്ടത്തിൽ പോക്കറ്റടിക്കാരാണെന്ന് തോന്നില്ലപക്ഷേ പഴ്സും ബാഗുമെല്ലാം ഞൊടിയിടയിൽ നഷ്ടപ്പെട്ടേക്കാം. പാരീസിലേക്ക് വരുന്നതിന്ന് മുമ്പ് പ്രിയപ്പെട്ട പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ അദ്ദേഹത്തിന്റെ ഫ്രഞ്ച് അനുഭവം വെച്ച് പറഞ്ഞിരുന്നു, മോഷ്ടാക്കൾ ധാരാളമുണ്ടെന്ന്. അദ്ദേഹത്തിന് ബാഗ് നഷ്ടമായ കഥ ഇവിടെ വെച്ച് കാസർകോട് മഞ്ചേശ്വരത്തുകാരനായ മുഹമ്മദ് വിവരിക്കുകയും ചെയ്ത് തന്നിരുന്നു. എന്തായാലും ഒളിംപിക്സ് സമയമായതിനാൽ പൊലീസ് വളരെ ജാഗ്രതയിലായതിനാൽ കാര്യമായ മോഷണങ്ങളൊന്നും നടന്നിട്ടില്ല. രാത്രി വളരെ വൈകി ഐഫൽ ടവറിന് അരികിലെത്തിയപ്പോൾ ജനസമുദ്രമായിരുന്നു. ശ്രീജേഷും നീരജ് ചോപ്രയുമെല്ലാം ഐഫലിന് താഴെയുണ്ടായിരുന്നു.

# കാൽപന്ത് സ്വർണം സ്പെയിനിന്



പാരീസ്: ഫ്രഞ്ചുകാരുടെ വലിയ സ്വപ്നമായിരുന്നു ഫുട്ബോൾ സ്വർണം. അത് പക്ഷേ സ്പെയിനുകാർ റാഞ്ചി. അധിക സമയത്തേക്ക് ദീർഘിച്ച ആവേശകരമായ പോരാട്ടത്തിൽ 5-3നായിരുന്നു സ്പാനിഷ് വിജയം. പാരീസ് സെന്റ്ജർമയ്ൻ അഥവാ പി.എസ്.ജിക്കാരുടെ ആസ്ഥാനമായ പാർക്ക് പ്രിൻസസിലായിരുന്നു അന്തിമ മൽസരം. അർജന്റീനയെന്ന കൊമ്പന്മാരെ ക്വാർട്ടർ ഫൈനലിലും ഈജിപ്തിനെ സെമിയിലും തകർത്ത് സ്വർണ പോരാട്ടത്തിനെത്തിയ സ്വന്തം ടിം സ്വർണം തന്നെ സ്വന്തമാക്കുമെന്നുറപ്പിച്ചായിരുന്നു ഫ്രഞ്ചുകാർ കൂട്ടത്തോടെ എത്തിയത്. കരുത്തന്മാരായ മൊറോക്കോയെ തകർത്തായിരുന്നു സ്പാനിഷ് വരവ്. ലൂയിസ് ഗാർസിയ എന്ന സീനിയറിനെ മാറ്റി നിർത്തിയാൽ അണ്ടർ23 സംഘമായിരുന്നു സ്പെയിൻ. എൻസോ മിലിറ്റോ 11-ാം മിനുട്ടിൽ തന്നെ തകർപ്പൻ ഗോളിൽ ആതിഥേയരെ മുന്നിലെത്തിച്ചു. ഫെർമിൻ ലോപസ് എട്ട് മിനുട്ടിനകം സ്പാനിഷ് സംഘത്തെ ഒപ്പമെത്തിച്ചപ്പോൾ സ്പാനിഷുകാരുടെ നിലക്കാത്ത കയ്യടി. പിന്നെ കണ്ടത് സ്പാനിഷ് ആർമാദമായിരുന്നു. ഒളിംപിക്സിൽ അസാമാന്യ പ്രകടനം നടത്തുന്ന ലോപസ് വീണ്ടും സ്കോർ ചെയ്തതോടെ ഗ്യാലറി നിശബ്ദമായി. ഫ്രഞ്ചുകാർ തിരിച്ചുവരാൻ ശ്രമിക്കവെ അലക്സ് ബീന സ്പെയിനിന്നായി വീണ്ടും നിറയൊഴിച്ചു. ഇടവേളക്ക് പിരിയുമ്പോൾ സ്പെയിൻ 3, ഫ്രാൻസ് 1. തിയറി ഒൻറി എന്ന വിഖ്യാതൻ പരിശീലിപ്പിക്കുന്ന ഫ്രഞ്ച് സംഘം എളുപ്പം കീഴടങ്ങാൻ തയ്യാറായിരുന്നില്ല. രണ്ടാം പകുതിയിൽ കണ്ടത് മൈക്കൽ ഒലിസെയുടെ മിന്നും ഫ്രീകിക്ക്. സ്പാനിഷ് ഗോൾകീപ്പറെ നിശ്ചലനാക്കി ഒലിസെയുടെ ഗംഭീര ഗോൾ. അവസാന മിനുട്ടിൽ സൂപ്പർ യുവതാരം ജിൻ ഫിലിപേ മറ്റേറ്റയുടെ പെനാൽട്ടി ഗോളിൽ ഫ്രാൻസ് ഒപ്പമെത്തി, 3-3. പിന്നെ അധിക സമയം. സെർജിയോ കാമിലോ നടത്തിയ കുതിപ്പിൽ സ്പെയിൻ മുന്നിൽ. ഗ്യാലറി ശോകം. പലരും ഇരിപ്പിടം വിട്ടു. അപ്പോഴും കുറേ പേർ കാത്തിരുന്നു. സമനില വരുമെന്ന്. പക്ഷേ സ്പെയിൻ വീണ്ടും സ്കോർ ചെയ്തു. പക്ഷേ ഗോൾകീപ്പർ ഉൾപ്പെടെ മുന്നോട്ട് വന്നപ്പോൾ ഫ്രഞ്ച് വലയിൽ വീണ്ടും പന്ത്. അങ്ങനെ 5-3 വിജയം.1992 ലെ ബാഴ്സാ ഒളിംപിക്സിന് ശേഷം സ്പെയിനിന് വീണ്ടും ഒളിംപിക്സ് സ്വർണം.

# നീരജ് ശസ്ത്രക്രിയക്ക് വിധേയനാകും

പാരീസ്: പാരീസ് ഒളിംപിക്സിലെ സ്വർണ നഷ്ടത്തിന് പിന്നാലെ ദീർഘകാലമായി അലട്ടുന്ന അടിവയറിലെ പരിക്കിന് ശസ്ത്രക്രിയ്ക്ക് വിധേയനാവാൻ തീരുമാനമെടുത്ത് ഇന്ത്യയുടെ ജാവലിൻ താരം നീരജ് ചോപ്ര. ശസ്ത്രക്രിയക്ക് വിധേയനാവുന്നതിനൊപ്പം പുതിയ പരിശീലകനെ കണ്ടെത്താനും നീരജ് ശ്രമിക്കുന്നതായാണ് സൂചന.കഴിഞ്ഞ ഏതാനും മാസങ്ങളായി നീരജ് ചോപ്രയെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നതായിരുന്നു അടിവയറിലെ വേദന. 2022ലെ ലോക ചാമ്പ്യൻഷിപ്പിനിടെയാണ് ആദ്യമായി വേദന അനുഭവപ്പെട്ടത്. വിശദ പരിശോധനയിൽ ഹെർണിയ മൂലമാണിതെന്ന് കണ്ടെത്തിയെങ്കിലും ഒളിംപിക്സിൽ പങ്കെടുക്കേണ്ടതിനാൽ നീരജ് ശസ്ത്രക്രിയ നീട്ടിക്കൊണ്ടുപോവുകയായിരുന്നു. അതുമൂലം പരിശീലനത്തിലടക്കം നീരജിന് പലപ്പോഴും നിയന്ത്രണങ്ങൾ വെക്കേണ്ടിവന്നിരുന്നു.

മിക്ക അന്താരാഷ്ട്ര താരങ്ങളും ഒരു സെഷനിൽ നാൽപതിലധികം തവണ എങ്കിലും ജാവലിൻ എറിയുമ്പോൾ രണ്ടോ മൂന്നോ ആഴ്ചയിലൊരിക്കൽ മാത്രമാണ് നീരജ് അത്തരമൊരു സെഷന് മുതിർന്നിരുന്നത്. ഫൈനലിലും പരിക്ക് തന്നെ മാനസികമായി വലച്ചിരുന്നുവെന്ന് നീരജ് പറഞ്ഞിരുന്നു. പരിക്കുണ്ടെങ്കിൽ പിന്നീട് പകുതി ശ്രദ്ധ അതിനെക്കുറിച്ചാകുമെന്നും നീരജ് വ്യക്തമാക്കിയിരുന്നു. ശസ്ത്രക്രിയ വേണമെന്ന് കഴിഞ്ഞ വർഷം തന്നെ ഡോക്ടർ നിർദേശിച്ചതേണെങ്കിലും ഒളിംപിക്സ് തയാറെടുപ്പുകളെ ബാധിക്കുമെന്ന ഭയം മൂലമാണ് വേണ്ടെന്ന് വച്ചതെന്നും എന്നാലിപ്പോൾ ആ നിർണായക തീരുമാനമെടുക്കാൻ സമയമായെന്നും നീരജ് പറഞ്ഞു. ഒളിംപിക്സിലെ മത്സരം അവസാനിച്ചതോടെ ഇനി വൈകിക്കേണ്ടെന്നാണ് നീരജിന്റെ തീരുമാനം.





ചേലേമ്പ്ര പാറയിൽ മുസ്‌ലിം യൂത്ത് ലീഗ് കമ്മിറ്റി സ്ഥാപിച്ച സി.സി.ടി.വി വള്ളിക്കുന്ന് മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് ഡോ. വി.പി അബ്ദുൽ ഹമീദ് ഉദ്ഘാടനം ചെയ്യുന്നു

## വാഫി കോളജ് ഫെസ്റ്റ്

തിരുന്നാവായ: കാട്ടിലങ്ങാടി പി.എം.എസ്.എ കോളജ് വിദ്യാർഥി യൂണിയൻ മുൻതജുൽ അഫ്നാൻ സ്റ്റുഡൻസ് അസോസിയേഷന്റെ കീഴിൽ 'ഞാനോ' എന്ന തലക്കെട്ടിൽ ഒന്നാംവർഷ വിദ്യാർഥികൾക്കായി ഫെസ്റ്റ് സംഘടിപ്പിച്ചു.പാണക്കാട് സ്വിദ്ഖ് അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവഹിച്ചു.ഹാദിയ ട്രെയിനർ റബീഅ് ഹുദവി കാരാട്ട് മുഖ്യപ്രഭാഷണം നിർവഹിച്ചു.കോളജ് ലിറ്ററി ക്ലബ്ബിന്റെ കീഴിൽ ആദ്യവർഷ വിദ്യാർഥികളുടെ വാർഷിക മാഗസിൻ ചടങ്ങിൽ പ്രകാശനം ചെയ്തു. ഫെസ്റ്റ് കൺട്രോളർ ഷാഫി വാഫി കൊടുവള്ളി അധ്യക്ഷനായി. .സലിം വാഫി പൊന്നാനി,സാജിദ് വാഫി കണിയാപുരം,അനീസ് അഹ്മദ് മംഗലം ഡാം,ഷാമിൽ മുനീർ കൊപ്പം പങ്കെടുത്തു.



കാട്ടിലങ്ങാടി പി.എം.എസ്.എ വാഫി കോളജ് മാഗസിൻ പ്രകാശനം പാണക്കാട് സ്വിദ്ഖ് അലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

# പ്രാദേശിക വാർത്തകൾ

## ഫാദിലിന്റെ ഓർമക്കായി സി.സി.ടി.വി

ചേലേമ്പ്ര: മരണപ്പെട്ട 11 കാരൻ ചേലേമ്പ്ര പാറയിൽ എ.വി ഫാദിലിന്റെ ഓർമക്കായി പാറയിൽ മുസ്‌ലിം യൂത്ത് ലീഗ് കമ്മിറ്റി സി.സി.ടി.വി സ്ഥാപിച്ചു. വള്ളിക്കുന്ന് മണ്ഡലം മുസ്‌ലിം ലീഗ് പ്രസിഡന്റ് ഡോ. വി.പി അബ്ദുൽ ഹമീദ് ഉദ്ഘാടനം ചെയ്തു. കെ.കെ ഷമീർ അധ്യക്ഷനായി. കെ. ഷാഫി, എം.കെ അബ്ദുൽ അലി, റഊഫ്, പി. അബ്ദുൽ ഗഫൂർ മാസ്റ്റർ, കെ.കെ മൻസൂർ, എം.കെ അബ്ദുൽ ബഷീർ, എം.കെ അൽഫിദ അലി, കെ.കെ നാഫി പ്രസംഗിച്ചു. ബാല കേരളം ജില്ലാ വൈസ് ക്യാപ്റ്റനായി തിരഞ്ഞെടുത്ത എം.കെ അൽഫിദ അലിക്ക് യൂത്ത് ലീഗ് കമ്മിറ്റിയുടെ സ്നേഹോപഹാരം നൽകി.

## ഡിജിറ്റൽ സാക്ഷരത

ചേലേമ്പ്ര: 14 നും 65 നും ഇടയിൽ പ്രായമുള്ളവർക്ക് സ്മാർട്ട് ഫോൺ ഉപയോഗക്രമ പഠനമായ സമ്പൂർണ ഡിജിറ്റൽ സാക്ഷരത ഡി.ജി കേരളം പദ്ധതിയുടെ ചേലേമ്പ്ര പഞ്ചായത്ത്തല വിവരശേഖരണത്തിന്റെ ഉദ്ഘാടനം പ്രസിഡന്റ് ടി.പി സമീറ പതിമൂന്നാം വാർഡിൽ നിർവഹിച്ചു. വൈസ് പ്രസിഡന്റ് കെ.പി ദേവദാസ് അധ്യക്ഷനായി. ഉഷ തോമസ്, സുജിത ഷിബു, ഷിബി സുഭാഷ്, വി. അനിൽകുമാർ, ആതിര ചന്ദ്രൻ, എം.പി വിപിനി ജസീന, എം. ഗിരിജ, കെ.ഷീജ പ്രസംഗിച്ചു.

## വ്യാപാര ദിനം ആചരിച്ചു

തിരൂരങ്ങാടി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ചെമ്മാട് യൂണിറ്റിൽ വ്യാപാര ദിനാചരണം പ്രസിഡന്റ് നൗഷാദ് സിറ്റിപാർക്ക് പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സൈനു ഉള്ളാട്ട്, പനക്കൽ സിദ്ദീഖ്, എം മൊയ്തീൻ കോയ, സമദ് കാരാടൻ, ബഷീർ, പി ജയേഷ്, എം.എൻ കുഞ്ഞുട്ടി, സിറാജ് പൊറ്റയിൽ, സന്തോഷ് പ്രസംഗിച്ചു.

## ആനങ്ങാടി ബീച്ച് മുഹിയദ്ദീൻ ജുമാമസ്ജിദ് ഉദ്ഘാടനം ചെയ്തു

കടലുണ്ടി നഗരം: പുതുക്കി പണിത ആനങ്ങാടി ബീച്ച് മുഹിയദ്ദീൻ ജുമാമസ്ജിദ് തുറന്നു. നൂറുകണക്കിന് വിശ്വാസികൾ തിങ്ങി നിറഞ്ഞ ഭക്തിസാന്ദ്രമായ മുഹൂർത്തത്തിൽ വെള്ളിയാഴ്ച മഗ്‌രിബ് നമസ്കാരത്തിന് കോഴിക്കോട് ഖാസി സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി നേതൃത്വം നൽകി. പൊതുസമ്മേളനം ഇബ്രാഹീമുൽ ഖലീൽ ബുഖാരി തങ്ങൾ ഉദ്ഘാടനം ചെയ്തു. മസ്ജിദ് പുനർനിർമാണ കമ്മിറ്റി ചെയർമാൻ കുന്നുമ്മൽ കോയ അധ്യക്ഷനായി.

ഉമർ പാണ്ടി പ്രവർത്തന റിപ്പോർട്ടും, സത്താർ ആനങ്ങാടി' മസ്ജിദ് നാൾ വഴികളും' അവതരിപ്പിച്ചു. സയ്യിദ് ഹുസൈൻ തങ്ങൾ, സയ്യിദ് മിൻഹാജ് ഹുസൈൻ ശിഹാബ് തങ്ങൾ പാണക്കാട്, സയ്യിദ് ഉമർ തങ്ങൾ, സയ്യിദ് യാ തങ്ങൾ ജമലു ല്ലൈലി, താഹിർ സഖാഫി, സന്തോഷ് ഫാർമസി എംഡി കെ വേലായുധൻ, പി. നസറുദ്ദീൻ, ഇബ്രാഹിം അൻവരി, കെ.പി കാസ്മി, കെ.പി.എ. സലാം, ഇസ്മയിൽ സഖാഫി, മൻസൂർ അശ്റഫി പ്രസംഗിച്ചു. കെ.എം.പി. കോയമോൻ, മുജീബ് റഹ്മാൻ, അസീസ് പാണ്ടി, ആസാദ് കുന്നുമ്മൽ, മഷ്ഹൂദ് ഹുമൈ ദി, സലിം, കെ.പി. മൊയ്തീൻ കോയ, പി.ഇ സിദ്ദീഖ്, കെ.പി സക്കീർ,കെ. ജലാൽ പങ്കെടുത്തു.

## ഭക്ഷ്യ കിറ്റ് നൽകി

പരപ്പനങ്ങാടി: വെള്ളപ്പൊക്കത്തെ തുടർന്ന് താമസം മാറിപ്പോയ ഉള്ളണം മേഖലയിലെ കുടുംബങ്ങൾക്ക് മുൻ നഗരസഭാ ചെയർമാനും കൗൺസിലറുമായ എ.ഉസ്മാൻ ശേഖരിച്ച ഭക്ഷ്യ കിറ്റുകൾ ഉള്ളണം മുസ്‌ലിം യൂത്ത് ലീഗ് വൈറ്റ് ഗാർഡ് ടീം വിതരണം ചെയ്തു. റഫീഖ് ഉള്ളണം, പി.പി ഉസൈൻ, പി.പി.മുസ്തഫ, എം.അബൂബക്കർ ഹാജി, എ.സി.അബ്ദുറഹ്മാൻ, കെ.ഫൈറൂസ്,മാജിദ് കുണ്ടാണത്ത് നേതൃത്വം നൽകി.

## ഇംഗ്ലീഷ് സംസാരിക്കാൻ പ്രത്യേക പദ്ധതി

കൽപകഞ്ചേരി: ഇംഗ്ലീഷ് സംസാര ഭാഷയിൽ വിദ്യാർഥികളെ പ്രവീണ്യമുള്ളവരാക്കുന്നതിനായി കൽപകഞ്ചേരി ജി.വി.എച്ച്.എസ് സ്കൂളിൽ ലേണിങ് എൻഹാൻസ്മെന്റ് പ്രോഗ്രാമിനു തുടക്കമായി. എസ്.എസ്.കെയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതോടെ ഇംഗ്ലീഷ് സംസാര ഭാഷയിൽ പരിശീലനം നൽകുന്ന ജില്ലയിലെ തന്നെ ആദ്യ സർക്കാർ വിദ്യാലയമായി മാറുകയാണ് കൽപകഞ്ചേരി ജി.വി.എച്ച്.എസ്.എസ്. ജില്ലാ എസ്.എസ്.കെയുടെ നിർദേശമനുസരിച്ചു കുറ്റിപ്പുറം ബി.ആർ.സിയുടെ കീഴിൽ സ്കൂളുകൾ തയ്യാറാക്കിയ പദ്ധതികളിൽ നിന്ന് മികച്ചതായി കൽപകഞ്ചേരി സ്കൂളിന്റെ പ്രൊജക്ട് തിരഞ്ഞെടുക്കപ്പെടുകയായിരുന്നു. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത അറുപതു വിദ്യാർഥികളുടെ ബാച്ചിനാണ് പരിശീലനം. സ്കൂളിലെ ഇംഗ്ലീഷ് അധ്യാപകരുടെ കൂട്ടായ്മയാണ് പരിശീലനം നൽകുന്നത്.

അന്താരാഷ്ട്ര നിലവാരത്തിൽ കുട്ടികളെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നതിനായി ശാസ്ത്രീയമായാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇംഗ്ലീഷ് അധ്യാപകരായ ജി. സുനിത, വി. സുഗന്ധവല്ലി എന്നിവരുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് ഡിപാർട്ട്മെന്റാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതിയുടെ ഉദ്ഘാടനം സി.വി. ഉണ്ണികൃഷ്ണൻ നിർവഹിച്ചു. പ്രധാനാധ്യാപിക പി. സിനി അധ്യക്ഷയായി. അധ്യാപകരായ ജയേഷ് .സി, നിഷ .സി, സിലിജ ദേവി, ഷമീല .ഇ, ഷഫ്നാസ്, റാഷിഫ ഫൈറൂസ പ്രസംഗിച്ചു.

## ഒ.യു.പി സ്കൂൾ സ്കൗട്ട് സ്നേഹ ഭവനം കൈമാറ്റം നാളെ

തിരൂരങ്ങാടി: കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സ് സംസ്ഥാന ഘടകം മുന്നോട്ടുവെച്ച 'വിഷൻ 2021– 26' പദ്ധതിയുടെ ഭാഗമായി തിരൂരങ്ങാടി ഒ.യു.പി സ്കൂളിലെ സ്കൗട്ട് ആന്റ് ഗൈഡ്സും പരപ്പനങ്ങാടി ലോക്കൽ അസോസിയേഷനും സംയുക്തമായി നിർമിച്ച സ്നേഹ ഭവനത്തിന്റെ താക്കോൽദാനം തിങ്കളാഴ്ച്ച നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. രാവിലെ 10.30 ന് സ്കൂളിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി വി അബ്ദുറഹിമാൻ താക്കോൽദാനം നിർവഹിക്കും. സ്കൂളിലെ പിതാവ് മരണപ്പെട്ട പാവപ്പെട്ട കുട്ടിയുടെ കുടുംബത്തിനാണ് വീട് നിർമിച്ചു നൽകുന്നത്. മുനിസിപ്പൽ ചെയർമാൻ കെ.പി മുഹമ്മദ് കുട്ടി ചടങ്ങിൽ മുഖ്യാതിഥിയാകും. ജീവകാരുണ്യ പ്രവർത്തന മേഖലയിൽ സ്കൗട്ട് ആന്റ് ഗൈഡിന്റെ വേറിട്ട മാതൃകയാണ് സ്നേഹഭവനം. തിരൂരങ്ങാടി സ്കൂൾ സ്കൗട്ട് ആന്റ് ഗൈഡ് നിർമിക്കുന്ന രണ്ടാമത്തെ സ്നേഹ ഭവനമാണിത്. 2014 സ്റ്റേറ്റ് കമ്മിറ്റിയുടെ നിർദേശമനുസരിച്ച് സംസ്ഥാനത്ത് ആദ്യമായി സഹപാഠിക്കൊരു സ്നേഹ



ഒ.യു.പി സ്കൂൾ സ്കൗട്ട് ആന്റ് ഗൈഡ് നിർമിച്ച സ്നേഹ ഭവനം

വീട് നിർമിച്ചു നൽകിയത് ഈ സ്കൂൾ ആയിരുന്നു.

പതിനൊന്നര ലക്ഷം രൂപയാണ് വീട് നിർമാണത്തിന് ചെലവ്. 750 സ്ക്വയർഫീറ്റ് വിസ്തീർണത്തിലാണ് വീട് നിർമിച്ചത്. ഒമ്പതര ലക്ഷം രൂപയും വിദ്യാർഥികളുടെ നേതൃത്വത്തിൽ സമാഹരിച്ചതാണെന്ന് പ്രധാനാധ്യാപകൻ പി അഷ്റഫ് മാസ്റ്റർ, സ്കൗട്ട് അധ്യാപകരായ കെ അബ്ദുറഹിമാൻ, വി.കെ സിദ്ദീഖ്, എം.ടി റബീഹ്, കെ ഫസൽ, പി.ടി.എ പ്രസിഡന്റ് കാരാടൻ റഷീദ്, മുസ്തഫ ചെറുമുക്ക് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.



പാറയിൽ ബാപ്പു ഹാജി സ്മാരക മെഡിക്കൽ സെന്റർ സമർപ്പണം പാണക്കാട് അബ്ബാസലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

## പാറയിൽ ബാപ്പു ഹാജി സ്മാരക മെഡിക്കൽ സെന്റർ നാടിന് സമർപ്പിച്ചു

തിരുന്നാവായ: തിരുന്നാവായ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റായിരുന്ന പാറയിൽ ബാപ്പുഹാജിയുടെ സ്മരണക്കായി അനന്താവൂർ മുട്ടിക്കാട്ടിലെ മെഡിക്കൽ സെന്റർ നാടിന് സമർപ്പിച്ചു. പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്തു. കുറുക്കോളി മൊയ്തീൻ എം. എൽ.എ, വെട്ടം ആലിക്കോയ, ഫൈസൽ എടശ്ശേരി, കെ.ടി മുസ്തഫ, ഷൂക്കൂറലി കല്ലുങ്ങൽ, പാറയിൽ ബാവുഹാജി, സി.പി. അബ്ദുൽ സമദ്, പാറയിൽ ഹംസ ഹാജി, മുസ്തഫ പള്ളത്ത്, ടി.കെ.മുഹമ്മദ് കുട്ടി പങ്കെടുത്തു. ആധുനിക ആതുര ശുശ്രൂഷ സൗകര്യങ്ങളോടു കൂടിയാണ് മെഡിക്കൽ സെന്റർ ഒരുക്കിയിട്ടുള്ളത്.

## വയനാട്ടിലേക്ക് കുട്ടികളുടെ പുസ്തക ശേഖരണം

തിരുനാവായ: വയനാട്ടിലെ ഉരുൾപ്പെട്ടൽ മൂലം ദുരിതത്തിലായ കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് പഠിക്കാനാവശ്യമായ നോട്ട് പുസ്തകം ശേഖരിക്കാൻ പി.ടി.എ തീരുമാനം. എടക്കുളം എം.യു.പി. സ്കൂളിലെ വിദ്യാർഥികളാണ് 'വയനാട്ടിലെ കുട്ടികൾ പഠിച്ചുയരട്ടെ' എന്ന സന്ദേശവുമായി പുസ്തക ശേഖരണത്തിനൊരുങ്ങുന്നത്. ഓരോ കുട്ടിയും ഒരു പുസ്തകമെങ്കിലും എത്തിച്ചാൽ വയനാട്ടിലെ നിരവധി കുട്ടികൾക്കത് ഗുണം ചെയ്യുമെന്ന ആശയത്തിലാണ് പി.ടി.എ പുസ്തക ശേവരണം തീരുമാനിച്ചത്. ഇന്ന് മുതൽ പുസ്തകം സ്വീകരിച്ചു തുടങ്ങും. പി.ടി.എ പ്രസിഡന്റ് സി.പി സുലൈമാൻ അധ്യക്ഷനായി. പ്രധാന അധ്യാപിക പ്രീത, എം.കെ സൈഫുന്നീസ, സി നൗഷാദ്, സി.പി ഷരീഫ്, ടി.പി റാബിയ, കെ സൽമ, ജിഷ ഷിജു, അനിൽ, അനില, ടി.പി അൽഫിന,ടി സൗഫാന, ശ്രീവിദ്യ പ്രസംഗിച്ചു.



താനാളൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പി.അഷ്റഫിന് മീനടത്തൂർ മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ സ്നേഹോപഹാരം അഡ്വ. എൻ. ഷംസുദ്ദീൻ എം.എൽ.എ നൽകുന്നു

## സ്വീകരണം നൽകി

താനാളൂർ: കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ഇന്ത്യക്ക് തന്നെ മാതൃകയാണെന്നും സാധാരണക്കാരന്റെ ആശാകേന്ദ്രമാണ് സർവീസ് ബാങ്കുകളെന്നും സഹകരണ മേഖല എന്നും മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി അഡ്വ. എൻ. ഷംസുദ്ദീൻ എം.എൽ.എ പറഞ്ഞു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട താനാളൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി.അഷ്റഫിന് മീനടത്തൂർ മുസ്‌ലിം ലീഗ് കമ്മിറ്റി നൽകിയ സ്വീകരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ടി.കെ ഫാറൂഖ് അധ്യക്ഷനായി. കമ്മിറ്റിയുടെ സ്നേഹോപഹാരം എൻ.ഷംസുദ്ദീൻ പി.അഷ്റഫിന് നൽകി. ജില്ലാ പഞ്ചായത്ത് മെമ്പർ വി.കെ.എം. ഷാഫി മുഖ്യപ്രഭാഷണം നടത്തി. മുസ്‌ലിം ലീഗിന്റെ വയനാട് പുനഃരധിവാസ ഫണ്ട് ടി.പി. കോയക്കുട്ടി ഹാജിയിൽ നിന്നും സ്വീകരിച്ച് കൊണ്ട് എൻ.ഷംസുദ്ദീൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ടി.പി. റസാഖ്, പി.ബഷീർ, കുഞ്ഞു മീനടത്തൂർ, വി.കെ. മമ്മദ് കോയ, സി.കെ.എം ബാപ്പു ഹാജി, എം. മൊയ്തീൻ മൂപ്പൻ, പി. അയ്യൂബ്, ടി. ജംഷീറലി, കെ. റിയാസ്, കെ.പി ശിഹാബ്, ഒ.പി.ഷിഹാബ്, സി.കെ കോയ, ടി.ഫൈസൽ, ടി. ബഷീർ ഹാജി, പി. റഫീഖ്, കെ. അസ്ഹർ, വി. ബാപ്പുട്ടി പ്രസംഗിച്ചു.




എടരിക്കോട് ഗ്രാമ പഞ്ചായത്ത് മാലിന്യമുക്ത നവകേരളം ശിൽപശാല പ്രസിഡന്റ് ഫസലുദ്ദീൻ തയ്യിൽ ഉദ്ഘാടനം ചെയ്യുന്നു

## മാലിന്യ മുക്ത പഞ്ചായത്ത് ശിൽപശാല

എടരിക്കോട്: ഗ്രാമ പഞ്ചായത്ത് മാലിന്യമുക്തം നവകേരളം പഞ്ചായത്ത് തല ശിൽപശാല ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഫസലുദ്ദീൻ തയ്യിൽ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ആബിദ തൈക്കാടൻ അധ്യക്ഷയായി. സി.ടി അഷ്റഫ്, എച്ച്.ഐ റമീസ, പി.എസ്. ശ്രീജ, സുലൈഖ, അക്ബർ കാട്ടകത്ത്, സെക്രട്ടറി റോഷൻ ആന്റണി പ്രസംഗിച്ചു. ശിൽപശാലയിൽ ജന പ്രതിനിധികൾ, ഘടക സ്ഥാപന മേധാവികൾ, ബ്ലോക്ക് ആർ.ജി.എസ്.എ കോഓർഡിനേറ്റർ ഷാഹിന, തീമാറ്റിക്ക് എക്സ്പെർട്ട് രഞ്ജിത, ആരോഗ്യ വിഭാഗം ജീവനക്കാർ, കുടുംബശ്രീ സി.ഡി. എസ് ചെയർപേഴ്സൺ, എ.ഡി.എസ് അംഗങ്ങൾ, ആശാവർക്കർമാർ, എം.ജി.എൻ.ആർ.ഇ.ജി. എസ് പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, കാമ്പയിൻ സെക്രട്ടേറിയറ്റ് അംഗങ്ങൾ പങ്കെടുത്തു.

## ക്ഷേമനിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി മാറ്റം വരുത്തണം

പള്ളിക്കൽ: വിവിധ തൊഴിലാളി ക്ഷേമനിധികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് സർക്കാർ നൽകി വരുന്ന വിവിധ ആനുകൂല്യങ്ങൾ വർധിപ്പിക്കണമെന്നും ഇവ സമയ ബന്ധിതമായി നൽകണമെന്നും സ്വതന്ത്ര തൊഴിലാളി യൂണിയൻ (എസ്.ടി.യു) പള്ളിക്കൽ പഞ്ചായത്ത് വാർഷിക കൺവൻഷൻ സർക്കാറിനോടാവശ്യപ്പെട്ടു. കർഷക തൊഴിലാളികൾക്ക് ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള ചികിത്സക്കായി ലക്ഷങ്ങളുടെ ആശുപത്രി ചെലവ് വന്നാലും നാലായിരം രൂപ മാത്രമാണ് നിലവിൽ നൽകി വരുന്നത്. അംഗങ്ങളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. വർഷങ്ങളോളം ക്ഷേമനിധിയിലേക്ക് വിഹിതം അടച്ച് കാലാവധിക്ക് ശേഷം അടച്ച തുകയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായി വർഷങ്ങൾ കാത്തിരിക്കേണ്ട ദുരവസ്ഥയാണ് നിലവിലുള്ളത്. ഇതിന്ന് അടിയന്തര പരിഹാരം കാണണമെന്ന് യോഗം ആവശ്യപ്പെട്ടു. വയനാട് ദുരന്തത്തിൽ മരണമടഞ്ഞവർക്ക് യോഗം അനുശോചനം രേഖപ്പെടുത്തി.പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് എം.അബ്ദുൽ ഖാദർ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. കെ. ലിയാക്കത്തലി അധ്യക്ഷനായി. എസ്.ടി.യു ജില്ലാ സെക്രട്ടറി നൗഷാദ് താനൂർ മുഖ്യ പ്രഭാഷണം നടത്തി. എൻ.എം കോയ പള്ളിക്കൽ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. പുതിയ ഭാരവാഹികളായി കെ. ലിയാക്കത്തലി (പ്രസിഡന്റ്), എൻ.എം കോയ പള്ളിക്കൽ (ജനറൽ സെക്രട്ടറി), മുസ്തഫ തയ്യിൽ (ട്രഷറർ), കെ. അബ്ദുൽ മജീദ്, കെ.പി മുസ്തഫ (വൈസ് പ്രസിഡന്റുമാർ), സി.ടി അഫ്സൽ, ഉമ്മർ കോയ (സെക്രട്ടറിമാർ) എന്നിവരെ തിരഞ്ഞെടുത്തു.

### വിദ്യാർഥി സംഗമം

തെക്കൻ കുറ്റൂർ: എം.എസ്.എം കാമ്പയിന്റെ ഭാഗമായി തെക്കൻ കുറ്റൂർ മേഖല സമിതിയുടെ ബാറ്റൺ വിദ്യാർഥി സംഗമം കെ.എൻ.എം മർക്കസുദ്ദഅവ ജില്ലാ ട്രഷറർ പാറപ്പുറത്ത് മുഹമ്മദ് കുട്ടി ഹാജി ഉദ്ഘാടനം ചെയ്തു. പി. നിബ്രാസുൽ ഹഖ് അധ്യക്ഷനായി. ഹുസൈൻ കുറ്റൂർ മുഖ്യ പ്രഭാഷണം നടത്തി. ഷാഹിദ് ചേന്നര കാമ്പയിൻ പദ്ധതികൾ അവതരിപ്പിച്ചു. ഷംസുദ്ദീൻ അല്ലൂർ, ആഖിഫ് പൊന്നാനി, പി. അസ്‌ലഹ്, കെ. മുൻദിർ, പി. യാസിർ ഫാറൂഖി, കെ. മുഹ്സിൻ പ്രസംഗിച്ചു.

## കരുണ ആശുപത്രി; ശുദ്ധീകരണ ശാലയുടെ നിർമാണം ആരംഭിച്ചു

തിരൂരങ്ങാടി: നഗരസഭയിലെ പള്ളിപ്പടിയിൽ വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന കരുണ ആശുപത്രിക്കെതിരെ ഇപ്പോൾ ഉയർന്നു വരുന്ന ആരോപണങ്ങളിൽ അടിസ്ഥാനരഹിതവും, പൊതുജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണയുണ്ടാക്കുന്നതുമാണെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. നിയമാനുസൃതമായ അനുമതിയോടു കൂടിയും സേവന മനസ്ഥിതിയോടും മാത്രം പ്രവർത്തിച്ചു വരുന്ന സ്ഥാപനത്തിൽ നിന്നും മലിനജലം പുറത്തേക്ക് ഒഴുക്കിവിടുന്നുവെന്ന പ്രചാരണം വസ്തുതാവിരുദ്ധമാണെന്ന് സ്ഥലം സന്ദർശിക്കുന്ന ആർക്കും ബോധ്യപ്പെടുന്നതാണ്. മലിനജലം സംസ്കരിക്കുന്നതിനായി പ്രതിദിനം 30,000 ലിറ്ററിലധികം ശുദ്ധീകരിക്കാൻ ശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നേരത്തെ തന്നെ ആശുപത്രിയിൽ സ്ഥാപിച്ചു പ്രവർത്തനം നടക്കുന്നുണ്ട്. കൂടാതെ നാട്ടുകാരുടെ ആശങ്ക പരിഹരിക്കുന്നതിന് വേണ്ടി അൾട്രാ ഫിൽറ്ററേഷൻ പ്ലാന്റ് കൂടി പുതുതായി സജ്ജീകരിക്കുകയും, നിലവിലുള്ള എസ്.ടി.പിയുടെ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി വെള്ളം ഒന്ന് കൂടി ശുദ്ധീകരിക്കാനും ട്രഞ്ച് സിസ്റ്റം ചെയ്യാനുമുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. ഒരു മാസത്തിനുള്ളിലായി ഇതിന്റെ ജോലി പൂർത്തിയാക്കുമെന്ന് ഇന്ന് സമരമുഖത്ത് നേതൃത്വം നൽകുന്നവരെ മുൻകൂട്ടി അറിയിച്ചതുമാണ്. ആശുപത്രിയിൽ ഉപയോഗിക്കുന്ന വെള്ളവും, ട്രീറ്റ്മെന്റിൽ നിന്നും ശുദ്ധീകരണം നടക്കുന്ന വെള്ളവും, യഥാസമയങ്ങളിൽ ക്വാളിറ്റി പരിശോധനക്ക് വിധേയമാക്കി കൃത്യത ഉറപ്പുവരുത്തിയാണ് സ്ഥാപനം മുന്നോട്ടു പോകുന്നത്. പുതിയ സിസ്റ്റം കൂടി വരുന്നതോട് കൂടി ഇത് കൂടുതൽ സുരക്ഷ ഉറപ്പ് വരുത്തും. ഈ കാര്യങ്ങൾ നോട്ടീസ് മുഖേന മുനിസിപ്പാലിറ്റി അധികൃതരെയും അറിയിച്ചിട്ടുണ്ട്.



നവീകരണം നടക്കുന്ന കരുണ ആശുപത്രിയിലെ ശുദ്ധീകരണ പ്ലാന്റ്

പരിസരവാസികളായ നാട്ടുകാരുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കാനും, അവരുന്നയിക്കുന്ന വിഷയത്തിൽ സംയുക്ത പരിശോധനക്ക് മാനേജ്മെന്റ് തയ്യാറാണെന്നും ആശുപത്രി മാനേജ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്നും ജനറൽ സെക്രട്ടറി പി.എം ഷാഹുൽ ഹമീദ്, ട്രഷറർ ഡോക്ടർ എം.വി സൈദലവി, സെക്രട്ടറിമാരായ വി.വി സുലൈമാൻ എന്ന കുഞ്ഞു, എം.ടി റഹ്മത്തുല്ല, മെഡിക്കൽ ഡോക്ടർ സൂപ്രണ്ട് സാബ്രിഫൈസൽ, സുഹൈൽ വടക്കേമമ്പുറം എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

## നാഷണൽ ഹൈവേ: സ്കൂളിൽ പോകാൻ വഴിയില്ല ബാലാവകാശ കമ്മീഷന് കത്തയച്ച് സ്കൂൾ കുട്ടികൾ

കൽപകഞ്ചേരി: നാഷണൽ ഹൈവേ രണ്ടാക്കി നാഷണൽ ഹൈവേ പണികൾ തകൃതിയിൽ നടക്കുമ്പോൾ സ്കൂളിൽ പോകാൻ വഴിയില്ലാതെ കഷ്ടപ്പെടുന്ന സ്കൂൾ കുട്ടികൾ ബാലാവകാശ കമ്മീഷന് കത്തയച്ചു. സ്കൂളിലേക്ക് പോകുവാൻ വഴിയില്ലാതെ പ്രയാസപ്പെടുന്ന രണ്ടത്താണിയിലെ വിദ്യാർഥികൾ ബാലാവകാശ കമ്മീഷന് 'ഞങ്ങൾക്കും സ്കൂളിലേക്ക് ഒരു വഴി വേണം' എന്ന ബാനറുമായാണ് കുട്ടിപ്പട രണ്ടത്താണി പോസ്റ്റോഫീസിലെത്തി ചെയർമാന് കത്തയച്ചത്. നാഷണൽ ഹൈവേ വികസനം വന്നതോടെ റോഡിന്റെ ഇരുവശങ്ങളിലുമുള്ള കുട്ടികൾക്ക് അവരുടെ വിദ്യാലയത്തിലെത്തുവാൻ കിലോമീറ്ററുകളോളം നടക്കേണ്ടുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. രണ്ടത്താണിയിൽ ഒരു അടിപ്പാതക്കായി നാട്ടുകാർ വിവിധ രൂപത്തിൽ സമരങ്ങൾ നടത്തുകയും കോടതിയെ സമീപിക്കുകയും ചെയ്തെങ്കിലും ഇതുവരെയും ആശ്വാസ നടപടി ഉണ്ടായിട്ടില്ല. ഈ സന്ദർഭത്തിലാണ് തങ്ങൾക്ക് സ്കൂളിലേക്ക് പോകുവാൻ വഴി തരൂ എന്നാവശ്യപ്പെട്ട് വിദ്യാർഥികൾ ബാലാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ തങ്ങളുടെ പ്രയാസം മനസിലാക്കി നടപടി സ്വീകരിക്കുമെന്ന വിശ്വാസത്തിലാണ് വിദ്യാർഥികൾ.




രണ്ടത്താണിയിൽ സ്കൂളിൽ പോകാൻ നടപ്പാത വേണമെന്നാവശ്യപ്പെട്ട് ബാലാവകാശ കമ്മീഷന് കത്തയക്കാൻ എത്തിയ കുട്ടികൾ

## മൂന്ന് വയസ്സുകാരൻ മുഹമ്മദ് മാസിന് നാടിന്റെ ആദരം

തിരുന്നാവായ: ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം പിടിച്ച മൂന്ന് വയസുകാരൻ മുഹമ്മദ് മാസിന് നാടിന്റെ ആദരം. മൂന്ന് വയസ്സിൽ വിവിധ വസ്തുക്കളുടെ പേരുകൾ പറഞ്ഞ് റെക്കോർഡ് തീർക്കുകയാണ് വൈരങ്കോട് കുന്നത്ത് മിർഷാദ് അലി - ചോലക്കൽ കദീജ ഷെറിൻ ദമ്പതികളുടെ മകൻ കെ. മുഹമ്മദ് മാസിൻ. പ്രമുഖ വ്യക്തികളെയും വിവിധ വസ്തുക്കളുടെയും പേരുകൾ തെറ്റാതെ തിരിച്ചറിഞ്ഞാണ് കുട്ടി ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡിൽ ഇടം നേടിയത്. വിവിധ വാഹനങ്ങൾ ,കളറുകൾ, കണക്കുകൾ,പ്രാർത്ഥനകൾ,പ്രമുഖരുടെ ഫോട്ടോകൾ ,ചിത്രങ്ങൾ എന്നിവ കാണുമ്പോൾ തന്നെ നിമിഷങ്ങൾക്കുള്ളിൽ തിരിച്ചറിയും. ഒന്നര വയസ് മുതൽ തന്നെ കേൾക്കുന്നതെന്തും ഓർമയിൽ സൂക്ഷിച്ച് പറയാൻ ശ്രമിക്കുന്ന മുഹമ്മദ് മാസിന് മാതാപിതാക്കളുടെ പിന്തുണയും പ്രോത്സാഹനവും കൂടി ആയതോടെയാണ് ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ് പട്ടികയിൽ കയറാനായത്. വൈരങ്കോട് പ്രദേശത്തെ നാട്ടുകാരുടെ ആഭിമുഖ്യത്തിലാണ് മുഹമ്മദ് മാസിനെ ആദരിച്ചത്. തിരൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി.വി. റംഷീദ ടീച്ചർ ഉപഹാരം നൽകി. ബക്കർ അമരിയിൽ, എ.രതീഷ് എന്ന ഉണ്ണി, അബ്ദു പരപ്പിൽ, ഉസ്മാൻ അമരിയിൽ, പി.ഷുക്കൂർ, കെ. യഹ് യ എന്നിവർ പങ്കെടുത്തു.



ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം പിടിച്ച മൂന്ന് വയസുകാരൻ വൈരങ്കോട് കുന്നത്ത് മുഹമ്മദ് മാസിന് തിരൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ടി.വി. റംഷിദ ടീച്ചർ ഉപഹാരം നൽകുന്നു

## വൃക്കരോഗ നിർണയ ക്യാമ്പ് 13ന്

താനാളൂർ: വട്ടത്താണി ഹസ്തം പാലിയേറ്റ് കെയറിന്റെ ആഭിമുഖ്യത്തിൽ 13ന് രാവിലെ 8 മണി മുതൽ വട്ടത്താണി കെ.എം. ഓഡിറ്റോറിയത്തിൽ സൗജന്യ വൃക്കരോഗ നിർണയ ക്യാമ്പും ബോധവത്കരണ ക്ലാസും നടത്തുന്നതാണെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കൊണ്ടോട്ടി ശിഹാബ് തങ്ങൾ ഡയാലിസീസ് സെന്ററുമായി സഹകരിച്ച് നടത്തുന്ന ക്യാമ്പിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്ത 300 പേർക്ക് വൃക്കരോഗം നിർണയം നടത്തും.

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എക്സിക്യൂട്ടീവ് ഡോ. ടി.കെ.അബ്ദുറഹ്മാൻ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. ബുക്കിങിന് 9446362920 നമ്പറിൽ ബന്ധപ്പെടണം.

വർത്താ സമ്മേളനത്തിൽ ടി.പി മുഹമ്മദ് റഫീഖ്, ഇ. ശരീഫ് ബാവ ഹാജി, മുജീബ് താനാളൂർ, സൂപ്പർടെക് മുഹമ്മദ് കുട്ടി ഹാജി, പി. സിദ്ദീഖ് പങ്കെടുത്തു.

## മുസ്‌ലിംലീഗ് വയനാട് ഫണ്ട് സമാഹരണ അവലോകനം

കൊണ്ടോട്ടി: വയനാട് പ്രകൃതി ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് വേണ്ടി സംസ്ഥാന മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ ഫണ്ട് കളക്ഷൻ വിജയിക്കാൻ മുതുവല്ലൂർ പഞ്ചാത്ത് മുസ്‌ലിം ലീഗ് കമ്മിറ്റി തീരുമാനിച്ചു. യോഗം മണ്ഡലം ട്രഷറർ എ.ഷൗക്കത്തലി ഹാജി ഉദ്ഘാടനം ചെയ്തു. എം.പി മുഹമ്മദ് അധ്യക്ഷനായി. മണ്ഡലം സെക്രട്ടറിമാരായ കെ.പി. മൂസക്കുട്ടി, എ.എ.സലാം മാസ്റ്റർ, എ.പി. കുഞ്ഞാൻ, ജില്ലാ പഞ്ചായത്ത് മെമ്പർ എം.പി.ശരീഫ ടീച്ചർ, എ.ടി. കരീം മാസ്റ്റർ, ഡി.ഷാജി, പി. ഉണ്ണി മൊയ്തീൻകുട്ടി, കുട്ടിഹസ്സൻ ഹാജി, കെ.സി മുഹമ്മദ് കുട്ടി, ടി.മുസ്തഫ, ഫാത്തിമ സുഹ്റ, ഷഹർ ബാനു, മൊയ്തീൻ കോയ, ഹാരിസ്, പി. അബ്ബാസ്, ഡി.ശറഫുദ്ദീൻ, എം.സി ഇബ്രാഹീം, പി.അഷ്റഫ്, കെ.പി.രായിൻകുട്ടി ഹാജി, ബിച്ചാപ്പു മാനീരി, സി.എ.സലാം ഹാജി, നാസർ ദാരിമി പങ്കെടുത്തു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 11 ഞായർ
ഗൾഫ് ചന്ദ്രിക



ആർ.എസ്.എസ് വർഷങ്ങളായി നിരസിച്ച ഇന്ത്യൻ ചരിത്രത്തെയും ചിഹ്നത്തെയും തട്ടിയെടുക്കാനാണ് മോദി ശ്രമിക്കുന്നത്. എന്നാൽ അതിനുള്ള യോഗ്യത മോദിക്കും ആർ.എസ്.എസിനുമില്ല. ആർ.എസ്.എസ് പങ്കെടുക്കാൻ വിസമ്മതിച്ച ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ വാർഷികം ഇന്ത്യയും ഇന്ത്യൻ നാഷണൽ കോൺഗ്രസും ആഘോഷിക്കുന്ന അതേ ദിവസമാണ് മോദി ഈ തട്ടിപ്പ് തുടങ്ങിയത്.

-ജയറാം രമേശ്

ഉരുൾപൊട്ടൽ ദുരന്തത്തിൽ ഭീകരമായ നാശനഷ്ടം സംഭവിച്ച വയനാടിന് പ്രത്യേക സാമ്പത്തിക പാക്കേജ് കേന്ദ്രം നൽകണം. പുനരധിവാസം ഉറപ്പാക്കണം. ഭാവിയിൽ ദുരന്തങ്ങളിൽ ഇത്രയും ജീവൻ നഷ്ടപ്പെടില്ലെന്ന് ഉറപ്പുവരുത്തണം. മുന്നറിയിപ്പ് സംവിധാനങ്ങൾ ഇല്ലാത്തതാണ് പ്രശ്നമായത്. വയനാട് പ്രത്യേകമായി പരിഗണിക്കണം. സംഭവം നടക്കുന്നതിന് മുമ്പ് കാലാവസ്ഥ മാറ്റങ്ങളെ കുറിച്ച് നിയമസഭയിൽ പ്രതിപക്ഷം ഉന്നയിച്ചിരുന്നു. കാലാവസ്ഥ മാറ്റങ്ങൾ മുമ്പിൽ കണ്ടാണ് കെ റെയിലിനോട് നോ പറഞ്ഞത്. തീരദേശ ഹൈവേ വേണ്ട എന്നും പറഞ്ഞത്.

-വി.ഡി സതീശൻ





സമദാനിക്ക് കേന്ദ്ര വിദേശകാര്യ സഹമന്ത്രിയുടെ മറുപടി

# ഇന്ത്യൻ തൊഴിലാളികൾക്കു നേരെയുള്ള കടന്നുകയറ്റത്തിൽ ഇടപെടും

കോഴിക്കോട്: മ്യാൻമർ, ലാവോസ്, കംബോഡിയ തുടങ്ങിയ രാജ്യങ്ങളിൽ ഇന്ത്യൻ തൊഴിലാളികൾ കുടുങ്ങിക്കിടക്കുന്നതും അവരെ ഓൺലൈൻ ചീറ്റിംഗ് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾക്ക് ദുരുപയോഗപ്പെടുത്തുന്നതും വിദേശകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്ന് വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധന സിംഗ് ഡോ. എം.പി അബ്ദുസ്സമദ് സമദാനിയെ അറിയിച്ചു. വിവിധ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ഇന്ത്യക്കാരായ തൊഴിലാളികളെ നിയമവിരുദ്ധ പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുന്നതിലേക്ക് ശ്രദ്ധക്ഷണിച്ചും അവരെ നയതന്ത്ര മാർഗത്തിലൂടെ മോചിപ്പിക്കാൻ ആവശ്യപ്പെട്ടും ലോക്സഭയിലെ ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ഇത്തരം പ്രശ്നങ്ങളിൽ ബന്ധപ്പെട്ട രാജ്യങ്ങളിലെ സർക്കാറുമായിചേർന്ന് അവരെ മോചിപ്പിക്കാനുള്ള ശ്രമം നടത്തുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു. ജി.സി.സി രാജ്യങ്ങളിലെയും ജോർദ്ദാനിലെയും തൊഴിലാളികളുമായി ബന്ധപ്പെട്ട തൊഴിൽ കരാർ നിലവിലുണ്ട്. സൗദി അറേബ്യ, യു.എ.ഇ, കുവൈത്ത് എന്നീ രാജ്യങ്ങളുമായി ഗാർഹിക തൊഴിലാളികൾക്കായുള്ള തൊഴിൽ കരാറും നിലവിലുണ്ടെന്നും മന്ത്രി അറിയിച്ചു.

വ്യാജ റിക്രൂട്ടിംഗ് ഏജൻസികളെക്കുറിച്ച് ലഭിക്കുന്ന പരാതികൾ നടപടിക്കായി ബന്ധപ്പെട്ട സംസ്ഥാന സർക്കാറുകൾക്ക് കൈമാറുകയും അവ ഇ-മൈഗ്രേറ്റ് പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ജൂൺ 2024 വരെ 3042 വ്യാജ റിക്രൂട്ടിംഗ് ഏജൻസികളെ കണ്ടെത്തിക്കഴിഞ്ഞതായി മന്ത്രി പറഞ്ഞു.

## കംബോഡിയയിലേക്ക് മനുഷ്യകടത്ത്: മടങ്ങിയെത്തിയവർ പരാതി നൽകി

നെടുമ്പാശ്ശേരി: കംബോഡിയയിലെ ഓൺലൈൻ തട്ടിപ്പു കേന്ദ്രത്തിലേയ്ക്ക് കടത്തി തൊഴിൽ തട്ടിപ്പിന്നിരയായ ആറ് മലയാളികൾ നാട്ടിൽ തിരിച്ചെത്തി. ഇവർ നൽകിയ മൊഴി പ്രകാരം നെടുമ്പാശേരി പൊലീസ് കേസെടുത്തു. എംബസിയുടെ സഹായത്തോടെയാണ് തിരുവനന്തപുരം തോന്നക്കൽ സ്വദേശി വിഷ്ണു, കാസർകോട് പാവൂർ സ്വദേശി നെൽവിൻ, കണ്ണൂർ പാപ്പിനിശേരി സ്വദേശി വൈശാഖ്, മട്ടന്നൂർ സ്വദേശി വിഷ്ണു, തളിപറമ്പ് സ്വദേശി ജിഷ്ണു, കൊല്ലം തെൻമല സ്വദേശി ആകാശ് എന്നിവർ നാട്ടിലെത്തിയത്.

ഡാറ്റ എൻട്രി ഓപ്പറേറ്റർ ജോലി വാഗ്ദാനം ചെയ്താണ് ചില ഏജന്റുമാർ കമ്പോഡിയയിലെത്തിച്ചത്. അവിടെ എത്തിയപ്പോഴാണ് ചില ചൈനക്കാരുടെ നടത്തിപ്പിലുള്ള കമ്പനിയിൽ ഓൺലൈൻ തട്ടിപ്പ് നടത്താനാണ് കൊണ്ടു വന്നതെന്ന് ഇവർ മനസിലാക്കിയത്. കമ്പോഡിയയിലിരുന്നു കൊണ്ട് ഇന്ത്യാക്കാരെ വിവിധ ഓൺലൈൻ തട്ടിപ്പുകൾക്ക് ഇരകളാക്കുകയെന്നതാണ് ജോലി. തട്ടിപ്പിലൂടെ ലഭിക്കുന്ന വരുമാനത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഇവർക്ക് ശമ്പളം. നൂറ് കണക്കിന് ഇന്ത്യക്കാർ അവിടെ എത്തിപ്പെട്ടിരുന്നു. ഇവർ സംഘടിതമായി ജോലി ബഹിഷ്കരിച്ച്ബഹളമുണ്ടാക്കിയപ്പോഴാണ് എംബസി ഇടപെട്ടത്. തിരിച്ചെത്തിയവരുടെ മൊഴിയെടുത്ത പൊലീസ് പരാതിക്കാരുടെ സ്റ്റേഷൻ പരിധികളിലേക്ക് തുടർ അന്വേഷണത്തിനായി അയക്കും. മടങ്ങി വന്നവരിൽ നിന്നും എൻഐഎയും കേന്ദ്ര ഇന്റലിജൻസ് വിഭാഗവും ഇതോടൊപ്പം മൊഴിയെടുത്തിട്ടുണ്ട്.

ചൈന മൈക്രോ എ.ടി.എം സ്ഥാപിക്കുന്നത്

# രണ്ട് ലക്ഷം കോടി

അനീഷ് ചാലിയാർ
പാലക്കാട്

കേരള ബാങ്കിൽ മൈക്രോ എ.ടി.എം മെഷീനായി ചൈന നിർമിത ഉപകരണം എത്തിക്കുന്നത് സാമ്പത്തിക വർഷം രണ്ടുലക്ഷം കോടിയോളം രൂപയുടെ ഇടപാട് നടക്കുന്ന സ്ഥാപനമെന്ന ഗൗരവം കണക്കിലെടുക്കാതെ. കോർബാങ്കിങ് സംവിധാനം വഴി നാഷണൽ ഫിനാൻഷ്യ സ്വിച്ചിലേക്ക് ചൈനാ നിർമിത ഉപകരണം ബന്ധിക്കുന്നത് വഴിയുണ്ടാകുന്ന ഡാറ്റാ ചോർച്ചക്കുള്ള സാധ്യതകളും അപകടങ്ങളും വകവെക്കാതെയാണ് കേരള ബാങ്ക് നടപടിയെന്ന ആശങ്കയാണ് ഉയർന്നിരിക്കുന്നത്. ഈവിഷയങ്ങൾ ചൂണ്ടിക്കാണിച്ചുള്ള ഹർജി ഹൈക്കോടതിയുടെ പരിഗണനയിലാണ്. കേന്ദ്രം, കേരളം, ആർ.ബി.ഐ എന്നിവർക്ക് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബാങ്കിങ് ഇടപാടുകളുടെ നെറ്റവർക്കിലെക്ക് ചൈന നിർമിത സോഫ്റ്റ്വെയർ ഉപോയോഗിക്കുന്നത് പണമിടപാട് നടത്തുന്നവരുടെതടക്കമുള്ള വിവരങ്ങൾ ചോരുന്നതിനുള്ള സാധ്യതയിലേക്കാണ് പരാതിക്കാരൻ വിരൽ ചൂണ്ടുന്നത്. കേന്ദ്രത്തിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ പ്രമോഷൻ ഓഫ് ഇന്റസ്ട്രീസ് ആന്റ് ഇന്റേനൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) രജിസ്ട്രേഷൻ ഇല്ലാത്ത കമ്പനിയുടെ ഉത്പന്നമാണ് കേരള ബാങ്കിൽ നിന്ന് കരാർ നേടിയ കമ്പനി വിതരണം ചെയ്യുന്നത്. ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന രാജ്യങ്ങളുടെ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾ പൊതു ടെണ്ടറുകളിൽ പങ്കെടുക്കുന്നതിനും ഇടപാട് നടത്തുന്നതിനും ഡി.പി.ഐ.ഐ.ടി രജിസ്ട്രേഷൻ നിർബന്ധമാണെന്ന കേന്ദ്ര നിർദേശം കേരളബാങ്കിനും സംസ്ഥാന സർക്കാറിനും ബാധകമാണെന്നിരിക്കെ ഈ വ്യവസ്ഥകൾ പാലിക്കാതെയാണ് കേരള ബാങ്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ഈ വിഷയത്തിൽ സംസ്ഥാന സഹകരണ വകുപ്പിന്റെയും സംസ്ഥാന സർക്കാറിന്റെയും മൗനം നിഗൂഢവുമാണ്. ഈ വസ്തുതകൾ ചൂണ്ടിക്കാണിച്ചാണ് കേരള ബാങ്കിന്റെ എക്ലാസ് മെമ്പറായ പ്രാഥമിക സംഘത്തിന്റെ പ്രസിഡന്റ് ടി.എം തോമസ് മുതിർന്ന അഭിഭാഷകൻ ജോർജ് പൂന്തോട്ടം മുഖേന ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്.



ചന്ദ്രിക

കേരള ബാങ്കിന് ചൈനയുടെ 2000 മൈക്രോ എ.ടി.എമ്മുകൾ

ടെണ്ടർനടപടികളിൽ ഇടപെട്ട് ഹൈക്കോടതി കേന്ദ്രത്തിനും കേരളത്തിനും നോട്ടീസ്

അനീഷ് ചാലിയാർ

രാജ്യ സുരക്ഷയെ ബാധിക്കുന്ന ഇടപാട്

പൊതു വിപണയിൽ വിവിധ കമ്പനികളുടേതായി 12000-21000 രൂപ വരെ വിലയുള്ളതാണ് മൈക്രോ എ.ടി.എം മെഷീനുകൾ. ഇത്തരത്തിലുള്ള 2000 മൈക്രോ എ.ടി.എമ്മുകളാണ് കേരളബാങ്കിൽ സ്ഥാപിക്കാനൊരുങ്ങുന്നത്. ഇതിനുള്ള ടെണ്ടർ നേടിയത് എറണാകുളം ആസ്ഥാനമായുള്ള സിറ്റ്സാ ടെക്നോളജീസ് എന്ന കമ്പനിയാണ്. ഈ കമ്പനിയുമായുണ്ടാക്കിയ കരാറിൽ ടെലിപവർ കമ്യൂണിക്കേഷൻ ലിമിറ്റഡ് (ടെൽപോ) എന്ന ചൈന കമ്പനിയുടെ ഉപകരണമാണ് നൽകുകയെന്ന് വ്യക്താക്കുന്നുണ്ടെന്നാണ് പരാതിക്കാരന്റെ വാദം. ചൈന കമ്പനിയുടെ ഇന്ത്യയിലെ വിതരണക്കാർ മൊബിഓഷ്യൻ എന്ന കമ്പനിയുമാണ്. വിഷയത്തിൽ ഈ കമ്പനികൾക്കും ഹൈക്കോടതി നോട്ടീസ് നൽകിയിട്ടുണ്ട്.

## മൂന്ന് മൃതദേഹങ്ങൾ എയർലിഫ്റ്റ് ചെയ്തു

ചൂരൽമല: മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ മരണപ്പെട്ട മൂന്ന് പേരുടെ മൃതദേഹങ്ങൾ സൈന്യം സൂചിപ്പാറ ഭാഗത്ത് നിന്ന് എയർലിഫ്റ്റ് ചെയ്ത് ബത്തേരിയിലെത്തിച്ചു. കഴിഞ്ഞ ദിവസം സൂചിപ്പാറ ഭാഗത്ത് തിരച്ചിൽ സംഘം കണ്ടെത്തിയ മൃതദേഹങ്ങളാണ് സൈന്യം ഇന്നലെ രാവിലെ ഒമ്പതരയോടെ എയർലിഫ്റ്റ് ചെയ്തത്. തുടർന്ന് ബത്തേരി ഹെലിപാഡിൽ എത്തിച്ച് ഇവിടെ നിന്ന് ആംബുലൻസ് മാർഗം മൃതദേഹങ്ങൾ മേപ്പാടി സി.എച്ച്.സിയിലേക്ക് മാറ്റി. കഴിഞ്ഞ ദിവസം തിരച്ചിലിനിടെ മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നെങ്കിലും ഇവിടെ നിന്ന് പുറത്തെത്തിക്കാനായിരുന്നില്ല. തുടർന്ന് ഇന്നലെ രാവിലെ ബത്തേരിയിൽ നിന്ന് നാലംഗ സൈന്യം ഹെലികോപ്റ്ററിൽ സ്ഥലത്തെത്തിയാണ് മൃതദേഹങ്ങൾ എയർലിഫ്റ്റ് ചെയ്ത് ബത്തേരിയിലെത്തിച്ചത്.



CLICK സൂചിപ്പാറയിൽ നിന്ന് ഹെലികോപ്റ്ററിൽ ബത്തേരിയിലെത്തിച്ച മൃതദേഹങ്ങൾ ആംബുലൻസിലേക്ക് മാറ്റുന്നു

## ജനകീയ തെരച്ചിൽ ഇന്നും തുടരും

കൽപ്പറ്റ: ദുരന്തബാധിത പ്രദേശങ്ങളിൽ ജനകീയ തെരച്ചിൽ ഇന്നും തുടരുമെന്ന് മന്ത്രിസഭ ഉപസമിതി വാർത്താസമ്മേളനത്തിൽ അറിയിച്ചു. മുണ്ടക്കൈ, ചൂരൽമല ഉൾപ്പെടെയുള്ള ആറ് സോണുകൾ കേന്ദ്രീകരിച്ചായിരിക്കും ജനകീയ തെരച്ചിൽ. ക്യാമ്പിലുള്ളവരിൽ സന്നദ്ധരായവരെ കൂടി ഉൾപ്പെടുത്തിയാകും തെരച്ചിൽ. പ്രാദേശിക ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരും പങ്കെടുക്കും. എട്ടുമണിയോടെ തെരച്ചിൽ ആരംഭിക്കും. രാവിലെ ഒൻപത് മണിക്കകം രജിസ്റ്റർ ചെയ്തവർക്കു മാത്രമേ തെരച്ചിൽ മേഖലയിലേക്ക് പ്രവേശനം അനുവദിക്കൂ. തെരച്ചിലിൽ പങ്കെടുക്കുന്നവരുടെ സുരക്ഷ പരിഗണിച്ചാണിത്. തിങ്കളാഴ്ച പുഴയുടെ താഴെ ഭാഗങ്ങളിൽ സേനയെ ഉപയോഗിച്ച് തെരച്ചിൽനടത്തുമെന്നും മന്ത്രിമാർ അറിയിച്ചു.
അതിനിടെ ഇന്നലെ കാന്തൻപാറയിൽ നിന്ന് രണ്ട് ശരീരഭാഗങ്ങൾ കൂടെ കണ്ടെടുത്തു. ഇതോടെ ഉരുൾദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 229 ആയി. 198 ശരീരഭാഗങ്ങളും ഇതിനകം കണ്ടെടുത്തു.

## വയനാട് ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് താപ്പി അബ്ദുല്ലക്കുട്ടി ഹാജി 50 സെന്റ് ഭൂമി നൽകും


പരപ്പനങ്ങാടി: വയനാട്ടിൽ മുസ്‌ലിം ലീഗ് നിർമിച്ചു നൽകുന്ന 100 വീടുകളിലേക്ക് ആവശ്യമായ 50 സെന്റ് സ്ഥലം സംസ്ഥാന മുസ്‌ലിം ലീഗ് കൗൺസിലറും കെ.എം.സി.സി നേതാവുമായ താപ്പി അബ്ദുല്ല കുട്ടി ഹാജി നൽകും. ചൊവ്വാഴ്ച പാണക്കാട് വെച്ച് ഭൂമിയുടെ രേഖകൾ സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്ക് കൈമാറും.



പണം തട്ടാനായി വിവാഹം

## ഡോക്ടറിൽ നിന്നും ലക്ഷങ്ങൾ തട്ടിയ സംഘത്തിലെ മുഖ്യപ്രതി പിടിയിൽ

കോഴിക്കോട്: സർക്കാർ സർവീസിൽ നിന്നു റിട്ടയർ ചെയ്ത ഡോക്ടറെ വിവാഹത്തിന്റെ പേരിൽ കബളിപ്പിച്ച് 5 ലക്ഷത്തിലധികം രൂപയും രണ്ടു പവൻ സ്വർണാഭരണവും കൈക്കലാക്കിയ സംഘത്തിലെ മുഖ്യപ്രതി അറസ്റ്റിൽ. കാസർകോട് നീലേശ്വരം പുത്തൂർ സ്വദേശി ഇർഷാന (34) യെയാണ് നടക്കാവ് പൊലീസ് അറസ്റ്റ് ചെയ്തത്. സർക്കാർ സർവീസിൽ നിന്നും റിട്ടയർ ചെയ്തശേഷം കർണാടകയിലെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്തു വരികയായിരുന്ന ഡോക്ടറാണ് തട്ടിപ്പിനിരയായത്. ഡോക്ടർ വിവാഹം വേർപെടുത്തിയായാളാണ് എന്ന് മനസ്സിലാക്കിയ പ്രതികൾ പണം തട്ടാനുള്ള ഉദ്ദേശത്തോടെ ഇർഷാനയെ ഡോക്ടർക്ക് വിവാഹം ആലോചിക്കുകയായിരുന്നു. ശേഷം ഫോൺ വഴി ഇർഷാനയുമായി സംസാരിച്ച പരാതിക്കാരനെ പ്രതികൾ തന്ത്രപൂർവ്വം കെണിയിലാക്കി. കഴിഞ്ഞ ഫെബ്രുവരി എട്ടാം തീയതി തിരുവനന്തപുരം സ്വദേശിയായ ഡോക്ടറോട് പ്രതികൾ വിവാഹത്തിനായി കോഴിക്കോട്ടേക്ക് വരാൻ ആവശ്യപ്പെടുകയും ചെയ്തു. ഇർഷാനയുടെ സഹോദരൻ എന്ന് പരിചയപ്പെടുത്തിയ പ്രതികളിൽ ഒരാൾ നിക്കാഹ് ചെയ്തു നൽകുകയും ചെയ്തു.



ഇർഷാന

ഇതിന് ശേഷം ഇരുവർക്കും ഒന്നിച്ച് താമസിക്കുന്നതിന് വീട് പണയത്തിന് എടുക്കുന്ന ആവശ്യത്തിലേക്ക് എന്നു പറഞ്ഞ് പ്രതികൾ പരാതിക്കാരനെ കൊണ്ട് അഞ്ചു ലക്ഷം രൂപ ഇർഷാനയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിച്ചു. പിറ്റേ ദിവസം ഇർഷാനയും കൂട്ടു പ്രതികളും കടന്നുകളയുകയായിരുന്നു. ഡോക്ടറുടെ മൊബൈൽ ഫോൺ, ടാബ് തുടങ്ങിയ എടുത്താണ് പ്രതികൾ കടന്നത്.

സംഭവത്തിനുശേഷം പ്രതികൾ ഉപയോഗിച്ചിരുന്ന മൊബൈൽ നമ്പറുകൾ ഉപേക്ഷിക്കുകയും ഒളിവിൽ പോകുകയും ആയിരുന്നു.

കാസർകോട് ജില്ലയിൽ വെച്ചാണ് മുഖ്യപ്രതിയായ ഇർഷാനയെ നടക്കാവ് പൊലീസ് കസ്റ്റഡിയിൽ എടുത്തു. നടക്കാവ് പൊലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ രഘുപ്രസാദ്, സീനിയർ സിവിൽ പൊലീസ് ഓഫീസർമാരായ നിഖിൽ, ശ്രീകാന്ത്, രശ്മി എ.വി എന്നിവർ അടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് കോടതി 4 മുമ്പാകെ ഹാജരാക്കിയ പ്രതിയെ 14 ദിവസത്തേക്ക് ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു.

## വ്യോമയാന വകുപ്പ് യാത്രക്കാർക്കൊപ്പം നിൽക്കണം: അഡ്വ. ഹാരിസ് ബീരാൻ

ന്യൂഡൽഹി: വിമാന ടിക്കറ്റ് നിരക്ക് നിയന്ത്രിക്കാനുള്ള എല്ലാ അധികാരവും ചട്ടം 134 പ്രകാരം വ്യോമയാന വകുപ്പിന്റെ മേൽ ഉണ്ടെന്നിരിക്കെ കമ്പനികൾ നടത്തുന്ന പകൽ കൊള്ളയെ നിയന്ത്രിക്കാൻ തങ്ങൾക്ക് ഒരധികരവുമില്ലെന്ന് പറഞ്ഞു കൈമലർത്തിയിരിക്കുകയാണ് വ്യോമയാന മന്ത്രിയെന്നും പൊതുജന താൽപര്യങ്ങളോടൊപ്പം നിൽക്കാൻ സർക്കാർ സംവിധാനവും മന്ത്രിയും തയ്യാറാവണമെന്നും ഹാരിസ് ബീരാൻ എം.പി ആവശ്യപ്പെട്ടു.
വിമാനക്കമ്പനികൾ വ്യോമയാന മേഖലയിലുള്ള കുത്തകകളായി വാഴുമ്പോൾ അവരെ നിയന്ത്രിക്കാനുള്ള അധികാരം തങ്ങൾക്കില്ലെന്ന് പറയുന്ന മന്ത്രിയും വകുപ്പും ചട്ടം പഠിക്കണമെന്നും ഇത്തരം ജനദ്രോഹ നയങ്ങൾക്ക് കൂട്ടുപിടിക്കരുതെന്നും എം.പി കുറ്റപ്പെടുത്തി. കഴിഞ്ഞ ദിവസം രാജ്യസഭയിൽ ധനകാര്യ ബില്ലിനുമേൽ നടന്ന ചർച്ചയിലാണ് എം.പി ഇക്കാര്യം ആവശ്യപ്പെട്ടത്.

## പൊന്നാനി തുറമുഖ വികസനത്തിന് പദ്ധതിരേഖ സമർപ്പിച്ചു

മലപ്പുറം: സാഗരമാലിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനി തുറമുഖത്തിന് വിവിധോദ്ദേശ്യ ബെർത്ത് നിർമിക്കാൻ ഇരുപത് കോടിയുടെ ഭാഗിക സഹായത്തിനായി കേരള മാരിടൈം ബോർഡ് കേന്ദ്ര ഷിപ്പിങ് തുറമുഖ മന്ത്രാലയത്തിന് പദ്ധതിരേഖ സമർപ്പിച്ചതായി കേന്ദ്ര തുറമുഖ, ഷിപ്പിങ് മന്ത്രി സർബാനന്ദ സോനോവാൾ ഡോ. എം.പി. അബ്ദുസ്സമദ് സമദാനിയെ അറിയിച്ചു. ചരിത്രപരവും വാണിജ്യപരവുമായ പ്രാധാന്യമുള്ള പൊന്നാനി തുറമുഖത്തിന്റെ വികസനം ആവശ്യപ്പെട്ടുകൊണ്ട് ലോക്സഭയിലെ ചോദ്യത്തിന് രേഖാമൂലം നൽകിയ മറുപടിയിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. ടൂറിസം, സാമ്പത്തിക വളർച്ച എന്നിവ കണക്കിലെടുത്ത് പൊന്നാനി തുറമുഖത്തെ പി.പി.പി മോഡലിൽ വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് കേരള സർക്കാർ അറിയിച്ചിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിലെ ഉൾപ്പെടെയുള്ള വിവിധ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് കപ്പൽ സർവീസ് ആരംഭിക്കാൻ കേരള സർക്കാർ സ്വകാര്യ ഏജൻസികളിൽ നിന്ന് താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

## സെക്രട്ടറിയേറ്റിൽ വ്‌ളോഗറുടെ വീഡിയോ ചിത്രീകരണം; വിവാദം

തിരുവനന്തപുരം: ഭരണസിരാകേന്ദ്രമായ സെക്രട്ടറിയേറ്റിൽ അനുമതിയില്ലാതെ വ്‌ളോഗർ വീഡിയോ ചിത്രീകരിച്ചതിൽ വിവാദം.
സെക്രട്ടറിയേറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ യാത്രയയപ്പ് ചടങ്ങാണ് വ്‌ളോഗർ ചിത്രീകരിച്ചത്. അക്രഡിറ്റേഷൻ ഉള്ള മാധ്യമപ്രവർത്തകർക്കു പോലും കർശന നിയന്ത്രണമുള്ളിടത്താണ് വ്‌ളാഗറുടെ വീഡിയോ ചിത്രീകരണം.

ബുധനാഴ്ച്ചയാണ് സംഭവം. അതീവ സുരക്ഷ കണക്കിലെടുത്ത് സെക്രട്ടറിയേറ്റിൽ വീഡിയോ ചിത്രീകരണത്തിന് ഒരു വർഷമായി ആർക്കും അനുമതി നൽകാറില്ല. അതിനിടെയാണ് വനിത വ്‌ളോഗർ സെക്രട്ടറിയറ്റിനുള്ളിൽക്കടന്ന് വിഡിയോ ചിത്രീകരിച്ചത്. ആഭ്യന്തര വകുപ്പാണ് ചിത്രീകരണത്തിന് അനുമതി നൽകേണ്ടത്. എന്നാൽ ഇങ്ങനെയൊരു വീഡിയോ ചിത്രീകരണത്തിന് അനുമതി നൽകിയിട്ടില്ലെന്നാണ് ആഭ്യന്തര വകുപ്പ് പറയുന്നത്.

നിശ്ചിത ഫീസ് ഈടാക്കി നേരത്തെ സെക്രട്ടറിയേറ്റിൽ സിനിമാ ചിത്രീകരണം അടക്കം അനുവദിച്ചിരുന്നു. പിന്നീട് സുരക്ഷ കനക്കിലെടുതത് നിയന്ത്രണം ഏർപ്പെടുത്തുകയായിരുന്നു.

കെ.സി.എൽ താരലേലം

# നാലുപേർക്ക് ഏഴുലക്ഷത്തിനു മുകളിൽ പ്രതിഫലം

തിരുവനന്തപുരം: കേരള ക്രിക്കറ്റ് ലീഗിലേക്കുള്ള താരലേലത്തിൽ 7.4 ലക്ഷം രൂപയ്ക്ക് ഓൾ റൗണ്ടർ എം.എസ് അഖിലിനെ ട്രിവാൻഡ്രം റോയൽസും 7.2 ലക്ഷം രൂപയ്ക്ക് വിക്കറ്റ് കീപ്പർ വരുൺ നായനാരെ തൃശൂർ ടൈറ്റൻസും സ്വന്തമാക്കി. ഓൾ റൗണ്ടർ മനുകൃഷ്ണനെ കൊച്ചി ബ്ലൂ ടൈഗേഴ്സും ബാറ്റർ സൽമാൻ നിസാറിനെ കാലിക്കട്ട് ഗ്ലോബ്സ്റ്റാഴ്സും ഏഴു ലക്ഷം രൂപയ്ക്കാണ് സ്വന്തമാക്കിയത്. 50,000 രൂപ അടിസ്ഥാന പ്രതിഫലമുള്ള സി വിഭാഗത്തിലെ ഓൾ റൗണ്ടർ എം. നിഖിലിനെ 4.6 ലക്ഷത്തിന് കാലിക്കട്ട് ഗ്ലോബ്സ്റ്റാഴ്സ് സ്വന്തമാക്കിയത് ശ്രദ്ധേയമായി. തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ നടന്ന താരലേലം ചാരു ശർമാണ് നിയന്ത്രിച്ചത്.

കേരളത്തിന്റെ ആദ്യത്തെ ക്രിക്കറ്റ് ലീഗിലേക്കുള്ള വാശിയേറിയ താരലേലത്തിൽ 168 കളിക്കാരെയാണ് ഫ്രാഞ്ചൈസികൾക്കു മുന്നിൽ കേരള ക്രിക്കറ്റ് അസോസിയേഷൻ അണിനിരത്തിയത്. ഐപിഎൽ, രഞ്ജി ട്രോഫി എന്നിവയിൽ കളിച്ചിട്ടുള്ളവരെ 'എ' വിഭാഗത്തിൽ ഉൾപ്പെടുത്തി രണ്ടു ലക്ഷം രൂപയും സി.കെ.നായിഡു, അണ്ടർ 23, അണ്ടർ 19 സ്റ്റേറ്റ്, അണ്ടർ 19 ചലഞ്ചേഴ്സ് മൽസരങ്ങളിൽ കളിച്ചിട്ടുള്ളവരെ ബി വിഭാഗത്തിൽ ഉൾപ്പെടുത്തി ഒരു ലക്ഷം രൂപയും അണ്ടർ 16 സ്റ്റേറ്റ്, യൂണിവേഴ്സിറ്റി കളിക്കാരും ക്ലബ് ക്രിക്കറ്റർമാരുമായവരെ 'സി' വിഭാഗത്തിൽപെടുത്തി 50,000 രൂപയും അടിസ്ഥാന പ്രതിഫലം നിശ്ചയിച്ചാണ് ലേലം നടത്തിയത്. ഇതിൽ ബി വിഭാഗത്തിൽ ഉൾപ്പെട്ട 7 പേർ എ വിഭാഗത്തിന്റെ അടിസ്ഥാന തുകയേക്കാൾ ഉയർന്ന പ്രതിഫലം നേടി. ഓൾ റൗണ്ടർ അക്ഷയ് മനോഹർ ഈ വിഭാഗത്തിൽ ഏറ്റവും കൂടിയ തുക നേടി. 3.6 ലക്ഷത്തിന് തൃശൂർ ടൈറ്റൻസാണ് അക്ഷയിനെ സ്വന്തമാക്കിയത്.

ആകെ 108 താരങ്ങളെയാണ് ഫ്രാഞ്ചൈസികൾ ലേലം കൊണ്ടത്. എ വിഭാഗത്തിൽ ഉൾപ്പെട്ട 31 കളിക്കാരിൽ എല്ലാവരേയും വിവിധ ഫ്രാഞ്ചൈസികൾ സ്വന്തമാക്കിയപ്പോൾ ബി വിഭാഗത്തിലെ 43ൽ 21 പേരെയാണ് ലേലം കൊണ്ടത്. സി വിഭാഗത്തിലെ 94 പേരിൽ 56 പേരേയും ഫ്രാഞ്ചൈസികൾ സ്വന്തമാക്കി. പി.എ. അബ്ദുൾ ബാസിത് ട്രിവാൻഡ്രം റോയൽസിന്റെയും സച്ചിൻ ബേബി ഏരീസ് കൊല്ലം സെയ്ലേഴ്സിന്റെയും മുഹമ്മദ് അസറുദ്ദീൻ ആലപ്പി റിപ്പിൾസിന്റെയും ബേസിൽ തമ്പി കൊച്ചി ബ്ലൂ ടൈഗേഴ്സിന്റെയും വിഷ്ണു വിനോദ് തൃശ്ശൂർ ടൈറ്റൻസിന്റെയും റോഹൻ എസ് കുന്നമ്മൽ കാലിക്കട്ട് ഗ്ലോബ്സ്റ്റാഴ്സിന്റെയും ഐക്കൺ കളിക്കാരായി നേരത്തേതന്നെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

സെപ്റ്റംബർ രണ്ടു മുതൽ 19 വരെ തിരുവനന്തപുരത്ത് ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലെ സ്പോർട്സ് ഹബ്ബിലാണ് മൽസരങ്ങൾ നടക്കുക. ഒരോ ദിവസവും പകലും രാത്രിയുമായി രണ്ട് കളികളാണ് ഉണ്ടാകുക. കേരള ക്രിക്കറ്റ് ലീഗ് ഒഫിഷ്യൽ ലോഞ്ചിംഗ് ഈ മാസം 31ന് ഉച്ചയ്ക്ക് 12ന് ഹയാത്ത് റീജൻസിയിൽ ബ്രാൻഡ് അംബാസിഡർ കൂടിയായ നടൻ മോഹൻലാൽ നിർവഹിക്കും.

## വയനാട് ദുരന്തം: സൂപ്പർ ലീഗ് കേരള മത്സരങ്ങൾ പുനഃക്രമീകരിച്ചു

കൊച്ചി: വയനാട് ദുരന്ത പശ്ചാത്തലത്തിൽ പ്രഥമ സൂപ്പർ ലീഗ് കേരളയുടെ മത്സരങ്ങൾ പുനഃക്രമീകരിച്ചു. സെപ്റ്റംബർ 7ന് വൈകുന്നേരം 7:30ന് കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലായിരിക്കും സൂപ്പർ ലീഗ് കേരളയുടെ ഉദ്ഘാടന മത്സരം. ഓഗസ്റ്റ് 31ന് മത്സരങ്ങൾ ആരംഭിക്കാനായിരുന്നു നേരത്തെ നിശ്ചയിച്ചിരുന്നത്. കേരളം കണ്ടിട്ടില്ലാത്തവിധമുള്ള ഒരു മഹാദുരന്തമാണ് വയനാട്ടിൽ സംഭവിച്ചത്. ആ ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട് പോയ മനുഷ്യർക്കൊപ്പം നിൽക്കുന്നതിനും അവർക്കാവശ്യമായ പിന്തുണ നൽകുന്നതിനും സൂപ്പർ ലീഗ് കേരള പ്രതിജ്ഞാബദ്ധമാണെന്ന് സൂപ്പർ ലീഗ് കേരള സിഇഒ മാത്യു ജോസഫ് പറഞ്ഞു. ഇന്ത്യയിലെ പ്രമുഖ കായികതാരങ്ങൾക്കൊപ്പം കേരളത്തിന്റെ അഭിമാനതാരങ്ങളും ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും. ബോളിവുഡിലെ പ്രമുഖരുടെ പ്രകടനത്തോടെയാകും സൂപ്പർ ലീഗ് കേരളയുടെ പ്രഥമ സീസണിന് തുടക്കം കുറിക്കുകയെന്നും സംഘാടകർ അറിയിച്ചു. സ്റ്റാർ സ്പോർട്സ് ഫസ്റ്റിൽ മത്സരങ്ങൾ തത്സമയം സംപ്രേക്ഷണം ചെയ്യും. ഡിസ്നി പ്ലസ് ഹോട്ട്സ്റ്റാറിൽ സ്ട്രീമിലും മത്സരങ്ങൾ കാണാം. മത്സരക്രമം ഉടൻ പുറത്തിറങ്ങും. സൂപ്പർ ലീഗ് കേരളയുടെ ടിക്കറ്റ് വിൽപന ഓൺലൈനിലും ബോക്സ് ഓഫീസിലും ഉടൻ ആരംഭിക്കുമെന്നും സംഘാടകർ അറിയിച്ചു.ഫോഴ്സാ കൊച്ചി എഫ്സി, കാലിക്കറ്റ് എഫ്സി, തൃശൂർ റോർ എഫ്സി, കണ്ണൂർ സ്ക്വാഡ് എഫ്സി, തിരുവനന്തപുരം കൊമ്പൻസ് എഫ്സി, മലപ്പുറം എഫ്സി എന്നിവയാണ് ലീഗിൽ മത്സരിക്കുന്ന ടീമുകൾ. ഇന്ത്യയിലെ ആദ്യമായാണ് ഒരു സംസ്ഥാനത്ത് ഫുട്ബോൾ ലീഗ് സംഘടിപ്പിക്കുന്നത്.

ഗൾഫ് ചന്ദ്രിക
വാരാന്തപ്പതിപ്പ്
2024 ആഗസ്റ്റ് 11 ഞായർ



വര: ഫസൽ കക്കോവ്

# ദുരന്തമുറ്റത്തെ ജീവബിന്ദുക്കൾ

കെ.എസ് മുസ്തഫ



**സ്വയം സജ്ജരായ ഒരു കൂട്ടം ചെറുപ്പക്കാർ ഉരുൾദുരന്തമുണ്ടായ സമയം മുതൽ ഈ നിമിഷം വരെ കരൾ തകർന്നു പോയ മുണ്ടക്കൈ താഴ്വാരത്ത് തന്നെയുണ്ട്. ജീവനുള്ളവർക്കും ജീവനുണ്ടായിരുന്നവർക്കും ആത്മസമർപ്പണമായി പെയ്തിറങ്ങുന്ന കനിവിന്റെ മഴയായി. ലോകമവരെ യൂത്ത് ലീഗ് വൈറ്റ് ഗാർഡ് എന്ന് വിളിച്ചു.**

പുഞ്ചിരിമലയിൽ നിന്ന് പുലർച്ച ഉരുൾപൊട്ടി. താഴെ മുണ്ടക്കൈയും ചൂരൽമലയും കശക്കിയെറിഞ്ഞ് അത് ചാലിയാറോളം ഒഴുകി. നല്ല ഉറക്കിലായിരുന്നു നാട്. പൊട്ടിയടർന്നെത്തിയ പാറക്കൂട്ടങ്ങളിലും വൻമരങ്ങളിലും പെട്ട് എല്ലുതകർന്നുപോയ നൂറുകണക്കിന് മനുഷ്യർ, കുത്തിയൊലിച്ചെത്തിയ ചളിമണ്ണിലൂടെ ഒഴികിയലഞ്ഞു. കനത്ത ശബ്ദവും മണ്ണിന്റെ അതിരൂക്ഷ ഗന്ധവുമായിരുന്നു അന്നേരം അവിടമാകെ. പച്ചക്കാടുകളുടെ നാട് ഒറ്റയുറക്കിൽ ഇല്ലാതായി.

ഫോണിൽ ലഭിച്ച വിവരത്തിന്റെ വെളിച്ചത്തിൽ പുലർച്ചെ രണ്ടരയോടെ വൈറ്റ് ഗാർഡ് വയനാട് ജില്ലാ ക്യാപ്റ്റൻ ശുക്കൂറലി സഹപ്രവർത്തകർക്കൊപ്പം ചൂരൽമലയിലെത്തി. സുഹൃത്തിന്റെ പെങ്ങളെയും കുടുംബത്തെയും കാണാനില്ലെന്ന ചൂരൽമലയിലെ മൊബൈൽഷോപ്പുടമ ഷമീറിന്റെ കരച്ചിൽ മാത്രമാണ് ചെവിയിൽ. വെള്ളാർമല സ്കൂളിന് മുന്നിലെ വൻമരക്കൂട്ടങ്ങൾ മറികടന്ന് മേലെ, കാടോരത്ത് മനുഷ്യരുടെ കൂട്ടക്കരച്ചിലുകൾ കേൾക്കാമായിരുന്നു. മരക്കമ്പുകളിൽ പിടിച്ച്, ആനകളെ തുരത്താൻ കെട്ടിയ ഫെൻസിംഗ് മറികടന്ന്, വീടതിരുകളിലെ കമ്പിവേലികൾ പൊട്ടിച്ച് അവർ കാട്ടിലേക്ക് കയറി. നെറ്റിയിൽ കെട്ടിവെച്ച ടോർച്ച് മാത്രമാണ് വെളിച്ചമായുണ്ടായിരുന്നത്. മേലെ മരണമുറ്റത്ത് നിന്ന് കരക്ക് കയറിയ നാൽപ്പത്തഞ്ചോളം മനുഷ്യർ. താഴെ ചളിവെള്ളമടിഞ്ഞിടത്ത് ഏഴു മനുഷ്യശരീരങ്ങൾ ജീവനറ്റുകിടക്കുന്നു. ജീവൻ ബാക്കിയായവരെ മുഴുവൻ സുരക്ഷിതമായി താഴെയെത്തിക്കും വരെ വൈറ്റ് ഗാർഡ് മഴയത്ത് തന്നെ നിന്നു.

സ്വയം സജ്ജരായ ഒരു യുവജനക്കൂട്ടം അന്ന് മുതൽ കരൾ തകർന്നുപോയ മുണ്ടക്കൈ താഴ്വാരത്ത് തന്നെയുണ്ട്. ജീവനുള്ളവർക്കും ജീവനുണ്ടായിരുന്നവർക്കും ആത്മസമർപ്പണമായി പെയ്തിറങ്ങിയ കനിവിന്റെ മഴയായി.

ലോകമവരെ യൂത്ത് ലീഗ് വൈറ്റ് ഗാർഡ് എന്ന് വിളിച്ചു...

0000

ചൂരൽമലയുടെ മുഖശ്രീയായിരുന്നു പുഴവക്കത്തെ ശിവക്ഷേത്രം. തേയിലത്തോട്ടങ്ങൾക്ക് നടുവിൽ അതങ്ങനെ പ്രകാശം പരത്തി നിന്നു. പൊട്ടിയൊലിച്ചെത്തിയ മലവെള്ളത്തെ പക്ഷെ, ക്ഷേത്രത്തിനും തടഞ്ഞുനിർത്താനായില്ല. കല്ലുംമണ്ണും കശക്കിയെറിഞ്ഞ അമ്പലത്തോടൊപ്പം പൂജാരി തമിഴ്നാട് അയ്യൻകൊല്ലി സ്വദേശി കല്യാൺകുമാറും താഴേക്ക് ഒഴുകി.

രണ്ടാം ദിനമാണ് പ്രാണനകന്നുപോയ പൂജാരിയെ കണ്ടുകിട്ടിയത്. മേപ്പാടി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ബന്ധുക്കൾ തിരിച്ചറിഞ്ഞ മൃതദേഹം നടപടികൾക്ക് ശേഷം സംസ്കാരത്തിനായി വിട്ടുനൽകി. മുന്നിൽ കാത്തുനിന്ന ആംബുലൻസിലേക്ക് ദേഹം കയറ്റി. പൂജാരിക്കൊപ്പം ആംബുലൻസിൽ കൊടുവള്ളിയിലെ നിസാറും നൗഷാദും മാത്രം. കാട്ടാനകൾ നിറഞ്ഞ വഴി. ബന്ധുക്കളുടെ വാഹനത്തിന് പിന്നാലെ അർധരാത്രിയോടെ ആംബുലൻസ് അയ്യൻകൊല്ലി ഗ്രാമത്തിലെത്തി. പ്രിയപ്പെട്ടവനെ കാണാൻ കരഞ്ഞുകൊണ്ട് കാത്തിരുന്നവർക്ക് മുന്നിൽ വാഹനം നിന്നു. അതിൽ നിന്ന് വൈറ്റ് ഗാർഡിന്റെ ടീഷർട്ടണിഞ്ഞ നിസാറും നൗഷാദും പൂജാരിയെ വീട്ടിലേക്ക് കിടത്തി. പ്രാർത്ഥനാ ശീലുകളെ കടന്നെത്തിയ കരച്ചിൽ വീടാകെ നിറഞ്ഞു.

കണ്ണീർ നനവിൽ കൂപ്പിയ കൈകളെ വിട്ട് ആ ചെറുപ്പക്കാർ ദുരന്തഭൂമിയിലേക്ക് മടങ്ങി. പുലർച്ചെ ഒന്നരയോടെ മേപ്പാടി ആശുപത്രിക്ക് മുന്നിലെത്തി. ജീവനില്ലാ ദേഹവുമായി മറ്റേതോ ഒരിടത്തേക്ക് പോവാൻ അവർ സ്റ്റാർട്ടാക്കി നിർത്തിയ ആംബുലൻസിന് പിന്നിൽ കാത്തുനിന്നു.

0000

ഉരുൾദുരന്തമറിഞ്ഞയുടനെ വയനാട്ടിലേക്ക് പുറപ്പെട്ടതാണ് കോഴിക്കോട് ജില്ലാ വൈറ്റ് ഗാർഡ് വൈസ് ക്യാപ്റ്റൻ സിദ്ദീഖ് ഈസ്റ്റ് മലയമ്മ. മരണത്തിന്റെ താഴ്വാരത്ത് അപ്പോഴേക്കും നൂറകണക്കിന് വൈറ്റ് ഗാർഡുകൾ ആത്മസമർപ്പണവുമായെത്തിയിരുന്നു. പൊട്ടിയൊലിച്ചുപോയ പാലത്തിന് മീതെ കെട്ടിവരിഞ്ഞ കയറിലൂടെ സംഘം മുണ്ടക്കൈ കുന്നു കയറി. മരിച്ചുതീർന്ന മനുഷ്യർക്കൊപ്പം വളർത്തുജീവികളും നിരവധിയുണ്ടായിരുന്നു അവിടെ. അതിലൊരു കറവയുള്ള പശു വേച്ചുവേച്ചു നടക്കുന്നു.

അടുത്ത ദിവസം ചൂരൽമലയിലും അതേ പശുവിനെ സിദ്ദീഖ് കണ്ടു. കൂടുതൽ ദയനീയമായിരുന്നു അപ്പോഴതിന്റെ അവസ്ഥ. കിടാവ് മലവെള്ളത്തിൽ ഒലിച്ചുപോയതായിരിക്കും. വിങ്ങിവീർത്ത അകിടുമായി പശു ദീനമായി മനുഷ്യരെ നോക്കി. പാൽ കെട്ടിനിന്ന് പശു അസഹ്യമായ വേദന സഹിക്കുകയായണെന്ന് കണ്ടു നിന്നവർ പറഞ്ഞു. പാൽ കറന്നൊഴിവാക്കുക മാത്രമാണ് പോംവഴി. പതിയെ പശുവിന്റെ അകിടിൽതൊട്ട സിദ്ദീഖിന് നേരെ പശു ആദ്യം കാൽകുടഞ്ഞു. പിന്നെയും ശ്രമിച്ചു. തൊട്ടടുത്ത വീട്ടിൽ നിന്നും ഒരുമ്മ ഇത് കണ്ട് വെളിച്ചെണ്ണയുമായെത്തി. അകിടലത് പുരട്ടിയതും പശു അനുസരണയോടെ നിന്നു.

അമ്മ മധുരം ചളിനിറഞ്ഞ റോഡാകെ ഒഴുകി.

ദുരന്തം മിണ്ടാപ്രാണികളെ എവ്വിധമെല്ലാം ബാധിക്കുമെന്നായിരുന്നു ജീവിത്തിലിതുവരെ പാൽകറക്കാത്ത സിദ്ദീഖ് അന്നേരം ചിന്തിച്ചത്. പാൽഭാരമൊഴിഞ്ഞതോടെ പശു ശാന്തയായി. അത് വിശപ്പകറ്റാൻ പച്ചപ്പിലേക്ക് കയറി. മനുഷ്യർക്കൊപ്പം മറ്റുജീവികൾക്കും കരുതലായി വൈറ്റ് ഗാർഡുമാർ ബാക്കിയുള്ള ജീവനുകൾ തേടിപ്പോയി.

0000

നിലവിളികളുടെ നാടായിരിക്കുന്നു കഴിഞ്ഞ രണ്ടാഴ്ചകളായി ചൂരൽമലയും പരിസരങ്ങളും. ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ടവരെയും ജീവനുകൾ തേടി പാറക്കൂട്ടങ്ങൾക്ക് നടുവിൽ പെരുമഴയത്ത് നിൽക്കുന്നവരെയും പട്ടാള, പൊലീസ്, ഫയർഫോഴ്സ്, ആരോഗ്യ, റവന്യൂ വിഭാഗം ഉദ്യോഗസ്ഥരെയും കൊണ്ട് നിറഞ്ഞ നാട്. മരിച്ചവർക്കായി തിരച്ചിൽ നടത്തുന്നവരുടെ മനസ്സും ശരീരവും തളർന്നിരുന്നു. അവർക്കായി മുഴുവൻ സമയവും ഭക്ഷണവും വെള്ളവുമായി കള്ളാടി പള്ളിക്കുമുന്നിൽ വൈറ്റ് ഗാർഡുകളെത്തി.

വിശക്കുന്നവന് അന്നമൂട്ടുന്നത് ആരാധനയാണെന്ന് പഠിച്ച നാദാപുരം നരിപ്പറ്റയിൽ നിന്നുള്ള യൂത്ത് ലീഗുകാർ.

സദാസമയവും പള്ളിമുറ്റം വിശന്നവരെ കൊണ്ട് നിറഞ്ഞു. അവർക്ക് സ്വന്തം വീടുപോലെ കഴിക്കാനെത്താവുന്ന ഒരിടം ദുരന്തമുഖത്തുണ്ടായത് വലിയ ആശ്വാസമായി. ഉയർന്ന ഉദ്യോഗസ്ഥരും വനിതാ ഉദ്യോഗസ്ഥരും അവിടെ വിശപ്പകറ്റി. വൈറ്റ് ഗാർഡിന്റെ അടുക്കളയിലെ തീ അണഞ്ഞതേയില്ല.

അന്നത്തിന്റെയും അതിന്റെ മഹത്വത്തെയും തിരിച്ചറിയാത്തവർക്ക് ചൊറിമൂത്തു. രാജാവിനേക്കാൾ രാജഭക്തിയുമായി ഒരു പൊലീസ് ഉദ്യോഗസ്ഥനെത്തി. നിങ്ങളുടെ ഭക്ഷണമില്ലെങ്കിലും ഇവിടെ ഒരു ചുക്കുമില്ലെന്ന് അയാൾ പറഞ്ഞു. രാവും പകലും അധ്വാനിച്ചിട്ടും തളരാത്ത ആ ചെറുപ്പക്കാർ അന്നേരം ആദ്യമായി തളർന്നു. ആ ദിവസം പാതിരാത്രി വരെ ഭക്ഷണം നൽകി അവർ ചൂരൽമലയിറങ്ങി.

പിറ്റേന്ന് രാവിലെ ദുരന്തമുഖത്തെത്തിയ പലർക്കും യഥാസമയം വെള്ളം പോലും കിട്ടിയില്ല. രാഷ്ട്രീയം കളിച്ചവരെ നോക്കി മരണ താഴ്വര പറഞ്ഞു.

'അന്നം മുടക്കികൾ'

0000



ദുരന്തം ഒരു ദിവസം പിന്നിടുമ്പോഴേക്കും നൂറുകണക്കിന് മനുഷ്യരുടെ ചേതനയറ്റ ദേഹങ്ങൾകൊണ്ട് മേപ്പാടിയിലെ ആശുപത്രികൾ നിറഞ്ഞിരുന്നു. സൈറൺ വിളികളോടെ ഓരോ തവണയും ആംബുലൻസുകളിലെത്തിയ മൃതദേഹങ്ങൾ കഴുകി വൃത്തിയാക്കി ബന്ധുക്കൾക്ക് തിരിച്ചറിയാൻ പാകമാക്കിവെക്കുന്നിടത്ത് വൈറ്റുഗാർഡുകളും സജീവമായി. പിറ്റേന്ന് രാത്രിയോടെ തിരച്ചറിയാത്ത ദേഹങ്ങൾ ഒന്നിച്ചൊരിടത്ത് അടക്കാൻ തീരുമാനമായി.

പുത്തുമലയിലെ എസ്റ്റേറ്റ് ഭൂമിയിൽ ആറടി ആഴത്തിൽ കുഴികളൊരുങ്ങി. ആദ്യ ദിവസം എട്ടും പിറ്റേ ദിവസം 18ഉം ശരീരങ്ങളും ശരീര ഭാഗങ്ങളും അവിടേക്കെത്തി. പി.പി കിറ്റിലും അല്ലാതെയും ശ്മശാനമാകെ വൈറ്റുഗാർഡുകൾ നിറഞ്ഞു. ദിവസങ്ങൾ വെള്ളത്തിലും ഫ്രീസറിലും കിടന്ന് മൃതദേഹങ്ങളെല്ലാം വല്ലാത്തൊരവസ്ഥയിലായിരുന്നു അപ്പോഴേക്കും.

നിരനിരയായി നീണ്ടുനിൽക്കുന്ന കുഴികൾക്ക് മുന്നിൽ ദേഹങ്ങൾ നിരന്നു കിടന്നു. ആദ്യം സർവ്വമത പ്രാർത്ഥന. പിന്നെ റീത്തുവെപ്പ്. അതുംകഴിഞ്ഞ് മഹസ്സർ തയ്യാറാക്കലും മറ്റ് നടപടിക്രമങ്ങളും. എല്ലാം കഴിഞ്ഞ് ഇടച്ചുവരില്ലാത്ത കുഴിയിലേക്ക് രണ്ട് വൈറ്റ് ഗാർഡ് അംഗങ്ങളിറങ്ങി. മുറിഞ്ഞടർന്നുപോയ ശരീരഭാഗങ്ങളെ അന്ത്യനിദ്രക്കായി അവരുടെ കയ്യിലേക്ക് കൈമാറി.

ജീവതത്തിലൊരിക്കലും ആർക്കും അനുഭവിക്കാൻ ഇടവരുത്തരുതേ എന്ന പ്രാർത്ഥനയോടെ ജംഷീർ കടന്നപ്പള്ളിയും സമദ് വേങ്ങരയും താൽക്കാലിക കബറിലെ കഥ പറഞ്ഞു.

ദുരന്തം കഴിഞ്ഞ് ഇത്രനാളായിട്ടും ബന്ധുക്കൾക്ക് തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങളാണ്. അധികമിനിയും വെച്ച് കൊണ്ടിരിക്കാനാവില്ല. ആംബുലൻസിൽ ശ്മശാനത്തിലെത്തിക്കുന്ന ദേഹങ്ങൾ അന്നേരം ഐസ് കട്ട പോലെ തണുത്തിരിക്കും. ഫ്രീസറിൽ നിന്നെടുത്ത് ഏറെ നേരം കഴിഞ്ഞ ദേഹങ്ങളിൽ നിന്ന് പിന്നെ ചുറ്റും അതിരൂക്ഷ ഗന്ധം പടരും. 186 ദേഹങ്ങളിൽ പത്തിൽ താഴെ മാത്രമായിരുന്നു മുഴുവനായും ലഭിച്ച ദേഹങ്ങൾ. മറ്റുള്ളതെല്ലാം ചെറിയ ശരീര ഭാഗങ്ങൾ മാത്രം. ഒരു കൈക്കുഞ്ഞിന്റെ വലിപ്പം മാത്രമുള്ള അവ കുഴിയിലേക്ക് വെക്കുമ്പോൾ ഹൃദയം നുറുങ്ങിപ്പോവും. ഡി.എൻ.എ വിവരങ്ങളെഴുതിയടച്ച പ്ലാസ്റ്റിക് കുപ്പിയും ദേഹത്തിനൊപ്പം ആറടിമണ്ണിൽ ബാക്കിയാവും. എന്നെങ്കിലുമൊരിക്കൽ ഈ ദേഹങ്ങൾ സനാഥരായാലോ?

പ്രാർത്ഥനാ നിരതമായ മനസ്സോടെ പോളിത്തീൻ കവർ നീക്കി ദേഹം മണ്ണിനോട് ചേർത്തുവെക്കും. പിന്നെ ശരീരത്തിലേക്ക് മണ്ണിടലായി. ജെ.സി.ബി കൈകളെ വിലക്കി മറ്റ് സന്നദ്ധപ്രവർത്തകർക്കൊപ്പം വൈറ്റ് ഗാർഡുകൾ ഇരുന്നൂറോളം കുഴികളിലെ മരണപ്പെട്ടവരുടെ മേൽ മണ്ണ് വെട്ടിയിട്ടു. മണ്ണിൽ കിടക്കുന്ന മനുഷ്യന് വേദനിക്കാതിരിക്കാൻ ആവുന്നത്ര ശ്രമിച്ചുകൊണ്ട്.

കുഴിക്ക് മുകളിൽ നിന്ന് വെറും ശരീരത്തിലേക്ക് വീഴുന്ന മണ്ണിനൊപ്പം ഉള്ളുരുകിയൊലിച്ച വൈറ്റ് ഗാർഡുകളുടെ കണ്ണീരും താഴേക്ക് പതിക്കും. അനാഥരായി മണ്ണിലേക്ക് മടങ്ങുന്നവർക്കുള്ള പ്രാർത്ഥനകളായി.

0000


നാടിനെ നടുക്കിയ വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ആദ്യമണിക്കൂറുകൾ മുതൽ ദുരന്തഭൂമിയിലെത്തിയ യൂത്ത് ലീഗ് വൈറ്റ് ഗാർഡ് തുല്യതയില്ലാത്ത സേവനങ്ങളുമായി പ്രദേശത്തിന്റെ മനസ്സ് കീഴടക്കിക്കഴിഞ്ഞു. ഹൃദയം മുറിഞ്ഞവർക്ക് മുന്നിൽ സഹൃദയത്തിന്റെ ലേപനമാവുകയായിരുന്നു ഈ ആത്മസമർപ്പണസംഘം. രക്ഷാപ്രവർത്തനം, ആശുപത്രികളിലെ സേവനം, മോർച്ചറികളിലെ സാന്നിധ്യം, ഭക്ഷണവിതരണം, സംസ്കാരചടങ്ങുകൾ, മാലിന്യനിർമ്മാർജ്ജനം, വളണ്ടിയർ സേവനങ്ങൾ, പൊതുയിട ശുചീകരണം എന്നു തുടങ്ങി ദുരന്തമുഖത്ത് ആവശ്യമായതെന്തോ അതിലൊക്കെ വൈറ്റ് ഗാർഡുകളെ കാണാം. തിരച്ചിലിനിടെ കിട്ട് വിലകൂടിയ വസ്തുക്കളും സ്വർണാഭരങ്ങളും കൺട്രോൾ റൂമിൽ കൈമാറിയും, രേഖകൾക്കായി ബന്ധുക്കൾക്കൊപ്പം തിരഞ്ഞും അവരീ ദുരന്തഭൂമിയിൽ മാനവസ്നേഹത്തിന്റെ വിത്തുകൾ വിതറുന്നു. അതിനിടെ സ്വന്തം ആവശ്യങ്ങളും അസുഖവും പരിമിതികളും വിശപ്പും വരെ അവരിവിടെ ഓർക്കാറില്ല.

മലവെള്ളത്തിൽ പാലം തകർന്ന് മറുകരയിൽ കുടുങ്ങിയവരെ രക്ഷിക്കാൻ റോപ്പിൽ കയറാനും മരണാനന്തര ചടങ്ങുകളിലും മറ്റും സേവനങ്ങളിലും പരീശിലനം സിദ്ധിച്ച കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള നൂറുകണക്കിന് വൈറ്റ് ഗാർഡ് അംഗങ്ങളാണ് മുണ്ടക്കൈയിലെത്തിയത്.

ശേഷം പേജ് 2

ഫോട്ടോ: സി.കെ തൻസീർ




HARVARD MEDICAL SCHOOL | Graduate Education

Master of Medical Sciences in Global Health Delivery

February 16, 2024

Dear Ameena Mangattu Chalil,

Congratulations! On behalf of the Harvard Medical School Master o
Delivery (MMSc-GHD) admissions committee, it is with great pleas
Master of Medical Sciences in Global Health Delivery (MMSc-GHI

# ഒളവട്ടൂരിലെ ആദ്യവനിതാ ഡോക്ടർ ഹാർവാർഡിലേക്ക്

അശ്റഫ് തൂണേരി



കുഞ്ഞു അമീനക്ക് പലരേയും പോലെ ഇന്നതാവണമെന്ന് സ്വപ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. കൊണ്ടോട്ടി, ഒളവട്ടൂർ, താഴെ ചാലിൽ എം.സി മുഹമ്മദിന്റെയും മറിയം കോണിയകത്തിന്റേയും മകൾ മൊറയൂർ വി.എച്ച്.എം ഹയർ സെക്കണ്ടറി സ്കൂളിൽ നിന്ന് മികച്ച മാർക്കോടെ സയൻസിൽ പ്ലസ്ടു വിജയിച്ചതോടെയാണ് വീട്ടുകാർക്കും അവൾക്ക് സ്വന്തവും ഡോക്ടറായാൽ കൊള്ളാമെന്ന് തോന്നിയത്. ഒളവട്ടൂർ ഹയാത്തുൽ ഇസ്ലാം ഓർഫനേജ് യു.പി, ഹയർസെക്കണ്ടറി സ്കൂളുകളിലാണ് പത്താംതരം വരെ പഠിച്ചത്. പാല ബ്രില്യന്റിൽ പരിശീലനത്തിന് ശേഷം പാലക്കാട് പി.കെ ദാസ് മെഡിക്കൽ കോളെജിൽ പ്രവേശനം നേടി എം.ബി.ബി.എസ് പൂർത്തിയാക്കുകയായിരുന്നു. അത് ഒളവട്ടൂർ ഗ്രാമത്തിലെ ആദ്യ വനിതാ ഡോക്ടർ എന്ന പദവിയിലേക്കുള്ള സന്ദർഭം കൂടിയായി മാറിയത് ചരിത്ര നിയോഗം. ബിരുദം നേടി ആറു മാസം മാത്രമാണ് ആർ.എം.ഒ ആയി മഞ്ചേരി കൊരമ്പയിൽ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചത്. പിന്നീടവർ ഇന്ത്യൻ ഗ്രാമങ്ങളിലേക്ക് യാത്ര തിരിച്ചു, കമ്മ്യൂണിറ്റി ഹെൽത്ത്കെയറിൽ തന്റേതായ രീതിയിൽ ശ്രമങ്ങൾ നടത്താൻ. ഇപ്പോഴിതാ ലോകത്തെ മുൻനിര സർവ്വകലാശാലയായ ഹാർവാർഡിൽ ഉന്നത പഠനത്തിന് പ്രവേശനം നേടി മലയാളികളുടെ അഭിമാനമായി മാറിയിരിക്കുന്നു. 'മാസ്റ്റേഴ്സ് ഓഫ് മെഡിക്കൽ സയൻസസ് ഇൻ ഗ്ലോബൽ ഹെൽത് ഡെലിവറി' എന്ന വിഷയത്തിൽ ഹാർവാർഡ് സർവ്വകലാശാലയിൽ നിന്ന് പി.ജി ചെയ്യാൻ ഉടൻ അമേരിക്കയിലേക്ക് പറക്കാനിരിക്കുകയാണ് ഡോ.അമീന മുംതാസ്.

## കുയി ഭാഷയും എച്ച്.ഐ.വി ബാധിതരായ കുട്ടികളും

ഒഡീഷയിലെ കാലഹാന്ദിയിലുള്ള സ്വസ്ഥിയ സ്വരാജ് സൊസൈറ്റിക്ക് കീഴിലായിരുന്നു ഡോ.അമീന 2022ഫെബ്രുവരി മുതൽ 2023 മാർച്ച് വരെ പ്രവർത്തിച്ചത്. ഒഡീഷയിലെ പ്രധാന ഗോത്രജനതയായ, ഖോണ്ടുകൾ എന്നറിയപ്പെടുന്ന ആദിവാസി ഗോത്രവിഭാഗങ്ങളാണ് കാലഹാന്ദിയിൽ കൂടുതൽ. അവർക്കുള്ള പ്രാഥമിക ചികിത്സയും ആരോഗ്യബോധവത്കരണവുമെല്ലാമാണ് നടത്തിയത്. കുയി എന്ന ഭാഷയാണ് ഇവർ സംസാരിക്കുക. ഒഡിയ ലിപിയിൽ തന്നെയാണ് എഴുത്ത്. പ്രാദേശിക ആരോഗ്യപ്രവർത്തകരാണ് കുയി ഭാഷ ഇംഗ്ലീഷിലേക്കോ ഹിന്ദിയിലേക്കോ മൊഴിമാറ്റി ചികിത്സക്ക് ഡോക്ടർമാരെ സഹായിക്കുക. പട്ടിണിയിലൂടെ ഡയബറ്റിക് ആയി മാറിയ രോഗികൾ വരെ ഇവിടെയുണ്ട്. പാടത്തും മലയടിവാരങ്ങളിലും പണിയെടുക്കാൻ പോവുന്ന ഗോത്ര വിഭാഗങ്ങളിലുള്ള സ്ത്രീകൾ ജോലി സ്ഥലത്ത് പോലും പ്രസവിക്കും. ജോലിക്കെത്തുന്നവർ ഇടക്ക് വേദന തോന്നുമ്പോൾ പ്രസവിക്കുന്ന സാഹചര്യമാണ്. അതും കുത്തിയിരുന്നാണ് പ്രസവിക്കുക. ഇത്തരം നോർമൽ ഡെലിവറി അറ്റന്റ് ചെയ്യാൻ പ്രാപ്തരായിക്കും പ്രാദേശിക ആരോഗ്യപ്രവർത്തകർ. സ്വസ്ഥിയ സ്വരാജ് സൊസൈറ്റി നടത്തുന്ന ആശുപത്രിയിൽ നിന്നും അവർ ബേസിക് നഴ്സിംഗ് ഡിപ്ലോമ പരിശീലനം പൂർത്തിയാക്കുന്നത് ആരോഗ്യ സാക്ഷരത തീരെയില്ലാത്ത ഒരു സമൂഹത്തിൽ വലിയ കാര്യമാണ്.


അമീന

2023 മാർച്ച് മുതൽ സപ്തംബർ വരെ മിസോറാമിലായിരുന്നു പ്രവർത്തനം. ഡോക്ടേഴ്സ് വിത്തൗട്ട് ബോഡേഴ്സിന് കീഴിൽ സൊകത്താർ എന്ന വില്ലേജിൽ മ്യാൻമറിലെ ആഭ്യന്തര കലാപത്തിൽ പെട്ട ആളുകളെ ചികിത്സിച്ചു. ആശുപത്രി സൗകര്യങ്ങൾ തീരെയില്ലാത്ത ഈ പ്രദേശത്ത് നിന്ന് പട്ടാളക്കാരേയും സാധാരണക്കാരേയും പോരാട്ടത്തിനിറങ്ങിയവരെയുമെല്ലാം മാറി മാറി ചികിത്സിച്ചു. മിസോറാമിന്റെ അതിർത്തി ഗ്രാമത്തിലായതിനാൽ തന്നെ പലപ്പോഴും ബോംബ് പൊട്ടുന്ന ശബ്ദം കേട്ട നാളുകളുണ്ടെന്ന് ഡോ.അമീന ഓർക്കുന്നു. പിന്നീടാണ് ബീഹാറിലെ പാട്നയിൽ ഡോക്ടേഴ്സ് വിത്തൗട്ട് ബോഡേഴ്സിന് കീഴിൽ അഡ്വാൻസ് എച്ച്.ഐ.വി പ്രൊജക്ടിൽ ജോലി നോക്കിയത്. 2024 ജൂലൈ അവസാനം വരെ അത് തുടർന്നു. ഗുരുതര എച്ച്.ഐ.വി ബാധിതരായ ആളുകളെയാണ് പരിചരിച്ചത്. പ്രതിരോധ ശേഷി കുറഞ്ഞതിനാൽ അത്തരക്കാർക്ക് പല തരം അണുബാധ വരും. ഇത്തരം രോഗികളെ ചികിത്സിക്കാൻ അവിടെയുള്ള സർക്കാർ ആശുപത്രികൾ പോലും തയ്യാറാവാത്ത സ്ഥിതിയുണ്ട്. ഇന്ത്യയിൽ കൂടുതൽ എച്ച്.ഐ.വി ബാധിതരുള്ള പ്രദേശങ്ങളിലൊന്നാണ് പാട്ന. രോഗികളിൽ ചെറിയ കുട്ടികളും ഏറെയുണ്ട്. മിക്കവാറും അമ്മമാരിലൂടേയാണ് ഇത് പകരുന്നത്. യഥാസമയത്ത് കണ്ടെത്താത്തതും സാമൂഹിക ഭയം മൂലം ചികിത്സക്കാത്തതും പുറത്ത് പറയാത്തതുമായ അനവധി കേസുകൾ. അഞ്ചു വയസ്സുള്ള കുട്ടി പോലും ഉണ്ടായിരുന്നുവെന്നത് വല്ലാത്ത സങ്കടക്കാഴ്ചയാണെന്ന് ഡോ.അമീന മുംതാസ് ദു:ഖിതയാവുന്നു.

## വെർബൽ ഓട്ടോപ്സി നടത്തേണ്ടി വന്നപ്പോൾ

വാക്കാലുള്ള പോസ്റ്റ്മാർട്ടം ആണ് വെർബൽ ഓട്ടോപ്സി. മൃതശരീരമല്ല പകരം മരിച്ചയാളിന്റെ ബന്ധുവോ നാട്ടുകാരോ അയൽക്കാരോ ആയ ആളുകളെ കീറിമുറിച്ച് ചോദ്യം ചെയ്ത് മരണകാരണം കണ്ടെത്തുന്നു. പോസ്റ്റ്മാർട്ടത്തിന് സാങ്കേതിക സൗകര്യമില്ലാത്ത ലോകത്തെ പല ഗ്രാമങ്ങളിലും ഇപ്പോഴും വെർബൽ ഓട്ടോപ്സി പിന്തുടരുന്നുണ്ട്. ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും പഠന ഭാഗമായി കേൾക്കുന്ന ഈ രീതി കേരളത്തിൽ അസാധാരണം.

ഒഡീഷയിലെ കാലാഹന്ദിയിൽ വെച്ച് ഒരു യുവതി മരണപ്പെട്ടതിനെത്തുടർന്ന് വെർബൽ ഓട്ടോപ്സി നടത്താൻ നേതൃത്വം നൽകേണ്ടി വന്നു ഡോ.അമീനക്ക്. ഡോക്ടർക്ക് പുറമെ നഴ്സ്, ഹെൽത് വർക്കർ (ജോലി ചെയ്ത സ്വസ്ഥിയ സ്വരാജ് സൊസൈറ്റിമുഖേന പരിശീലനം കിട്ടിയവർ. സ്വസ്ഥ്യ സാദി എന്ന പേരിൽ അറിയപ്പെടും), നാട്ടിൽ സഹായത്തിനായുള്ള പ്രാദേശിക നിവാസികളായ ഫീൽഡ് ആനിമേറ്റേഴ്സ് എന്നിവരായിരുന്നു സംഘത്തിൽ. എല്ലാ ദിവസവും ജോലിക്ക് പോകാറുള്ള യുവതിയാണ് പെട്ടെന്ന് ശരീരവേദനയും പനിയും അനുഭവപ്പെട്ട് മരണത്തിന് കീഴടങ്ങുന്നത്. പനി, ചുമ, അണുബാധ എന്നിവ നേരത്തെ ഉണ്ടായില്ല. രക്തസ്രാവമോ മറ്റു ആഘാതങ്ങളോ ഒന്നുമില്ല. ബന്ധുക്കളും അയൽക്കാരും കുട്ടികളുമായവരോടെല്ലാം വിവരങ്ങൾ തേടി. മരിക്കുന്ന തലേദിവസം വെള്ളം കുടിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് ആരോ പറഞ്ഞു. അവൾക്ക് ഹൈഡ്രോഫോബിയയും എയറോഫോബിയയും ഉണ്ടെന്ന് മനസ്സിലാക്കി. മരണകാരണം പേവിഷബാധ ആയിരിക്കാം എന്നാണ് നിഗമനത്തിലെത്തിയത്.

രണ്ടു വർഷത്തെ ഇന്ത്യൻ ഗ്രാമങ്ങളിലെ അനുഭവവും ആതുര സേവനരംഗത്തെ ആവശ്യകത മനസ്സിലാക്കി കൂടുതൽ എന്തെങ്കിലും ചെയ്യണമെന്ന തോന്നലും ആരോഗ്യരംഗത്തെ ഗവേഷണത്തിലേക്ക് ഡോ.അമീനയെ വഴി തെളിയിക്കുകയായിരുന്നു. അങ്ങനെയാണ് ഹെൽത്ത്കെയർ പ്രോഗ്രാമിന്റെ ഡിസൈനിംഗും ഇംപ്ലിമെന്റേഷനും വിശദമായി മനസ്സിലാക്കാൻ ഗ്ലോബൽ ഹെൽത് ഡെലിവറിയിൽ വിശദ പഠനമാവാമെന്നും ആ അന്വേഷണം ഹാർവാർഡിലും എത്തിച്ചേരുന്നത്. കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് മേഖലയിൽ ഇന്ത്യയിൽ പല ഇടങ്ങളിലും പ്രത്യേകിച്ച് കേരളത്തിലും തനിക്ക് ഏറെ ചെയ്യാനുണ്ടെന്ന് വിശ്വസിക്കുന്നു അവർ. രോഗകാരണവും മറ്റും കൃത്യമായി കണ്ടെത്താനുള്ള കാലതാമസം, ഇനി കണ്ടെത്തിയാലും അതിന് ശേഷമുള്ള സ്റ്റിഗ്മയും മാനസികമായി സാമൂഹിക പിന്തുണയില്ലാത്ത ക്രമവുമെല്ലാം നമ്മുടെ ചുറ്റുപാടിലുണ്ട്. ഇത് മാറേണ്ടതുണ്ട്. പഠനം പൂർത്തിയാക്കി സ്വന്തം നാട്ടിൽ സമൂഹത്തിന്റെ അടിത്തട്ടിലുള്ളവർക്കായി വേറിട്ട പരിചരണ രീതികൾ കൊണ്ടുവരാമെന്ന മോഹം കൊണ്ടുനടക്കുന്നു ഡോ.അമീന മുംതാസ്. ലോകത്ത് പൊതുജനാരോഗ്യ പഠനത്തിന് ഒന്നാം റാങ്കുള്ള ഒരു സർവ്വകലാശാലയിൽ പഠിക്കാനാവുമെന്ന് സ്വപ്നേപി പോലും നിനക്കാത്ത ഒരാൾ, തന്റെ ശ്രമകരമായ നീക്കങ്ങളിലൂടെ ആ ഉയരങ്ങളിലേക്കുള്ള പടവുകളിലേക്ക് കയറാനിരിക്കുന്നു. പക്ഷെ താങ്ങാനാവാത്ത ഫീസ് ഇപ്പോഴും നേരിയ തടസ്സമായി മുമ്പിലുണ്ട്. രണ്ടു വർഷത്തേക്ക് 1 കോടി 41 ലക്ഷം ഇന്ത്യൻ രൂപയോളമാണ് (1,68,992 അമേരിക്കൻ ഡോളർ) മൊത്തം പഠനത്തിനുള്ള തുക. ചില സ്കോളർഷിപ്പിലൂടേയും ലോണിലൂടേയും അഭ്യുദയകാംക്ഷികളുടെ പിന്തുണയാലും സ്റ്റുഡൻസ് ലോണിലൂടേയും 1,00,992 ഡോളർ ലഭിച്ചു. രണ്ടു വർഷത്തേക്ക് ഏകദേശം 57 ലക്ഷം ഇന്ത്യൻ രൂപ ഇനിയും വേണം. ഒന്നാം വർഷത്തെ ഫീസിനത്തിൽ മാത്രം 10 ലക്ഷത്തോളം രൂപയുടെ കുറവ് ഉണ്ട്. ഈ മാസം അവസാന വാരം അമേരിക്കയിലെത്തി അഡ്മിഷൻ എടുക്കേണ്ടതുമാണ്. മലപ്പുറത്തിന്റെ അഭിമാനമായി ഒരു പെൺകുട്ടി ഹാർവാർഡിൽ ചേരാനിരിക്കെ, ആ അപൂർവ്വ സന്ദർഭത്തെ സാമ്പത്തികമായി സഹകരിച്ച് നാം ഏറ്റെടുക്കേണ്ടതുണ്ട്. സ്പോൺസർ ചെയ്യാൻ കഴിവുള്ള സംഘടനകളോ ശേഷിയുള്ള വ്യക്തികളോ മലപ്പുറത്തെയും മലയാളത്തേയും ലോകാടിസ്ഥാനത്തിൽ പ്രതിനിധീകരിക്കുന്ന ആ മിടുക്കിയെ ചേർത്തുപിടിക്കാൻ തയ്യാറാവുമെന്ന് തന്നെയാണ് പ്രതീക്ഷ. ■

അകക്കണ്ണ്

ഡോ. എം.കെ മുനീർ എടച്ചേരി

# അധിക്ഷേപം അനുഗുണമല്ല അവഹേളനവും

**സാഹചര്യത്തിന്റെ പ്രേരണയാൽ തെറ്റുകളിൽ അകപ്പെട്ടു പോകുന്നവരെ അധിക്ഷേപിക്കുകയോ, അവരെ അകറ്റി നിർത്തുകയോ അല്ല ചെയ്യേണ്ടത്.**



പ്രവാചകാനുയായികളിൽ പ്രമുഖനായ ഹസ്രത്ത് അബുദ്ദർദാഅ് (റ) ഒരിക്കൽ ഒരു വഴിയിലൂടെ നടന്നുവരികയാണ്. അവിടെ ഒരാൾക്കൂട്ടം, അവർ ഒരാളെ രൂക്ഷമായി അധിക്ഷേപിച്ചു കൊണ്ടിരിക്കുന്നു. അബുദ്ദർദാഅ് (റ) അവരോട് ചോദിച്ചു: 'നിങ്ങളുടെ ഈ സഹോദരൻ ഒരു കിണറ്റിൽ വീണു കിടക്കുകയാണെന്ന് കരുതുക. എങ്കിൽ എങ്ങനെയാണ് നിങ്ങൾ ഇയാളോട് പെരുമാറുക?'

'ഞങ്ങൾ അയാളെ കിണറ്റിൽ നിന്നും രക്ഷപ്പെടുത്താൻ ശ്രമിക്കും' - അവർ മറുപടി പറഞ്ഞു.

'അങ്ങനെയെങ്കിൽ ഈ സഹോദരനെ അധിക്ഷേപിക്കുന്നത് നിർത്തുക.

ഇയാളുടെ നന്മക്ക് വേണ്ടി പ്രാർത്ഥിക്കുക. തെറ്റുകളിൽ അകപ്പെട്ടു പോകുന്നതിൽ നിന്ന് നിങ്ങളെ രക്ഷപ്പെടുത്തിയ അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുക'.

'ഞങ്ങൾ അയാളെ വെറുക്കുന്നത് കൊണ്ട് വിരോധമുണ്ടോ?'

ആൾക്കൂട്ടത്തിന്റെ ചോദ്യത്തിന് അബുദ്ദർദാഇ(റ)ന്റെ മറുപടി ഇപ്രകാരമായിരുന്നു:

'ഞാൻ അയാളുടെ തെറ്റുകളെ മാത്രമാണ് വെറുക്കുന്നത്. ആ തെറ്റ് ഉപേക്ഷിക്കുന്നതോടെ അയാൾ എന്റെ കൂട്ടുകാരനായി മാറും'.



പ്രവാചകന്മാരല്ലാത്ത ഒരാളും പാപസുരക്ഷിതരല്ല. അവർ പൂർണരാണ്. മറ്റു മനുഷ്യരാരും പൂർണരല്ല. മനുഷ്യ ദൗർബല്യങ്ങളെ വിടാതെ പിന്തുടരുന്ന പിശാചിന്റെ ദുർബോധനങ്ങൾ നിരന്തരം മനുഷ്യനെ അപഭ്രംശങ്ങളിലേക്കും, മാർഗഭ്രംശങ്ങളിലേക്കും നയിക്കുന്നു. അരുതായ്മകളുടെ അതിപ്രസരത്തിൽ കണ്ണു മഞ്ഞളിക്കാതെ; പ്രലോഭനങ്ങളുടെ കുത്തൊഴുക്കിൽപ്പെടാതെ പിടിച്ചു നിൽക്കാൻ അസാമാന്യമായ മനക്കരുത്തും ക്ഷമയും ഉള്ളവർക്ക് മാത്രമേ സാധിക്കുകയുള്ളൂ. സാഹചര്യത്തിന്റെ പ്രേരണയാൽ തെറ്റുകളിൽ അകപ്പെട്ടു പോകുന്നവരെ അധിക്ഷേപിക്കുകയോ, അവരെ അകറ്റി നിർത്തുകയോ അല്ല ചെയ്യേണ്ടത്.

തെറ്റുകാരനെങ്കിലും അവഹേളനങ്ങളും അധിക്ഷേപങ്ങളും മനുഷ്യനിൽ നിരാശ പടർത്താനും അതുവഴി കൂടുതൽ തെറ്റുകളിലേക്ക് വഴുതിപ്പോകാനും ഇടവരുത്തും. സ്വസഹോദരന്റെ ആത്മാഭിമാനത്തിന് മുറിവേൽപ്പിക്കുന്ന യാതൊരുവിധ പ്രവൃത്തിയും ഇസ്ലാം അനുവദിക്കുന്നില്ല. തെറ്റുകളുടെ പേരിൽ ഗുണദോഷിക്കുന്നതാണെങ്കിലും, നന്മ കൽപ്പിക്കുക എന്ന ഉത്തരവാദിത്തനിർവഹണത്തിന്റെ പേരിലായാലും അവയൊന്നും ഒരാളുടെ അന്തസ്സിനും, ആത്മാഭിമാനത്തിനും കോട്ടം തട്ടുന്ന നിലയിലാവരുത്. അരുതായ്മകളിൽ അകപ്പെട്ടു പോയ സ്വസഹോദരനെ ഗുണകാംക്ഷാപൂർവ്വം തെറ്റുകളിൽ നിന്ന് പിന്തിരിപ്പിച്ചു കൊണ്ടുവരാനുള്ള ദൗത്യമാണ് വിശ്വാസി ഏറ്റെടുക്കേണ്ടത്. ■

പ്രത്യക്ഷത്തിൽ ഭക്തിപൂർണമായ ജീവിതം നയിക്കുന്ന ഒരാൾ അവന്റെ സ്വകാര്യ ജീവിതത്തിലെ അപഭ്രംശങ്ങൾ കാരണം തന്റെ നാഥന്റെയടുക്കൽ ശിക്ഷിക്കപ്പെട്ടേക്കാം. നന്മയുടെ അതിർവരമ്പുകൾ ഭേദിച്ച് പാപപങ്കിലമായ ഹൃദയത്തോടുകൂടി തന്റെ നാഥനെ സമീപിക്കുന്ന കൊടും കുറ്റവാളി നാഥന്റെ ഔദാര്യത്താൽ രക്ഷപ്പെട്ടേക്കാം.

കരുണാവാരിധിയായ അല്ലാഹുവിന്റെ കാരുണ്യം അവന്റെ കോപത്തെ അതിജയിക്കുന്നതാണ്. അവന്റെ കാരുണ്യവും ഔദാര്യവും ആർക്കൊക്കെയാണ് ലഭിക്കുക എന്നതിനെക്കുറിച്ച് സൃഷ്ടികൾക്ക് യാതൊരറിവുമില്ല. കാഴ്ചയിൽ ഭക്തനായ ഒരാളുടെ പര്യവസാനം എങ്ങനെയായിരിക്കുമെന്നോ, പ്രത്യക്ഷത്തിൽ തെമ്മാടിയായ ഒരാളുടെ പര്യവസാനം എങ്ങനെയായിരിക്കുമെന്നോ പ്രവചിക്കുക സാധ്യമല്ല. എന്നിരിക്കെ, ഇന്നയാൾ സ്വർഗാവകാശിയെന്നോ ഇന്നയാൾ നരകാവകാശിയെന്നോ തീർപ്പ് കൽപ്പിക്കാൻ മനുഷ്യന് സാധിക്കുന്നതെങ്ങനെ......?


'അല്ലാഹുവാണെ, എനിക്കറിയില്ല; ഞാൻ ദൈവദൂതനാണെങ്കിലും അന്ത്യനാളിൽ എനിക്ക് എന്താണ് സംഭവിക്കുകയെന്ന്...' (നബിവചനം).

ക്യാമ്പസ് ടച്ച്



അൽഹേന പി.പി

D/o ഉബൈദ്
എട്ടാം ക്ലാസ്സ്
W.O.H.S.S PINANGOD



## ബാല്യം

ആഹ്ലാദം നിറഞ്ഞ ബാല്യം
അസ്തമിച്ചതോർക്കുമ്പോൾ
മിഴികളിൽ കണ്ണുനീർത്തുള്ളി
അന്ധകാരം തീർക്കുന്നു
മനസ്സിലും...
മനോഹരമായ കാഴ്ചകളും
സുന്ദരമായ സ്വപ്നങ്ങളും
നിലച്ചതുപോലെ...
ബാല്യ ചുവരുകൾക്കുള്ളിൽ
ബന്ധിതനായതുപോലെ...
മഴയും മഴവില്ലും
വെയിലും വേനലും
കണ്ടാസ്വദിച്ച കാലം...
കളിക്കൂട്ടുകാർ
എന്നെ ഞാനാക്കി വളർത്തിയ
പ്രിയ ഗുരുനാഥർ
എങ്ങോ പോയി മറഞ്ഞു..
ശോകമൂകമായ കാലമേ
വീടു കൂടാക്കി മാറ്റിയ സമയമേ
തിരിച്ചു തരുമോ
എനിക്കെന്റെ ബാല്യം..



അലീസ ശിഹാബ്

ഏഴാം ക്ലാസ്സ്
ദാറുന്നജാത്ത് യു.പി സ്കൂൾ
കരുവാരകുണ്ട്

## ക്രൂശിതന്റെ വിലാപം

ഞാൻ; നിന്റെ സംസ്ക്കാരത്തിന്നുറവിടം.
നിന്റെ പാപങ്ങളുടെ മുക്തി.
നിന്റെ അതിജീവനത്തിന്റെ പാത.

എന്നിട്ടും,
വെട്ടി മുറിച്ചെന്റെ മാംസ കഷ്ണങ്ങളാൽ,
കെട്ടിപ്പൊക്കി നീ കോൺക്രീറ്റ് സൗധങ്ങൾ.

ഊറ്റിയെടുത്തെന്റെ രക്തം കൊണ്ട്,
വാറ്റിയെടുത്തു നീ വീഞ്ഞും കറണ്ടും.
മാലിന്യങ്ങൾവലിച്ചെറിഞ്ഞെന്റെ
മേനിയും മനവും വികൃതമാക്കി നീ.
ഉയർച്ചയാണിതെന്ന് നീ
നിനക്കെ ലോകം
വരൾച്ചയായ് മാറുന്നു.
ഇനിയെന്നെങ്കിലുമെന്നിൽ ബാല്യം
കുസൃതികൾ തീർക്കുമോ?
ഇനിയെന്നങ്കിലുമെന്നിൽ സൂര്യൻ
പൊന്നല തീർക്കുമോ?
നിനക്കായ് നൊന്ത് പെറ്റുപേക്ഷിച്ചവളെ
പ്പോലെ ഞാനും ഒഴിവാക്കപ്പെട്ടേക്കാം.
എങ്കിലും മാനവാ;
എന്നിലെ അവസാനതുള്ളി രക്തവും
നിനക്കായ് ഒഴുക്കാം;
നീയെനിക്കെന്നും ജീവനായതിനാൽ.

# ദുരന്തമുറ്റത്തെ ജീവബിന്ദുക്കൾ

1ാം പേജിലെ ബാക്കി

ആദ്യദിനം മുതൽ ഇന്ന് വരെയും ഇവിടെ താമസിച്ച് നടത്തുന്ന അവരുടെ ആത്മസമർപ്പണം മനുഷ്യൻ എന്ന പദത്തിന്റെ അർത്ഥം കൂടിയാണ് ലോകത്തിന് മുന്നിൽ എഴുതിയിടുന്നത്.

സേവനസജ്ജരായ ചെറുപ്പക്കാർ എന്ന മുസ്ലിം യൂത്ത് ലീഗിന്റെ ആശയമാണ് വൈറ്റ് ഗാർഡിന്റെ പിറവിക്ക് പിന്നിൽ. ജന്മം തൊട്ടിങ്ങോട്ട് ഈ സേവനസേന തുടർന്നുപോരുന്ന ജീവൽപ്രവർത്തനങ്ങൾ കാലമിനിയെത്ര കഴിഞ്ഞാലും മലയാളിക്ക് അഭിമാനത്തോടെ ഓർക്കാനാവും. കനിവും കരുതലുമായി വൈറ്റ് ഗാർഡ് നെടുന്തൂണായപ്പോഴാണ് ദുരന്തത്തിൽ സർവ്വം നഷ്ടപ്പെട്ടവർക്ക് നടുനിവർത്താനായത്.

സേവനം രാഷ്ട്രീയമാക്കിയ മുസ്ലിം ലീഗ് കുടുംബത്തിൽ നിന്നാണ് ഈ പട ദുരന്തഭൂമിയിലെത്തിയത്. പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ, പി.കെ ഫിറോസ്, പി. ഇസ്മായിൽ, വൈറ്റ് ഗാർഡിന്റെ ചുമതലയുള്ള ഫൈസൽ ബാഫഖി തങ്ങൾ, ടി.പി.എം ജിഷാൻ, വൈറ്റ് ഗാർഡ് സംസ്ഥാന ക്യാപ്റ്റൻ സിറാജ് പറമ്പിൽ, വൈസ് ക്യാപ്റ്റൻമാരായ സഊദ് പന്നിയൂർ, ശഫീഖ് കടമേരി, എം.പി നവാസ്, സി.എച്ച് ഫസൽ തുടങ്ങിയവരടങ്ങുന്ന ടീം സംഘാംഗങ്ങൾക്ക് നേതൃത്വമായും കരുത്തായും കൂടെത്തന്നെയുണ്ട്.

മുണ്ടക്കൈയിലെത്തിയ ഓരോ വൈറ്റ് ഗാർഡിനും ഒരു നൂറ് കഥകൾ പറയാനുണ്ടാവും. കുടുംബത്തിലെ മുഴുവൻ പേരും നഷ്ടപ്പെട്ട് ഒന്നുകരയാൻ പോലുമാവാതെ വിങ്ങുന്ന മനുഷ്യരുടെ, ജീവന്റെ തുടിപ്പുകൾ ബാക്കിയായവരെ സ്വന്തക്കാരിലെത്തിച്ച രക്ഷാപ്രവർത്തനത്തിന്റെ, തിരിച്ചറിയാൻ പോലുമാവാതെ ചളിമണ്ണിൽ നിന്ന് കണ്ടെത്തിയ ശരീരഭാഗങ്ങളുടെ, കുത്തൊഴുക്കിനെ അതിജീവിച്ച് തറ പോലും ബാക്കിയില്ലാതെ തകർന്ന വീട്ടുമുറ്റത്തെ കളിപ്പാവകളുടെ, നോവുകളുടെ, കണ്ണീരുകളുടെ കഥകൾ...


ഫോട്ടോ: സഊദ് അൻവർ

ഇവരിപ്പോഴും ഇവിടെത്തന്നെയുണ്ട്. ജീവന്റെ തുടിപ്പുകളിനിയൊന്നും ബാക്കിയില്ലെന്നുറപ്പായിട്ടും അവർ സുബ്ഹി മുതൽ ഉരുൾഭൂമിയിലാണ്. മരണം സംഹാരതാണ്ഡവമാടിയ ഭൂമിയിൽ സേവനത്തിന്റെ പുതിയ അധ്യായങ്ങൾ രചിക്കാൻ... ■

# കഥ പറയുന്ന കാറ്റലിന സമുദ്രവിമാനം



**അർഷക്ക് കേരള**



ഇസ്രായേൽ ഫലസ്തീൻ സംഘർഷം പുതിയ വഴിത്തിരിവിൽ എത്തിനിൽക്കുന്ന സന്നിഗ്ദ്ധഘട്ടത്തിൽ പഴയൊരു അറബ് ഇസ്രായേൽ സംഘർഷ കാലത്തിന്റെ ശേഷിപ്പുകളിൽ ഒന്നിന്റെ രസാവഹമായ കഥയാണ് കാറ്റലിന എന്ന സമുദ്രവിമാനത്തിന്റെ അവശിഷ്ടങ്ങൾക്ക് പറയാനുള്ളത്. ഇന്നാ കഥ പല കെട്ടുകഥകൾക്കും വഴിമാറിക്കൊണ്ടിരിക്കെ ലോകസഞ്ചാര ഭൂപടത്തിൽ അതിശയം വിതറിയ ചെകുത്താനും കടലിനും ഇടയിൽ എന്ന് പറയാറുള്ള പോലെ വിജനമായ അറേബ്യൻ മരുഭൂമിക്കും ചെങ്കടലിനും ഇടയിൽ ആറര പതിറ്റാണ്ടായി സന്ദർശകർക്ക് വിസ്മയമായി രണ്ടാം ലോക മഹാ യുദ്ധത്തിൽ പങ്കാളിയായ കരയിലും വെള്ളത്തിലും സഞ്ചരിക്കുന്ന ഈ വിമാനം ചിറകുവിടർത്തി നിലയുറപ്പിക്കുന്നു; ഒരിക്കലും പറക്കില്ലെന്നറിഞ്ഞിട്ടും.

യുദ്ധത്തിൽ ശത്രുക്കളുടെ കപ്പലുകളും അന്തർവാഹിനികളും കണ്ടെത്താനും ആക്രമിക്കാനുമാണ് ഈ പട്രോളിംഗ് ബോംബർ (പിബി) നിർമ്മിച്ചത്. "Y" എന്നത് നിർമ്മാണവുമായി നൽകിയിരിക്കുന്ന കോഡാണ്. 1930-40 കാലഘട്ടത്തിലാണ് PBY 5 വിമാനങ്ങൾ ഉണ്ടാക്കിയത്. 3308 വിമാനങ്ങൾ ഉണ്ടാക്കിയതിൽ 2661 എണ്ണവും അമേരിക്കയിലാണ്. ഈ കൃത്രിമ മൂങ്ങയിൽ ഒരെണ്ണം ഉപേക്ഷിക്കപ്പെട്ട നിലയിൽ സൗദി അറേബ്യയുടെ ഇതിഹാസ പട്ടണമാകാൻ പോകുന്ന നിയോം പദ്ധതി പ്രദേശമായ തബൂക്കിലെ റാസ് അൽ-ഷൈഖ് ഹമീദിലും മറ്റൊന്ന് സാൻ ഡിയാഗോ എയ്റോസ്പേസ് മ്യൂസിയത്തിലും അവശേഷിക്കുന്നു. വടക്ക്-പടിഞ്ഞാറൻ പ്രവിശ്യയായ തബൂക് പട്ടണത്തിനടുത്താണ് കാറ്റലിന കടൽ കാറ്റേറ്റ് വിശ്രമിക്കുന്നത്. 1960 മാർച്ച് 22 ന് ഇവിടെയെത്തിയ ഈ വിമാനം പിറ്റേ ദിവസം വൈകുന്നേരം അഞ്ച് മണിക്ക് 800 മീറ്റർ പറന്നു പിന്നെ നിലത്ത് പതിച്ചു. അരമണിക്കൂർ സമയം കൊണ്ട് 300 വെടിയുണ്ടകളാണ് അതേറ്റുവാങ്ങിയത്. സ്വപ്നതുല്യമായ ഒരു ലോക സഞ്ചാരം അതോടെ ഒരു പേക്കിനാവായി മാറി.

1950 കളിൽ അമേരിക്കയിലെ ലോസ് ഏഞ്ചൽസിൽ എയർകണ്ടീഷൻ ബിസിനസ് നടത്തിയിരുന്ന തോമസ് എസ്. കെന്റൽ എന്ന 44 വയസുകാരൻ 1956 ഓടുകൂടി ബിസിനസ് അവസാനിപ്പിക്കുകയും തന്റെ വലിയ സമ്പാദ്യം കൊണ്ട് കുടുംബവുമൊന്നിച്ച് ലോകം ചുറ്റുവാൻ തീരുമാനിച്ചു. അദ്ദേഹത്തിനും ഭാര്യക്കും അന്ന് 24 വയസുള്ള ബോബ് എന്ന മകനും പൈലറ്റ് ലൈസൻസ് ഉള്ളത് കൊണ്ട് സ്വന്തമായി വിമാനം വാങ്ങിക്കൊണ്ട് തന്നെ ലോകം ചുറ്റാനാണ് പരിപാടി. അങ്ങനെയാണ് അദ്ദേഹം 13 PBY യുദ്ധവിമാനങ്ങൾ സ്വന്തമാക്കുന്നത്. അതിൽ മൂന്ന് ആംഫിബിയസ് വിമാനങ്ങളെ ആഡംബര ഫ്ലോട്ടിംഗ് സ്യൂട്ടുകളാക്കി മാറ്റാൻ ലോസ് ഏഞ്ചൽസിലെ പ്രശസ്ത ഇന്റീരിയർ ഡിസൈനർ ജോർജ്ജ് എർബിനെ നിയമിച്ചു. 1959ൽ കെന്റലും ഭാര്യയും എട്ട് വയസ് തൊട്ട് 24 വയസ് വരെയുള്ള 4 കുട്ടികളും അദ്ദേഹത്തിന്റെ സെക്രട്ടറിയും മകളും അടക്കം എട്ട് പേരും മറ്റ് രണ്ട് വിമാനങ്ങളിൽ ചില സുഹൃത്തുക്കളും യാത്ര പുറപ്പെട്ടു. അങ്ങനെ അറ്റ്ലാന്റിക് സമുദ്രം കടന്ന് കാറ്റലീന പോർച്ചുഗലിലേക്കും യു.കെ യിലേക്കുമൊക്കെ സഞ്ചരിച്ചു. അതിനിടയിൽ SOS പസഫിക് എന്ന റിച്ചാർഡ് ആറ്റൻബറോ അഭിനയിച്ച സിനിമയിലും കാറ്റലീന കഥാപാത്രമായി. പസഫിക്കിൽ ഒരു കൂട്ടം യാത്രക്കാർ തങ്ങളുടെ കാറ്റലീന ഉപേക്ഷിക്കാൻ നിർബന്ധിതരായതിനെക്കുറിച്ചാണ് സിനിമ. ഇതേഗതി തന്നെ യഥാർത്ഥ കാറ്റലീനക്ക് ഏതാനും മാസങ്ങൾക്കുള്ളിൽ സംഭവിച്ചത് അറം പറ്റുന്ന വിരോധാഭാസമായി. ഇവരുടെ യാത്ര ഘഎ ടൈംസ് വിശദമായി റിപ്പോർട്ട് ചെയ്തിരുന്നു.

പിന്നീട്, യുകെ വിടുമ്പോൾ, 1960-ന്റെ തുടക്കത്തിൽ ഈജിപ്തിലേക്ക് പറക്കുമ്പോൾ ലൈഫ് മാഗസിനായി ഡോക്യുമെന്റ് ചെയ്യുന്ന ഒരു ഫീച്ചറിന്റെ ഭാഗമായി ഫോട്ടോഗ്രാഫർ ഡേവിഡ് ലീസും കുടുംബത്തോടൊപ്പം ചേർന്നു. 1960 ശിശിരകാലത്ത് അവർ ഈജിപ്തിലെത്തി. 1960 മാർച്ച് 22ന് നൈൽ നദിയുടെ കിഴക്കേ കരയിലെ ലക്സർ പട്ടണത്തിൽ നിന്ന് യൂഫ്രട്ടീസ് നദിക്കരയിലൂടെ ബാഗ്ദാദിലേക്ക് പറക്കുന്നതിനിടയിലാണ് സൗദിയുടെ വടക്ക് പടിഞ്ഞാറ് ചെങ്കടൽ തീരം അവരെ മോഹിപ്പിച്ചത്. അറേബ്യൻ ഗ്രാമ്യവശ്യതയും പഞ്ചാരമണൽ കടൽ തീരവും ചെങ്കടലിന്റെ കൊച്ചു തിരകളും നീലിമയും യാത്രക്കാരെ ഹഠാതാകർഷിച്ചു. ഭൂപ്രദേശത്തെക്കുറിച്ച് യാതൊരു വിവരവുമില്ലാതെ വിജനമായ ആ കടലിൽ കാറ്റലീനയെ അവരിറക്കി.

രാത്രി ടെന്റ് കെട്ടി അതിലുറങ്ങി. പിറ്റേന്ന് തീരത്തും കടലിലുമായി ഉലാത്തി. വൈകിട്ട് 4.32നാണ് ഭയങ്കര ശബ്ദം കേട്ട് കെന്റൽ നോക്കുന്നത്. കുറെയധികം ആളുകൾ തങ്ങളുടെ കാറ്റലീനയെ വെടിവെച്ചുകൊണ്ടിരിക്കുകയാണ്. എങ്ങനെയോ എല്ലാവരും വിമാനത്തിൽ കയറിപ്പറ്റി. കെന്റൽ മനഃസ്ഥൈര്യം വീണ്ടെടുത്ത് കാറ്റലീനയെ പറത്തി. എന്നാൽ എഞ്ചിൻ അടക്കം വെടികൊണ്ട് തകർന്നിട്ടുണ്ടായിരുന്നു. വലിയ ശബ്ദത്തോടെ കാറ്റലീന നിലം പൊത്തി. വെട്ടിവെച്ച ബദുക്കൾ ഓടിവന്ന് കെന്റലിനേയും മറ്റു യാത്രക്കാരെയും ബന്ദികളാക്കി. വൈകാതെ 1000 കിലോമീറ്റർ അകലെയുള്ള ജിദ്ദാ പട്ടണത്തിലേക്ക് കൊണ്ടുപോയി. അവിടെ വെച്ചുള്ള നിരന്തര ചോദ്യം ചെയ്യലിനൊടുവിൽ നിരപരാധികളാണെന്ന് ബോധ്യം വരികയും അമേരിക്കൻ അംബാസഡർ ഡൊണാൾഡ് ഹീത്തിന്റെ നേതൃത്വത്തിൽ കെന്റലിനേയും കുടുംബത്തെയും അമേരിക്കയിലേക്ക് അയക്കുകയും ചെയ്തു. വിമാനം കൊണ്ടുപോകുവാനോ നഷ്ടപരിഹാരം സ്വീകരിക്കുവാനോ കെന്റൽ വിസമ്മതിച്ചു.

ഒരു സഞ്ചാരം എന്നത് ലോക രാഷ്ട്രീയവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണെന്ന് കെന്റലിന്റെ അനുഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. 1956 ലാണ് ഈജിപ്തിലെ സൂയസ് കനാൽ പ്രതിസന്ധിയുണ്ടാകുന്നത്. അതിന് മുമ്പും ശേഷവും ഫലസ്തീനെ ചൊല്ലിയുള്ള ഇസ്രായേൽ-അറബ് സംഘർഷം അന്തരീക്ഷത്തിൽ മുഖരിതമാണ്. യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇസ്രായേലിൽ നിന്നും ജോർദാനിൽനിന്നും ചെങ്കടലിലേക്കുള്ള ഏക മാർഗമായ അഖബാ ഉൾക്കടലിന്റെ സമീപത്താണ് റാസ് അൽ-ഷൈഖ് ഹമീദ് എന്ന കടൽ തീരം സ്ഥിതിചെയ്യുന്നത്. വിവാദ പ്രദേശമായ, സമീപസ്ഥ രാജ്യങ്ങളെല്ലാം അവകാശമുന്നയിക്കുന്ന തിറാൻ ദ്വീപിനടുത്ത്. ഇസ്രായേൽ, ജോർദാൻ, ഈജിപ്ത്, സൗദി എന്നീ രാജ്യങ്ങളുടെ നിർണ്ണായകവും തന്ത്ര പ്രധാനവുമായ കടലും കരയും ചേർന്ന ഉൾപ്രദേശം.


ഏഷ്യയുടെയും മെസപ്പൊട്ടോമിയയുടെയും കണ്ണിയായ ദേശം. ഈജിപ്തിലെ സീനായ് പർവ്വതത്തിന്റെ മനോഹര ദൃശ്യത്തിന് ചാരെ. സൗദി ഭരണകൂടത്തെ രാഷ്ട്രപിതാവിന്റെ ഒന്നാമത്തെ മകനും രണ്ടാമത്തെ രാജാവുമായ സഊദ് ഭരിക്കുന്ന കാലം. എന്ത് കൊണ്ടും അതീവ ജാഗ്രത ആവശ്യമായ ഒരിടത്താണ് കാറ്റലീന നങ്കൂരമിട്ടത്. സൗദിയുടെ ആ പ്രദേശത്തെ നീക്കങ്ങൾ നിരീക്ഷിക്കാൻ നാവിക സേനയായി പടിഞ്ഞാറൻ പ്രവിശ്യയിലെ പ്രബല ബദുവിൻ ഗോത്രങ്ങളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. അവരുടെ കണ്ണിൽ ശത്രുവിന്റെ വിമാനമാണ് വന്നിറങ്ങിയിരിക്കുന്നത്. അമേരിക്കയുടെ കൊടി നാട്ടിയിട്ടുണ്ടായിരുന്നെങ്കിലും ബദുക്കൾക്ക് തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല.

ഇതാണ് വിനോദ സഞ്ചാരത്തെ ശോകമൂകമാക്കിയത്. ആയുസിന്റെ ദൈർഗ്യം ഒന്നുകൊണ്ട് മാത്രം സഞ്ചാരികൾക്ക് ജീവൻ തിരിച്ചു കിട്ടിയ കാറ്റലീനയുടെ യാത്രികർക്ക് ആശ്വസിക്കാം. അന്നും ഇന്നും ഒരു രാജ്യത്ത് വിമാനം ഇറങ്ങണമെങ്കിൽ യാത്രാനുമതി ആവശ്യമാണ്. കെന്റലിന്റെ ഷെഡ്യൂളിൽ സൗദിയിലേക്ക് ഒരു യാത്ര ഉൾപ്പെടാതിരുന്നത് കാരണം യാത്രാനുമതി വാങ്ങിയിരുന്നില്ല. ഇന്ന് ലോകത്തെ ഒന്നടങ്കം അതിശയിപ്പിക്കുവാനും ആകർഷിക്കുവാനും വേണ്ടി ലോകാത്ഭുതങ്ങളിൽ ഒന്നാകാൻ സാധ്യതയുള്ള നിയോം പട്ടണത്തിലാണ് 64 വർഷങ്ങൾക്ക് മുമ്പ് ഒരു ടൂറിസ്റ്റായി കെന്റലും കുടുംബവും അജ്ഞാതമായ ഒരു യാത്ര നടത്തിയത്. ഓർമ്മകൾ ഉണ്ടായിരിക്കാൻ വേണ്ടിയാവണം കരുതോടെ ഇന്നും കാറ്റലീനയുടെ അസ്ഥിപഞ്ചരം അവിടെ സഞ്ചാരികൾക്ക് വിസ്മയക്കാഴ്ച ഒരുക്കുന്നത്.





**യുദ്ധത്തിൽ ശത്രുക്കളുടെ കപ്പലുകളും അന്തർവാഹിനികളും കണ്ടെത്താനും ആക്രമിക്കാനുമാണ് ഈ പട്രോളിംഗ് ബോംബർ (പിബി) നിർമ്മിച്ചത്. 'Y' എന്നത് നിർമ്മാണവുമായി നൽകിയിരിക്കുന്ന കോഡാണ്. 1930-40 കാലഘട്ടത്തിലാണ് PBY 5 വിമാനങ്ങൾ ഉണ്ടാക്കിയത്. 3308 വിമാനങ്ങൾ ഉണ്ടാക്കിയതിൽ 2661 എണ്ണവും അമേരിക്കയിലാണ്**



# മരുപ്പച്ചയുടെ മനോഹാരിത തുളുമ്പുന്ന അൽഐൻ ഓയാസിസ്

**സൂര്യ വിനീഷ്**



യുഎഇ എന്നാൽ ആകാശത്തോളം ഉയർന്നു നിൽക്കുന്ന കെട്ടിടങ്ങളും മനോഹരമായി അലങ്കരിച്ച നഗരത്തിന്റെ വിശാലതയും മാത്രമല്ല, ആയിരക്കണക്കിന് കിലോമീറ്ററുകൾ വ്യാപിച്ചു കിടക്കുന്ന മരുഭൂമി കൂടിയാണ്. കണ്ണെത്താത്ത ദൂരത്തോളം പരന്നു കിടക്കുന്ന കടൽ പോലെ തന്നെയാണ് യുഎഇയിലെ മണൽക്കാടുകളും. ഗൾഫ് നാടുകളിലെ ഏറ്റവും വലിയ സവിശേഷതയും മനോഹാരിതയും ഈ മണൽക്കാടുകളാണ്. കാറ്റിനനുസരിച്ച് ഇടയ്ക്കിടെ സ്ഥാനങ്ങൾ മാറിക്കൊണ്ടിരിക്കുന്ന മൺകൂനകൾ ഇവിടുത്തെ അത്ഭുതക്കാഴ്ചയാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്ത അനുഭവങ്ങൾ നൽകുന്ന മറ്റൊരു കാഴ്ച കൂടിയുണ്ട് യുഎഇയിൽ. മണൽക്കാടുകൾക്കും മണൽക്കൂനകൾക്കും നടുവിലായി പച്ചപരവതാനി വിരിച്ച പോലെ ഒരു പ്രദേശം. മണൽക്കാടുകൾക്ക് നടുവിൽ പച്ചപട്ടു വിരിച്ച പോലെയൊരു മനോഹര ആകാശക്കാഴ്ച. മരുഭൂമിയിലെ മണൽക്കാറ്റേറ്റ് തളർന്ന കണ്ണുകൾക്ക് കുളിർമ്മയുടെ മനോഹാരിത നൽകുന്ന അബുദാബി അൽഐനിലെ ഒയാസിസ്.

ഭൂമിയുടെ സ്വാഭാവിക നിറമായ പച്ച പുതച്ച് നിൽക്കുന്ന പ്രദേശമാണ് അൽഐനിലെ ഒയാസിസ്. അൽഐനിന്റെ ഹൃദയഭാഗത്ത് 3000 ഏക്കറിലാണ് ഈ പ്രദേശം വ്യാപിച്ചു കിടക്കുന്നത്. 1,47,000 ഈന്തപ്പനകളും നൂറുകണക്കിന് വ്യത്യസ്തങ്ങളായ പച്ചക്കറികളുമാണ് ഈ പ്രദേശത്തെ ഹരിതാഭമാക്കുന്നത്.

ഒയാസിസിന് എട്ട് കവാടങ്ങളാണ് നിർമ്മിച്ചിട്ടുള്ളത്. പടിഞ്ഞാറ് ഭാഗത്തുള്ള ഗേറ്റാണ് പ്രധാന കവാടം. പ്രധാന കവാടം കടന്ന് അകത്തേക്ക് പ്രവേശിച്ചാൽ കടുത്ത വേനലിലും തണുത്ത അന്തരീക്ഷവും മനം കുളിർപ്പിക്കുന്ന കാഴ്ചകളുമാണ് നമ്മെ വരവേൽക്കുക. കാൽനടയായി മാത്രമല്ല, ഒയാസിസ് പ്രദേശം മുഴുവനായും ചുറ്റിക്കാണുന്നതിന് വാടകയ്ക്ക് ബൈക്കുകളും ഇവിടെ ലഭ്യമാണ്. ഇരുവശത്തും വരിവരിയായുള്ള ഈന്തപ്പന മരങ്ങൾക്കിടയിലൂടെ നിലയ്ക്കാത്ത കൗതുകത്തോടെ ഒയാസിസിലെ മരുപ്പച്ചയിലേക്ക് പ്രവേശിക്കാം. അറ്റമില്ലാത്ത വിധം നിരന്നു നിൽക്കുന്ന ഈന്തപ്പന മരങ്ങൾക്കിടയിൽ തളിർത്തു നിൽക്കുന്ന ചെടികളും മരങ്ങളും കാണാം. പഴച്ചെടികളും, ചെടികളുമായി നിരവധി പൂന്തോട്ടങ്ങൾ ഇവിടെയുണ്ട്. മാവ്, മാതള നാരകം, വാഴ, ഒലിവ്, അത്തി, കരിമ്പ് എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത തരം ചെടികൾ ഇവിടെ വളർത്തുന്നുണ്ട്. വീതിയുള്ള പ്രധാന വഴികളിലൂടെയും ചെറിയ ഇടവഴികളിലൂടെയും ഈ മരുപ്പച്ചയിലൂടെ നമുക്ക് സഞ്ചരിക്കാനാകും. പ്രത്യേകം തയ്യാറാക്കിയ നീർച്ചാലുകളുലൂടെയും, ജലസംഭരണികളിലൂടെയും സസ്യ വൈവിധ്യങ്ങളിലേക്ക് ജലമെത്തിക്കുന്ന സംവിധാനം ആരെയും വിസ്മയിപ്പിക്കുന്നതാണ്. 3000 വർഷം പഴക്കമുള്ള ഫലാജ് ജലസേചന ചാനലാണ് ഇവിടെ ഉപയോഗിക്കുന്നത്. ഒയാസിസിലെ അൽനി, ദാവൂദ് എന്നീ രണ്ട് ഫലാജ് സംവിധാനങ്ങൾ കണ്ടു മനസിലാക്കുന്നതിനും സന്ദർശകർക്ക് അവസരം ഒരുക്കിയിട്ടുണ്ട്. ഹജർ മേഖലയിൽ നിന്നും ഹഫീതിൽ നിന്നുമാണ് ഇവിടേക്ക് വെള്ളമെത്തിക്കുന്നത്. സന്ദർശകർക്ക് മികച്ച അനുഭവം നൽകാനും, പ്രദേശത്തേക്ക് സഞ്ചാരികൾ ഉൾപ്പെടെയുള്ളവർക്ക് എളുപ്പത്തിൽ എത്തിച്ചേരാനും ലക്ഷ്യമിട്ടുള്ള വികസന പ്രവർത്തനങ്ങളാണ് ഒയാസിസിനു ചുറ്റും ഒരുക്കിയിട്ടുള്ളത്. കാഴ്ചാനുഭവങ്ങൾ സ്വന്തമാക്കാനെത്തുന്ന സഞ്ചാരികൾക്ക് മാത്രമല്ല, വിവിധ തദ്ദേശീയ ചെടികളെ കുറിച്ചും സസ്യങ്ങളെ കുറിച്ചും കൃഷി രീതിയെക്കുറിച്ചുമുള്ള ഗൗരവമേറിയ ഗവേഷണ പഠനങ്ങൾക്കും ഒയാസിസ് ഏറ്റവും മികച്ച മാതൃകയാണ്. കുട്ടികൾക്കൊപ്പമുള്ള സന്ദർശനവും ഹൃദ്യമായ അനുഭവമാകും. ഈ മരുപ്പച്ചയിലെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന കടകളും ഇവിടെ സജീവമാണ്. കൂടാതെ ഇവ ഉപയോഗിച്ചുണ്ടാക്കുന്ന വ്യത്യസ്തങ്ങളായ വിഭവങ്ങൾ ലഭിക്കുന്ന കഫേകളും, റസ്റ്ററന്റുകളും എല്ലാം ഉൾപ്പെടുന്ന വിശാലമായ ഒയാസിസ് പ്ലാസയും സന്ദർശകർക്ക് ഏറെ ആസ്വാദ്യകരമാണ്. ഒയാസിസിനെക്കുറിച്ചുള്ള വിവരങ്ങൾ സന്ദർശകർക്ക് നൽകുന്നതിനായി പരിസ്ഥിതി സൗഹൃദമായ ഇക്കോ സെന്റർ കെട്ടിടം ഇവിടെ തയ്യാറാക്കിയിട്ടുണ്ട്. പരമ്പരാഗത രീതിയിലും ആധുനിക സാങ്കേതിക വിദ്യയും സമന്വയിപ്പിച്ചാണ് നിർമ്മാണം. അൽഐൻ ഒയാസിസിലെ മറ്റൊരു പ്രധാന ആകർഷണമാണ് ഈസ്റ്റേൺ ഫോർട്ട്. സുൽത്താൻ കോട്ട എന്നും ഇതറിയപ്പെടുന്നു. 1910ൽ അബുദാബി ഭരണാധികാരിയായിരുന്ന ശൈഖ് സുൽത്താൻ ബിൻ സായിദ് നിർമ്മിച്ചതാണ് ഈ കോട്ട. ഒയാസിസ് ചുറ്റിക്കാണുന്നതിനായി ഒയാസിസ് കേപ്പ് ടൂറും അധികൃതർ സഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്. 2011 ൽ യുനസ്കോ ലോക പൈതൃക പട്ടികയിൽ ഇടം പിടിച്ച യുഎഇയിലെ ആദ്യത്തെ പ്രദേശമാണ് അൽഐൻ ഒയാസിസ്. വെങ്കല യുഗത്തിലെ ഹഫീത് ശവകുടീരങ്ങൾ, ഹിലിയിലെ വാസ്തുശിൽപ ചാരുതയുള്ള താമസയിടങ്ങൾ, ബിദ ബിൻത് സഊദിലെ ചരിത്രാതീത അവശിഷ്ടങ്ങൾ, അൽഐൻ മരുപ്പച്ചയുൾപ്പെടെയുള്ള ആറ് മരുപ്പച്ചകൾ എന്നിവയാണ് അൽഐനിനെ പട്ടികയിലെത്തിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചത്. രാവിലെ എട്ട് മണി മുതൽ വൈകീട്ട് അഞ്ച് മണി വരെയാണ് അൽഐൻ ഒയാസിസിലെ സന്ദർശന സമയം. പ്രവേശനം സൗജന്യമാണെങ്കിലും ഒയാസിസിലേക്കുള്ള യാത്രയ്ക്ക് പ്രധാന ഗേറ്റിൽ നിന്നും പണമടച്ച് വിവിധ ബൈക്കുകൾ വാടകയ്ക്ക് എടുക്കാൻ കഴിയും.





*ശിഫ ഷെറിൻ.*

# മയ്യിത്ത് പരിപാലനത്തിലെ പെൺകരുത്ത്

**അദുല**



പതിമൂന്നാമത്തെ വയസ്സു മുതൽ മയ്യിത്ത് പരിപാലനം ചെയ്യുന്ന മിടുക്കിയാണ് പൊന്നാനി മാറഞ്ചേരി സ്വദേശിനി ശിഫ ഷെറിൻ. ഒൻമ്പതാം ക്ലാസ് മുതലുള്ള, മനക്കരുത്താണ് വയനാട് പ്രകൃതി ദുരന്തത്തിൽ ശിഫയെ മുന്നോട്ടു നയിച്ചത്. ദുരന്തത്തിൽ മരണമടഞ്ഞവരുടെ 5 മൃതദേഹങ്ങളും 26 ശരീരഭാഗങ്ങളും മത ചിട്ടകളോടെ ശിഫ നിർവഹിച്ചു.മോർച്ചറിയിലേയും കാഴ്ചകളും ഉറ്റവർ നഷ്ടപെട്ടുപോയവരുടെ കരച്ചിലും വേദനയും താങ്ങാവുന്നതിലും അപ്പുറമായിരുന്നുവെന്നും ശിഫ പറഞ്ഞു. മോർച്ചറിയിൽ മുഷ്ട്ടി ചുരുട്ടിപിടിച്ച പിഞ്ചുകുഞ്ഞിന്റെ കൈ ഭാഗം മാത്രം കണ്ടപ്പോൾ തന്റെ മനസ്സിനെ ഏറെ വേദനിപ്പിച്ചുവെന്നും ഇപ്പോഴും ആ കാഴ്ച തന്റെ മനസ്സിനെ ഏറെ വേദനിപ്പിക്കുന്നുവെന്നും ശിഫ പറഞ്ഞു. സമൂഹത്തിൽ മുതിർന്ന സ്ത്രീകൾക്ക് മാത്രമാണ് മയ്യത്ത് പരിപാലനത്തിൽ കൂടുതൽ പ്രാവീണ്യതയെന്ന ചിന്തയെ മാറ്റി നിർത്തുകയാണ് ഈ പെൺകുട്ടി. പലരും നിരുത്സാഹപെട്ടുത്തിയിട്ടും ആത്മധൈര്യം കൈവിടാതെ തുടർന്നും ഈ സേവനങ്ങൾ മുന്നോട്ടു കൊണ്ടുപോകുമെന്നും ശിഫ ഉറച്ചു വിശ്വസിക്കുന്നു. വല്യുമ്മയുടെ പ്രചോദനത്തിലാണ് ശിഫ മയ്യത്ത് പരിപാലനം തുടങ്ങുന്നത്. പെൺകുട്ടികൾ വലിയ താൽപര്യം കാണിക്കാത്ത മയ്യത്ത് പരിപാലനത്തിൽ സ്വയം മുന്നോട്ടിറങ്ങിയ ശിഫ, മാറഞ്ചേരി സ്വദേശി ഷിഹാബിന്റെയും ഹസീനയുടെയും മകളാണ്. ഗുരുവായൂർ എൽ.എഫ് കോളേജിലെ ബി.എ മൾട്ടിമീഡിയ വിദ്യാർത്ഥിനി കൂടിയാണ് ശിഫ.



# ക്യാമ്പുകളിലെ കഥകൾ/അല്ല കാഴ്ചകളാണ്

ശബീർ പി.എം.





ദുരന്തം ദുസ്വപ്നം പൊലെ ത്തിയ രാത്രിക്ക് ശേഷം ആദ്യ പകൽ രക്ഷാ പ്രവർത്തനത്തിന്റെ സങ്കീർണ്ണതകളുടെ വാർത്താ റിപ്പോർട്ടിംഗായിരുന്നു. രണ്ടാം ദിവസം ചൂരൽ മലയിലും മുണ്ടക്കൈയിലും പുഞ്ചിരിമട്ടത്തും ജീവന്റെ തുടിപ്പുകൾ തേടിയുള്ള രക്ഷാ പ്രവർത്തകരുടെ അലച്ചിലിനൊപ്പം. ഉരുൾ ഉയിരെടുത്തതിന്റെ ശേഷിപ്പുകളിലൂടെയുള്ള ഓരോ വാർത്തയും ഓരോ മാധ്യമ പ്രവർത്തകനും ലോകത്തിന് മുന്നിലെത്തിച്ചത് മഴവെള്ളത്തിനൊപ്പം കണ്ണീരിന്റെ ഉപ്പുരസവും സമം ചാലിച്ചായിരുന്നു

മൂന്നാം ദിവസമാണ് ഉരുൾ ബാക്കി വെച്ച ഉയിരുകളെ തേടി കാമ്പുകളിലെത്തിയത്. വിവിധ സ്കൂളുകളിൽ 12 ക്യാമ്പുകളിലായി മൂവായിരത്തോളം പേർ കഴിയുന്നു. ഓരോ കണ്ണുകളിലും കണ്ടത് സംഭവിച്ചതെന്തെന്നും നഷ്ടപ്പെട്ടതെന്തെന്നും ഇനിയും വിശ്വസിക്കാനാകാത്ത നിർവ്വികാരത. വെള്ളരിമലയുടെ ഉച്ചിയിൽ നിന്നും മഹാ ദുരന്തത്തിന്റെ ബാക്കി പത്രമെന്നോണം മണ്ണ് കലങ്ങിയ വെള്ളം നീർച്ചോലയിട്ടൊഴുകും പോലെ പല കണ്ണുകളിൽ നിന്നും കണ്ണീർ ചാലിട്ടൊഴുകുന്നതും കാണാമായിരുന്നു.

പ്രതീക്ഷയറ്റ കണ്ണുകളിലെ മൂകതക്ക് വിരാമമിട്ട് അവർ മെല്ലെ പറഞ്ഞ് തുടങ്ങിയപ്പോൾ കേട്ടതിനേക്കാളുമേറെയാണ് അവർ കണ്ട കാഴ്ചകളുടെ ഭയാനകതയെന്ന് ബോധ്യമായി.



## കാട്ടാനകൾ കാവലായ രാത്രി

മുണ്ടക്കൈയിലെ അമരാവതി അമ്മക്ക് ഈ ലോകത്ത് ഏറ്റവും പ്രിയപ്പെട്ടതാണ് 12 വയസുകാരിയായ കൊച്ചുമകൾ. ആ കുഞ്ഞു ജീവനെ ഉരുളിന് വിട്ടു കൊടുക്കില്ലെന്ന് ശപഥം ചെയ്തു കൊണ്ടാണ് 85 വയസുള്ള അമരാവതി അമ്മ വാർധക്യത്തിന്റെ അവശതകൾ മറന്ന് കലി തുള്ളി പെയ്യുന്ന പേമാരിയെ വക വെക്കാതെ രാത്രി രണ്ട് മണിക്ക് മകളെ ചേർത്ത് പിടിച്ച് കൊടും കാട്ടിലേക്ക് ഓടിക്കയറിയത്. മൂന്ന് കിലോമീറ്ററോളം തേയിലത്തോട്ടത്തിലൂടെയും കാട്ടു വഴികളിലൂടെയും കിതച്ചോടി നേരെ ചെന്ന് പെട്ടത് കാട്ടാന കൂട്ടത്തിന് മുന്നിലേക്ക്. മറ്റൊരു മാർഗവും ആ അമ്മക്ക് മുന്നിലില്ല 'എന്റെ കുഞ്ഞിനെ രക്ഷിക്കണം. ഞങ്ങളെ ഒന്നും ചെയ്യരുത്.' കൊമ്പനാനക്ക് മുന്നിൽ കൈകൂപ്പി വിങ്ങിപ്പൊട്ടിക്കൊണ്ടാണ് അമരാവതി അമ്മ പറഞ്ഞ് തീർത്തത്. 'ആനയുടെ രണ്ട് കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകി ഇറങ്ങുന്നത് ഞങ്ങൾ കണ്ടു. പിന്നീട് കാട്ടിനുള്ളിൽ നിലത്ത് മകളെ ചേർത്തുപിടിച്ച് കിടന്നുറങ്ങിയ ഞങ്ങൾക്ക് രാവിലെ രക്ഷാ പ്രവർത്തകർ എത്തും വരെ കാവലായത് ആനക്കൂട്ടമായിരുന്നു, പലരും ഇന്ന് ഞങ്ങളോടൊപ്പമില്ലെങ്കിലും ഇത് രണ്ടാം ജൻമമാണ്.' അമരാവതി അമ്മ വിതുമ്പുന്നു

## റസീനയുടെ കഥ ധൈര്യത്തിന്റേയും

രാത്രി 2 മണി, 'എന്തിനാണുമ്മാ നമ്മൾ പുഴയിൽ കിടന്നുറങ്ങിയതെന്ന' മകളുടെ ചോദ്യം കേട്ടാണ് ചൂരൽമലയിലെ റസീന ഞെട്ടിയുണർന്നത്. നോക്കുമ്പോൾ രണ്ട് പെൺമക്കൾ കിടന്നുറങ്ങുന്ന കട്ടിൽ പൂർണ്ണമായും വെള്ളം മൂടിയിരുന്നു. വീടിനുള്ളിലേക്ക് ചെളി വെള്ളം അടിച്ചുകയറുകയാണ്. ഭർത്താവിനെയും മക്കളെയും എഴുന്നേൽപ്പിച്ചു. ഒരുമിച്ച് മരിക്കാൻ തയ്യാറായി നാലു പേരും കഴുത്തറ്റം വെള്ളത്തിൽ കെട്ടിപ്പിടിച്ച് നിന്നു. ഏതായാലും മരിക്കും, പുറത്തേക്കിറങ്ങിയാലോ എന്ന റസീനയുടെ ഒരു ചോദ്യമാണ് നാലംഗ കുടുംബത്തെ ഇന്ന് ജീവനോടെ ബാക്കി വെച്ചത്. പിന്നെ ഞങ്ങൾ വെള്ളത്തിലൂടെ നടന്നു. ഞങ്ങളുടെ പോക്ക് ശരിയായ ദിശയിലേക്കായിരുന്നു. 'പോകുന്ന പോക്കിൽ ഒഴുകി വരുന്ന രണ്ട് കുട്ടികളെ കൂടി രക്ഷിക്കാനായി.' ഒരായുസ്സിൽ ഉണ്ടാക്കിയതെല്ലാം നഷ്ടപ്പെട്ട് നിൽക്കുമ്പോഴും റസീനയുടെ മുഖത്ത് പുഞ്ചിരി

## ദുരന്തം ആദ്യമറിയിച്ച് നീതു പോയി

ദുരന്ത വിവരം ആദ്യം ലോകത്തെ വിളിച്ചറിയിച്ചതിൽ ഒരാൾ നീതുവായിരുന്നു. അടുത്ത വീടുകളിലുള്ളവരെയൊക്കെ രക്ഷപ്പെടുത്താനായെങ്കിലും സ്വയം രക്ഷപ്പെടാൻ അവൾക്കായില്ല. മേപ്പാടി വിംസ് ആശുപത്രിയിൽ ജോലി ചെയ്യുന്ന നീതു രാത്രി 2 മണിക്ക് വെള്ളരിമലയിൽ ഉരുൾ പൊട്ടിയ വിവരം ആശുപത്രി മാനേജർ പ്രവീണിനെ വിളിച്ചറിയിച്ചു. 'അടുത്ത വീട്ടുകാരൊക്കെ ഞങ്ങളുടെ വീട്ടിലാണ്. ഈ വീടാണ് ഉയരത്തിലുള്ളത്. ആരൊടെങ്കിലുമൊക്കെ ഞങ്ങളെ രക്ഷപ്പെടുത്താൻ പറയണം.' ഇത് പറഞ്ഞ് അടുക്കള ഭാഗത്തേക്ക് പോയ നീതുവിന്റെ ശബ്ദം പിന്നീടാരും കേട്ടില്ല. നാലാം ദിവസം ചാലിയാറിൽ നിന്നും നീതുവിന്റെ ചേതനയറ്റ ശരീരം രക്ഷാ പ്രവർത്തകർ കണ്ടെടുത്തു. മേപ്പാടി വിംസ് ആശുപത്രിയിൽ കഴിയുന്ന ഭർത്താവും കുടുംബാംഗങ്ങളും നീതുവില്ലാത്ത ജീവിതത്തിലേക്ക് തിരികെ വരികയാണ്

## വാർധക്യം തളർത്താത്ത പോരാട്ടം

ഗണേശൻ ജോലി കഴിഞ്ഞ് ചൂരൽമല സ്കൂൾ റോഡിലെ വീട്ടിലെത്തിയത് രാത്രി ഒന്നരയോടെയാണ്. ഭാര്യ നല്ല ഉറക്കമായതിനാൽ വിളിച്ചുണർത്തിയില്ല. വലിയൊരു ശബ്ദം കേട്ട് പുറത്തിറങ്ങി നോക്കിയപ്പോൾ മുറ്റം നിറയെ വെള്ളം. വീട്ടിനുള്ളിലേക്ക് വെള്ളം ഇരമ്പിക്കയറുന്നു. 72 കാരനായ ഗണേശന് അപകടം മണത്തു. പല വട്ടം വിളിച്ചിട്ടും ഭാര്യ എഴുന്നേൽക്കുന്നില്ല. പ്രായാധിക്യവും രോഗവും തളർത്തിയ ഭാര്യയെയും താങ്ങി പിന്നീട് ഓരോട്ടമായിരുന്നു. ഗണേശൻ പറയുന്നു. 'രണ്ടാമത്തെ ഉരുൾപൊട്ടൽ കാട്ടിനുള്ളിലെ മലമുകളിലിരുന്നു കണ്ടു. അവശതകൾക്കിടയിലും എങ്ങനെ മുകളിലെത്തിയെന്ന് ഇന്നുമറിയില്ല. അതു കൊണ്ട് ജീവൻ തിരിച്ചു കിട്ടി. വീട് പോയി. അനിയനും ഭാര്യയും മക്കളും സുഹൃത്തുക്കൾ പലരും പോയി ഞങ്ങൾ രണ്ട് വയസൻമാർ മാത്രം ബാക്കിയായി' ഗണേശൻ കണ്ണ് തുടച്ചു.

## മക്കളുടെ കൈപിടിച്ച് മണ്ണിനടിയിൽ

മുണ്ടക്കൈയിലെ സീനത്ത് മക്കളുടെ കൈപിടിച്ച് മണ്ണിനടിയിൽ കിടന്ന് 6 മണിക്കൂർ നേരമാണ്. രാത്രി ശബ്ദം കേട്ട് ഉണർന്ന ഭർത്താവ് ലത്തീഫ് നോക്കുമ്പോൾ കാണുന്നത് ഭാര്യയുടെയും മക്കളുടെയും മേൽ അലമാര വീണ് കിടക്കുന്നതാണ്. അലമാര മാറ്റി അവരെ രക്ഷപ്പെടുത്തിയപ്പോഴേക്കും ചെളിയും പാറക്കല്ലുകളും മരക്കഷ്ണങ്ങളും വീട്ടിനുള്ളിലേക്ക് നിറഞ്ഞു കഴിഞ്ഞു. എങ്ങനെയോ വീടിന് പുറത്ത് കടന്നെങ്കിലും വീണ്ടും നാല് പേരും ചെളിയിൽ പുതഞ്ഞു പോയി. കൈകാലുകൾ മുറിയുന്ന വേദനയിലും പുലർച്ചെ രക്ഷാ പ്രവർത്തകർ വന്ന് മണ്ണ് മാറ്റി രക്ഷപ്പെടുത്തും വരെ രണ്ട് മക്കളുടെയും കരങ്ങൾ തന്റെ കൈകളിലുണ്ടായിരുന്നെങ്കിലും മക്കൾ രണ്ട് പേരും ഉരുളില്ലാത്ത ലോകത്തേക്ക് യാത്രയായെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതോടെ സീനത്ത് ബോധ രഹിതയായി. ഒരു പുരുഷായുസ് മുഴുവൻ വിദേശത്ത് കഷ്ടപ്പെട്ട് ലത്തീഫ് ഉണ്ടാക്കിയെടുത്ത വീടും സമ്പാദ്യവും പ്രിയപ്പെട്ട മക്കളും ഒരു രാത്രി കൊണ്ട് ഇല്ലാതായ ലോകത്ത് സീനത്തും ലത്തീഫും ഒറ്റക്കാണ്. ഇരുവരും മേപ്പാടി വിംസ് ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിലാണ് ■









# ദുരന്ത മുഖത്തെ ദുർഗന്ധത്തിന്റെ സാക്ഷി



ഫാത്തിമ സുഹറ. കെ

മഴ വികൃതികാണിച്ച് മണ്ണിന്റെ കവിളിൽ,
തലോടിയപ്പോൾ,
അടഞ്ഞുപോയത് മനുഷ്യന്റെ
മിഴികളായിരുന്നു.
വിധിയുടെ തുലാത്തട്ടിൽ
പരന്നൊഴുകിയത് ജീവനോടുള്ള
പ്രണയംവറ്റാത്ത പച്ചമാംസത്തിന്റെ വേറിട്ട
ഭാഗങ്ങളിൽ ചിലതും.
പ്രതീക്ഷയെല്ലാമിരുൾ മൂടുമാറ്
പ്രകൃതിയുടെ പ്രതികാരത്തിന്റെ രേഖയായ്
തെളിഞ്ഞത് ചോര ചിന്തിയ മരണക്കയങ്ങളും.
ബാക്കിയായ ജീവനുകളിൽ
ഒറ്റപ്പെടലിന്റെ ശ്വാസം മുട്ടൽ...ചിലതൊക്കെ
മറന്നത് പോലെ, ജീവിയ്ക്കുമ്പോഴും
ദിനസരിയായി അണിഞ്ഞൊരുങ്ങുന്നു
ഓർമ്മയുടെ ചിലങ്കകൾ.
മഴയുടെ കലഹത്തിൽ ഒഴുകിമറിഞ്ഞ്
ഉയിർത്തെഴുന്നേൽക്കാനാവാത്ത
പ്രിയപെട്ടവരുടെ ആയുസ്സിന്റെ
അവസാന ശ്വാസം
മുഴങ്ങികേൾക്കുന്ന കാതുകൾ.
നല്ല പാതിയായ ഉറ്റവരുടെ വിശ്രമമിന്ന്
മേഘലങ്ങളുടെ വനികയിൽ തോരാതെ
പെയ്ത കണ്ണീർ പേമാരിയുടെ
ചോരകൊണ്ട് നിർമ്മിച്ച കല്ലറകളിൽ.
വേദനതന്ന ഈ കാലത്തിലും വേദനിപ്പിച്ച
ദുരന്തത്തിലും
മുടയ്ക്കമില്ലാതെ
അലാറം വെയ്ക്കുന്ന ഓർമ്മകൾ.
കണ്ണുനീർ തുടയ്ക്കാൻ, എല്ലാം
മറന്നോടിയെത്തിയ കേരള ജനത
ഭൂമിയിലെ ഏറ്റവും നല്ല തൂവാലയായ്
അകത്തടത്തിൽ പച്ച കുത്തിയവർ.
ശേഷിക്കുന്ന ശ്യൂന്യതയുമിനി
പാപനാശിനിയുടെ കരയിൽ രാവന്തിയോളം ത
മ്പടിച്ച അവർക്ക് മാത്രം
പൂരിപ്പിക്കാനറിയാവുന്നതാണെന്ന്
തിരിച്ചറിയുന്ന നേരങ്ങൾ.
ആത്മ സമർപ്പണത്താൽ വിശ്വാസത്തിന്
കളങ്കമേൽക്കാതെ കാത്തുസൂക്ഷിക്കാൻ
അഹോരാത്രം പാടുപെട്ട്
കേരളക്കര എന്നും എപ്പോഴും...
ഒടുവിലായ് ദുഖിതാത്മാക്കൾ കൂട്ടിച്ചേർത്ത നേ
രിന്റെ അണയാത്ത പര്യായമായ്
പ്രബുദ്ധ കേരള മനസുകൾ.
■